सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ
# 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട്
# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

**കേരള സർക്കാർ**

**2024 വർഷത്തെ റിപ്പോർട്ട് നമ്പർ 4**

2024 ജൂലൈ 11–ന് നിയമസഭയിൽ വെച്ചത്

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്
# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

## 2022 മാർച്ചിൽ അവസാനിച്ച വർഷത്തേത്

## കേരള സർക്കാർ
## 2024 വർഷത്തെ റിപ്പോർട്ട് നമ്പർ 4

## ഉള്ളടക്കം


| വിവരണം | സൂചിക | |
|---|---|---|
| | ഖണ്ഡിക | പുറം |
| ആമുഖം | - | iii |
| ഉപരിവീക്ഷണം | - | v |
| **അദ്ധ്യായം I** | | |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും സംക്രമണവും ഉത്തരവാദിത്വ ചട്ടക്കൂടും | - | 1 |
| **അദ്ധ്യായം II** | | |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യവും ധനകാര്യ റിപ്പോർട്ടിംഗിലെ വിഷയങ്ങളും | - | 7 |
| **അദ്ധ്യായം III – പ്രവർത്തനക്ഷമതാ ഓഡിറ്റ്** | | |
| നഗര തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതിയുടെ നിർണ്ണയവും ചുമത്തലും ഈടാക്കലും അക്കൗണ്ടിങ്ങും | - | 19 |
| **അദ്ധ്യായം IV – വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്** | | |
| ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ നിർവ്വഹണം | - | 61 |
| **അദ്ധ്യായം V – അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| **അപഹരണം/തട്ടിപ്പ്** | | |
| മൈക്രോ ബിസിനസ്സ് പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നഗരസഭ അനുവദിച്ച തുകയുടെ അപഹരണം | 5.1 | 85 |
| **നിഷ്ഫലമായ ചെലവ്** | | |
| തറികൾ വാങ്ങിയതിലുള്ള നിഷ്ഫലമായ ചെലവ് | 5.2 | 88 |
| **ഈടാക്കാത്തത്/കുറഞ്ഞതോതിൽ ഈടാക്കിയത്** | | |
| അധിക ഫ്ലോർ ഏരിയുള്ള പെർമിറ്റ് ഫീസ് കുറഞ്ഞ തോതിൽ ഈടാക്കിയത് | 5.3 | 91 |
| **നിയമനിഷ്ഠ പ്രശ്നങ്ങൾ** | | |
| ടെക്നോളജി ഫണ്ട് വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | 5.4 | 93 |
| ആർഒ വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിലും സ്ഥാപിക്കുന്നതിലുമുണ്ടായ ക്രമക്കേടുകൾ ഫണ്ട് ചോർച്ചയ്ക്കും നിഷ്ഫലമായ ചെലവുകൾക്കും കാരണമായി | 5.5 | 96 |
| ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിക്ക് കുടുംബശ്രീ നൽകിയ അനർഹമായ ആനുകൂല്യം | 5.6 | 99 |

## അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിവരണം | പുറം |
|---|---|---|
| 1.1 | പതിനൊന്നാമത്തെ പട്ടിക (അനുഛേദം 243 ജി) | 105 |
| 1.2 | പന്ത്രണ്ടാമത്തെ പട്ടിക (അനുഛേദം 243 ഡബ്ല്യൂ) | 106 |
| 2.1 | അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ | 107 |
| 3.1 | തിരഞ്ഞെടുത്ത യുഎൽബികൾ | 109 |
| 3.2 | വസ്തു നികുതി നൽകാത്ത അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 110 |
| 3.3 | ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്ന് കിട്ടാനുള്ള സർവ്വീസ് ചാർജ്ജ് | 111 |
| 3.4 | ബിഎസ്എൻഎൽ കെട്ടിടങ്ങളിൽ നിന്നും കിട്ടാനുള്ള മൊത്തം നികുതി | 112 |
| 3.5 | കേരള സർക്കാർ കെട്ടിടങ്ങളിൽ നിന്നും കിട്ടാനുള്ള നികുതി | 114 |
| 3.6 | സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകളിൽ നിന്നുള്ള കുറഞ്ഞ ഡിമാൻഡ് | 115 |
| 3.7 | തെറ്റായ നിരക്ക് അവലംബിച്ചത് മൂലമുണ്ടായ വരുമാന നഷ്ടം | 116 |
| 3.8 | മടങ്ങിയ ചെക്കുകളുടെ വിശദാംശങ്ങൾ | 117 |
| 3.9 | വസ്തു നികുതിയുമായി ബന്ധപ്പെട്ട എസ്എഫ്സി ശിപാർശകളുടെ നടപ്പിലാക്കൽ | 118 |
| 3.10 | അനധികൃത നിർമ്മാണങ്ങളിൽ നിന്നും ലഭിക്കാനുള്ള വസ്തു നികുതി | 119 |
| 3.11 | അനധികൃത മൊബൈൽ ടവറുകളിൽ നിന്നും ലഭിക്കാനുള്ള വസ്തു നികുതി | 122 |
| 3.12 | ഫയൽ പ്രോസസ്സ് ചെയ്യുന്നതിനെടുക്കുന്ന കുറഞ്ഞ സമയത്തിന്റെയും ചുമതലകളുടെ വേർതിരിവ് ഒഴിവാക്കിയതിന്റെയും വിശദാംശങ്ങൾ | 123 |
| 4.1 | കാലഹരണപ്പെട്ട ബാങ്ക് ഗ്യാരണ്ടികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ | 124 |
| 5.1 | സർവ്വീസ് സഹകരണബാങ്കുകളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിശദാംശങ്ങൾ | 125 |
| 5.2 | അർഹതയിൽ കവിഞ്ഞ ധനവിതരണം | 126 |
| 5.3 | ആർഒ വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഘടകങ്ങൾ തിരിച്ചുള്ള പട്ടിക | 127 |

## ആമുഖം

*ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.*

*സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും നഗരതദ്ദേശ സ്ഥാപനങ്ങളിലും ബന്ധപ്പെട്ട വകുപ്പുകളിലും നടത്തിയ ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളത്.*

*2021-22 കാലയളവിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടവയും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പട്ടതും എന്നാൽ മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതെ പോയതുമായ വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.*

*റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.*

# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടന, സംക്രമണം, ഉത്തരവാദിത്വം, ധനകാര്യവും ധനകാര്യ റിപ്പോർട്ടിംഗ് വിഷയങ്ങളും, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സാങ്കേതിക മാർഗ്ഗനിർദ്ദേശത്തിനും മേൽ നോട്ടക്രമീകരണത്തിനും കീഴിലുള്ള സപ്ളിമെന്ററി ഓഡിറ്റിന്റെ പരാമർശങ്ങൾ എന്നിവയുടെ ഉപരിവീക്ഷണം എന്നിവ ഉൾക്കൊള്ളുന്ന I ഉം II ഉം അദ്ധ്യായങ്ങൾ ഉൾപ്പെടെ അഞ്ച് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റും ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും ആറ് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾപ്പെട്ടതാണ് III ഉം, IV ഉം, V ഉം അദ്ധ്യായങ്ങൾ. പ്രവർത്തനക്ഷമത/അനുവർത്തന ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും കരട് പ്രതികൾ സർക്കാരിന് അയച്ചു കൊടുക്കുകയും, ലഭ്യമായ മറുപടികൾ യഥാവിധി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഉത്തരവാദിത്വ ചട്ടക്കൂടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യവും ധനകാര്യ റിപ്പോർട്ടിംഗ് വിഷയങ്ങളും

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഉത്പാദന മേഖലയിൽ ചെലവാക്കിയത് മൊത്തം വികസന ചെലവിന്റെ 9.55 ശതമാനം മുതൽ 12.12 ശതമാനം വരെയായിരുന്നത് സൂചിപ്പിക്കുന്നത് ഉത്പാദന മേഖലക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞ പരിഗണനയാണ് നൽകിയത് എന്നാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പിലാക്കലിനായി ലഭ്യമായ ₹3,443.60 കോടിയിൽ ₹1,424.66 കോടി (41.37 ശതമാനം) സംസ്ഥാനതല നോഡൽ ഏജൻസി/ദാരിദ്ര്യ നിർമാർജ്ജന യൂണിറ്റ് എന്നിവയിൽ മുടങ്ങിക്കിടക്കുന്നത്, ഫണ്ടുകൾ വകയിരുത്തുകയും അനുവദിക്കുകയും ചെയ്ത കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നു. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയായി 2021-22ൽ ലഭിച്ച ₹3,023.90 കോടിയിൽ ₹1,678.43 കോടിയും (55.51 ശതമാനം) വിനിയോഗിക്കാതെ ബാക്കി നിൽക്കുന്നു.

***(അദ്ധ്യായങ്ങൾ I ഉം II ഉം)***

## നഗര തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230 മുതൽ 233 വരെയുള്ള സെക്ഷനുകൾ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് (യുഎൽബി) തങ്ങളുടെ ഭരണ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങൾക്കും, അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ, വസ്തു നികുതി ഈടാക്കുവാൻ അധികാരം നൽകുന്നു. സംസ്ഥാനത്തെ കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സായ വസ്തു നികുതി അവരുടെ തനതു വരുമാനത്തിന്റെ ഏകദേശം 48.28 ശതമാനമാണ്. പരിശോധിച്ച യുഎൽബികളിൽ, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വസ്തുനികുതി തനതു വരുമാനത്തിന്റെ 23.32 ശതമാനം മുതൽ 69.18 ശതമാനം വരെയായിരുന്നു. യുഎൽബികളിലെ വസ്തു നികിതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവ സംബന്ധിച്ച അപാകതകൾ വെളിവായി.

വസ്തുക്കളുടെ കൃത്യമായ കണക്കെടുക്കൽ നിർബന്ധമാക്കുന്ന വ്യക്തമായ വകുപ്പുകൾ മുനിസിപ്പൽ നിയമം/ചട്ടങ്ങളിൽ ഇല്ലാത്തതിനാൽ വസ്തു നികുതി നിർണ്ണയിക്കപ്പെടേണ്ട

മുഴുവൻ കെട്ടിടങ്ങളുടെയും പട്ടിക യുഎൽബികളുടെ കൈവശം ഇല്ലായിരുന്നു. ഡാറ്റാബേസിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുവാനുള്ള അസാധാരണ കാലതാമസം മൂലം സാങ്കേതികവിദ്യയിൽ ഉണ്ടായ മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്താൻ യുഎൽബികൾക്ക് കഴിഞ്ഞില്ല. സർവീസ്ഡ് അപ്പാർട്ടുമെന്റുകളെ റെസിഡൻഷ്യൽ കെട്ടിടങ്ങളായി കരുതിയത് കുറഞ്ഞ നികുതി പിരിവിന് കാരണമായി. സ്വാശ്രയ കോളേജുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിരുന്നില്ല. അതുപോലെ, പല കേന്ദ്രസർക്കാർ/ബിഎസ്എൻഎൽ കെട്ടിടങ്ങൾക്ക് നിരവധി യുഎൽബികൾ സർവ്വീസ് ചാർജ്ജ്/വസ്തു നികുതി നിർണ്ണയിച്ചിരുന്നില്ല. സേവനങ്ങൾ നൽകുന്നതിനാൽ സേവനഉപനികുതി പിരിക്കുവാൻ യുഎൽബികൾക്ക് അർഹതയുണ്ടെങ്കിലും, തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഈ അവസരം ചില യുഎൽബികൾ പ്രയോജനപ്പെടുത്തിയില്ല. പരിശോധന നടത്തിയ യുഎൽബികളിൽ ഗണ്യമായ തുക നികുതി ഇനത്തിൽ പിരിച്ചെടുക്കാതെ തുടരുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വസ്തു നികുതി ഡിമാൻഡിന്റെ യഥാക്രമം ശരാശരി 43 ശതമാനവും 69 ശതമാനവും മാത്രമേ പിരിച്ചെടുത്തിട്ടുള്ളു. വസ്തു നികുതി നിരക്കുകൾ സമയോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ സർക്കാരിന്റെയും യുഎൽബികളുടെയും ഭാഗത്തുള്ള വീഴ്ച/കാലതാമസം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഇൻപുട്ട് നിയന്ത്രണത്തിന്റെ അപര്യാപ്തത യുഎൽബികളിൽ വസ്തു നികുതിയുടെ കുറഞ്ഞ ഡിമാൻഡിന് കാരണമായി. നികുതി നിർണ്ണയിക്കുന്നതിലും അനധികൃതമായ നിർമ്മാണങ്ങൾ കണ്ടെത്തുന്നതിലും യുഎൽബികളുടെ ഭാഗത്ത് വീഴ്ചയുണ്ടായി.

***(അദ്ധ്യായം III)***

## വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

ഇടപാടുകളുടെ ഓഡിറ്റിന് പുറമെ, റിസ്ക് ഫാക്ടറുകളും വിഷയത്തിന്റെ കാലിക പ്രാധാന്യവും അടിസ്ഥാനമാക്കി, ഒരു അനുവർത്തന വിഷയത്തെ ചട്ടപ്പടിയുള്ള ഓഡിറ്റിനായി കണ്ടെത്തി. ഇത്തരം ഓഡിറ്റിൽ നിരീക്ഷിച്ച പ്രധാനപ്പെട്ട ന്യൂനതകൾ താഴെ പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

### *ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ നിർവ്വഹണം*

15-നും 35-നും ഇടയിൽ പ്രായമുള്ള, ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള, ഗ്രാമീണ യുവജനങ്ങളുടെ നൈപുണ്യ വികസനവും അതുവഴി അവർക്ക് സ്ഥിരമായ പ്രതിമാസ വേതനം ലഭിക്കുന്ന ജോലികൾ ലഭ്യമാക്കുക എന്നതും ലക്ഷ്യം വെച്ച് ഭാരത സർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ വികസന മന്ത്രാലയം യുവജന തൊഴിൽ പരിശീലന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ) അവതരിപ്പിച്ചു (2014 സെപ്റ്റംബർ). പദ്ധതിച്ചെലവിന്റെ 60 ശതമാനം ഭാരത സർക്കാർ നൽകുന്നു, ബാക്കി 40 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2014 സെപ്റ്റംബറിൽ കുടുംബശ്രീ ഡിഡിയു-ജികെവൈ നടപ്പിലാക്കി. പ്രസ്തുത പദ്ധതി വഴി 2014-2022 കാലയളവിൽ കുടുംബശ്രീ 61,459 പേർക്ക് പരിശീലനം നൽകുകയും 35,741 പേർക്ക് നിയമനം നൽകുകയും ചെയ്തു.

നിയമനവുമായി ബന്ധപ്പെട്ട രേഖകളും മറ്റ് കാര്യങ്ങളും പരിശോധിച്ച ശേഷം, കുടുംബശ്രീ അവകാശപ്പെടുന്ന നിയമനത്തിന്റെ 32 ശതമാനവും വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഓഡിറ്റിനിടെ ഒന്നിലധികം സംശയകരമായ തട്ടിപ്പുകൾ കണ്ടെത്തിയതിനാൽ പരിശീലനത്തിന്റെയും നിയമനത്തിന്റെയും തൃപ്തികരമായ നിർവ്വഹണത്തെക്കുറിച്ച് ഓഡിറ്റിന് ഒരു ഉറപ്പും നൽകാൻ കഴിയില്ല. പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾ (പിഐഎകൾ) സംവിധാനത്തിന്റെ ദൗർബല്യങ്ങൾ

മുതലെടുത്തതിന്റെ ഫലമായി സ്വകാര്യ സ്ഥാപനങ്ങൾക്ക് അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിച്ചു.

വ്യാജമായി നിർമ്മിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, പണത്തിന്റെ റൗണ്ട് ട്രിപ്പിംഗ്, സ്വന്തം ജീവനക്കാരെ പരിശീലന ഉദ്യോഗാർത്ഥികളായി കാണിക്കൽ തുടങ്ങിയ തട്ടിപ്പുകളുടെ വിവിധ സംഭവങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിൽ കുടുംബശ്രീയിലെ ആഭ്യന്തര നിയന്ത്രണങ്ങളുടെ കാര്യക്ഷമതയില്ലായ്മ വ്യക്തമാക്കുന്നു. കപടമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട പിഐഎകൾക്ക് ₹28.23 കോടിയുടെ പദ്ധതികൾ നൽകിയതായി കണ്ടെത്തി.

അർഹതയില്ലാത്ത പിഐഎകൾക്ക് ₹23.99 കോടിയുടെ പദ്ധതികൾ നല്കിയതിന്റെയും, യോഗ്യതയിൽ കവിഞ്ഞ് ₹12.26 കോടിയുടെ പദ്ധതികൾ അനുവദിച്ചതിന്റെയും ഫലമായി പിഐഎകൾക്ക് അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടു.

***(അദ്ധ്യായം IV)***

## മറ്റ് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

പരിശോധനയ്ക്ക് വിധേയമാക്കിയ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യ ഇടപാടുകളുടെ ഓഡിറ്റിൽ താഴെ പറയുന്ന ധനദുർവിനിയോഗം/തട്ടിപ്പ്, നിഷ്ഫലമായ ചെലവ്, നികുതി ഈടാക്കാതിരിക്കൽ/ഈടാക്കിയതിലെ കുറവ്, മറ്റ് ക്രമക്കേടുകൾ എന്നിവ വെളിവാക്കപ്പെട്ടു.

### *അപഹരണം/തട്ടിപ്പ്*

ഒരു വായ്പാബന്ധിത പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളെ ഉറപ്പാക്കുന്നതിലും നടത്തിപ്പ് രീതിയുടെ മേൽനോട്ടം വഹിക്കുന്നതിലും തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിന്റെ ഫലമായി, വായ്പയൊന്നും എടുക്കാത്ത വ്യക്തികൾക്ക് സബ്സിഡി തുക അനുവദിച്ചുവഴി ₹5.79 കോടിയുടെ അപഹരണം നടന്നു.

***(ഖണ്ഡിക 5.1)***

### *നിഷ്ഫലമായ ചെലവ്*

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും, ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിലെ പ്രോജക്ട് ഓഫീസറുടെയും വികലമായ ആസൂത്രണവും, സാധ്യതാ പഠനത്തിന്റെ അഭാവവും, ജില്ലയിലെ ഖാദി നെയ്ത്ത് കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി 45 പുതിയ തറികൾ വാങ്ങുന്നതിന് ചെലവാക്കിയ ₹44.01 ലക്ഷം നിഷ്ഫലമാകുന്നതിനിടയാക്കി.

***(ഖണ്ഡിക 5.2)***

### *ഈടാക്കാത്തത്/കുറഞ്ഞ തോതിൽ ഈടാക്കിയത്*

ഒന്നിലധികം ഒക്യുപൻസി ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് കണക്കാക്കുമ്പോൾ ഏറ്റവും നിയന്ത്രിത ഒക്യുപൻസിയുടെ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ അനുപാതം സ്വീകരിക്കുന്നതിൽ തൃശ്ശൂർ കോർപ്പറേഷനുണ്ടായ വീഴ്ച പെർമിറ്റ് ഫീസ് ₹39.57 ലക്ഷം കുറച്ച് ഈടാക്കുന്നതിന് കാരണമായി.

***(ഖണ്ഡിക 5.3)***

*നിയമനിഷ്ഠ പ്രശ്നങ്ങൾ*

ടെക്നോളജി ഫണ്ട് നൽകുന്നതിന് വേണ്ടിയുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന അർഹതാ നിബന്ധനകൾ പാലിക്കാതെ കുടുംബശ്രീ മിഷൻ ടെക്നോളജി ഫണ്ട് വിതരണം ചെയ്തത് അനർഹരായ സൂക്ഷ്മ സംരംഭങ്ങൾക്ക് ₹1.07 കോടിയുടെ ടെക്നോളജി ഫണ്ട് നൽകുന്നതിനിടയാക്കി. മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ പദ്ധതികൾ അനുവദിക്കുമ്പോൾ നിർദ്ദിഷ്ട സാമ്പത്തിക പരിധി പാലിക്കുന്നതിലുണ്ടായ വീഴ്ച മൂന്ന് സ്വയം സഹായ സംഘങ്ങൾക്ക് ₹11.50 ലക്ഷം അനർഹമായി അനുവദിക്കുന്നതിന് കാരണമായി.

***(ഖണ്ഡിക 5.4)***

കുടുംബശ്രീയുടെ ഒരു മൈക്രോ എന്റർപ്രൈസ് യൂണിറ്റ് വാങ്ങിയ ആർഒ വാട്ടർ പ്യൂരിഫയറുകളുടെ യൂണിറ്റ് വിലയിൽ ക്രമവിരുദ്ധമായി ഘടകങ്ങൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി ₹41.85 ലക്ഷം നഷ്ടമായി. കൂടാതെ, പരിശോധന നടത്തിയ 14 സ്കൂളുകളിൽ വിതരണം ചെയ്ത വാട്ടർ പ്യൂരിഫയറുകൾ പ്രവർത്തിക്കാതിരിക്കുകയോ/സ്ഥാപിക്കാതിരിക്കുകയോ ചെയ്തത് ₹4.28 ലക്ഷത്തിന്റെ നിഷ്ഫല ചെലവിനിടയാക്കി.

***(ഖണ്ഡിക 5.5)***

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്ന് ലഭിച്ച കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടായ ₹ഒരു കോടിയിൽ നിന്ന് ₹95 ലക്ഷം മാരാരി മാർക്കറ്റിംഗ് ലിമിറ്റഡിന് കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ അനുവദിച്ചു. സിഎസ്ആർ ഫണ്ട് ലഭിക്കുന്നതിനുവേണ്ടി കുടുംബശ്രീ സമർപ്പിച്ച നിർദ്ദേശങ്ങളിൽ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ₹10 ലക്ഷം മാത്രമാണ് അനുവദനീയമായിരുന്നതെങ്കിലും, മേല്പറഞ്ഞ തുക മുഴുവനും ഇതിനായി ചെലവഴിച്ചു. കൂടാതെ, കമ്പനിയുടെ പ്രതികൂല സാമ്പത്തിക സ്ഥിതി മറികടക്കുന്നതിനുള്ള സഹായമായി കുടുംബശ്രീ നൽകിയ ₹40 ലക്ഷത്തിന്റെ പലിശ രഹിത വായ്പയും തിരിച്ചടയ്ക്കേണ്ടതുണ്ട്.

***(ഖണ്ഡിക 5.6)***

# അദ്ധ്യായം I

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും സംക്രമണവും ഉത്തരവാദിത്വ ചട്ടക്കൂടും

# അദ്ധ്യായം I

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും സംക്രമണവും ഉത്തരവാദിത്വ ചട്ടക്കൂടും

## 1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തിരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും (കെപിആർ നിയമം) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും (കെഎം നിയമം) പാസാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി സർക്കാർ ബന്ധപ്പെട്ട മറ്റ് നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു. ഭരണഘടനയും വിവിധ നിയമങ്ങളും നൽകിയ അധികാരങ്ങൾ നിറവേറ്റുന്നതിന്, ഭരണഘടനയുടെ പതിനൊന്നും പന്ത്രണ്ടും പട്ടികകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടെയുള്ള, സാമ്പത്തിക വികസനത്തിനും, സാമൂഹിതനീതിക്കും വേണ്ടിയുള്ള രൂപരേഖകൾ തയ്യാറാക്കലും പദ്ധതികൾ നടപ്പാക്കലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്.

## 1.2 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് (സി ആന്റ് എജി) ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ 149-ഉം 151-ഉം അനുച്ഛേദങ്ങൾ അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമവുമനുസരിച്ചാണ്. വിവിധ തരം ഓഡിറ്റുകളുടെ തത്വങ്ങളും രീതിശാസ്ത്രങ്ങളും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

### 1.2.1 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

കെപിആർ നിയമത്തിലെയും കെഎം നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരം അതാത് നിയമത്തിന്റെ പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്നും, പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണ്ണമായ ഭരണാധികാരം അവർക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട സാമ്പത്തിക വളർച്ചയ്ക്കും സാമൂഹ്യനീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും അവരാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ, അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് ഈ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഒരോ തലത്തിലും കൈമാറിയ ചുമതലകൾ പരസ്പരം അതിക്രമിക്കാത്ത വിധത്തിലായിരിക്കണം വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറേണ്ടത്.

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പിആർഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ (**അനുബന്ധം 1.1**) ഉൾപ്പെട്ടിരിക്കുന്നു.

കെപിആർ നിയമം അധികാരപ്പെടുത്തിയതനുസരിച്ച് ഇതിലെ 26 ചുമതലകൾ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി (1995 സെപ്റ്റംബർ). ചെറുകിട വന ഉൽപ്പന്നങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഇനിയും പിആർഐകൾക്ക് കൈമാറാനുണ്ട്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബികൾ) സംബന്ധിക്കുന്ന 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. ഭൂവിനിയോഗ നിയന്ത്രണവും കെട്ടിടനിർമ്മാണവും, ഗാർഹിക, വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം, അഗ്നിശമനം, നഗര വനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക വശങ്ങളുടെ പ്രോത്സാഹനം എന്നിവ ഒഴികെയുള്ള എല്ലാ ചുമതലകളും യുഎൽബികൾക്ക് കൈമാറിയിട്ടുണ്ട് എന്ന് സർക്കാർ അറിയിച്ചു (2023 ഫെബ്രുവരി). എന്നിരുന്നാലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ചുമതലകളിൽ ഉൾപ്പെട്ട പദ്ധതികൾ പലതും സമാന്തരമായി സർക്കാർ വകുപ്പുകളും നടപ്പിലാക്കി വരുന്നു.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്കും പ്രവർത്തനങ്ങൾക്കും പുറമേ, വികസന പരിപാടികൾ നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുവേണ്ടി ഏജൻസി പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാറുണ്ട്.

ഭരണപരവും ചുമതലാപരവുമായ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുജന സേവന സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ഡിസ്പെൻസറികൾ, പൊതുജന ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, അംഗൻവാടികൾ, ജില്ലാ ഫാമുകൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവ, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും ക്ഷേമ പെൻഷൻ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്.

കൈമാറിക്കിട്ടിയ കർത്തവ്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് യോഗ്യതയുള്ളതും പരിശീലനം നേടിയവരുമായ ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യം ഉണ്ട്. അനിവാര്യമായ 1,302 തസ്തികകളിലേക്ക് ആളുകളെ വിന്യസിക്കേണ്ട സ്ഥാനത്ത്, വകുപ്പുകളിൽ തസ്തികകൾ സൂപ്പർന്യൂമററി ആയി നിലനിർത്തിക്കൊണ്ട് കേരള സർക്കാർ 990 തസ്തികകൾ ഗ്രാമപഞ്ചായത്തിൽ സൃഷ്ടിച്ചു (2013 ഫെബ്രുവരി). ബാക്കിയുള്ള 312 തസ്തികകളിൽ 234 പേരെ മാത്രമാണ് വിന്യസിച്ചത് (2022 ഒക്ടോബർ). സാമൂഹ്യനീതി, പട്ടികജാതി വികസനം, പട്ടികവർഗ വികസനം എന്നീ വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഒരു ജീവനക്കാരെയും വിന്യസിച്ചിട്ടില്ല[1] (2022 ഒക്ടോബർ). 2000 ജൂലൈയിൽ സർക്കാർ അനുവദിച്ച അധിക തസ്തികകളിൽ, ബ്ലോക്ക് പഞ്ചായത്തുകളിൽ 56-ഉം മുനിസിപ്പാലിറ്റികളിൽ 40-ഉം ജില്ലാപഞ്ചായത്തുകളിൽ 15-ഉം, കോർപ്പറേഷനുകളിൽ 10-ഉം ജീവനക്കാരുടെ കുറവ് ഉണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

## 1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖ

2021 ഡിസംബറിൽ, സംസ്ഥാനത്ത് 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അവയുടെ വാർഡുകൾ/ഡിവിഷനുകൾ, ജനസംഖ്യ തുടങ്ങിയവ **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു.

[1] വിന്യസിക്കേണ്ട ജീവനക്കാരുടെ എണ്ണം: സാമൂഹ്യ നീതി-26, പട്ടിക ജാതി വികസനം-18, പട്ടിക വർഗ വികസനം-6

**പട്ടിക 1.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താരതമ്യസ്ഥിതി**

| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം | എണ്ണം | വാർഡുകളുടെ/ ഡിവിഷനുകളുടെ എണ്ണം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശരാശരി ജനസംഖ്യ* |
|---|---|---|---|
| ജില്ലാപഞ്ചായത്തുകൾ | 14 | 331 | 1903357 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 152 | 2080 | 175309 |
| ഗ്രാമപഞ്ചായത്തുകൾ | 941 | 15962 | 26674 |
| മുനിസിപ്പൽ കോർപ്പറേഷനുകൾ | 6 | 414 | 491240 |
| മുനിസിപ്പാലിറ്റികൾ | 87 | 3113 | 51664 |
| **ആകെ** | **1200** | **21900** | **-** |

** ജനസംഖ്യാകണക്കുകൾ 2011-ലെ സെൻസസ്*

*സ്രോതസ്സ്: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകം 2022*

## 1.4 സംഘടനാ രൂപം

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും രൂപീകൃതമായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (പിആർഐ) എന്നും നഗര തദ്ദേശ സ്ഥാപനങ്ങൾ (യുഎൽബി) എന്നും അറിയപ്പെടുന്നു. സംസ്ഥാനത്തെ ത്രിതല[2] പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റുതലത്തിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനമേഖലയിൽ സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും നൽകുമ്പോൾ, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതു മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ആണ് യഥാക്രമം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ മുഖ്യ ഭരണത്തലവൻ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പിആർഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്. അതുപോലെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/മേയർ, വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

സർക്കാർ 2022 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ തലവനാക്കിക്കൊണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളായ പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരദേശാസൂത്രണ വകുപ്പ്, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയും മുനിസിപ്പൽ കോമൺ സർവ്വീസും സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് കോമൺ സർവ്വീസ് രൂപീകരിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (റൂറൽ) എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (അർബൻ) എന്നും രണ്ടു വിഭാഗങ്ങൾ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗം എന്നും നഗരദേശാസൂത്രണ വിഭാഗത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം എന്നും പുനർനാമകരണം ചെയ്തു.

[2] ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്

#### 1.4.1 സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്ത് സമിതികളിൽ/മുനിസിപ്പൽ കൗൺസിലുകളിൽ പ്രശ്നങ്ങളും നിർദ്ദേശങ്ങളും തീരുമാനമെടുക്കുന്നതിന് പരിഗണിക്കുന്നതിനു മുമ്പായി സ്റ്റാന്റിംഗ് കമ്മിറ്റികൾ[3] (എസ്‌സികൾ) അവ വിശകലനം ചെയ്യുന്നു. ഓരോ ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നാല് വീതവും, ഓരോ ജില്ലാപഞ്ചായത്തിനും അഞ്ചും, ഓരോ മുനിസിപ്പാലിറ്റിയ്ക്കും ആറും, ഓരോ കോർപ്പറേഷനും എട്ടു വീതവുമാണ് എസ്‌സികൾ. അവരവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം എസ്‌സികൾക്ക് ഉണ്ട്. എസ്‌സികൾ എടുക്കുന്ന ഓരോ തീരുമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചായത്ത് സമിതിയുടെ/മുനിസിപ്പൽ കൗൺസിലിന്റെ അടുത്ത യോഗത്തിൽ വയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ സമിതിയ്ക്ക്/കൗൺസിലിന് തീരുമാനങ്ങളിൽ ഭേദഗതി വരുത്താം.

#### 1.4.2 സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റിയറിംഗ് കമ്മിറ്റി എസ്‌സികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്/ഡെപ്യൂട്ടി ചെയർപേഴ്സൺ എന്നിവരും, എസ്‌സികളുടെ ചെയർപേഴ്സൺമാരും ഉൾപ്പെട്ടതാണ് സ്റ്റിയറിംഗ് കമ്മിറ്റി.

#### 1.4.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണപ്രക്രിയ

ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളുടെയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും, കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെയും നടപ്പിലാക്കലിന്റെ ഫലമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിനായുള്ള പദ്ധതികൾ ഗ്രാമ/വാർഡ് സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാറുകൾ എന്നിവയിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും സജീവ പങ്കാളിത്തം ഉൾപ്പെടുത്തിക്കൊണ്ട് അടിസ്ഥാന വികസന പദ്ധതികൾ രൂപീകരിക്കുന്നതിലും താഴെക്കിടയിൽ അവ നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാവർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടുത്ത വർഷത്തേയ്ക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കുകയും അത് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം. വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ് സഭകൾ/വാർഡ് കമ്മിറ്റികൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജില്ലാ ആസൂത്രണ സമിതികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരാണ് വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ.

## 1.5 വിജിലൻസ് സംവിധാനം

#### 1.5.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 271ജി വകുപ്പ് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് 2001-ൽ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരുടെ ഭാഗത്തുനിന്ന് ഭരണപരമായ കർത്തവ്യങ്ങൾ നിറവേറ്റുമ്പോഴുണ്ടാകുന്ന അഴിമതി, ദുർഭരണം അല്ലെങ്കിൽ ക്രമക്കേടുകൾ എന്നീ പ്രവണതകളെ സംബന്ധിച്ച് അന്വേഷണവും ചോദ്യം ചെയ്യലും നടത്താവുന്ന ഉന്നതാധികാരമുള്ള ഒരു അർദ്ധ

---

[3] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അവർ തന്നെ തിരഞ്ഞെടുക്കുന്ന അംഗങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉള്ളത്.

ജുഡീഷ്യൽ സ്ഥാപനമാണ് ഓംബുഡ്സ്മാൻ. മേൽപ്പറഞ്ഞ തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഓംബുഡ്സ്മാൻ സ്വമേധയാ പോലും കേസ് രജിസ്റ്റർ ചെയ്യുവാൻ കഴിയും. 2021-22 കാലയളവിൽ, 2,730 കേസുകളിൽ (1,996 പഴയ കേസുകൾ ഉൾപ്പെടെ), 733 കേസുകൾ ഓംബുഡ്സ്മാൻ തീർപ്പാക്കുകയുണ്ടായി.

### 1.5.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 271എസ് വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 509-ാം വകുപ്പും വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച്, ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസർ ഉൾപ്പെട്ട ഒരു ജുഡീഷ്യൽ ട്രൈബ്യൂണൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2004 ഫെബ്രുവരിയിൽ സംസ്ഥാനത്ത് രൂപീകരിച്ചു. നികുതി അല്ലെങ്കിൽ ഫീസ് അല്ലെങ്കിൽ സെസ്സ് നിർണ്ണയിക്കുകയും ആവശ്യപ്പെടുകയും ഈടാക്കുകയും ചെയ്യുക, ലൈസൻസുകൾ നൽകുക, പെർമിറ്റുകൾ നൽകുക തുടങ്ങിയ കർത്തവ്യം നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന തീരുമാനങ്ങൾക്കെതിരെ പൗരൻമാർ നൽകുന്ന അപ്പീലുകളും റിവിഷനുകളും പരിഗണിക്കുകയും തീർപ്പാക്കുകയുമാണ് ട്രൈബ്യൂണലിന്റെ ചുമതല.

2015 മുതൽ 2022 വരെ ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 3,246 കേസുകളിൽ (അപ്പീലും റിവിഷനും റഫറൻസും) 2,573 കേസുകൾ തീർപ്പാക്കാനുണ്ട്. തീർപ്പാക്കാനുള്ള കേസുകളിൽ 2,352 എണ്ണം (2022 മാർച്ച്) 2015 മുതൽ 2021 വരെയുള്ള വർഷങ്ങളിലേതാണ്.

# അദ്ധ്യായം II

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യവും ധനകാര്യ റിപ്പോർട്ടിംഗിലെ വിഷയങ്ങളും

# അദ്ധ്യായം II
# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യവും ധനകാര്യ റിപ്പോർട്ടിംഗിലെ വിഷയങ്ങളും

## 2.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക രൂപരേഖ

### 2.1.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഫണ്ടിന്റെ വരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി നികുതിയേതര വരുമാനം ഉൾപ്പെടെ തനതു വരവ്, സംസ്ഥാന സർക്കാർ കൈമാറ്റം ചെയ്ത ഫണ്ടുകൾ, കേന്ദ്രസർക്കാർ ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു. 2021-22 ൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമായ മൊത്തം ഫണ്ടിൽ, സംസ്ഥാന ധനസഹായം 57 ശതമാനവും കേന്ദ്ര സർക്കാർ ധനസഹായം 35 ശതമാനവും വായ്പകൾ ഉൾപ്പെടെയുള്ള തനതു വരുമാനം എട്ട് ശതമാനവും ആയിരുന്നു.

#### *2.1.1.1 വിഭവങ്ങൾ: പ്രവണതകളും ഘടനയും*

2017-18 മുതൽ 2021-22 വരെയുള്ള, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 2.1**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.1 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ കാലം തിരിച്ചുള്ള വിവരങ്ങൾ**

***(₹ കോടിയിൽ)***

| വിഭവങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| **തനതു വരവ് :**<br>(i) നികുതി വരുമാനം | 1356.47 | 1382.87 | 1228.81 | 1239.02 | 1246.39 |
| (ii) നികുതിയേതര വരുമാനം | 300.44 | 288.90 | 275.22 | 342.62 | 357.08 |
| **ആകെ തനതു വരുമാനം** | **1656.91** | **1671.77** | **1504.03** | **1581.64** | **1603.47** |
| **സംസ്ഥാന ഫണ്ട് :**<br>(i) പരമ്പരാഗതമായ ചുമതലകൾ | 1364.67 | 2674.67 | 1635.69 | 1721.78 | 1959.53 |
| (ii) പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡിതര ആസ്തികളും) | 2265.33 | 2347.07 | 2746.49 | 2943.83 | 3290.05 |
| (iii) വികസനവും പുരോഗതിയും | 4870.18 | 5324.01 | 5168.85 | 5466.24 | 5038.34 |
| (iv) സംസ്ഥാനവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകളും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവും | 6227.55 | 4059.26 | 1657.49 | 2575.93 | 1397.05 |
| **ആകെ സംസ്ഥാന ഫണ്ടുകൾ** | **14727.73** | **14405.01** | **11208.52** | **12707.78** | **11684.97** |
| **കേന്ദ്ര സർക്കാർ ധനസഹായം:**<br>(i) കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2632.10 | 3612.01 | 4005.88 | 4678.55 | 4174.02 |
| (ii) വികസനവും പുരോഗതിയും | 1793.92 | 1739.56 | 2040.51 | 3549.79 | 3023.90 |
| **ആകെ കേന്ദ്ര സർക്കാർ ഗ്രാന്റ്** | **4426.02** | **5351.57** | **6046.39** | **8228.34** | **7197.92** |
| **വായ്പകൾ മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വരുമാനം:**<br>വായ്പകൾ | 24.78 | 1623.14 | 1045.54 | 403.80 | 168.42 |
| **ആകെ വരുമാനം** | **20835.44** | **23051.49** | **19804.48** | **22921.56** | **20654.78** |

*(സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ (തനത് വരുമാനത്തിന്റെ വിശദാംശങ്ങൾ), സംസ്ഥാനത്തിന്റെ ഫിനാൻസ് കമ്മീഷൻ സെൽ, ഗ്രാമവികസന കമ്മീഷണറേറ്റ്, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)).*

- 2021-22ലെ ആകെ വരുമാനത്തിൽ, സംസ്ഥാനം, കേന്ദ്രം, തനതു വരുമാനം, മറ്റ സ്ത്രോതസ്സുകളിൽ നിന്നുള്ള വായ്പയും വരുമാനവും എന്നിവയുടെ വിഹിതം യഥാക്രമം 56.57 ശതമാനം, 34.85 ശതമാനം, 7.76 ശതമാനം, 0.82 ശതമാനം ആയിരുന്നു.
- ആകെ വരവിൽ കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ വിഹിതം 2017-2018ലെ 21.24 ശതമാനത്തിൽ നിന്നും 2021-22ൽ 34.85 ശതമാനമായി വർദ്ധിച്ചു.
- 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൊത്തം വരവിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 55.44 ശതമാനം മുതൽ 70.69 ശതമാനം വരെയാണ്.

### *2.1.1.2 സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നത്*

(i) സഞ്ചിത നിധിയിൽ നിന്നും സംസ്ഥാന സർക്കാർ മൂന്നു തരത്തിലുള്ള ഫണ്ടുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്, അതായത്, ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റിന്റെ അനുബന്ധം IV-ൽ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഫണ്ടിന്റെ വകയിരുത്തൽ നൽകിയിരിക്കുന്നു. സഞ്ചിതനിധിയിൽ നിന്നും 2021-22-ൽ പണം അനുവദിച്ചതിന്റേയും പണം പിൻവലിക്കുന്നതിന് വിശദമായ ബജറ്റ് എസ്റ്റിമേറ്റിലുള്ള ശീർഷകങ്ങളുടേയും വിവരങ്ങൾ **പട്ടിക 2.2**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2 : ഫണ്ടിന്റെ തരംതിരിവും അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും**

| ക്രമ നമ്പർ | ഇനം | ബജറ്റ് വിഹിതം നൽകിയ മുഖ്യ അക്കൗണ്ട് ശീർഷകം | 2021-22-ൽ അനുവദിച്ച തുക (₹ കോടിയിൽ) | അനുവദിച്ച രീതി |
|---|---|---|---|---|
| 1 | ഗ്രാന്റുകൾ [4] | 3604- തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള വിഹിതവും നഷ്ടപരിഹാരവും | 8267.42 | അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാന്റുകളും സഞ്ചിത നിധിയിൽ നിന്ന് നേരിട്ടാണ് പിൻവലിക്കുന്നത് |
| | | 3054-റോഡുകളും പാലങ്ങളും | 2020.50 | |
| ആകെ | | | **10287.92** | |
| 2 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 12 മുഖ്യ ശീർഷകങ്ങൾ | 791.88[5] | സംസ്ഥാനതല നോഡൽ ഏജൻസികൾ[6]/ഗ്രാമവികസന കമ്മീഷണറേറ്റ് മുഖേന |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | 3 മുഖ്യ ശീർഷകങ്ങൾ[7] | 605.17 | |
| ആകെ തുക | | | **11684.97** | |

*(സ്രോതസ്സ്: സർക്കാർ ഉത്തരവുകൾ, വൗച്ചർ ലെവൽ കമ്പ്യൂട്ടറൈസേഷൻ സംഖ്യകൾ, സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എസ്എംഎംയു) അമൃത്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നിവർ നൽകിയ വിവരങ്ങൾ)*

4 പൊതു ആവശ്യഫണ്ട്, സംരക്ഷണ ഫണ്ട് (റോഡിതരം), വികസന ഫണ്ട്
5 നെറ്റ് ബജറ്റ് തുക
6 കുടുംബശ്രീയും അമൃതും
7 നഗരവികസനം, ഗ്രാമവികസനത്തിനുള്ള പ്രത്യേക പരിപാടികൾ, മറ്റ ഗ്രാമീണ വികസന പരിപാടികൾ

2020–21–ൽ സംസ്ഥാന സർക്കാർ ₹12,707.78 കോടി അനുവദിച്ചപ്പോൾ, 2021–22ൽ അനുവദിച്ച ആകെ തുക ₹11,684.97 കോടി ആയിരുന്നു. ഇതിൽ 8.05 ശതമാനം കുറവുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കും, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായും 2020–21–ൽ അനുവദിച്ച തുക യഥാക്രമം ₹1,518.27 കോടിയും ₹1,057.66 കോടിയും ആയിരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 47.84 ശതമാനം കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽ 42.78 ശതമാനം കുറവും ഓഡിറ്റ് നിരീക്ഷിച്ചു. ഫണ്ട് അനുവദിച്ചതിലെ കുറവിന് യാതൊരു കാരണവും സർക്കാർ നൽകിയിട്ടില്ല.

(ii) 2021–22ൽ സംസ്ഥാന സർക്കാർ വിവിധ വിഭാഗങ്ങൾക്ക്[8] അനുവദിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ **പട്ടിക 2.3**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.3: 2021–22ൽ സംസ്ഥാന സർക്കാർ വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ച ഫണ്ട്**

***(₹ കോടിയിൽ)***

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഭാഗം | വികസന ഫണ്ട് | സംരക്ഷണ ഫണ്ട് | പൊതു ആവശ്യ ഫണ്ട് | ആകെ |
|---|---|---|---|---|
| കോർപ്പറേഷനുകൾ | 613.15 | 260.40 | 169.98 | 1043.53 |
| മുനിസിപ്പാലിറ്റികൾ | 523.88 | 373.17 | 243.90 | 1140.95 |
| ജില്ലാപഞ്ചായത്തുകൾ (ഡിപികൾ) | 657.80 | 681.96 | 60.23 | 1400.00 |
| ബ്ലോക്ക് പഞ്ചായത്തുകൾ (ബിപികൾ) | 650.44 | 135.40 | 85.67 | 871.51 |
| ഗ്രാമപഞ്ചായത്തുകൾ (ജിപികൾ) | 2593.06 | 1839.12 | 1399.75 | 5831.93 |
| **ആകെ** | **5038.33** | **3290.05** | **1959.53** | **10287.92** |

*(സ്രോതസ്സ്: സംസ്ഥാന ഫിനാൻസ് കമ്മീഷൻ സെൽ നൽകിയ വിവരങ്ങൾ)*

സർക്കാർ ഫണ്ടുകൾ അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിച്ചു:

- ***ഫണ്ട് അനുവദിച്ചതിലെ കാലതാമസം***

  സംസ്ഥാന ധനകാര്യ കമ്മീഷൻ (എസ്എഫ്സി) സെൽ ഒരു സാമ്പത്തിക വർഷം പണം അനുവദിക്കുന്നത് മൂന്നു ഗഡുക്കളായി ഓരോ വർഷവും മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25–ാം തീയതിക്കു മുമ്പായിട്ടാണ്. ഇങ്ങനെ അനുവദിക്കുന്ന പണം അടുത്ത മാസം ആദ്യത്തെ പ്രവൃത്തി ദിവസം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിച്ചു തുടങ്ങാവുന്നതാണ്. ഒരു സാമ്പത്തിക വർഷത്തിലെ മാർച്ച് 31നകം ഫണ്ടുകൾ പിൻവലിക്കാതിരുന്നാൽ അവ സ്വയമേ അസാധുവായിതീരും. 2021–22–ൽ വികസന ഫണ്ട് അനുവദിക്കുന്നതിലും സംരക്ഷണ ഫണ്ട് അനുവദിക്കുന്നതിലും യഥാക്രമം 67–ഉം 93–ഉം ദിവസത്തെ കാലതാമസമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. പണം അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം ചെലവ് ചെയ്യാനുള്ള സമയം കുറവായിത്തീരാൻ കാരണമായി. വികസനത്തിനും സംരക്ഷണത്തിനുമായി മൊത്തം അനുവദിച്ച ₹8,328.38 കോടിയിൽ, ₹1,556.12 കോടിയുടെ (18.68 ശതമാനം) ഫണ്ട് സാമ്പത്തിക വർഷാവസാനം അസാധുവായി.

[8] സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവും ഒഴികെ

- ***ചെലവഴിക്കാത്ത മിച്ചം തുക അനുവദിക്കാത്തത്***

  സഞ്ചിത നിധിയിൽ നിന്നും പണം പിൻവലിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് (2015 മാർച്ച്) ഒരു വർഷം അനുവദിക്കുകയും എന്നാൽ മാർച്ച് 31നകം പിൻവലിക്കാത്ത തുക, ട്രഷറിയുടെ ഡയറക്ടർ നൽകുന്ന സമാഹൃത വിവരങ്ങളനുസരിച്ച് അഡീഷണൽ ഓതറൈസേഷനിലൂടെയോ/പൂരകധനാഭ്യർത്ഥനയിലൂടെയോ തൊട്ടടുത്ത വർഷത്തിലെ ജൂലൈ മാസത്തെ രണ്ടാമത്തെ ഗഡുവിനിനോടൊപ്പം നൽകേണ്ടതാണ്. 2020-21 കാലയളവിൽ വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ എല്ലാംകൂടി 2021 മാർച്ച് 31-ൽ ചെലവാക്കാത്ത മിച്ചം തുക ₹2,993.41 കോടിയാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിൽ നിന്നും 2022 മാർച്ച് വരെ ₹1,396.45 കോടി (46.65 ശതമാനം) മാത്രമേ സർക്കാർ പുനരനുവദിച്ചിട്ടുള്ളൂ. 2021-22ൽ 41.41 ശതമാനം വികസനഫണ്ടും 47.88 ശതമാനം കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റും മാത്രമേ പുനരനുവദിച്ചിട്ടുള്ളൂ. ഇതിൻമേലുള്ള സർക്കാർ മറുപടി ലഭിച്ചിട്ടില്ല (2023 ഡിസംബർ).

(iii) 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സംസ്ഥാന പദ്ധതി വകയിരുത്തലിനോടൊപ്പം വാർഷിക പദ്ധതി നടപ്പിലാക്കാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ട് **പട്ടിക 2.4**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.4 : സംസ്ഥാന പദ്ധതി വകയിരുത്തലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടും[9]**

***(₹ കോടിയിൽ)***

| വർഷം | സംസ്ഥാന പദ്ധതി വകയിരുത്തൽ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വികസന ഫണ്ട് | സംസ്ഥാന പദ്ധതി വകയിരുത്തലിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ശതമാനം |
|---|---|---|---|
| 2017-18 | 26500.00 | 4653.02 | 17.56 |
| 2018-19 | 29150.00 | 5311.00 | 18.22 |
| 2019-20 | 30610.00 | 5164.63 | 16.87 |
| 2020-21 | 27610.00 | 4668.99 | 16.91 |
| 2021-22 | 27610.00 | 4826.00 | 17.48 |
| **ആകെ** | **141480.00** | **24623.64** | |

*(സ്രോതസ്സ് : ബജറ്റ് രേഖകളും സർക്കാർ ഉത്തരവുകളും)*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2021-22-ൽ നൽകിയ വികസനഫണ്ട് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 17.48 ശതമാനമായിരുന്നു. 2021-22 കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനം വികസനഫണ്ടിലേക്ക് അനുവദിക്കാൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. നിശ്ചിത ശതമാനം കൈവരിക്കാൻ കേരള സർക്കാർ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റും കൂടി വികസനഫണ്ടിൽ ഉൾപ്പെടുത്തിയെങ്കിലും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പടെ ആകെ വിഹിതം 24.60 ശതമാനം മാത്രമായിരുന്നു. കേന്ദ്രസർക്കാർ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ആവശ്യത്തിന് അനുവദിക്കാത്തതാണ് വിഹിതം നൽകിയതിൽ കുറവ് വരാൻ കാരണമെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ). നിർദ്ദിഷ്ട ശതമാനം കൈവരിക്കാൻ സംസ്ഥാന സർക്കാരിന് വികസനഫണ്ടിന്റെ വിഹിതം വർദ്ധിപ്പിച്ച് അതുവഴി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനും ഉള്ള പ്രവർത്തനങ്ങൾക്ക് ഫണ്ടുകളുടെ വർദ്ധിച്ച വിഹിതം സംഭാവന ചെയ്യാമായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

[9] കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെ

### 2.1.1.3 കേന്ദ്രസർക്കാരിൽ നിന്നുള്ള വരവ്

2020–21 ലും 2021–22 ലും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് ഇനം തിരിച്ച് **പട്ടിക 2.5**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.5 : കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമനമ്പർ | ഇനം | 2020-21 | 2021-22 |
|---|---|---|---|
| 1 | പതിനഞ്ചാം ധനകാര്യകമ്മീഷൻ ധനസഹായം | 3549.79 | 3023.90[10] |
| 2 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 4678.55 | 4174.02 |
| | ആകെ | **8228.34** | **7197.92** |

*(സ്രോതസ്സ്: സർക്കാർ ഉത്തരവുകൾ, വൗച്ചർ തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത വിവരങ്ങൾ, അമൃത്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നിവർ നൽകിയ വിവരം)*

2020–21 നെ അപേക്ഷിച്ച്, മുകളിൽ പറഞ്ഞ ഇനങ്ങളിൽ 2021–22 ൽ അനുവദിച്ച ഫണ്ടിൽ ₹1,030.42 കോടിയുടെ കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. 2021–22–ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ₹4,174.02 കോടി അനുവദിച്ചതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്മാർട്ട് സിറ്റിക്കും, സ്വച്ഛ് ഭാരത് മിഷനും (നഗരം) കേന്ദ്രസർക്കാർ ₹103.64 കോടി കൂടി അനുവദിച്ചിരുന്നു. എന്നാൽ ഈ തുക കേരള സർക്കാർ 2021–22–ൽ അനുവദിച്ചില്ല. സംസ്ഥാനതല നോഡൽ ഏജൻസികൾക്ക് ഈ തുക അനുവദിക്കുന്നതിൽ 100 മുതൽ 144 ദിവസം വരെ താമസമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. താമസത്തിന്റെ കാരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

#### കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള കേന്ദ്രസർക്കാർ ഗ്രാന്റ്

കേന്ദ്രസർക്കാർ, 2021–22 ൽ, 11 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ₹4,174.02 കോടിയുടെ ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനം ഒഴികെ ബാക്കി ഗ്രാന്റുകൾ സംസ്ഥാന ബജറ്റ് വഴിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത്. 2021–22–ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ കേന്ദ്രസർക്കാർ ഗ്രാന്റുകളുടെ വിവരങ്ങൾ **പട്ടിക 2.6**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.6 : കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാർ 2021–22–ൽ നൽകിയ ഗ്രാന്റ്**

| ക്രമ നമ്പർ | ഏത് ഏജൻസിയിലൂടെ/ അതോറിറ്റിയിലൂടെയാണ് ഗ്രാന്റ് നൽകിയത് | പദ്ധതിയുടെ വിശദാംശങ്ങൾ | തുക (₹ കോടിയിൽ) |
|---|---|---|---|
| 1. | സംസ്ഥാന ബജറ്റ് | അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) | 205.89 |
| | | രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (ആർജിഎസ്എ) | 12.00 |
| | | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 1.70 |
| 2. | സംസ്ഥാനതല നോഡൽ ഏജൻസികൾക്ക് നേരിട്ട് (കുടുംബശ്രീ) | സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്‌വിഇപി) ഫേസ് V | 8.24 |
| | | ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമ ഉപജീവന ദൗത്യം | 92.62 |
| | | ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ നഗര ഉപജീവനദൗത്യം | 29.45 |
| | | പ്രധാൻ മന്ത്രി ആവാസ് യോജന–നഗരം (പിഎംഎവൈ–യു) | 222.13 |

[10] അടിസ്ഥാന ഗ്രാന്റ് : ₹822.77 കോടി, ടൈഡ് ഗ്രാന്റ് : ₹1,774.00 കോടി, ആരോഗ്യമേഖല ഗ്രാന്റ് : ₹427.13 കോടി

| ക്രമ നമ്പർ | ഏത് ഏജൻസിയിലൂടെ/ അതോറിറ്റിയിലൂടെയാണ് ഗ്രാന്റ് നൽകിയത് | പദ്ധതിയുടെ വിശദാംശങ്ങൾ | തുക (₹ കോടിയിൽ) |
|---|---|---|---|
| 3. | ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലേക്ക് നേരിട്ട് (ഗ്രാമവികസന കമ്മീഷണറേറ്റ്) | പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന (പിഎംകെഎസ്‌വൈ) | 5.46 |
| | | ദേശീയ റർബൻ മിഷൻ (എൻആർയുഎം) | 0.35 |
| | | ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവുകൾ | 3.81 |
| 4. | ജില്ലാപ്രോഗ്രാം കോ-ഓർഡിനേറ്ററുടേയും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെയും സംയുക്ത ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി കൈമാറ്റം ചെയ്യുന്നു | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഈജിഎസ്) | 3592.37 |
| | **ആകെ** | | **4174.02** |

*(സ്രോതസ്സ്: കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, ശുചിത്വമിഷൻ, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവർ നൽകിയ വിവരങ്ങൾ)*

₹4,174.02 കോടിയുടെ കേന്ദ്ര സർക്കാർ ഗ്രാന്റുകൾ കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പിലാക്കലിനായി സംസ്ഥാന സർക്കാർ ₹605.17 കോടി നൽകി. അങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാനായി മൊത്തം ലഭിച്ച ഫണ്ട് 2020-21-ൽ ₹5,736.21 കോടിയായിരുന്നത് 2021-22-ൽ ₹4,779.19 കോടിയായി.

### *2.1.1.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്*

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം)/ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം), മറ്റു ബന്ധപ്പെട്ട നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നികുതിയും[11] നികുതിയേതരവുമായ[12] വരുമാനമാണ് തനതു ഫണ്ടിലുള്ളത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികളിൽ നിന്നും ലഭിക്കുന്ന വരവ്, ഗുണഭോക്തൃ വിഹിതം, നിരതദ്രവ്യം, റീട്ടൻഷൻ പണം തുടങ്ങിയവയും ഉൾപ്പെടുന്നു. ഇൻഫോർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ വിവരങ്ങളനുസരിച്ച്, 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് 2020-21 ലെ ₹1,581.64 കോടിയെ അപേക്ഷിച്ച് 2021-22 ൽ ₹1,603.47 കോടിയാണ് (നികുതി വരുമാനം- ₹1,246.39 കോടിയും നികുതിയേതര വരുമാനം - ₹357.08 കോടിയും)

### *2.1.1.5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ*

1963-ലെ കേരള തദ്ദേശഭരണ വായ്പ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ, കെയുആർഡിഎഫ്സി[13], സഹകരണ ബാങ്കുകൾ, ഹഡ്കോ[14] തുടങ്ങിയവയിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. 2021-22 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെടുത്ത വായ്പയുടെ വിവരങ്ങൾ **പട്ടിക 2.7**-ൽ നൽകിയിരിക്കുന്നു.

---

[11] വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി, തുടങ്ങിയവ
[12] ലൈസൻസ് ഫീ, രജിസ്ട്രേഷൻ ഫീ തുടങ്ങിയവ
[13] കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
[14] ഹൗസിംഗ് ആന്റ് അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**പട്ടിക 2.7: 2021-22 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെടുത്ത വായ്പയുടെ വിവരങ്ങൾ**

***(₹ കോടിയിൽ)***

| വായ്പാ സ്രോതസ്സ് | 2021-22-ൽ എടുത്ത വായ്പ | 2022 മാർച്ച് 31ന് മിച്ചം നിൽക്കുന്ന വായ്പ [15] |
|---|---|---|
| സംസ്ഥാന സർക്കാർ | ഇല്ല | 225.51 |
| കെയുആർഡിഎഫ്സി | 168.42 | 2675.36 |
| കേരള ബാങ്ക് | ഇല്ല | 68.78 |
| ഹഡ്കോ | ഇല്ല | 12.43 |
| സഹകരണ സംഘങ്ങൾ | ഇല്ല | 63.62 |
| **ആകെ** | **168.42** | **3045.70** |

*(സ്രോതസ്സ് : കെയുആർഡിഎഫ്സി, കേരള ബാങ്ക്, ഹഡ്കോ, സഹകരണസംഘം രജിസ്ട്രാർ എന്നിവർ നൽകിയ വിവരങ്ങൾ)*

മിച്ചം നിൽക്കുന്ന ₹3,045.70 കോടി വായ്പയിൽ, ₹2,604.33 കോടി തദ്ദേശ സ്ഥാപനങ്ങൾ ലൈഫ് മിഷൻ പദ്ധതികൾക്കായി എടുത്ത വായ്പയാണ്.

### *2.1.1.6 വിഭവങ്ങളുടെ വിനിയോഗം : ഘടകങ്ങളും സ്ഥിതിയും*

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റ ചെലവുകളും[16] ഉൾപ്പെടുന്നു. ഐകെഎമ്മിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ച്, 2021–22–ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടായ മൊത്തം വികസന ചെലവ് ₹10,108.05 കോടിയാണ്.

2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ ഈ ഘടകങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങളുടെ വിനിയോഗം **പട്ടിക 2.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.8: വിഭവങ്ങളുടെ വിനിയോഗം**

***(₹ കോടിയിൽ)***

| മേഖല | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ഉത്പാദന മേഖല | 955.98 | 1029.78 | 714.55 | 1324.08 | 1105.58 | 5129.97 |
| അടിസ്ഥാന സൗകര്യമേഖല | 3096.48 | 3141.18 | 2018.61 | 4485.14 | 2769.45 | 15510.86 |
| സേവന മേഖല | 3837.01 | 5843.66 | 4749.73 | 5940.84 | 6233.02 | 26604.26 |
| **ആകെ വികസന ചെലവ്** | **7889.47** | **10014.62** | **7482.89** | **11750.06** | **10108.05** | **47245.09** |

*(സ്രോതസ്സ് : ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- 2021–22–ൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നും ലഭിച്ച മൊത്തം വികസന ചെലവായ ₹10,108.05 കോടിയിൽ ഉത്പാദന, അടിസ്ഥാനസൗകര്യ, സേവന മേഖലകളിലെ ചെലവ് യഥാക്രമം 10.94 ശതമാനം, 27.40 ശതമാനം, 61.66 ശതമാനം ആയിരുന്നു.
- 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ, ഉത്പാദന മേഖലയിൽ ചെലവാക്കിയ തുക 9.55 ശതമാനം മുതൽ 12.12 ശതമാനം വരെ ആണ്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യ ബന്ധനം, വ്യവസായം തുടങ്ങിയവയിൽ ഉൾപ്പെട്ട പദ്ധതികൾക്ക് കുറഞ്ഞ പരിഗണനയാണ് നൽകിയത് എന്ന് ചൂണ്ടികാണിക്കുന്നു.

ഇതിൻമേലുള്ള സർക്കാരിന്റെ മറുപടി ലഭിച്ചില്ല (2023 ഡിസംബർ).

---

[15] പലിശ ഉൾപ്പെടെ

[16] ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

#### *2.1.1.7 പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള പൊതുനിക്ഷേപം*

പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പൊതു നിക്ഷേപം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്നത് സംസ്ഥാനതല നോഡൽ ഏജൻസികളായ (എസ്എൽഎൻഎകൾ) കുടുംബശ്രീ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻറ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത് ), ശുചിത്വമിഷൻ, സ്മാർട്ട് സിറ്റി, ഗ്രാമവികസന കമ്മീഷണറേറ്റ് (സിആർഡി), തുടങ്ങിയവയിലൂടെയാണ്. കേന്ദ്ര സർക്കാരിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം അനുവദിക്കുന്ന അധികാരികളെ അവയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വവും ഏൽപ്പിച്ചിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ലഭ്യമായ ₹3,443.60 കോടിയിൽ[17] ഫണ്ടിന്റെ ഗണ്യഭാഗമായ ₹1,424.66 കോടി (41.37 ശതമാനം) ഏജൻസികളായ സ്മാർട്ട് സിറ്റി (₹474.82 കോടി), കുടുംബശ്രീ (₹410.74 കോടി), അമൃത് (₹294.40 കോടി), സിആർഡി (₹177.82 കോടി), ശുചിത്വമിഷൻ (₹60.09 കോടി) എന്നിവയുടെ പക്കൽ ചെലവാക്കാതെ നിൽക്കുന്നതിനാൽ തുക വകയിരുത്തിയതും നൽകിയതുമായ ലക്ഷ്യത്തിനെ പരാജയപ്പെടുത്തുന്നു.

ഇതിൻമേലുള്ള സർക്കാർ മറുപടി ലഭിച്ചിട്ടില്ല (2023 ഡിസംബർ).

### 2.1.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

വികേന്ദ്രീകൃതാസൂത്രണത്തിനു കീഴിൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2021-22 കാലയളവിൽ ₹15,327.49 കോടി വകയിരുത്തി 1,88,011 പദ്ധതികൾ രൂപീകരിച്ചു. ഇതിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1,40,020 പദ്ധതികൾ (74.47 ശതമാനം) നിർവ്വഹണത്തിനായി ഏറ്റെടുക്കുകയും ₹8,040.92 കോടി ചെലവാക്കുകയും ചെയ്തു. ഇങ്ങനെ ഏറ്റെടുത്ത പദ്ധതികളിൽ 1,05,026 പദ്ധതികൾ (75.01 ശതമാനം) മാത്രമാണ് 2021-22-ൽ ₹5,542.97 കോടി ചെലവിൽ പൂർത്തിയാക്കിയത്. വിശദവിവരങ്ങൾ **പട്ടിക 2.9**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.9 : 2021-22 ൽ ഏറ്റെടുത്ത പദ്ധതികളുടെയും ചെലവിന്റെയും വിവരങ്ങൾ**

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇനം | പദ്ധതികളുടെ എണ്ണം | | | തുക (₹ കോടിയിൽ) | | | |
|---|---|---|---|---|---|---|---|
| | രൂപീക-രിച്ചത് | ഏറ്റെടു-ത്തത് | പൂർത്തി യാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയി-രുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തി-യാക്കിയ പദ്ധതികളുടെ ചെലവ് | പദ്ധതികൾക്കായി മൊത്തം വകയിരുത്തി-യതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 144715 | 110352 | 83449 | 9874.68 | 5048.72 | 3370.24 | 51.13 |
| ബ്ലോക്ക് പഞ്ചായത്ത് | 13715 | 11142 | 7914 | 1361.28 | 788.32 | 549.64 | 57.91 |
| ജില്ലാ പഞ്ചായത്ത് | 6940 | 3714 | 2566 | 1505.44 | 836.19 | 597.25 | 55.54 |
| മുനിസിപ്പാലിറ്റി | 18335 | 12270 | 9144 | 1479.83 | 840.00 | 607.12 | 56.76 |
| കോർപ്പറേഷൻ | 4306 | 2542 | 1953 | 1106.26 | 527.69 | 418.72 | 47.70 |
| **ആകെ** | **188011** | **140020** | **105026** | **15327.49** | **8040.92** | **5542.97** | **52.46** |

*(സ്രോതസ്സ് : ഐകെഎം നൽകിയ വിവരങ്ങൾ)*

[17] അവിദഗ്ധ വേതന ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്ന എംജിഎൻആർഇജിഎസ് ന്റെ കേന്ദ്ര വിഹിതം ഉൾപ്പെടുന്നില്ല.

- 2021-22-ൽ രൂപീകരിച്ച 1,88,011 പദ്ധതികളിൽ 1,05,026 പദ്ധതികൾ (55.86 ശതമാനം) മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ എന്നത് തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ ഭരണ ശേഷിയെക്കാളും വളരെ കൂടുതൽ പദ്ധതികൾ രൂപീകരിച്ചു എന്നാണ് കാണിക്കുന്നത്.
- ₹7,050.46 കോടി നീക്കിവെച്ചതിൽ, ₹5,542.97 കോടി (78.62 ശതമാനം) മാത്രമേ പൂർത്തീകരിച്ച പദ്ധതികൾക്കായി ചെലവായുള്ളൂ എന്നത് സൂചിപ്പിക്കുന്നത് പ്രോജക്റ്റുകൾക്കായി യഥാർത്ഥത്തിൽ വേണ്ടതിനെക്കാളും കൂടുതൽ തുക നീക്കിവച്ചു എന്നുള്ളതാണ്.
- രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം 52.46 ശതമാനം മാത്രമായിരുന്നു. പദ്ധതികളുടെ നിർവ്വഹണത്തിലെ കുറവ് പ്രാധാനമായും കോർപ്പറേഷനുകളിലാണ് ശ്രദ്ധയിൽപ്പെട്ടത്.
- 2021-22-ൽ ₹3,023.90 കോടി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി അനുവദിച്ചതിൽ, ₹1,678.43 കോടി (55.51 ശതമാനം) ചെലവാകാതെ കിടക്കുന്നു.
- 2021-22-ൽ ₹3,290.05 കോടി സംരക്ഷണ ഗ്രാന്റായി അനുവദിച്ചതിൽ ₹1,043.93 കോടി (31.73 ശതമാനം) ചെലവാകാതെ കിടക്കുന്നു.

ഇതിൻമേലുള്ള സർക്കാർ മറുപടി ലഭിച്ചിട്ടില്ല (2023 ഡിസംബർ).

### 2.1.3 തിരിമറികൾ, നഷ്ടം, പണാപഹരണം മുതലായവ

കേരള ഫിനാൻഷ്യൽ കോഡ് അനുസരിച്ച് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ എല്ലാ നഷ്ടങ്ങളും, മോഷണം, തട്ടിപ്പ് തുടങ്ങിയവയും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനെയും സർക്കാരിനേയും അറിയിക്കേണ്ടതാണ്. സർക്കാർ നഷ്ടം തിരിച്ചു പിടിക്കേണ്ടതും, ഉത്തരവാദിത്വം നിശ്ചയിക്കേണ്ടതും, സംവിധാനത്തിലെ അപാകതകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടതുമാണ്. പണാപഹരണം, നഷ്ടം, മോഷണം, തട്ടിപ്പ് തുടങ്ങിയവയെ സംബന്ധിച്ച വിശദാംശങ്ങളുടെ ഒരു ഏകീകൃത വിവരണം സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, എൽഎസ്ജിഡി മുതലായവർക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട തിരിമറി/പണാപഹരണം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 2.10**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.10 : തിരിമറി, നഷ്ടം, പണാപഹരണം**

| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/ ഏജൻസികളുടെ പേര് | തുക (₹ ലക്ഷത്തിൽ) (കേസുകളുടെ എണ്ണം) | | | | | ആകെ |
|---|---|---|---|---|---|---|
| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | |
| കോർപ്പറേഷനുകൾ | 0 | 8.40(3) | 12.59(6) | 26.64(4) | 3.70(3) | 51.33 (16) |
| മുനിസിപ്പാലിറ്റികൾ | 2.23(1) | 1.51(1) | 2.16(3) | 0 | 2.76(2) | 8.66 (7) |
| ജില്ലാ പഞ്ചായത്തുകൾ | 3464.36(5) | 7112.04(7) | 75.58(4) | 0 | ലഭ്യമല്ല | 10651.98 (16) |
| ബ്ലോക്ക് പഞ്ചായത്തുകൾ | 0 | 4.42(3) | 0 | 0 | 6.84(1) | 11.26 (4) |
| ഗ്രാമപഞ്ചായത്തുകൾ | 5.90(2) | 0 | 0 | 15.16(2) | 0 | 21.06 (4) |
| കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ | 28.24(4) | 2.99(2) | 3.33(3) | 9.22(7) | 70.37(5) | 114.15 (21) |
| ആകെ | | | | | | 10858.44(68) |

*(സ്രോതസ്സ്: നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ്, കുടുംബശ്രീ, പഞ്ചായത്ത് ഡയറക്ടറേറ്റ്, എൽഎസ്ജിഡി എന്നിവർ നൽകിയ വിവരങ്ങൾ)*

### 2.1.4 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ചുമത്തുന്ന ചാർജ്ജും സർചാർജ്ജും

നിയമാനുസൃതമല്ലാത്ത ഏതൊരു പണമിടപാടും നിരാകരിക്കാനും അപ്രകാരം പണമിടപാട് നടത്തുകയോ, അങ്ങനെ ചെയ്യാൻ അംഗീകാരം നൽകുകയോ ചെയ്യുന്ന വ്യക്തിയെ സർചാർജ്ജ് ചെയ്യാനും, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 16(1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ (കെഎസ്എഡി) അധികാരപ്പെടുത്തുന്നു. തിരിച്ചുപിടിക്കേണ്ടിയിരുന്ന ഏതെങ്കിലും തുകയിൽ നഷ്ടം വരുത്തുന്നതിനോ കുറവ് വരുത്തുന്നതിനോ ഉത്തരവാദിയായ ഏതൊരു വ്യക്തിയെയും കെഎസ്എഡിയ്ക്ക് ചാർജ്ജ് ചെയ്യാം.

2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ, ₹3.26 ലക്ഷത്തിന് 10 ചാർജ്ജ് സർട്ടിഫിക്കറ്റുകളും ₹94.52 ലക്ഷത്തിന് 83 സർചാർജ്ജ് സർട്ടിഫിക്കറ്റുകളും കെഎസ് എഡി നൽകി. ആകെ ₹97.78 ലക്ഷത്തിന്റെ ചാർജ്ജ്/സർചാർജ്ജ് തുകയിൽ ₹6.41 ലക്ഷം (6.56 ശതമാനം) മാത്രമേ ഈടാക്കാനായുള്ളൂ. ₹91.37 ലക്ഷം ഈടാക്കാൻ ബാക്കിയുണ്ട്.

## 2.2 അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) നിയമത്തിലെ ചട്ടം 62(5)-ഉം 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) നിയമത്തിലെ ചട്ടം 58(5)ഉം പ്രകാരം, പിആർഐകൾ/യുഎൽബികൾ എല്ലാ കൊടുക്കൽ വാങ്ങൽ സ്റ്റേറ്റ്മെന്റും, ബാലൻസ് ഷീറ്റും, വരവ് ചെലവ് സ്റ്റേറ്റ്മെന്റും അടങ്ങുന്ന വാർഷിക ധനകാര്യ പത്രികകൾ (എഎഫ്എസ്) തയ്യാറാക്കണമെന്നും പഞ്ചായത്ത് കമ്മിറ്റി/മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തോടെ വരും വർഷത്തിൽ യഥാക്രമം മേയ് 15/മേയ് 31 തീയതികൾക്കകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കണമെന്നും വ്യക്തമാക്കുന്നു.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അക്കൗണ്ടുകൾ വരും വർഷത്തിൽ ജൂലൈ 31-ാം തീയതിക്കകം കെഎസ്എഡിക്ക് സമർപ്പിക്കേണ്ടതാണ്. അക്കൗണ്ടുകൾ ലഭിച്ച് ആറുമാസത്തിനകം കെഎസ്എഡി ഓഡിറ്റ് നടത്തുകയും ഓഡിറ്റ് പൂർത്തിയാക്കിയ തീയതി മുതൽ മൂന്ന് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ട് നൽകുകയും വേണം. 2021-22-ലെ അക്കൗണ്ടുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2022 ജൂലൈ 31 ന് മുമ്പായി കെഎസ്എഡിക്ക് ലഭിച്ചു. 1,200 അക്കൗണ്ടുകൾ ലഭിച്ചതിൽ 1,112 അക്കൗണ്ടുകൾക്ക് ഓഡിറ്റ് റിപ്പോർട്ടുകൾ നൽകി (2023 ഏപ്രിൽ).

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഡ്യൂട്ടീസ്, പവേഴ്സ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1971 ന്റെ വകുപ്പ് 20(1) അനുസരിച്ച് 65 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളിൽ 2021-22 ൽ അനുബന്ധ ഓഡിറ്റ് നടത്തി. ഓഡിറ്റ് കണ്ടെത്തിയ പോരായ്മകൾ താഴെപ്പറയുന്നു:

(i) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3)-ഉം 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(3)-ഉം പ്രകാരം ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുക രേഖപ്പെടുത്തേണ്ടതാണ്. ഒരു മുനിസിപ്പാലിറ്റി, മൂന്ന് ബിപികൾ, 42 ജിപികൾ എന്നിവയുടെ എഎഫ്എസിൽ താരതമ്യതുക രേഖപ്പെടുത്തിയിട്ടില്ല (**അനുബന്ധം 2.1**).

(ii) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2)-ഉം 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(2)-ഉം

പ്രകാരം എഎഫ്എസിൽ ബാലൻസ് ഷീറ്റ്, വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, കൊടുക്കൽ വാങ്ങൽ സ്റ്റേറ്റ്മെന്റ്, അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, പ്രധാന അനുപാതങ്ങൾ അഥവാ സാമ്പത്തിക പ്രകടന സൂചകങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ഒരു മുനിസിപ്പാലിറ്റി, മൂന്ന് ബിപികൾ, 38 ജിപികൾ എന്നിവയുടെ എഎഫ്എസിൽ അനുബന്ധ സ്റ്റേറ്റ്മെന്റുകൾ കണ്ടില്ല (**അനുബന്ധം 2.1**).

(iii) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 28, 58(4)-ഉം 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 27,54 (5)-ഉം പ്രകാരം തൻ വർഷത്തിൽ ചെലവ് ആയെങ്കിലും പണം നൽകാത്ത തുകയും, തൻവർഷത്തിൽ ലഭിക്കാൻ സാദ്ധ്യതയുള്ള തുകകളും എഎഫ്എസിൽ ഉൾക്കൊള്ളിക്കേണ്ട നടപടി പഞ്ചായത്തിന്റെ സെക്രട്ടറി വർഷാന്ത്യത്തിൽ എടുക്കേണ്ടതാണ്. ഒരു ബിപി, 20 ജിപികൾ എന്നിവയിൽ ഇപ്രകാരം ഒരു നടപടിയും എടുത്തിട്ടില്ല (**അനുബന്ധം 2.1**).

(iv) റവന്യൂചെലവിലും മൂലധനചെലവിലും അഡ്വാൻസിലും പുരോഗമിക്കുന്ന മൂലധന പ്രവൃത്തികളിലും തെറ്റായ വർഗ്ഗീകരണം ഉള്ളതായും, ക്യാഷ്/ബാങ്ക്/ട്രഷറി നീക്കിയിരുപ്പുകൾ തെറ്റായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയതായും, ഉപയോഗപ്പെടുത്തിയ റവന്യൂ ഗ്രാന്റ് തുക മൂലധന സംഭാവനയായി മാറ്റാത്തതും, സ്ഥാവര ആസ്തികളുടെ വില കുറച്ച് നിർണ്ണയിച്ചത്/കണക്കിൽപ്പെടുത്താത്തത്, ആസ്തികൾക്ക് കുറഞ്ഞതോ കൂടിയതോ ആയ ഡിപ്രീസിയേഷൻ നൽകിയത്/ഒട്ടും ഡിപ്രീസിയേഷൻ നൽകാത്തത് എന്നിവ ശ്രദ്ധയിൽപ്പെട്ടു. ഇത് ഒരു മുനിസിപ്പാലിറ്റിയുടെയും ഒരു ബിപിയുടെയും 23 ജിപികളുടെയും സാമ്പത്തിക സ്ഥിതിയുടെ സത്യവും ന്യായവുമായ വീക്ഷണം കാണിക്കുന്നില്ല. (**അനുബന്ധം 2.1**).

ഇതിൻമേലുള്ള സർക്കാർ മറുപടി ലഭിച്ചിട്ടില്ല (2023 ഡിസംബർ).

## 2.3 നിഗമനം

- 2017-18 മുതൽ 2021-22 വരെയുള്ള അഞ്ചുവർഷ കാലയളവിൽ ഉത്പാദന മേഖലയിൽ ചെലവാക്കിയത് മൊത്തം വികസന ചെലവിന്റെ 9.55 ശതമാനം മുതൽ 12.12 ശതമാനം വരെയായിരുന്നത് സൂചിപ്പിക്കുന്നത് ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞ പരിഗണനയാണ് നൽകിയത് എന്നാണ്. ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പര്യാപ്തമാക്കുന്നതിനായി, കുറഞ്ഞ വിനിയോഗത്തിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ വിശകലനം നടത്തേണ്ടതാണ്. ഉത്പാദനമേഖലയിലെ ചെലവുകൾക്ക് ഒരു ലക്ഷ്യം തീരുമാനിക്കുന്നതിനെപ്പറ്റി സർക്കാർ പരിഗണിക്കേണ്ടതാണ്.

- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പിലാക്കലിനായി ലഭ്യമായ ₹3,443.60 കോടിയിൽ ₹1,424.66 കോടി (41.37 ശതമാനം) എസ്എൽഎൻഎകളിൽ വിനിയോഗിക്കാതെ കിടക്കുന്നത്, ഫണ്ടുകൾ വകയിരുത്തുകയും അനുവദിക്കുകയും ചെയ്ത കേന്ദ്രസർക്കാരിന്റേയും/സംസ്ഥാനസർക്കാരിന്റേയും ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുന്നു.

- 2021-22-ൽ ലഭിച്ച കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയായ ₹3,023.90 കോടിയിൽ, ₹1,678.43 കോടി (55.51 ശതമാനം) വിനിയോഗിക്കാതെ ബാക്കി നിൽക്കുന്നു.

# അദ്ധ്യായം III

**നഗര തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്**

# അദ്ധ്യായം III

# നഗര തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്

## 3.1 ആമുഖം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230 മുതൽ 233 വരെയുള്ള സെക്ഷനുകൾ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും ഭരണ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങൾക്കും, അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ, വസ്തു നികുതി ഈടാക്കുവാൻ അധികാരം നൽകുന്നു. സാധാരണ ആവശ്യങ്ങൾക്കായുള്ള നികുതിയും ജലവിതരണം, ഡ്രെയിനേജ്, തെരുവ് വിളക്കുകൾ, ശുചിത്വപരിപാലനം എന്നിവയ്ക്കായുള്ള സേവന നികുതിയും ഉൾപ്പെട്ടതാണ് വസ്തു നികുതി. അതനുസരിച്ച് കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 230 മുതൽ 233 വരെയുള്ള വകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലും 565-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന് യുഎൽബികൾക്ക് നിർദ്ദേശങ്ങൾ നൽകാനുള്ള അധികാരമുപയോഗിച്ചും 2011 ജനുവരി 14-ന് കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ കേരളസർക്കാർ നടപ്പിലാക്കി.

സംസ്ഥാനത്തെ കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സായ വസ്തു നികുതി അവരുടെ തനതു വരുമാനത്തിന്റെ ഏകദേശം 48.28 ശതമാനമാണ്. പരിശോധിച്ച യുഎൽബികളിൽ, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വസ്തുനികുതി തനതു വരുമാനത്തിന്റെ 23.32 ശതമാനം മുതൽ 69.18 ശതമാനം വരെയായിരുന്നു. വസ്തുവിന്റെ വാർഷിക വാടക വരുമാനത്തിനുപകരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചിരുന്നത് പുതിയ കെട്ടിടങ്ങൾക്ക് 2013 ഏപ്രിൽ 01 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 2016 ഏപ്രിൽ 01 മുതലുമായിരുന്നു. വിവിധതരം കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാരാണ് നിശ്ചയിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി, അടിസ്ഥാന വസ്തു നികുതി ചുമത്തേണ്ട നിരക്ക് അതാത് മുനിസിപ്പൽ കൗൺസിലുകളാണ് നിർണ്ണയിക്കുന്നത്. ഒരിക്കൽ നിശ്ചയിച്ച പരിധികൾ/നിരക്കുകൾ അഞ്ച് വർഷത്തേക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കുകയും അതിനു ശേഷം അടുത്ത അഞ്ച് വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന തരത്തിൽ നിലവിലുള്ള പരിധികളിൽ 25 ശതമാനം എന്ന തോതിൽ വർദ്ധനവ് വരുത്തി നിരക്കുകൾ പരിഷ്കരിക്കുകയും വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റവന്യൂ സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരളമിഷൻ (ഐകെഎം) സഞ്ചയ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിച്ചെടുത്തു. സഞ്ചയക്ക് രണ്ട് മോഡ്യൂളുകളാണ് ഉള്ളത്, നികുതിദായകന്റെ/സ്ഥാപനത്തിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനും നികുതി ചുമത്തൽ ഈടാക്കൽ മുതലായവയ്ക്കും വേണ്ടിയുള്ള ഒരു മോഡ്യൂളും മറ്റേത് ഇ-പേയ്മെന്റിനായുള്ള ഒരു മോഡ്യൂളുമാണ്. യുഎൽബികളിലെ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയും വസ്തു നികുതി നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവ സംബന്ധിച്ച വിവിധ അപാകതകൾ കണ്ടെത്തുകയും ചെയ്തു.

### 3.1.1 ഘടനാ സംവിധാനം

തദ്ദേശ സ്വയംഭരണ വകുപ്പിനു (തസ്വഭവ) കീഴിലുള്ള നഗരകാര്യ ഡയറക്ടറാണ് (ഡിയുഎ) സംസ്ഥാനത്തെ 93 യുഎൽബികളുടെ[18] മൊത്തത്തിലുള്ള നിയന്ത്രണം നിർവ്വഹിക്കുന്നത്. നഗരകാര്യഡയറക്ടറുടെ കീഴിൽ ഒരു ജോയിൻറ് ഡയറക്ടർക്കും (ഭരണം) മൂന്നു റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (തെക്ക്, മദ്ധ്യം, വടക്ക് മേഖലകൾ) ആണ് വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ചുമതലയുള്ളത്. ജോയിന്റ് ഡയറക്ടർമാർ അവരവരുടെ ഭരണ പരിധിയിലുള്ള കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും നികുതി പിരിവിന് മേൽനോട്ടം വഹിക്കുന്നു. യുഎൽബികളിലെ വസ്തു നികുതി നിർണ്ണയം, ചുമത്തൽ, ഈടാക്കൽ എന്നിവ റവന്യൂ ഓഫീസറുടെ സഹായത്തോടെ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ സെക്രട്ടറി നിർവ്വഹിക്കുന്നു. വസ്തു നികുതി ഈടാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെട്ട അധികാരികളുടെ ഘടനാ സംവിധാനത്തിന്റെ ചിത്രം ചുവടെ കൊടുക്കുന്നു:

**ചിത്രം 3.1 : ഘടനാ സംവിധാനം[19]**




[18] 87 മുനിസിപ്പാലിറ്റികളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും

[19] മുനിസിപ്പൽ/കോർപ്പറേഷൻ കൗൺസിൽ എന്നത് മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ലെജിസ്ലേറ്റീവ് ബോഡിയാണ്. ബജറ്റ് രൂപപ്പെടുത്തൽ, നികുതികളുടെയും ഫീസിന്റെയും മേൽ തീരുമാനങ്ങൾ, നയങ്ങൾ/പരിപാടികൾ നടപ്പിലാക്കൽ മുതലായവ ഇതിന്റെ ഉത്തരവാദിത്തത്തിൽ ഉൾപ്പെടുന്നു. കൗൺസിൽ നിയുക്തമാക്കിയ അധികാരങ്ങൾ ഉള്ള സ്റ്റിയറിംഗ് കമ്മിറ്റി എല്ലാ സ്റ്റാൻന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.
യുഎൽബികളിലെ സ്ഥിരം സമിതികളാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഓരോ കമ്മിറ്റിയും ആരോഗ്യം, ധനകാര്യം, ജോലികൾ, ക്ഷേമം മുതലായ പ്രവർത്തനങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുന്നു.

## 3.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെപ്പറയുന്നവ വിലയിരുത്തുന്നതിനു വേണ്ടിയാണ്:

- നഗരതദ്ദേശ സ്ഥാപനങ്ങളിൽ വസ്തു നികുതിയുടെ നിർണ്ണയം, ചുമത്തൽ, ഈടാക്കൽ, അക്കൗണ്ടിംഗ് എന്നിവയ്ക്ക് അനുവർത്തിച്ചിട്ടുള്ള നടപടിക്രമങ്ങൾ ശക്തവും കാര്യക്ഷമവുമാണോ
- വസ്തു നികുതി യഥാസമയം പുതുക്കി അതിലൂടെ നഗര തദ്ദേശ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ
- നികുതി ചുമത്തേണ്ട ഒരു കെട്ടിടവും/വസ്തുവും നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്താൻ വേണ്ട ഒരു മേൽനിരീക്ഷണ സംവിധാനം നിലവിലുണ്ടോ

## 3.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെ പറയുന്ന മാനദണ്ഡങ്ങളെയാണ് ഓഡിറ്റ് നിരീക്ഷണങ്ങൾ അളവുകോലാക്കിയത്.

- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ, 1999-ഉം ഭേദഗതികളും
- കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ, 2011
- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടങ്ങൾ, 2018
- സുപ്രീംകോടതി/ഹൈക്കോടതി വിധിന്യായങ്ങൾ, കേന്ദ്ര/സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളും വിവിധ സർക്കാർ ഉത്തരവുകളും

## 3.4 ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും

'കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വസ്തു നികുതിയുടെ നിർണ്ണയവും ഈടാക്കലും' സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് 2005 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. ആ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (എൽഎഫ്എസി) (2010-11) 2010 മേയിൽ[20] ചർച്ച ചെയ്തു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയാണ് നിലവിലെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. അനുയോജ്യമായ ഒരു സാംപ്ലിംഗ് സമ്പ്രദായമുപയോഗിച്ച് 14 ജില്ലകളിൽ നിന്നും നാലു ജില്ലകൾ (29 ശതമാനം) സാമ്പിൾ ആയി വിശദപരിശോധനയ്ക്ക് തിരഞ്ഞെടുത്തു. റെക്കോർഡുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷമപരിശോധന, ഓഡിറ്റ് ചോദ്യാവലികൾ നൽകൽ, സംയുക്തഭൗതികപരിശോധന, കെട്ടിടങ്ങളുടെ പ്ലിന്ത് വിസ്തീർണ്ണം അളക്കൽ, ഫോട്ടോഗ്രാഫിക് തെളിവുകൾ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. 2022 മേയ് 12-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി നടത്തിയ പ്രാരംഭകൂടിക്കാഴ്ചയിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ എന്നിവ ചർച്ചചെയ്യുകയും സർക്കാരിന്റെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യാനായി തദ്ദേശ സ്വയംഭരണവകുപ്പ്

[20] സമിതിയുടെ ശിപാർശകൾ എൽഎഫ്എസി (2010-11) ന്റെ 37-ാം റിപ്പോർട്ടിലും ആയതിന്റെ കൂടുതൽ ശിപാർശകൾ എൽഎഫ്എസി (2014-16) ന്റെ 46-ാം റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2023 മാർച്ച് 27ന് അന്തിമകൂടിക്കാഴ്ച നടത്തി. ഓഡിറ്റ് കണ്ടെത്തലുകളെ സംബന്ധിച്ച് സർക്കാർ നൽകിയ അഭിപ്രായങ്ങൾ ഈ റിപ്പോർട്ടിന്റെ അന്തിമരൂപീകരണത്തിൽ പരിഗണിച്ചിട്ടുണ്ട്.

### 3.4.1 സാംപ്ലിംഗ്

ഐഡിയ സോഫ്റ്റ്‌വെയറുപയോഗിച്ച് എസ്ആർഎസ്ഡബ്ല്യുഓആർ[21] രീതിയിൽ സംസ്ഥാനത്തെ 14 ജില്ലകളെ ഭൂമിശാസ്ത്രപരമായി തെക്കും വടക്കും എന്ന് രണ്ടായി വിഭജിക്കുകയും ഈ പ്രദേശങ്ങളിൽ നിന്നും രണ്ട് ജില്ലകൾ വീതം തിരഞ്ഞെടുക്കുകയും ചെയ്തു. തെക്കുഭാഗത്തു നിന്നും തിരുവനന്തപുരം, എറണാകുളം ജില്ലകളും വടക്കുഭാഗത്തുനിന്നും കോഴിക്കോട്, മലപ്പുറം ജില്ലകളും തിരഞ്ഞെടുത്തു. സംസ്ഥാനത്തുള്ള ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും തിരഞ്ഞെടുത്ത ജില്ലകളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിലെ മൂന്ന് കോർപ്പറേഷനുകൾ (50 ശതമാനം) തിരഞ്ഞെടുത്തു. സംസ്ഥാനത്തൊട്ടാകെയുള്ള 87 മുനിസിപ്പാലിറ്റികളിൽ 36 മുനിസിപ്പാലിറ്റികൾ തിരഞ്ഞെടുത്ത ജില്ലകളിലാണ്. ഈ മുനിസിപ്പാലിറ്റികളിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് രണ്ട് എണ്ണം വീതം ഇരുപത്തഞ്ചു ശതമാനം (11 മുനിസിപ്പാലിറ്റികൾ) ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എസ്ആർഎസ്ഡബ്ല്യുഓആർ രീതിയിൽ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത യൂണിറ്റുകളുടെ വിവരങ്ങൾ **അനുബന്ധം 3.1**-ൽ കാണിച്ചിരിക്കുന്നു.

### 3.4.2 യുഎൽബികളുടെ വരുമാന സ്രോതസ്സ്

ഭരണഘടനയുടെ 74-ാം ഭേദഗതി ആക്ട് പ്രാബല്യത്തിൽ വന്നതിന്റെ ഫലമായി യുഎൽബികൾക്ക് ചുമതലകൾ വിഭജിച്ചു നൽകുകയും, ഇങ്ങനെ നൽകിയ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനുവേണ്ടി നഗരതദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുവിഭവങ്ങളെ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കാലാകാലങ്ങളിലായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ഫണ്ട് വർദ്ധിച്ചിട്ടുണ്ടെങ്കിലും അവരുടെ കേന്ദ്രസംസ്ഥാന സർക്കാർ ഫണ്ടിൻമേലുള്ള ആശ്രയത്വം സുപ്രധാനമാണ്. 2017-18 മുതൽ 2021-22 വരെയുള്ള അഞ്ചുവർഷഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ വിവിധ നികുതികളിൽ നിന്നുള്ള വിഹിതം **ചിത്രം 3.2**-ൽ കാണിച്ചിരിക്കുന്നു.

---

[21] സിമ്പിൾ റാൻഡം സാംപ്ലിംഗ് വിത്തൗട്ട് റീപ്ലേസ്‌മെന്റ്

**ചിത്രം 3.2 : ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ നഗര തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വിവിധ നികുതികളുടെ വിഹിതം**




*(സ്രോതസ്സ്: നഗരകാര്യ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

നികുതി വരുമാനത്തിന്റെ സിംഹഭാഗമായ 66.40 ശതമാനം വസ്തു നികുതിയിൽ നിന്നാണെന്ന യാഥാർത്ഥ്യം, ഓരോ തലത്തിലുമുള്ള അപാകതകൾ പരിഹരിച്ച് നികുതി പിരിവ് ഉയർത്തേണ്ടതിന്റെ ആവശ്യകത ഊന്നിപറയുന്നു.

പരിശോധിച്ച നഗര തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നൽകിയ വിവരങ്ങളനുസരിച്ച് ഓഡിറ്റ് കാലയളവിലെ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് (ഡിസിബി) **പട്ടിക 3.1**–ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 3.1 : പരിശോധിച്ച നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ**

| വർഷം | ഡിമാന്റ് (₹ കോടിയിൽ) | | | കളക്ഷൻ (₹ കോടിയിൽ) | | | | ബാലൻസ് (₹ കോടിയിൽ) | | | കളക്ഷന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | |
| **2017-18** | 196.91 | 191.74 | 388.65 | 32.37 | 132.67 | 0.42 | 165.46 | 164.54 | 58.65 | 223.19 | 42.57 |
| **2018-19** | 222.98 | 226.38 | 449.36 | 55.80 | 153.82 | 3.09 | 212.71 | 167.18 | 69.48 | 236.66 | 47.34 |
| **2019-20** | 269.63 | 281.47 | 551.10 | 81.24 | 176.01 | 6.74 | 263.99 | 188.40 | 98.72 | 287.12 | 47.90 |
| **2020-21** | 304.15 | 277.00 | 581.15 | 79.33 | 166.76 | 5.08 | 251.17 | 224.82 | 105.17 | 329.99 | 43.22 |
| **2021-22** | 324.22 | 290.15 | 614.37 | 91.99 | 193.51 | 3.86 | 289.36 | 232.23 | 92.78 | 325.01 | 47.10 |

*(സ്രോതസ്സ്: പരിശോധിച്ച നഗര തദ്ദേശ ഭരണസ്ഥാപനങ്ങളിലെ റവന്യൂ വിഭാഗം നൽകിയ ഡിസിബി ഡാറ്റ)*

പരിശോധിച്ച യുഎൽബികളിൽ, 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ വസ്തു നികുതി ഈടാക്കിയതിൽ ഏറ്റകുറച്ചിലുകളുണ്ടായിരുന്നു. 2019–20 ലും 2021–22 ലും നികുതി ഈടാക്കിയതിന്റെ നിരക്ക് വർദ്ധിക്കുകയും, അതേസമയം 2020–21ൽ ഗണ്യമായി കുറയുകയും ചെയ്തതിന് കോവിഡ്–19 മഹാമാരി കാരണമായിരുന്നിരിക്കാം. ഓരോ

വർഷവും ഡിമാൻഡ് ചെയ്യുന്ന നികുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ വസ്തു നികുതി പിരിവിന്റെ നിരക്ക് എല്ലായ്പ്പോഴും 50 ശതമാനത്തിൽ താഴെയായിരുന്നു. ഓരോ വർഷത്തേയും നീക്കിയിരിപ്പ് അടുത്ത വർഷത്തെ ഓപ്പണിങ്ങ് ബാലൻസുമായി ഒത്തു നോക്കി ഉറപ്പു വരുത്താൻ കഴിയാത്തത് യുഎൽബികളുടെ ഡിസിബി ഡാറ്റയുടെ കൃത്യതയില്ലായ്മയാണ് കാണിക്കുന്നത്.

ഡിസിബി ഡാറ്റായിലെ പിശകുകൾക്കു കാരണം ഡാറ്റാഎൻട്രിയിലെ ന്യൂനതകൾ മൂലമാണെന്ന്, അതായത് സർക്കാർ കെട്ടിടങ്ങളിലെ പിരിവ് ചേർക്കാതിരുന്നത്, കെട്ടിടങ്ങളുടെ നികുതി രേഖപ്പെടുത്തിയതിലെ തെറ്റുകൾ, സഞ്ചയഡാറ്റാബേസിൽ നിന്നും പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെ നീക്കം ചെയ്യാത്തത്, വേക്കൻസി റെമിഷൻ രേഖപ്പെടുത്താത്തത്, വിരമിച്ച സൈനികർക്ക് നികുതി ഒഴിവു നൽകിയത് തുടങ്ങിയവയാണെന്ന് ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ). എങ്കിലും, ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയുള്ള വിശദമായ വിശകലനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

പരിശോധിച്ച 14 യുഎൽബികൾ നൽകിയ ഡിസിബി ഡാറ്റയനുസരിച്ച്, 2017-2022 കാലയളവിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പിരിച്ചെടുത്ത വസ്തു നികുതിയുടെ ഗ്രാഫ് **ചിത്രം 3.3**ലും **ചിത്രം 3.4**ലും കൊടുത്തിരിക്കുന്നു.

**ചിത്രം 3.3 : 2017-22 കാലയളവിലെ മുനിസിപ്പാലിറ്റികളിലെ മൊത്തം നികുതി പിരിവ്**



**ചിത്രം 3.4 : 2017-22 കാലയളവിലെ കോർപ്പറേഷനുകളിലെ മൊത്തം നികുതി പിരിവ്**




2017-22 കാലയളവിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിലേയും കൊച്ചി കോർപ്പറേഷനിലേയും മൊത്തം നികുതിപിരിവ് മറ്റുള്ള മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും നികുതി പിരിവിനേക്കാൾ വളരെ കൂടുതലും അത് യഥാക്രമം ₹52.15 കോടിയും ₹493.13 കോടിയും ആയിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

### *ഓഡിറ്റ് കണ്ടെത്തലുകൾ*

## 3.5 കണക്കെടുപ്പ്

നികുതിക്ക് വിധേയമായ വസ്തുക്കളുടെ സമഗ്രമായ ഡാറ്റാബേസ് നിർമ്മിക്കലാണ് വസ്തുക്കളുടെ നികുതി നിർണ്ണത്തിന്റെയും കാര്യക്ഷമമായ നികുതി ചുമത്തലിന്റേയും ആദ്യപടി. ഒരു തദ്ദേശ സ്ഥാപനത്തിന്റെ ഭരണ പരിധിയിലുള്ള വസ്തു നികുതി ചുമത്തേണ്ട എല്ലാ വസ്തുക്കളുടെയും എണ്ണമെടുക്കൽ അഥവാ കണക്കെടുപ്പ് നടത്തുന്നത് അവയുടെ ഒരു സമഗ്രമായ ഡാറ്റാബേസ് തയ്യാറാക്കാൻ സഹായിക്കും. നികുതി വലയത്തിൽ നിയമപരമായി ഉൾപ്പെടുത്താവുന്ന എല്ലാ വസ്തുക്കളും വസ്തു നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പുതിയ വസ്തുക്കളും നിലവിലുള്ള വസ്തുക്കളിലുള്ള മാറ്റങ്ങളും രേഖപ്പെടുത്തി ഈ രജിസ്റ്റർ പതിവായി പുതുക്കേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി, സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ ഒരു റവന്യൂ ഡാറ്റാബേസ് തയ്യാറാക്കി വസ്തുനികുതിയുമായി ബന്ധപ്പെട്ട അടിസ്ഥാന ഡാറ്റാ ഡിജിറ്റൈസ് ചെയ്യാൻ സർക്കാർ അംഗീകാരം നൽകി[22]. തദ്ദേശസ്ഥാപനങ്ങളിലെ ജിഐഎസ്[23] മാപ്പിംഗ് മേൽനോട്ടം വഹിക്കാനും ഐകെഎം തയ്യാറാക്കിയ വിവിധ സോഫ്റ്റ്‌വെയറുകളിൽ ജിഐഎസ് മാപ്പിംഗ് സംയോജിപ്പിക്കാനും ഐകെഎമ്മിന് സർക്കാർ നിർദ്ദേശം നൽകി (2016 ഫെബ്രുവരി).

എന്നാൽ, പരിശോധിച്ച യുഎൽബികൾ തയ്യാറാക്കിയ ഡിജിറ്റൽ ഡാറ്റാബേസ് അപൂർണ്ണവും വീട്ടുതോറുമുള്ള കണക്കെടുപ്പില്ലാതെ തയ്യാറാക്കിയതാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ പല യുഎൽബികളും ജിഐഎസ് വിവരങ്ങളും

[22] 2013 സെപ്റ്റംബർ 25-ലെ സർക്കാർ ഉത്തരവ് നം.2380/2013/തസ്വഭവ

[23] ജിയോഗ്രാഫിക് ഇൻഫൊർമേഷൻ സിസ്റ്റം

സഞ്ചയ സോഫ്റ്റ്‌വെയറും തമ്മിൽ സംയോജിപ്പിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടില്ലെന്നും, സംയോജിപ്പിക്കാൻ ശ്രമിച്ച ഇടങ്ങളിൽ പോരായ്മകൾ ഉണ്ടായതായും നിരീക്ഷിച്ചു.

നിലവിലുള്ള മുനിസിപ്പൽ നിയമം/ചട്ടങ്ങളിൽ വസ്തുക്കളുടെ കണക്കെടുപ്പു സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ ഇല്ലായിരുന്നു. നിലവിലുള്ള വ്യവസ്ഥകളനുസരിച്ച്, ഒരിക്കൽ ഒരു കെട്ടിടം നിർമ്മിച്ച് നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ തുടർന്നുള്ള മാറ്റം വരുത്തലുകൾ ഉടമസ്ഥൻ സ്വമേധയാ യുഎൽബിയിൽ അറിയിക്കുന്നത് വരെ അത്തരം മാറ്റം വരുത്തലുകൾ നികുതിനിർണ്ണയത്തിൽ നിന്നും രക്ഷപ്പെടുന്നത് തുടരും.

പരിശോധന നടത്തിയ യുഎൽബികളിലെ വസ്തുവകകളുടെ യഥാസമയവും സമഗ്രവുമായ കണക്കെടുപ്പിന്റെ കാര്യക്ഷമതയ്ക്കും ഡിജിറ്റൽ വസ്തു നികുതി രജിസ്റ്റർ തയ്യാറാക്കുന്നതിനും തടസ്സം നിന്ന വിവിധ ഘടകങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

### 3.5.1 നിലവിലുള്ള വസ്തുക്കളുടെ ഭൗതികപരിശോധന കൂടാതെ ഡിജിറ്റൈസേഷൻ നടത്തിയത്

പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയ സംവിധാനത്തിന്റെ ആരംഭത്തോടെ (2011 ജനുവരി), കെട്ടിടത്തിന്റെ തരം, പ്ലിന്ത് വിസ്തീർണ്ണം, പഴക്കം, റോഡിന്റെ വീതി, കെട്ടിടനമ്പർ, തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഫോറം 4[24] പ്രകാരമുള്ള നികുതി നിർണ്ണയ രജിസ്റ്റർ യുഎൽബികൾ സൂക്ഷിക്കേണ്ടതാണ്. കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തിലേക്കുള്ള റോഡിന്റെ വീതി, മേഖല തരംതിരിക്കൽ തുടങ്ങിയവ ഉൾപ്പെടാത്ത, കെട്ടിടത്തിന്റെ വാർഷിക വാടക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ള അടിസ്ഥാന ഡാറ്റയാണ് യുഎൽബികളിൽ ഉണ്ടായിരുന്നത്. അതിനാൽ മുനിസിപ്പൽ ഉദ്യോഗസ്ഥർ ഓരോ വസ്തുവും സന്ദർശിക്കുകയും ശരിയായതും കൃത്യമായതുമായ നികുതി നിർണ്ണയത്തിനുവേണ്ടി ആവശ്യമായ എല്ലാ ഡാറ്റയും ഫോറം 6-ൽ ശേഖരിക്കേണ്ടതുമായിരുന്നു.

നിലവിലുള്ള രജിസ്റ്ററുകളിലെ അടിസ്ഥാന ഡാറ്റാ അപ്‌ലോഡ് ചെയ്യുന്നതിനായി യുഎൽബികൾ ഏജൻസികളെ നിയോഗിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. സഞ്ചയയിൽ അപ്‌ലോഡ് ചെയ്ത ഡാറ്റാ ഫീൽഡിൽ നിന്നും ശേഖരിച്ച ഡാറ്റയുമായി താരതമ്യം ചെയ്യുകയും യുഎൽബി സെക്രട്ടറി അന്തിമമായി അംഗീകരിക്കുന്നതിന് മുമ്പ് വിവിധ തലങ്ങളിൽ പരിശോധിച്ചുറപ്പിക്കുകയും വേണം. സഞ്ചയയിലെ ഡാറ്റാ വിശകലനം ചെയ്തപ്പോൾ ഫോറം 6ലെ നികുതി നിർണ്ണയ ഡാറ്റാ യുഎൽബിയിലെ പഴയ വസ്തു നികുതി രജിസ്റ്ററിലെ ഡാറ്റയ്ക്ക് സമാനമാണെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. നിലവിലുള്ള കെട്ടിടങ്ങളിൽ നിന്നും 1,150 കെട്ടിടങ്ങളെ സംബന്ധിച്ച ഡാറ്റാ റാൻഡംപരിശോധന നടത്തിയപ്പോൾ നികുതിനിർണ്ണയത്തിൽ നിന്നും ഒഴിവായ പ്ലിന്ത് വിസ്തീർണം, അനധികൃതമായ കെട്ടിട നിർമ്മാണം, കെട്ടിടങ്ങളുടെ തെറ്റായ തരം തിരിക്കൽ, തുടങ്ങിയ സഞ്ചയിലെ ഡാറ്റയിൽ നിന്നു 85 വ്യതിയാനങ്ങൾ (7.39 ശതമാനം) കണ്ടെത്തി. നിലവിലുള്ള കെട്ടിടങ്ങളുടെ ഡിജിറ്റൈസേഷൻ നടത്തി ഡാറ്റാ അപ്‌ലോഡ് ചെയ്തപ്പോൾ നിലവിലുള്ള ഡാറ്റയുടെ നവീകരണം, ശുദ്ധീകരണം, മൂല്യനിർണ്ണയം അല്ലെങ്കിൽ പരിശോധന എന്നിവ നടത്തിയിരുന്നില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഫീൽഡ് സർവ്വേയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളെ മതിയായ വിധത്തിൽ ഉൾക്കൊള്ളിക്കാതെ നിലവിലുള്ള വസ്തു വിവരങ്ങളെ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ വസ്തുവിവര റെക്കോഡുകൾ തയ്യാറാക്കുന്നത് വസ്തുനികുതി കുറവായി ചുമത്തുന്നതിനും കുറവായി ഈടാക്കുന്നതിനും ഇടയാക്കും.

24 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ 2011 ന്റെ ചട്ടം 12

### 3.5.2 വസ്തുനികുതി വിവരങ്ങൾ ഡിജിറ്റലാക്കുന്നതിലുള്ള ക്രമാതീതമായ കാലതാമസം

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വസ്തുനികുതി നിർണ്ണയ റെക്കോഡുകളുടെ ഡിജിറ്റൈസേഷൻ ആരംഭിച്ചത് 2013 മുതലാണ്. വസ്തുനികുതി സംബന്ധിച്ച ഡിജിറ്റൽ ഡാറ്റാബേസിൽ, കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണം, നികുതിദായകന്റെ പേരും വിലാസവും, കെട്ടിടത്തിന്റെ തരം, കെട്ടിടത്തിലേക്കുള്ള റോഡിന്റെ വീതി, പഴക്കം, തുടങ്ങിയവ ഉൾപ്പെടുന്നു. ഡിജിറ്റൈസേഷന്റെ ഭാഗമായി യുഎൽബികൾ അടിസ്ഥാന ഡാറ്റയുടെ ഡാറ്റാഎൻട്രി വിവിധ ഏജൻസികളെ ഏൽപ്പിച്ചു. ഇങ്ങനെ എൻട്രി നടത്തിയ ഡാറ്റയുടെ സാധുതയും ആധികാരികതയും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. റവന്യൂ ഡാറ്റാബേസ് ഡിജിറ്റൈസ് ചെയ്യുന്നതിൽ ആറു വർഷത്തെ കാലതാമസമുണ്ടായത് ശ്രദ്ധയിൽപ്പെട്ട സർക്കാർ, കെട്ടിടങ്ങളുടെ പൂർണ്ണമായ കണക്കെടുപ്പ് നടത്താനും ഫോറം 6-ൽ എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റാ ശേഖരിച്ച്, 2019 സെപ്റ്റംബറിനു മുമ്പായി എല്ലാ കെട്ടിടങ്ങളും പരിശോധിച്ച് അംഗീകാരം നൽകാനും, 2019 മാർച്ചിൽ യുഎൽബികൾക്ക് നിർദ്ദേശം നൽകി.

പരിശോധിച്ച മുനിസിപ്പാലിറ്റികളിൽ ഡാറ്റാബേസിന്റെ ഡിജിറ്റൈസേഷന്റെ വ്യാപ്തി 85 ശതമാനം മുതൽ 100 ശതമാനം വരെയും കോർപ്പറേഷനുകളിൽ 25 ശതമാനം മുതൽ 100 ശതമാനം വരെയുമായിരുന്നു. വർക്കല, വടകര മുനിസിപ്പാലിറ്റികളും തിരുവനന്തപുരം കോർപ്പറേഷനുമൊഴികെയുള്ള പരിശോധന നടത്തിയ 11 യുഎൽബികളിലും അടിസ്ഥാന ഡാറ്റയുടെ എൻട്രി ഇനിയും പൂർത്തിയാക്കിയിട്ടില്ല. ഫീൽഡ് സന്ദർശനങ്ങളിലൂടെ ഡാറ്റാ പുതുക്കാതെ, പഴയ വസ്തുനികുതി രജിസ്റ്ററിൽ നിന്നും ഡാറ്റാ എൻട്രി നടത്തിയ നിരവധി സന്ദർഭങ്ങൾ ഓഡിറ്റ് കണ്ടെത്തി. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 3.6.1-ലും 3.6.2-ലും പരാമർശിച്ചിരിക്കുന്ന നികുതി നിർണ്ണയത്തിന്റെ അഭാവം/കുറവ് സൂചിപ്പിക്കുന്നത് നികുതി നിർണ്ണയം വാർഷികവാടക വരുമാനത്തിൽ (എആർവി) നിന്നും പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റിയതുകാരണം ഈ പ്രക്രിയ പൂർണ്ണമായും അപര്യാപ്തമാണെന്നാണ്. കോഴിക്കോട്, കൊച്ചി, കോർപ്പറേഷനുകളിൽ യഥാക്രമം 35,000-വും 25,104-ഉം കെട്ടിട നമ്പറുകൾ സഞ്ചയഡാറ്റയിൽ നിന്നും ഒഴിവാക്കപ്പെട്ടു. പഴയ വസ്തു നികുതി രജിസ്റ്ററുകളിൽ നിന്നും യുഎൽബികൾ മൊത്തം ഡാറ്റയും അപ്‌ലോഡ് ചെയ്യാതിരുന്നതിനോ, പൊളിച്ചുമാറ്റിയകെട്ടിടങ്ങളുടെ കെട്ടിട നമ്പറുകൾ നീക്കം ചെയ്യാതിരുന്നതിനോ ഉള്ള സാധ്യതയാണ് ഇത് കാണിക്കുന്നത്. കൂടാതെ ഡാറ്റാബേസിലെ എൻട്രികൾ ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർ/റവന്യൂഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തിയതായും കാണുന്നില്ല, തൽഫലമായി ഡാറ്റാ എൻട്രിയിലെ പിശകുകൾ ശ്രദ്ധിക്കപ്പെടാതെ പോയി. ഡിജിറ്റൈസേഷനു മുൻപ് യുഎൽബികൾ സമഗ്രമായ കണക്കെടുപ്പു നടത്താത്തതുകാരണം നികുതി നിർണ്ണയിക്കേണ്ട യൂണിറ്റുകൾ ഒഴിവാകുന്നതിനു കാരണമായി.

കോഴിക്കോട് കോർപ്പറേഷനെ സംബന്ധിച്ച്, അടിയന്തരമായി വിവരശേഖരണം നടത്തി ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതാണ് എന്ന് സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ). കണ്ടെത്താത്ത 35,000 കെട്ടിടങ്ങളെപ്പറ്റിയുള്ള മറുപടിയിൽ, അവയിൽ പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നും, 15,550 കെട്ടിടങ്ങൾ ഇനിയും ഡിജിറ്റൈസ് ചെയ്യാനുണ്ടെന്നും അറിയിച്ചു.

മൈക്രോ ലെവൽ പ്ലാനിങ്ങിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരു സമഗ്രമായ ഡാറ്റാബേസ് തയ്യാറാക്കുന്നത് അത്യാവശ്യമായതിനാൽ, അപൂർണ്ണമായ ഡാറ്റാബേസ് തെറ്റായ ബജറ്റ് തയ്യാറാക്കലിനും, തെറ്റായ നികുതി നിർണ്ണയത്തിനും കാരണമാകും. കൂടാതെ പിഴവുകളില്ലാത്ത ഒരു ഡാറ്റാബേസ് പൗരന്മാർക്ക് നികുതി ഓൺലൈനായി ഒടുക്കുന്നതിന് സഹായിക്കും. ഡിജിറ്റൈസേഷൻ പൂർത്തിയാക്കാനുണ്ടായ കാലതാമസം

താഴെ പറയും പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ പോലെ സാങ്കേതിക പുരോഗതികൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനുള്ള അവസരം യുഎൽബികൾക്ക് നിഷേധിക്കപ്പെട്ടു.

***കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വസ്തു നികുതി ഡിജിറ്റൈസേഷൻ പ്രോജക്ടിന്റെ കൃത്യമല്ലാത്ത നടപ്പിലാക്കൽ***

ജെഎൻഎൻയുആർഎം[25] പ്രോഗ്രാമിനുകീഴിൽ പൗരൻമാർക്ക് കാര്യക്ഷമമായ സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ഇ-ഗവേണൻസ് നടപ്പിലാക്കാൻ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (കെഎംസി) തീരുമാനിച്ചു (2008 ഒക്ടോബർ). വസ്തു നികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്തു ഇലക്ട്രോണിക് രീതിയിൽ മറ്റ് സേവനങ്ങളോടൊപ്പം പൗരൻമാർക്ക് വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തു. ഈ പദ്ധതിയുടെ മൊത്തം തുകയായ ₹8.70 കോടിയിൽ ₹5.57 കോടി ടാറ്റാ കൺസൾട്ടൻസി സർവ്വീസിനും (₹4.99 കോടി) വിപ്രോയ്ക്കുമായി[26] (₹0.58 കോടി) നൽകി. ഇ-ഗവേണൻസിലേക്കുള്ള സുഗമമായ മാറ്റം നടപ്പാക്കുന്നതിന് ഡിജിറ്റൈസേഷന്റെ വിവിധ ഘട്ടങ്ങളിലെ തടസ്സങ്ങൾ നീക്കാൻ കെഎംസിക്ക് സജീവമായി ഇടപെടാൻ സാധിക്കാത്തതിന്റെ ഫലമായി ₹5.57 കോടി ചെലവഴിച്ചിട്ടും ഈ പ്രോജക്ട് ഉപേക്ഷിക്കപ്പെട്ടു.



***ചിത്രം 3.5 : കൊച്ചി കോർപ്പറേഷനിലെ കീറിയതും വികലവുമായ വസ്തു നികുതി രജിസ്റ്ററുകൾ. ഓഡിറ്റ് പാർട്ടി 2022 ആഗസ്റ്റ് 22-ന് എടുത്ത ഫോട്ടോഗ്രാഫ്***

ഇ-ഗവേണൻസ് പദ്ധതിയുടെ കാര്യക്ഷമമല്ലാത്ത നടപ്പാക്കൽ സഞ്ചയ സോഫ്റ്റ്‌വെയറുപയോഗിച്ചുള്ള ഡിജിറ്റൈസേഷന് എട്ടു വർഷത്തെ കാലതാമസത്തിനിടയാക്കി. 2013ന് മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി രേഖകൾ കീറിയതും വികലവുമായ പഴയ എഴുതിതയ്യാറാക്കിയ രജിസ്റ്ററുകളിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

കെഎംസിയിലും മറ്റ് യുഎൽബികളിലെയും ഡിജിറ്റൈസേഷനിലുണ്ടായ കാലതാമസത്തെ സംബന്ധിച്ച് സർക്കാർ ഒരു മറുപടിയും നൽകിയില്ല.

### 3.5.3 ജിഐഎസ് അടിസ്ഥാന മാപ്പിംഗ് സ്വീകരിക്കുന്നതിലെ വീഴ്ച

പ്രസക്തമായ നികുതി വിവരങ്ങളോടൊപ്പം വസ്തുവിന്റെ കൃത്യമായ സ്ഥാനം നിർണ്ണയിക്കാനും കണ്ടെത്താനും ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റവും റിമോട്ട് സെൻസിംഗും. ഓരോ വസ്തുവിനും സ്ഥലസംബന്ധിതമായതും അല്ലാത്തതുമായ ഡാറ്റയുണ്ട്. ഈ രണ്ടു ഡാറ്റാസെറ്റുകളേയും സംയോജിപ്പിക്കുന്നത്, വസ്തുനികുതി നിർണ്ണയ നടപടികളുടെയും മേൽനിരീക്ഷണസംവിധാനങ്ങളുടെയും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനു സഹായിക്കുന്നു. നിലവിലുള്ള ഡാറ്റാബേസുകളിൽ ജിയോസ്പേഷ്യൽ സാങ്കേതികത ഉൾപ്പെടുത്തുന്നത് വസ്തു നികുതി നിർണ്ണയത്തെയും മാനേജ്മെന്റിനെയും

[25] ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ

[26] ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സിസ്റ്റം ഇന്റഗ്രേറ്ററായിരുന്ന ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്, പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി ആയിരുന്ന വിപ്രോ.

ലഘൂകരിക്കുകമാത്രമല്ല നികുതി പിരിവിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുന്നു. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഘടകങ്ങളായ മേഖലകൾ, നികുതിയുടെ തരം, വസ്തുവിലേക്കുള്ള റോഡ് പ്രവേശനം, കെട്ടിടത്തിന്റെ തരം തുടങ്ങിയവ നിരീക്ഷിക്കാനും കാലികമാക്കാനും ജിഐഎസും റിമോട്ട് സെൻസിംഗ് സാങ്കേതികതയും ഉപയോഗിക്കാവുന്നതാണ്. ഇത് വസ്തുനികുതി സംവിധാനത്തെ കൂടുതൽ സുതാര്യവും കാര്യക്ഷമവും കാലികവുമാക്കും.

താൽപര്യമുള്ള യുഎൽബികളിൽ നിന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അത്തരം യുഎൽബികളിലെ വസ്തു നികുതിയുടെ ജിഐഎസുമായി ബന്ധപ്പെട്ട മാപ്പിംഗ് ജോലി മെസേഴ്സ് യുഎൽസിസി ലിമിറ്റഡിനെ[27] ഏൽപ്പിച്ചു (2016 ഫെബ്രുവരി). ജിഐഎസ് നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കേണ്ടത് ഇൻഫർമേഷൻ കേരളമിഷൻ (ഐകെഎം) ആയിരുന്നു. സാമൂഹിക ഡാറ്റാ ശേഖരിക്കുന്നതിനു പുറമേ വസ്തു നികുതിയുടെ നിർണ്ണയം, ഈടാക്കൽ, പിരിവ് എന്നിവയ്ക്കായി വികസിപ്പിച്ച വിവിധ സോഫ്റ്റ്‌വെയറുകളുമായി ജിഐഎസ് മാപ്പ് ചെയ്ത ഡാറ്റയെ സംയോജിപ്പിക്കേണ്ട ചുമതല ഐകെഎംനായിരുന്നു. പരിശോധിച്ച യുഎൽബികളിൽ, നെടുമങ്ങാട്, വർക്കല, വടകര എന്നീ മുനിസിപ്പാലിറ്റികൾ യഥാക്രമം ₹21 ലക്ഷം, ₹33.82 ലക്ഷം, ₹58.24 ലക്ഷം, എന്നീ അടങ്കൽ തുകകൾക്ക് ജിഐഎസ് മാപ്പിംഗ് നടത്തി.

കരകുളം ഗ്രാമീണ പഠനകേന്ദ്രം എന്ന ഏജൻസി ഏറ്റെടുത്ത നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ ജിഐഎസ് മാപ്പിംഗ് 2020 ഒക്ടോബറിൽ പൂർത്തിയാക്കിയതായി അറിയിച്ചു. ഏജൻസി ജിഐഎസ് മാപ്പിംഗ് ഡാറ്റാ യുഎൽബിയ്ക്ക് നൽകിയെങ്കിലും ഐകെഎം തയ്യാറാക്കിയ വിവിധ സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാനായില്ല. കൂടാതെ, ഐകെഎം വസ്തു നികുതി നിർണ്ണയത്തിന് ആവശ്യമായ പ്ലിന്ത് വിസ്തീർണ്ണവും മറ്റു വിവരങ്ങളും നിർണ്ണയിക്കുന്നതിനുവേണ്ട വീട്ടുവീടാന്തരമുള്ള സർവ്വേയുമായി സംയോജിപ്പിച്ച് ജിഐഎസ് ഡാറ്റാ മാപ്പിംഗ് വാലിഡേറ്റ് ചെയ്തില്ല.

വർക്കല മുനിസിപ്പാലിറ്റിയിലെ ജിഐഎസ് മാപ്പിംഗ് ഏറ്റെടുത്ത മെസേഴ്സ് യുഎൽസിസി ലിമിറ്റഡ് ₹33 ലക്ഷം വിനിയോഗിച്ചു. യുഎൽസിസി ലിമിറ്റഡ് പ്രസ്തുത ജോലി പൂർത്തീകരിച്ചെങ്കിലും ജിഐഎസ് മാപ്പിംഗിനെ ഐകെഎമ്മിന്റെ സോഫ്റ്റ്‌വെയറുമായി യോജിപ്പിക്കാനോ ഡാറ്റയിൽ കൂടുതൽ ചേർക്കലുകളും നീക്കം ചെയ്യലുകളും നടത്തുവാനോ യുഎൽബിയ്ക്ക് കഴിഞ്ഞില്ല. സാങ്കേതികജ്ഞാനമുള്ളവരെ ഐകെഎം മാപ്പിംഗ് ജോലിയുടെ മേൽനോട്ടം ഏൽപ്പിക്കേണ്ടിയിരുന്നു എങ്കിലും അത് ചെയ്തില്ലെന്ന് മുനിസിപ്പാലിറ്റി അറിയിച്ചു. ഫീൽഡ് സർവ്വേ ഡാറ്റയും ബേസ് മാപ്പും യുഎൽസിസി ലിമിറ്റഡ് മുനിസിപ്പാലിറ്റിക്ക് ഇതുവരെ കൈമാറിയിട്ടില്ലെന്ന് അറിയിച്ചു.

വടകര മുനിസിപ്പാലിറ്റിയെ സംബന്ധിച്ച്, ജിഐഎസ് മാപ്പിംഗിനു വേണ്ട പ്ലിന്ത് വിസ്തീർണ്ണം നിർണ്ണയിക്കുന്നതിനുള്ള വീട്ടുവീടാന്തരമുള്ള സർവ്വേ 47 വാർഡുകളിൽ അഞ്ചെണ്ണത്തിൽ പൊതുജനങ്ങളുടെ എതിർപ്പുകാരണം നടത്താനായില്ല. സർവ്വേ പൂർത്തിയാക്കിയ 42 വാർഡുകളിൽ യുഎൽബി ശേഖരിച്ച പ്ലിന്ത് വിസ്തീർണവിവരങ്ങൾ സഞ്ചയയിൽ അപ്പ് ലോഡ് ചെയ്ത ഡാറ്റയിൽ നിന്നും കാര്യമായ വ്യത്യാസമുള്ളവയായിരുന്നു.

അങ്ങനെ, ജിഐഎസ് മാപ്പിംഗ് സാധ്യമാക്കുന്ന ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടും ചുമതലകൾ നിർവ്വഹിക്കാൻ നിർദ്ദിഷ്ട ഏജൻസികളെ നിയോഗിച്ചിട്ടും ജിഐഎസ് മാപ്പിംഗ് നടത്തി മെച്ചപ്പെട്ട രീതിയിൽ വസ്തു നികുതി ഈടാക്കുന്നതിൽ പരിശോധിച്ച യുഎൽബികൾ പരാജയപ്പെട്ടു. ജിഐഎസ് മാപ്പിംഗ് ആരംഭിച്ച യുഎൽബികൾ പോലും ആവശ്യമായ എല്ലാ വിവരങ്ങൾ ശേഖരിക്കുന്നതിലും അവ

---

27 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

അടിസ്ഥാനതല പരിശോധന നടത്തി ഉറപ്പാക്കുന്നതിലും ഐകെഎമ്മിന്റെ മേൽനോട്ടത്തിൽ മറ്റ സോഫ്റ്റ്‌വെയറുകളുമായി മാപ്പ് ചെയ്ത് ഡാറ്റാ സംയോജിപ്പിച്ച് അതിലൂടെ വസ്തു നികുതിയുടെ യഥാർത്ഥ നിർണ്ണയവും ഈടാക്കലിലെ വർദ്ധനവും നടപ്പാക്കുന്നതിലും പരാജയപ്പെട്ടു. 2018-ൽ റായ്പൂർ മുനിസിപ്പൽ കോർപ്പറേഷനിൽ വീടുവീടാന്തരസർവ്വേയുടെ സഹായത്തോടെ നടപ്പാക്കിയ ജിഐഎസ് അധിഷ്ഠിത മുനിസിപ്പൽ ടാക്സ് ആന്റ് ഫീ കളക്ഷൻ സിസ്റ്റം നികുതിയുടെ ഡിമാന്റ് മുൻവർഷത്തെ അപേക്ഷിച്ച് 74 ശതമാനം വർദ്ധിക്കുന്നതിന് സഹായിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു[28].

വർക്കല, നെടുമങ്ങാട് മുനിസിപ്പാലിറ്റികളിൽ വിവിധ ഐകെഎം സോഫ്റ്റ്‌വെയറുകളുമായി ജിഐഎസ് മാപ്പുചെയ്ത ഡാറ്റാ സംയോജിപ്പിക്കാനുള്ള നടപടികളെടുക്കുമെന്ന് സർക്കാർ ഉറപ്പ നൽകി (2023 ഏപ്രിൽ). മറ്റ് യുഎൽബികളെ സംബന്ധിച്ച് ജിഐഎസ് മാപ്പിംഗ് ആരംഭിക്കാനാവശ്യമായ നടപടികൾ താമസം കൂടാതെ എടുക്കുമെന്ന് അറിയിച്ചു. നിലവിലെ ജിഐഎസ് മാപ്പിംഗ് ഒരു ഒറ്റത്തവണ ഉദ്യമമാണെന്നും അത് ഫലപ്രദമാക്കുവാൻ ഡാറ്റയുടെ നിരന്തരമായ പുതുക്കൽ ആവശ്യമാണെന്നും അത് സർക്കാർ ആരംഭിക്കാനിരിക്കുന്ന പുതിയ സോഫ്റ്റ്‌വെയറിൽ പരിഗണിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

***ശിപാർശകൾ:***

***കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) നിയമങ്ങളിൽ വസ്തുക്കളുടെ ആനുകാലിക കണക്കെടുപ്പ് നടത്താൻ വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

***ഡിജിറ്റൽ കണക്കെടുപ്പിൽ വീടുതോറുമുള്ള സർവ്വേയും കെട്ടിടങ്ങൾക്ക് യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നതിനുമൊപ്പം ജിഐഎസ് മാപ്പിംഗ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ പൂർണ്ണമായി ഉപയോഗിക്കണം. പ്രോപ്പർട്ടി ടാക്സ് ഡാറ്റയുമായി ജിഐഎസ് മാപ്പിംഗ് ഫലപ്രദമായി സംയോജിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും വിശദമായ സമയക്രമമുൾപ്പെടെയുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (എസ്ഒപി) സർക്കാർ പുറപ്പെടുവിക്കേണ്ടതാണ്.***

## 3.6 നിർണ്ണയം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 230, 231, 232, 233 സെക്ഷനുകളും 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളും അനുസരിച്ചുള്ള രീതിയിലും നിരക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ കെട്ടിടത്തിന്റെയും വസ്തു നികുതി നിർണ്ണയിക്കാനുള്ള അധികാരമുണ്ട്.

നികുതി നിർണ്ണയത്തിനുവേണ്ടി സംസ്ഥാനം നിർവ്വചിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഏതെങ്കിലുമൊരു വസ്തുവിന്റെ നികുതി കണക്കാക്കുന്നതിനെയാണ് വസ്തുവിന്റെ നികുതി നിർണ്ണയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിനിയോഗമനുസരിച്ച് കെട്ടിടങ്ങളെ വാസഗൃഹം, വ്യാവസായികം, സ്കൂളുകളും ആശുപത്രികളും, അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ഫോൺ ടവറുകൾ, വാണിജ്യം, മറ്റ് ആവശ്യങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ (കെഎംബിആർ) അനുസരിച്ച്, ഏതെങ്കിലും ഭൂമിയുടെ വികസനമോ ഏതെങ്കിലും കെട്ടിടം നിർമ്മിക്കാനോ ഉദ്ദേശിക്കുന്ന വ്യക്തി പ്ലാനുകളും അനുബന്ധ രേഖകളും ആവശ്യമായ അപേക്ഷാഫീസും സഹിതം അനുമതിക്കായി യുഎൽബി സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം.

---

[28] ഇന്ത്യാ ഗവൺമെന്റിന്റെ ഭവന നഗരകാര്യ മന്ത്രാലയം പുറത്തിറക്കിയ 'വസ്തു നികുതി പരിഷ്കാരങ്ങൾക്കായുള്ള ടൂൾകിറ്റ് വാല്യം 1'.

സെക്രട്ടറി രേഖകൾ പരിശോധിച്ചശേഷം പ്രവൃത്തി നിർവഹിക്കുന്നതിന് അനുമതി നൽകുകയോ/നിരസിക്കുകയോ ചെയ്യുന്നതാണ്. ഉടമയിൽ നിന്ന് പൂർത്തീകരണ റിപ്പോർട്ട് ലഭിക്കുകയും അംഗീകൃത പ്ലാൻ അനുസരിച്ചാണ് നിർമ്മാണം നടത്തിയതെന്ന് സ്ഥിരീകരിക്കുകയും ചെയ്ത ശേഷം, സെക്രട്ടറി കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് (ഒസി) നൽകുകയും അതിന്റെ വസ്തു നികുതി കണക്കാക്കുകയും ചെയ്യുന്നു. അപ്രകാരം കണക്കാക്കിയ തുക എന്നത്, രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി കെട്ടിടത്തിന് അടയ്ക്കേണ്ട വാർഷിക വസ്തു നികുതി ആയിരിക്കും. വസ്തുവിന്റെ നികുതി നിർണ്ണയം നടത്തുന്ന വിവിധ ഘട്ടങ്ങൾ താഴെ കാണുന്ന ഫ്ലോ ചാർട്ടിൽ വിശദമാക്കിയിരിക്കുന്നു:

**ചിത്രം 3.6 : വസ്തുവിന്റെ നികുതി നിർണ്ണയത്തിലെ വിവിധ ഘട്ടങ്ങൾ**

നികുതിദായകർ എല്ലാ വിവരങ്ങളും സ്വയം നികുതി നിർണ്ണയ റിട്ടേണിൽ (**ഫോറം 2**–ൽ) സമർപ്പിക്കേണ്ടതാണ്

നികുതി ദായകനിൽ നിന്നും **ഫോറം 2** ലെ നികുതി നിർണ്ണയ റിട്ടേൺ ലഭിച്ചു കഴിഞ്ഞാൽ വിവരങ്ങൾ **ഫോറം 3** ലെ വസ്തു നികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.
ആറുമാസത്തിനുള്ളിൽ ഓരോ കെട്ടിടത്തെയും ഭൗതിക പരിശോധ നടത്താനായി സെക്രട്ടറി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും പരിശോധനാഫലം **ഫോറം 6** ലും എല്ലാ വിവരങ്ങളും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും (**ഫോറം 4**) രേഖപ്പെടുത്തുന്നു.
അങ്ങനെ മുനിസിപ്പൽ ഉദ്യോഗസ്ഥർ നിർണ്ണയിക്കുന്ന വസ്തു നികുതി നികുതിദായകനെ അറിയിക്കുന്നു (**ഫോറം 5**)

നികുതി ദായകർ **ഫോറം 2**–ൽ യഥാസമയം സ്വയം നികുതി നിർണ്ണയറിട്ടേൺ സമർപ്പിക്കുന്നതിൽ പരാജയപ്പെട്ടാൽ ആറുമാസത്തിനുള്ളിൽ കെട്ടിടം ഭൗതികപരിശോധന നടത്താൻ സെക്രട്ടറി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും പരിശോധനാഫലം **ഫോറം 6** ലും എല്ലാ വിവരങ്ങളും വസ്തു നികുതി നിർണ്ണയരജിസ്റ്ററിലും (**ഫോറം 4**) രേഖപ്പെടുത്തുന്നു.
നികുതി ദായകൻ റിട്ടേൺ ഫയൽ ചെയ്യാതിരിക്കുകയും മുനിസിപ്പാലിറ്റി നികുതി നിർണ്ണയം പൂർത്തിയാക്കുകയും ചെയ്താൽ യുഎൽബിയ്ക്ക് വിവരശേഖരണത്തിനുള്ള ചാർജ്ജായി **ഫോറം 7** –ൽ ₹50 ഈടാക്കാവുന്നതാണ്.

നിർണ്ണയിച്ച നികുതി **ഫോറം 8** ലുള്ള നികുതി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

**ഫോറം 9** ൽ ഡിമാൻഡ് നോട്ടീസ് നികുതി ദായകന് നൽകുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 12(4) അനുസരിച്ച് കെട്ടിടത്തിന്റെ ഉടമസ്ഥൻ നൽകുന്ന വിവരങ്ങൾ മുനിസിപ്പൽ സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ ഭൗതിക പരിശോധന നടത്തി ആറുമാസത്തിനുള്ളിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ചട്ടം12(7) അനുസരിച്ച് ഉടമസ്ഥൻ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേണിന്റെ പരിശോധനയിലുണ്ടാവുന്ന വീഴ്ച കാരണമോ ഭൗതികപരിശോധനയിലുണ്ടാവുന്ന അശ്രദ്ധകാരണമോ മുനിസിപ്പാലിറ്റിക്കുണ്ടാവുന്ന നഷ്ടം, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വസൂലാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ വസ്തു നികുതി നിർണ്ണയിക്കുന്നത് ഉറപ്പാക്കുന്ന മേൽപ്പറഞ്ഞ വ്യവസ്ഥകളുണ്ടായിരുന്നിട്ടും 10,285[29] സന്ദർഭങ്ങളിലായി ₹38.27 കോടി വസ്തു നികുതി കുറച്ച് നിർണ്ണയിച്ചത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിശോധിച്ച യുഎൽബികളിൽ 442 കേസുകളിലായി ₹10.20 കോടിയുടെ (പിഴ ഒഴിവാക്കിയുള്ള) നികുതി നിർണ്ണയം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടു. നികുതി നിർണ്ണയം നടത്താത്തത്/കുറച്ച് നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

### 3.6.1 വസ്തു നികുതി നിർണ്ണയിക്കാത്തത്

#### *3.6.1.1 ക്വസ്റ്റ് ഗ്ലോബൽ എഞ്ചിനീയറിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്*

ക്വസ്റ്റ് ഗ്ലോബൽ എഞ്ചിനീയറിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് ടെക്നോപാർക്ക് കാമ്പസിൽ സ്ഥിതി ചെയ്യുന്ന ഒരു കമ്പനിയാണ്. ടെക്നോപാർക്കിന്റെ വാർഷിക റിപ്പോർട്ടുകളനുസരിച്ച് കമ്പനിക്ക്, 1.85 ഏക്കർ ഭൂമിയുടെയും 41,806.37 ചതുരശ്രമീറ്റർ പ്ലിന്ത് വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശമുണ്ട്.



*ചിത്രം 3.7 : തിരുവനന്തപുരത്തെ ടെക്നോപാർക്കിലെ ക്വസ്റ്റ് ഗ്ലോബലിന്റെ കെട്ടിടം*

തിരുവനന്തപുരം കോർപ്പറേഷൻ 2022 മാർച്ച് വരെയും കമ്പനിക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റോ, കെട്ടിട നമ്പറോ നൽകിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 2011 മാർച്ചിൽ ആയതിനാൽ കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണത്തിന് അനുയോജ്യമായ നികുതി നിരക്ക് 2013-14 മുതൽ ബാധകമാണ്. വസ്തു നികുതി നിർണ്ണയിക്കാത്തത് 2013-14 മുതൽ 2021-2022 വരെയുള്ള കാലയളവിൽ യുഎൽബിക്ക് ₹3.46 കോടിയുടെ നഷ്ടമുണ്ടാവുന്നതിനിടയാക്കി.

ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ, 2011-12 മുതൽ 2012-13[30] വരെയുള്ള കാലയളവിൽ വാർഷിക വാടക വരുമാനം അടിസ്ഥാനത്തിൽ ₹59.83 ലക്ഷത്തിന്റെയും 2013-14 മുതൽ 2022-23 വരെയുള്ള കാലയളവിൽ പ്ലിന്ത് വിസ്തീർണ്ണം അടിസ്ഥാനത്തിൽ ₹3.79 കോടിയുടെയും ഡിമാൻഡ് നോട്ടീസ് യുഎൽബി നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ). നൽകേണ്ട നികുതി ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്നും പ്രസ്താവിച്ചു.

---

[29] യുഎൽബി രേഖകളുടെയും സഞ്ചയ ഡാറ്റയുടെയും വിശകലനത്തിൽ വെളിപ്പെട്ടത് :- ടെക്നോപാർക്ക്-11 കെട്ടിടങ്ങൾ, കൊച്ചിമെട്രോ-12, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട്-ഒന്ന്, ആശുപത്രികൾ-മൂന്ന്, ബജറ്റ് ഹൈപ്പർ മാർക്കറ്റ്-ഒന്ന്, സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകൾ-15, ഒബെറോൺ മാൾ-ഒന്ന്, കൊച്ചിൻ കപ്പൽശാല-14, കൊച്ചിൻ പോർട്ട് ട്രസ്റ്റ്-1260, പ്രോപ്പർട്ടി ടാക്സിന്റെ തെറ്റായ നിരക്കിന്റെ ഉപയോഗം-2092, സോണൽ കിഴിവിന്റെ തെറ്റായ ഉപയോഗം-2971, തെറ്റായി ഒഴിവാക്കിയ യൂണിറ്റുകൾ-3904.

[30] ക്വസ്റ്റ് ഗ്ലോബൽ 2014 നവംബറിൽ നെസ്റ്റ് സോഫ്റ്റ്‌വെയറിനെ ഏറ്റെടുത്തു.

### 3.6.1.2 സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (സി-ഡാക്)

ഭാരതസർക്കാരിന്റെ ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയത്തിന്റെ (എംഈഐടിവൈ) ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു സ്വയംഭരണ ശാസ്ത്ര സൊസൈറ്റിയാണ് സി-ഡാക്ക്. തിരുവനന്തപുരം ടെക്നോപാർക്കിൽ 1.75 ഏക്കർ ഭൂമിയും 27,870.91 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിച്ച, 2012 മുതൽ ഉപയോഗത്തിലുള്ള കെട്ടിടവും സി-ഡാക്കിന്റെ കൈവശമുണ്ട്. ഈ കെട്ടിടത്തിനു ഇതുവരെ കെട്ടിട നമ്പർ നൽകുകയോ, വസ്തു നികുതി/സർവ്വീസ് ചാർജ്ജ് ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഈ സ്ഥാപനം ഒരു സ്വയംഭരണ സൊസൈറ്റി ആയതിനാലും, അത് വ്യത്യസ്തവും വേറിട്ടു നിൽക്കുന്നതുമായ ഒരു സ്ഥാപനമായതിനാലും ഭരണഘടനയുടെ അനുച്ഛേദം 285(1) നു കീഴിൽ ഭാരതസർക്കാർ സ്ഥാപനങ്ങൾക്കുള്ള പരിരക്ഷ ബാധകമായിരിക്കില്ല. ആയതിനാൽ, സി-ഡാക്കിൽ നിന്ന് 2013 ഏപ്രിൽ 01 മുതൽ വസ്തു നികുതി ചുമത്തേണ്ടതും ആവശ്യപ്പെടേണ്ടതുമാണ്. ഇതുവരെയും വസ്തു നികുതി ചുമത്താത്തതിനാൽ, പ്രതിവർഷം ഏകദേശം ₹25.64 ലക്ഷവും 2013-14 മുതൽ 2021-22 വരെയുള്ള കാലയളവിൽ ₹2.31 കോടിയും നികുതി വരുന്നതാണ്.

ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിൻ പ്രകാരം, 2023 മാർച്ച് 13ന് കെട്ടിടത്തിന്റെ നികുതി യുഎൽബി നിർണ്ണയിക്കുകയും 2013-2023 കാലഘട്ടത്തിലെ ₹2.50 കോടിയുടെ ഡിമാൻഡ് നോട്ടീസ് നൽകുകയും ചെയ്തുവെന്ന് സർക്കാർ അറിയിച്ചു (2023 ഏപ്രിൽ).

### 3.6.1.3 അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 1994ലെ സെക്ഷൻ 235(ബി) അനുസരിച്ച്, സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതോ എയിഡഡ് മേഖലയിലെതോ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മുകളിൽ പറഞ്ഞ വ്യവസ്ഥകൾ നടപ്പിലാക്കാൻ കേരളസർക്കാർ ഉത്തരവിറക്കിയിട്ടുണ്ട് (2009 ഒക്ടോബർ). അൺഎയിഡഡ് അംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ 2011 ജനുവരി 14 മുതൽ[31] നികുതി നിർണ്ണയത്തിനു ബാധ്യസ്ഥമായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച (2012 ഏപ്രിൽ) സർക്കുലർ അനുസരിച്ചു അൺഎയിഡഡ് അംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങൾ നികുതി നിർണ്ണയത്തിനു വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരിശോധിച്ച മൂന്നു യുഎൽബികളിലുള്ള ഏഴ് അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തുനികുതി ഒടുക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ ലഭിക്കേണ്ട നികുതിയായ ₹54.41 ലക്ഷം, **അനുബന്ധം 3.2**-ൽ വിശദമാക്കിയിരിക്കുന്നു. ഈ സന്ദർഭങ്ങൾ വ്യക്തമാക്കുന്നത്, യുഎൽബികളുടെ അധികാര പരിധിയിൽ വരുന്ന വസ്തുവിന്റെ നികുതിനിർണ്ണയം സമയബന്ധിതമായി നടത്തി നികുതി ഡിമാൻഡ് നൽകുന്നതിലെ അലംഭാവമാണ്.

സ്വാശ്രയ കോളേജുകളുടെ വസ്തുനികുതി നിർണ്ണയിക്കുകയും ചുമത്തുകയും ചെയ്യുമെന്ന് സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2023 ഏപ്രിൽ).

[31] 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഈ സ്ഥാപനങ്ങളെ പുതിയ നികുതിദായകരായി കണക്കാക്കി.

### 3.6.1.4 ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്ജ്

ഭരണഘടനയുടെ അനുച്ഛേദം 285(1) അനുസരിച്ച് ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ സാധ്യമല്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 30 അനുസരിച്ച്, വസ്തു നികുതി ഒഴിവാക്കിയ ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്നും മുനിസിപ്പൽ കൗൺസിൽ നിശ്ചയിക്കുന്നത് പ്രകാരം ശുചീകരണം, ജലവിതരണം, തെരുവുവിളക്ക്, ഡ്രയിനേജ് എന്നിവയ്ക്കായി സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. ഇത്തരം സേവനങ്ങളുടെ പൂർണ്ണമോ ഭാഗികമോ വിനിയോഗമില്ലായ്മയോ അനുസരിച്ച് യഥാക്രമം നികുതിയുടെ 75 ശതമാനം, 50 ശതമാനം, 33 1/3 ശതമാനം എന്ന നിരക്കിൽ സർവ്വീസ് ചാർജ്ജ് കണക്കാക്കേണ്ടതുമാണെന്ന് ഭാരതസർക്കാർ നിർദ്ദേശിക്കുന്നു[32].

14 യുഎൽബികൾ പരിശോധിച്ചതിൽ, 11-ലും ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്ജ് നിർണ്ണയിച്ചിട്ടില്ലെന്ന് നിരീക്ഷിച്ചു. തിരുവനന്തപുരം കോർപ്പറേഷനും നെടുമങ്ങാട്, അങ്കമാലി മുനിസിപ്പാലിറ്റികളും മാത്രമാണ് 2016-17 മുതൽ വസ്തു നികുതിയുടെ 75 ശതമാനം നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. 2019-20 മുതൽ വസ്തു നികുതിയുടെ 50 ശതമാനം നിരക്കിൽ സർവ്വീസ് ചാർജ്ജ് ചുമത്താൻ കോഴിക്കോട് കോർപ്പറേഷൻ തീരുമാനിച്ചെങ്കിലും ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഭാരതസർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാ സേവനങ്ങളും നൽകുന്നുണ്ടെങ്കിലും ബാക്കിയുള്ള യുഎൽബികളിലെ കൗൺസിലുകൾ സർവ്വീസ് ചാർജ്ജ് ചുമത്താനും ഈടാക്കാനുമുള്ള ഒരു നടപടിയുമെടുത്തിട്ടില്ല.

പരിശോധന നടത്തിയ യുഎൽബികൾ സർവ്വീസ് ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ **അനുബന്ധം 3.3**-ൽ വിവരിച്ചിരിക്കുന്നതുപോലെ, 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ 126 ഭാരതസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് യുഎൽബികൾക്ക് ₹50.13 ലക്ഷം ലഭിക്കുമായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി.

യുഎൽബികളിലെ ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് നിർണ്ണയിക്കാനും ആവശ്യപ്പെടാനും വേണ്ട നടപടികളാരംഭിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2023 ഏപ്രിൽ).

### 3.6.1.5 ബിഎസ്എൻഎൽ കെട്ടിടങ്ങൾ

1956-ലെ കമ്പനീസ് ആക്ടിനു കീഴിൽ 2000 സെപ്റ്റംബറിൽ രൂപം കൊണ്ട ഒരു ഭാരതസർക്കാർ കമ്പനിയാണ് ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ). പ്രസ്തുത കമ്പനി ഭാരതസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തവും വേറിട്ടതുമായതിനാൽ, ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 285(1) ന കീഴിലെ നികുതി ഒടുക്കലിൽ നിന്നുള്ള ഇളവിന് നിയമപരമായി അർഹമല്ല. മറ്റു ഭാരതസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി ബിഎസ്എൻഎല്ലിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ, സെക്ഷൻ 230 അനുസരിച്ച് പൂർണ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണെന്ന് സർക്കാർ സ്പഷ്ടമാക്കിയിട്ടുണ്ട് (2004 ഡിസംബർ).

മുകളിലെ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച്, പരിശോധിച്ച നാല് യുഎൽബികൾ[33], അവരുടെ അധികാരപരിധിയിലുള്ള ബിഎസ്എൻഎൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. ഈ യുഎൽബികളിലെ റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ

---

[32] ബഹുമാനപ്പെട്ട സുപ്രീം കോടതി 2009 നവംബറിൽ ഈ വസ്തുത സ്ഥിരീകരിച്ചു. യുഎൽബികൾ ഗവൺമെന്റ് കെട്ടിടങ്ങളിൽ നിന്ന് സർവീസ് ചാർജ് ഈടാക്കുന്നതിനുള്ള നിയമപരമായ വ്യവസ്ഥകൾ സർക്കാർ നടപ്പിലാക്കണമെന്ന് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷനും ശിപാർശ ചെയ്തു.

[33] കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകളും കൊയിലാണ്ടി മുനിസിപ്പാലിറ്റിയും

ഉൾപ്പടെയുള്ള 219 ബിഎസ്എൻഎൽ കെട്ടിടങ്ങളിൽ 2016–17 മുതൽ 2021–22 വരെയുള്ള കാലയളവിൽ ₹2.91 കോടിയുടെ നികുതി നിർണ്ണയം നടത്തിയിട്ടില്ല. ബാക്കിയുള്ള 10 യുഎൽബികളിലെ 60 കെട്ടിടങ്ങളെ സംബന്ധിച്ച് പിരിച്ചെടുക്കാനുള്ള വസ്തു നികുതി 2022 മാർച്ച് 31 ന് ₹0.80 കോടി ആണ് (**അനുബന്ധം 3.4**).

യുഎൽബികളുടെ അധികാര പരിധിയിലുള്ള ബിഎസ്എൻഎൽ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി നിർണ്ണയിക്കാനും ഈടാക്കാനും വേണ്ട നടപടികളാരംഭിച്ചിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). എന്നാൽ ലഭിക്കാനുള്ള നികുതി വസൂലാക്കുന്നതിനുള്ള സാധ്യത മറുപടിയിൽ പറയുന്നില്ല.

#### *3.6.1.6 സംസ്ഥാന സർക്കാർ കെട്ടിടങ്ങൾ*

1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം 230 മുതൽ 233 വരെയുള്ള സെക്ഷനുകൾ മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും അധികാരപരിധിയിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ഭൂമിക്കും വസ്തു നികുതി ഈടാക്കുവാൻ മുനിസിപ്പാലിറ്റിയേയും മുനിസിപ്പൽ കോർപ്പറേഷനേയും അധികാരപ്പെടുത്തുന്നു. പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലെങ്കിൽ, മുകളിൽ പറഞ്ഞ വ്യവസ്ഥകളനുസരിച്ച് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും നികുതി വിധേയമാണ്.

പരിശോധിച്ച യുഎൽബികളിൽ, സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ ഏതെങ്കിലും നിയമമനുസരിച്ച് വസ്തു നികുതി ചുമത്തുന്നതിൽ നിന്നും പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലെങ്കിലും, നികുതി നിർണ്ണയ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. കോഴിക്കോട് കോർപ്പറേഷനിലെ 83 സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് ഇതുവരെയും നികുതി നിർണ്ണയിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ കെട്ടിടങ്ങളിൽ വസ്തുനികുതി നിർണ്ണയിക്കാത്തതിന്റെ ആകെ തുക ₹35.38 ലക്ഷമായി കണക്കാക്കുന്നു. പരിശോധിച്ച നാല്[34] യുഎൽബികളിൽ കേരള സർക്കാർ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചെങ്കിലും വസ്തു നികുതി ഇതുവരെയും ഒടുക്കിയിട്ടില്ല. ഇത് **അനുബന്ധം 3.5**–ൽ വിശദമാക്കിയിരിക്കുന്നതിൻപ്രകാരം 2022 മാർച്ച് വരെ ₹26.49 കോടിയുടെ ഭീമമായ നികുതി കുടിശ്ശികയ്ക്ക് ഇടയാക്കി.

സംസ്ഥാന സർക്കാർ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ചുമത്താനും ഈടാക്കാനും വേണ്ട നടപടികളെടുത്തിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). എന്നാൽ ഈടാക്കാൻ ബാക്കി നിൽക്കുന്ന നികുതിയെ സംബന്ധിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

#### *3.6.1.7 കേരള ഹെൽത്ത് റിസേർച്ച് ആൻഡ് വെൽഫയർ സൊസൈറ്റി പേവാർഡുകൾ*

1955ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് – XII ന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് കേരള ഹെൽത്ത് റിസേർച്ച് ആൻഡ് വെൽഫയർ സൊസൈറ്റി (കെഎച്ച്ആർഡബ്ല്യുഎസ്). സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളോടും ചേർന്ന് കെഎച്ച്ആർഡബ്ല്യുഎസിന് 13 പേവാർഡുകളുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 235 അനുസരിച്ച്, കെഎച്ച്ആർഡബ്ല്യുഎസിന് വസ്തുനികുതിയിൽ നിന്നും ഒഴിവിന് അർഹതയില്ലാത്തതിനാൽ, നികുതിയൊടുക്കുന്നതിൽ നിന്നും ഈ പേവാർഡുകളെ സർക്കാർ പ്രത്യേകമായി ഒഴിവാക്കിയിട്ടില്ല. ഈ വ്യവസ്ഥകൾക്കു വിരുദ്ധമായി കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകളും, തൃപ്പൂണിത്തുറ, നോർത്ത് പറവൂർ മുനിസിപ്പാലിറ്റികളും ഓഡിറ്റ് കാലയളവിൽ നികുതി

---

[34] തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും തിരൂർ, മലപ്പുറം മുനിസിപ്പാലിറ്റികളും

നിർണ്ണയിക്കുകയോ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. 2016-17 മുതൽ 2021-22 വരെ ഈ യുഎൽബികളിൽ വസ്തു നികുതി നിർണ്ണയിക്കാത്ത തുക ₹12.61 ലക്ഷം വരും. തിരുവനന്തപുരം കോർപ്പറേഷനിലെ കെഎച്ച്ആർഡബ്ല്യുഎസ് പേവാർഡുകളിൽ നിന്നും ഈടാക്കാൻ ബാക്കി നിൽക്കുന്ന നികുതി 2022 മാർച്ച് വരെ ₹2.04 കോടി വരുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഓഡിറ്റ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, കെഎച്ച്ആർഡബ്ല്യുഎസുകൾക്ക് വസ്തു നികുതി ഒടുക്കുന്നതിനുവേണ്ട നോട്ടീസുകൾ യുഎൽബികൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2023 ഏപ്രിൽ). ഈടാക്കേണ്ട നികുതിയായ ₹2.04 കോടി പിരിച്ചെടുക്കുന്നതിന്റെ സാധ്യതയെ സംബന്ധിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

### 3.6.2 വസ്തു നികുതി കുറച്ചു നിർണ്ണയിച്ചത്

കെട്ടിടങ്ങളുടെ നികുതി കുറച്ച് നിർണ്ണയിച്ചത് മൂലം യുഎൽബികൾക്ക് വരുമാനനഷ്ടം ഉണ്ടായ സന്ദർഭങ്ങൾ ഓഡിറ്റ് കണ്ടെത്തിയത് **പട്ടിക 3.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.2 : പരിശോധിച്ച യുഎൽബികളിൽ നികുതി കുറച്ച് നിർണ്ണയിച്ചതിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ. | കെട്ടിടത്തിന്റെ വിവരങ്ങൾ | തറ വിസ്തീർണ്ണം (ച.മീ) | വിസ്തീർണം കണക്കാക്കിയതിലെ കുറവ് (ച.മീ) | റവന്യൂ നഷ്ട കാലയളവ് | മൊത്തം ഈടാക്കേണ്ട തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം കോർപ്പറേഷൻ ടെക്നോപാർക്കിലെ 11 കെട്ടിടങ്ങൾ | 195653.70 | 118385.30 | 2013-14 മുതൽ 2021-22 വരെ | 10.32 |
| 2 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) (നികുതി നിർണ്ണയിക്കാത്തത്/നികുതിനിർണ്ണയത്തിലെ കുറവ്) | 47686.30 | 22073.30 | 2017-18 മുതൽ 2021-22 വരെ | 1.14 |
| | | 38427.90[35] | 38427.90 | 2017-18 ലെ രണ്ടാം പകുതി മുതൽ 2021-22 വരെ | 1.49 |
| | | 14628.94[36] | 14628.94 | 2017-18 മുതൽ 2021-22 വരെ | 0.72 |
| 3 | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ടെർമിനൽ II | 35023 | 4576 | 2016-17 മുതൽ 2022-23 ആദ്യപകുതി വരെ | 1.03 |
| 4 | കോഴിക്കോട് കോർപ്പറേഷനിലെ മിംസ് ആശുപത്രി, ബേബി മെമ്മോറിയൽ ആശുപത്രി, നാഷണൽ ആശുപത്രി | 91375.21 | 49844.78 | 2016-17 മുതൽ 2021-22 വരെ | 0.84 |
| 5 | ബജറ്റ് ഹൈപ്പർ മാർക്കറ്റ്, മലപ്പുറം മുനിസിപ്പാലിറ്റി | 2443 | 2203.70 | ജനുവരി 2019 മുതൽ 2021-22 വരെ | 0.09 |

*(സ്രോതസ്സ്: യുഎൽബികൾ നൽകിയ രേഖകൾ)*

മുകളിൽ പറഞ്ഞ സന്ദർഭങ്ങളിലുണ്ടായ നഷ്ടം നികത്താൻ വേണ്ട ഉചിതമായ നടപടികളാരംഭിക്കുമെന്ന് സർക്കാർ/യുഎൽബികൾ പ്രസ്താവിച്ചു (2023 ഏപ്രിൽ).

---

35 എറണാകുളം (സൗത്ത്), കടവന്ത്ര, എളംകുളം, വൈറ്റില, തൈക്കൂടം, പേട്ട

36 കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിറ്റി, പത്തടിപ്പാലം

### *3.6.2.1 സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകൾ*

ഒരു നിശ്ചിതവാടകയ്ക്ക് ചെറിയ കാലയളവിലേയ്ക്കോ വലിയ കാലയളവിലേയ്ക്കോ പൂർണ്ണമായും വീട്ടുപകരണങ്ങളോടും ദൈനംദിന ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളോടും[37] ഹൗസ്കീപ്പിംഗും മറ്റനവധി സേവനങ്ങളും ഉൾപ്പെടെ ലഭ്യമാക്കുന്നവയാണ് സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകൾ. 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 30 അനുസരിച്ച് ലോഡ്ജിംഗ് ഹൗസുകളും സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംങ്ങുകളും എന്നതിൽ എല്ലാത്തരത്തിലുമുള്ള ലോഡ്ജിംഗ്, റൂമിംഗ് ഹൗസുകൾ, ഡോർമിറ്ററികൾ, ടൂറിസ്റ്റ് ഹോമുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, ഹോസ്റ്റലുകൾ, കോൺഫറൻസ് ഹാളോടുകൂടിയതോ അല്ലാത്തതോ ആയ ഹോട്ടലുകൾ, ഡൈനിംഗ് ഹാളുകൾ, അല്ലെങ്കിൽ അസംബ്ലി റൂമുകൾ, തുടങ്ങിയവ ഉൾപ്പെടുന്നു. അതിനാൽ, ഈ വിഭാഗത്തിൽപ്പെടുന്ന സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകൾക്ക് അതിനനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലെ 20 ഗാർഹിക കെട്ടിടങ്ങളിൽ ഓഡിറ്റ് പാർട്ടി സംയുക്ത ഭൗതികപരിശോധന നടത്തിയതിൽ 15 കെട്ടിടങ്ങൾ സർവ്വീസ്ഡ് അപ്പാർട്ടുമെന്റുകളായി ഉപയോഗിക്കുന്നുണ്ടെങ്കിലും ഗാർഹിക കെട്ടിങ്ങളുടെ നിരക്കിൽ നികുതി ചുമത്തിയതുകാരണം **അനുബന്ധം 3.6**–ൽ വിശദമാക്കിയിരിക്കുന്നതിൻപ്രകാരം ₹27.63 ലക്ഷത്തിന്റെ കുറവുണ്ടായി.

അന്തിമ കൂടിക്കാഴ്ചയിൽ (2023 മാർച്ച്) ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയതായി യുഎൽബികളുടെ സെക്രട്ടറിമാർ അറിയിച്ചു.

### *3.6.2.2 വാർഷിക വാടകവരുമാനത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ക്രമരഹിതമായി കണക്കാക്കിയത്*

2011–ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ അനുസരിച്ച് 2016 ഏപ്രിൽ 01 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയം നടത്തുന്ന സംവിധാനം പ്രാബല്യത്തിൽ വന്നു. പ്ലിന്ത് വിസ്തീർണ്ണത്തിനു പകരം വാർഷിക വാടകവരുമാനത്തിന്റെ (എആർവി) അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ഇപ്പോഴും നടത്തുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. **പട്ടിക 3.3**–ൽ കാണിച്ചിരിക്കുന്നതിൻപ്രകാരം യുഎൽബികളിലുണ്ടായ വരുമാനനഷ്ടം ₹6.79 കോടിയാണ്.

---

[37] സജ്ജീകരിച്ച അടുക്കള, വാഷിംഗ് മെഷീൻ, പ്രത്യേക കിടപ്പുമുറികൾ, സ്വീകരണ മുറികൾ, കുളിമുറികൾ, വൈഫൈ സേവനങ്ങൾ, ടെലിവിഷൻ, വെള്ളം, വൈദ്യുതി എന്നിവയും കാലാനുക്രമമായ ഹൗസ് കീപ്പിംഗ് സേവനങ്ങൾ വരെ സർവീസ്ഡ് അപ്പാർട്ട്മെന്റുകളിൽ ഉൾപ്പെടുന്നു.

**പട്ടിക 3.3 : എആർവി അടിസ്ഥാനത്തിൽ 2016-2022 കാലയളവിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരങ്ങൾ | എആർവി അടിസ്ഥാനത്തിൽ ഈടാക്കിയ വാർഷിക തുക | പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന വാർഷിക തുക | പിഴ ഒഴിവാക്കി വാർഷിക നികുതിയിലെ കുറവ് | 2016 -22 കാലയളവിലെ കുറഞ്ഞ നികുതി ചുമത്തൽ | പരാമർശം |
|---|---|---|---|---|---|---|
| 1. | ഒബറോൺ മാൾ | 42.13 | 72.27 | 30.14 | 180.84 | എആർവി അടിസ്ഥാനത്തിലുള്ള നികുതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ തീർപ്പാക്കുന്നതിന് കെട്ടികിടക്കുന്നു. നികുതി പുതുക്കൽ കോടതിയുടെ അന്തിമ ഉത്തരവ് അനുസരിച്ച് മാത്രമേ നടത്തുകയുള്ളു എന്ന് സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ) |
| 2. | കൊച്ചിൻ കപ്പൽശാല | 2.54 | 12.24 | 9.70 | 58.17 | 14 ഓഫീസ് കെട്ടിടങ്ങളും ഹാളുകളും എആർവി അടിസ്ഥാനത്തിൽ വിലയിരുത്തി. |
| 3. | കൊച്ചിൻ പോർട്ട് ട്രസ്റ്റ് | 9.40 | 78.21 | 68.81 | 440[38] | സർക്കാരിന്റെ അനുമതിയില്ലാതെ കെഎംസിയും കൊച്ചിൻ പോർട്ട്ട്രസ്റ്റും തമ്മിൽ 2000ൽ ഏർപ്പെട്ട കരാറനുസരിച്ച് എആർവി അടിസ്ഥാനത്തിൽ നികുതിനിർണ്ണയം തുടരുന്നു. കെഎംസിയ്ക്ക് ലഭിക്കേണ്ട മൊത്തം തുകയായ ₹4.40 കോടിയിൽ ₹2.34 കോടി സമയപരിധി അവസാനിച്ചതിനാൽ ആവശ്യപ്പെടാനാവില്ല. |
| | ആകെ | | | | 679.01 | |

*(സ്രോതസ്സ്: കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നൽകിയ വിവരങ്ങൾ)*

### 3.6.2.3 തെറ്റായ നിരക്ക് ചുമത്തിയത് മൂലമുണ്ടായനഷ്ടം

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ അനുസരിച്ച് പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം ആരംഭിച്ചപ്പോൾ വാണിജ്യകെട്ടിടങ്ങളായ ഹോട്ടലുകൾ, കടകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് പ്ലിന്ത് വിസ്തീർണ്ണം 100 ചതുരശ്രമീറ്റർ വരെയുള്ളവയ്ക്കും 100 ചതുരശ്രമീറ്ററിനു മുകളിലുള്ളവയ്ക്കും വ്യത്യസ്ത നികുതി നിരക്കുകൾ സർക്കാർ നിർദ്ദേശിച്ചു. അതുപോലെ, സൂപ്പർമാർക്കറ്റുകൾ/ഷോപ്പിംഗ് മാളുകൾക്ക് 200 ചതുരശ്രമീറ്റർ വരെയുള്ളവയ്ക്കും 200 ചതുരശ്രമീറ്ററിനു മുകളിലുള്ളവയ്ക്കും വ്യത്യസ്തനികുതി നിരക്കുകൾ നിർദ്ദേശിച്ചു. തിരഞ്ഞെടുത്ത യുഎൽബികളിലെ ഡാറ്റാ വിശകലനം ചെയ്തതിൽ നിരവധി വാണിജ്യകെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിന് താഴെയുള്ള നിരക്കിലും സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾക്ക് 200 ചതുരശ്രമീറ്ററിന് താഴെയുള്ള നിരക്കിലും നികുതി നിർണ്ണയം നടത്തിയതായി കണ്ടെത്തി. തിരഞ്ഞെടുത്ത യുഎൽബികളിൽ 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഇത്തരത്തിലുള്ള തെറ്റായ

[38] മൂല്യനിർണ്ണയം നടത്താത്ത മൂന്ന് പുതിയ കെട്ടിടങ്ങൾ ഉൾപ്പടെ

നികുതിനിർണ്ണയം ₹7.66 കോടിയുടെ വസ്തു നികുതി നഷ്ടത്തിനിടയാക്കിയത് **അനുബന്ധം 3.7**–ൽ വിശദമാക്കിയിരിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ, ബിസിനസ്സ് റൂളുകൾ ഉൾക്കൊള്ളിക്കുന്ന അവസരത്തിൽ അനുയോജ്യമായ ഇൻപുട്ട് നിയന്ത്രണങ്ങൾ ചേർത്തിരുന്നുവെങ്കിൽ, യുഎൽബികൾ തെറ്റായ നിരക്ക് ഇൻപുട്ട് ചെയ്യുന്നതിലൂടെയുള്ള മുകളിൽ സൂചിപ്പിച്ച പിശക് ഒഴിവാക്കാമായിരുന്നു. പിശകുകൾ ഒഴിവാക്കാൻ ഡാറ്റാബേസിൽ ലഭ്യമായിരുന്ന കെട്ടിടങ്ങളുടെ പ്ലിന്ത് വിസ്തീർണ്ണം യുഎൽബിയിലെ അനുവദനീയമായ നിരക്കുമായി സംയോജിപ്പിക്കുകയും ഇൻപുട്ട് നിയന്ത്രണം സ്ഥാപിക്കുകയും ചെയ്യേണ്ടിയിരുന്നു.

സോഫ്റ്റ്‌വെയറിൽ വാലിഡേഷൻ ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കുമെന്ന് ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട്, ഐകെഎം പ്രസ്താവിച്ചു (2023 മാർച്ച്).

### *3.6.2.4 മേഖലകളുമായി ബന്ധപ്പെട്ട കിഴിവുകളുടെ തെറ്റായ പ്രയോഗം*

2011–ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ അനുസരിച്ച് ഓരോ ഭൂപ്രദേശത്തിന്റെയും വികസനത്തിന്റെ തോതനുസരിച്ചും ആ പ്രത്യേക പ്രദേശത്തിന് അനുവദനീയമായ നികുതി ഇളവുകൾക്കനുസരിച്ചും മുനിസിപ്പൽ കോർപ്പറേഷന്റെ ഭൂപ്രദേശത്തെ നികുതി വിലയിരുത്തലിനായി പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിക്കേണ്ടതാണ്. കെട്ടിടങ്ങൾക്ക് പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന അടിസ്ഥാന നികുതിയുടെ 10 ശതമാനം കിഴിവ് ദ്വിതീയമേഖലയിലും 20 ശതമാനം കിഴിവ് തൃതീയമേഖലയിലും ലഭിക്കുന്നതാണ്.

എന്നാൽ, മേഖലകൾ തരംതിരിക്കുന്നതിനെ സംബന്ധിച്ച് സഞ്ചയയിൽ ബിസിനസ്സ് റൂളുകൾ ഉൾപ്പെടുത്താത്തതിനാലും ഇൻപുട്ട് നിയന്ത്രണങ്ങളുടെ അഭാവം കാരണവും വിവിധ മേഖലകളിൽ അനുവദനീയമായ നിരക്കുകൾ യുഎൽബികൾ പല അവസരങ്ങളിലും തെറ്റായി പ്രയോഗിച്ചു. ഡാറ്റാ എൻട്രി സമയത്ത് മേഖലകൾ തെറ്റായി തിരഞ്ഞെടുത്തതുകൊണ്ട് തെറ്റായ നികുതി കിഴിവുകൾ നൽകാനിടയായി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ ഇൻപുട്ട് പിഴവുകൾ കാരണം 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ ₹85.46 ലക്ഷം കുറവുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

മേഖലാ തരംതിരിവിന്റെ അടിസ്ഥാനത്തിൽ യുഎൽബികൾ വസ്തുവിന്റെ നികുതി പുനർനിർണ്ണയം ചെയ്യാനുള്ള നടപടികളെടുക്കുമെന്നും അതനുസരിച്ച് ഡിമാന്റ് ഉന്നയിക്കുമെന്നും സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ).

### *3.6.2.5 നികുതിയിൽ നിന്നും ഒഴിവാക്കാത്ത കെട്ടിടങ്ങൾക്ക് ശൂന്യനികുതി നിർണ്ണയിച്ചത്*

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 235 അനുസരിച്ച് നികുതിയിൽ നിന്നും ഒഴിവാക്കാത്ത എല്ലാ കെട്ടിടങ്ങൾക്കും കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 233 അനുസരിച്ചും 2011–ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ അനുസരിച്ചും നികുതി ചുമത്തേണ്ടതാണ്. കൂടാതെ 2015 ഏപ്രിലിലെയും, ഡിസംബറിലെയും സർക്കാർ ഉത്തരവുകളനുസരിച്ച്, 2015–16 മുതൽ 61.33 ചതുരശ്രമീറ്ററിൽ കുറവ് പ്ലിന്ത് വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളെ, പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥന് അയാളുടെ പേരിൽ മറ്റു കെട്ടിടങ്ങളൊന്നുമില്ലെങ്കിൽ, നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി. വിമുക്തഭടൻമാരുടെ/വിമുക്തഭടന്മാരുടെ വിധവകളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യമായ കെട്ടിടങ്ങൾ, വിരമിച്ച സെൻട്രൽ ആംഡ് പോലീസ് ഉദ്യോഗസ്ഥർ, ഇന്ത്യൻ കോസ്റ്റ്ഗാർഡ് സേനാംഗങ്ങളുടെ ഗാർഹിക കെട്ടിടങ്ങൾ മുതലായവയെയും വസ്തു നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, ഈ നിയമങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായി

ഉൾപ്പെടുത്താത്തതിനാൽ, 61.33 ചതുരശ്രമീറ്ററിനുമുകളിൽ പ്ലിന്ത് വിസ്തീർണ്ണമുള്ള പല ഗാർഹിക കെട്ടിടങ്ങളും നികുതിയിൽ നിന്നും ഒഴിവായതായി കണ്ടു. തിരഞ്ഞെടുത്ത യുഎൽബികളിലെ 3,904 കെട്ടിടങ്ങളിൽ നിന്നും 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ നികുതി ഈടാക്കാത്തത്, ₹7.06 കോടിയുടെ നഷ്ടത്തിനിടയാക്കി.

യുഎൽബികൾ സഞ്ചയ ഡാറ്റാബേസ് പരിശോധിച്ച് തെറ്റായി ഒഴിവാക്കപ്പെട്ട 61.33 ചതുരശ്രമീറ്ററിൽ കൂടുതലുള്ള ഗാർഹിക കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ വേണ്ട നടപടികളാരംഭിക്കുമെന്ന് ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ).

നികുതി നിർണ്ണയത്തിലെ അശ്രദ്ധമൂലം മുനിസിപ്പാലിറ്റികളുടെ വരുമാനനഷ്ടത്തിന് കാരണക്കാരായ യുഎൽബികളിലെ ഉദ്യോഗസ്ഥർക്ക് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സർവീസ് ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 12(7) അനുസരിച്ച് ഉത്തരവാദിത്വം നിശ്ചയിക്കേണ്ടതാണ്.

***ശിപാർശകൾ:***

***ഭൗതിക പരിശോധനയിലുണ്ടാകുന്ന പിശകുകൾ കാരണം നികുതികുറച്ച് നിർണ്ണയിക്കുകയും തൽഫലമായി നികുതി കുറച്ച് ഈടാക്കുന്നതിനുമിടയായാൽ ചട്ടങ്ങൾ അനുശാസിക്കുന്ന വിധം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ യുഎൽബികൾ അച്ചടക്ക നടപടിയെടുക്കേണ്ടതാണ്.***

***കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകളനുസരിച്ച് ഒഴിവാക്കപ്പെടാത്ത എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി/സർവ്വീസ് ചാർജ്ജ്, നിർണ്ണയിക്കാൻ വേണ്ട സമയബന്ധിത കർമ്മപദ്ധതി യുഎൽബികൾ കൈക്കൊള്ളേണ്ടതാണ്. നികുതി നിർണ്ണയിക്കാത്ത കേസുകൾ പരിശോധിക്കേണ്ടതും ഉത്തരവാദിത്വം നിശ്ചയിക്കേണ്ടതുമാണ്.***

## 3.7 നികുതി ചുമത്തൽ

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 233(13) വകുപ്പുപ്രകാരം, കെട്ടിട ഉടമ സമർപ്പിക്കുന്ന റിട്ടേണിന്റെയും, ഭൗതിക പരിശോധനയിൽ സെക്രട്ടറിയുടെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി സെക്രട്ടറി നിർണ്ണയിക്കേണ്ടതും കെട്ടിട ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി വസ്തു നികുതി ചുമത്തേണ്ടതുമാണ്. ഇതിനു പുറമെ, 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230(4) വകുപ്പ് പ്രകാരം പൊതുജനങ്ങൾക്ക് നൽകുന്ന ജലവിതരണം, ശുചീകരണം, തെരുവ് വിളക്ക്, ഡ്രെയിനേജ് എന്നിവ പോലുള്ള സൗകര്യങ്ങൾക്ക് വസ്തു നികുതിയുടെ ആകെ 10 ശതമാനം എന്ന നിരക്കിൽ സേവന ഉപനികുതി ചുമത്തുവാനും യുഎൽബികൾക്ക് അധികാരം ഉണ്ട്.

### *3.7.1 സേവന ഉപനികുതി ചുമത്താത്തത്*

ഒരു പ്രത്യേക സേവനത്തിന് സേവന ഉപനികുതി ഏർപ്പെടുത്തുവാനുള്ള ഉദ്ദേശ്യവും ചുമത്തുവാനുള്ള നിരക്കും, ഓരോ വിഭാഗം സേവനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്കുകളേക്കാൾ കുറയാത്ത വിധത്തിൽ യുഎൽബികൾ ഒരു പ്രമേയത്തിലൂടെ നിശ്ചയിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിക്കുവാനും ചുമത്തുവാനുമുള്ള നടപടിക്രമം സേവന ഉപനികുതിക്കും ബാധകമാണ്. പരിശോധന നടത്തിയ 14 യുഎൽബികളിൽ 10 എണ്ണത്തിൽ സേവന ഉപനികുതി പിരിക്കുവാനുണ്ടായ അലംഭാവം ₹84.40 കോടിയുടെ നഷ്ടത്തിന് ഇടയാക്കി എന്ന് ഓഡിറ്റിൽ കണ്ടത് **പട്ടിക 3.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.4 : സേവന ഉപനികുതി ചുമത്താത്തതുമൂലമുള്ള നഷ്ടം/വസൂലാക്കാത്ത റവന്യൂവിന്റെ വിവരങ്ങൾ**

| നഗര തദ്ദേശ സ്ഥാപനങ്ങൾ | ലഭിക്കാമായിരുന്ന റവന്യൂവിന്റെ നഷ്ടം/ വസൂലാക്കാതിരിക്കൽ (₹ കോടിയിൽ) | പരാമർശം |
|---|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | 15.54 | ചുമത്തുവാൻ കൗൺസിൽ തീരുമാനിച്ചെങ്കിലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ ഡിമാൻഡ് ഉന്നയിക്കാതിരുന്നത് |
| കോഴിക്കോട് കോർപ്പറേഷൻ | 11.21 | 2019-20 മുതൽ ചുമത്തുവാൻ കൗൺസിൽ തീരുമാനം എടുത്തു |
| വടകര മുനിസിപ്പാലിറ്റി | 0.21 | വാസഗൃഹങ്ങൾക്ക് മാത്രം ചുമത്തി |
| കൊച്ചി കോർപ്പറേഷൻ, മലപ്പുറം, കൊണ്ടോട്ടി, കൊയിലാണ്ടി, കളമശ്ശേരി, അങ്കമാലി, നോർത്ത് പറവൂർ മുനിസിപ്പാലിറ്റികൾ | 57.44 | ചുമത്തുവാൻ കൗൺസിൽ തീരുമാനം എടുത്തില്ല |
| **ആകെ** | **84.40** | |

*(സ്രോതസ്സ്: പരിശോധന നടത്തിയ യുഎൽബികൾ നൽകിയ വിവരങ്ങൾ)*

നിയമത്തിലെ നിബന്ധനകൾ പ്രകാരം യുഎൽബികൾ പൊതുജനങ്ങൾക്ക് പൗരസേവനങ്ങൾ നൽകുന്നതിനാൽ, പിരിക്കുന്ന വസ്തു നികുതിയുടെ നിശ്ചിത ശതമാനം സേവന ഉപനികുതി പിരിക്കുവാൻ, അവർ തികച്ചും അർഹരാണ്. സേവന ഉപനികുതി പിരിക്കുവാനുള്ള യുഎൽബികളുടെ നിസ്സംഗത ലഭിക്കാമായിരുന്ന വരുമാന നഷ്ടത്തിന് ഇടയാക്കി. നാലു യുഎൽബികൾ സേവന ഉപനികുതി പിരിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട കൗൺസിലുകൾക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി പറഞ്ഞു (2023 ഏപ്രിൽ). ബാക്കിയുള്ള യുഎൽബികൾ നിയമപ്രകാരമുള്ള വകുപ്പുകൾ പാലിക്കാൻ പ്രത്യക്ഷമായ ഒരു നടപടിയും എടുത്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

***ശിപാർശ: യുഎൽബികൾ പൊതുജനങ്ങൾക്ക് വിവിധ പൗരസേവനങ്ങൾ നൽകുന്നതിനാൽ സേവന ഉപനികുതി നിർബന്ധമായി ചുമത്തുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.***

### *3.7.2 വസ്തു നികുതിയ്ക്ക് പകരം സർവ്വീസ് ചാർജ്ജുകൾ ചുമത്തിയത്*

വസ്തു നികുതിയ്ക്ക് പകരം സർവ്വീസ് ചാർജ്ജ് ചുമത്തിയ സന്ദർഭങ്ങൾ ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടത് താഴെ വിവരിച്ചിരിക്കുന്നു.

- എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ (എഎഐ) ഒരു സ്വയംഭരണസ്ഥാപനമായതിനാൽ ഭരണഘടനയുടെ അനുച്ഛേദം 285(1) പ്രകാരം ഭാരത സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഇളവ് ബാധകമല്ല. എന്നാൽ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലെ[39] ചില കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുകയും, 2016–17 മുതൽ 2022–23 ആദ്യ പകുതി വരെ വസ്തു നികുതിയുടെ 75 ശതമാനം എന്ന നിരക്കിൽ സർവ്വീസ് ചാർജ്ജ് പിരിക്കുകയുമായിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി. എഎഐയുടെ മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതിയ്ക്ക് പകരം സർവ്വീസ് ചാർജ്ജ് നിർണ്ണയിക്കുകയും ചുമത്തുകയും

[39] 2021 ജനുവരി മുതൽ അദാനി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന് മാറ്റി

ചെയ്ത തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ നടപടി 2016-17 മുതൽ 2022-23 ആദ്യ പകുതി വരെയുള്ള കാലയളവിൽ ₹54.51 ലക്ഷം വസ്തു നികുതി കുറച്ച് ചുമത്തുന്നതിന് ഇടയാക്കി.

- ഐഎസ്ആർഒയുടെ പിഎസ്എൽവി, ജിഎസ്എൽവി പദ്ധതികൾക്കും ഐഎസ്ആർഒ യുടെ ഉപഗ്രഹങ്ങൾക്കും എയ്റോസ്പേസ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു പബ്ളിക്ക് ലിമിറ്റഡ് കമ്പനിയാണ് ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ്(ബിഎറ്റിഎൽ). ബിഎറ്റിഎൽന്റെ വിവിധ കെട്ടിടങ്ങൾക്ക് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കെട്ടിട നമ്പർ നൽകുകയും വസ്തു നികുതിയുടെ 75 ശതമാനം എന്ന നിരക്കിൽ സർവ്വീസ് ചാർജ്ജ് ചുമത്തുകയും ചെയ്തത് 2016-17 മുതൽ 2021-2022 വരെ ₹5.16 ലക്ഷം കുറച്ച് ചുമത്തുന്നതിന് ഇടയാക്കി.

ഓഡിറ്റ് നിരീക്ഷണം സമ്മതിക്കുകയും കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് അനുയോജ്യമായ നികുതി ചുമത്തുകയും ചെയ്യുമെന്ന് സർക്കാർ മറുപടി പറഞ്ഞു (2023 ഏപ്രിൽ).

## 3.8 നികുതി ഈടാക്കൽ

വസ്തു നികുതി ഒടുക്കുന്നതിന് പലവിധ സംവിധാനങ്ങൾ ലഭ്യമാണ്, അതായത് പണം, ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ്, ഓൺലൈൻ ബാങ്കിംഗ് മുതലായവ. ഇക്കാര്യത്തിനായി നിയമിച്ചിട്ടുള്ള ഫീൽഡ് കളക്ടർമാർ നികുതിദായകരെ ഓരോ അർദ്ധ വാർഷികത്തിലും സന്ദർശിക്കുകയും വസ്തു നികുതി സ്വീകരിച്ച് ലഭിച്ച തുകയുള്ള രസീത് നൽകുകയും ചെയ്യുന്നു. ശേഖരിച്ച തുക മുനിസിപ്പൽ ഫണ്ട് അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നു. നികുതി ദായകർക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസിൽ ഉള്ള ക്യാഷ് കൗണ്ടറുകൾ വഴിയും വസ്തു നികുതി ഒടുക്കാവുന്നതാണ്. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ റവന്യൂ ആന്റ് ലൈസൻസ് സിസ്റ്റം 'സഞ്ചയ' ഉപയോഗപ്പെടുത്തി ഓൺലൈനായി വസ്തു നികുതി ഒടുക്കുവാനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

### 3.8.1 പിരിക്കുന്നതിലെ കാര്യക്ഷമത

ഉന്നയിച്ച ഡിമാൻഡിന് പകരമായി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുത്ത പണത്തെയാണ് പിരിക്കുന്നതിലെ കാര്യക്ഷമത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പിരിക്കുന്നതിലെ കാര്യക്ഷമത പിരിച്ചെടുക്കുന്ന പ്രക്രിയയിലെ ബില്ലിംഗിലെ പൂർണ്ണതയെയും ഭരണപരമായ കാര്യക്ഷമതയെയും ആശ്രയിച്ചാണിരിക്കുന്നത്. വസ്തുക്കളുടെ കൃത്യമായ എണ്ണം ഉൾപ്പെടുത്തിയുള്ള പുതുക്കിയ വസ്തു നികുതി രജിസ്റ്ററിന്റെ അഭാവം പിരിക്കുന്നതിലെ കാര്യക്ഷമത മോശമാകാൻ ഇടയാക്കി. പരിശോധന നടത്തിയ യുഎൽബികൾ നൽകിയ ഡിസിബി സ്റ്റേറ്റ്മെന്റുകൾ പ്രകാരം ഓഡിറ്റ് കാലയളവിൽ പിരിക്കുന്നതിലെ ശരാശരി കാര്യക്ഷമത തിരഞ്ഞെടുത്ത മൂന്നു മുനിസിപ്പൽ കോർപ്പറേഷനുകളിൽ 42.51 ശതമാനവും 11 മുനിസിപ്പാലിറ്റികളിൽ 69.39 ശതമാനവുമായിരുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം, ഡിമാൻഡ് നോട്ടീസിൽ പറഞ്ഞിട്ടുള്ള നിർദ്ദിഷ്ട, സമയപരിധിയ്ക്കുള്ളിൽ വസ്തു നികുതി ഒടുക്കുവാൻ കെട്ടിട ഉടമ വിസമ്മതിക്കുകയാണെങ്കിൽ റവന്യൂ റിക്കവറി, നിയമനടപടി മുതലായവ വഴി വസ്തു നികുതി വസൂലാക്കുന്നതിന് സെക്രട്ടറി നടപടി എടുക്കേണ്ടതാണ്. വസ്തു നികുതി കുടിശ്ശിക വർഷാവർഷം കുമിഞ്ഞു കൂടിയിരുന്നെങ്കിലും, പരിശോധന നടത്തിയ രണ്ട് യുഎൽബികളിൽ, 2017-2022 കാലയളവിൽ 14 കേസുകളിൽ ₹1.84 കോടിയുടെ മാത്രമാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നത് എന്ന് ഓഡിറ്റിൽ കണ്ടെത്തി.

പരിശോധന നടത്തിയ യുഎൽബികളിൽ ഓഡിറ്റിനു നൽകിയ ഡിസിബി വിവരങ്ങൾ പ്രകാരം, 2022 മാർച്ച് 31ന് പിരിക്കുവാനുണ്ടായിരുന്ന വസ്തു നികുതി ₹325.01 കോടിയായിരുന്നു. കുടിശ്ശികയുടെ കാലാനുകാല വിശകലനം ഓഡിറ്റ് നടത്തിയപ്പോൾ വെളിപ്പെട്ടത് അഞ്ചുകൊല്ലത്തിനുമേൽ കുടിശ്ശികയുള്ള ₹106.45 കോടി (32.75 ശതമാനം) തിരുവനന്തപുരം കോർപ്പറേഷന്റേതായിരുന്നു എന്നാണ്.

*പിഴപ്പലിശ ഒഴിവാക്കിയത്*

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 538 (2) വകുപ്പ് പ്രകാരം, ഒരു അർദ്ധ വാർഷികത്തിൽ ഒടുക്കേണ്ട തവണതുക ആ അർദ്ധവാർഷികത്തിന്റെ അവസാന ദിവസമോ അതിനുമുമ്പോ ഒടുക്കേണ്ടതും, ആ തീയതിയ്ക്കകം ഒടുക്കിയില്ലെങ്കിൽ കുടിശ്ശിക ആയ തീയതി മുതൽ ഒരു മാസം ഒരു ശതമാനം പലിശ എന്ന നിരക്കിൽ പിഴയോടുകൂടി വസൂലാക്കേണ്ടതുമാണ്. കുടിശ്ശികക്കാർ ഒറ്റ തവണയായി കുടിശ്ശിക ഒടുക്കണം എന്ന വ്യവസ്ഥയോടെ സർക്കാർ തുടർച്ചയായി 2016 ഡിസംബർ 31 മുതൽ 2022 ഡിസംബർ 31 വരെ 14 സർക്കാർ ഉത്തരവുകൾ മുഖാന്തരം പിഴപ്പലിശ ഒഴിവാക്കിയിരുന്നു എന്ന് ഓഡിറ്റിൽ കണ്ടു. പിഴപ്പലിശ ഒഴിവാക്കിയതു കാരണം പരിശോധന നടത്തിയ 14 യുഎൽബികൾ 2016-17 മുതൽ 2021-22 വരെ ₹117.25 കോടി നഷ്ടം നേരിട്ടു. ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ നിരീക്ഷിച്ചതു പോലെ സംസ്ഥാന സർക്കാർ പിഴപ്പലിശ ഒഴിവാക്കിയത് നിയമങ്ങൾക്കെതിരായും നിയമസഭയുടെ താൽപ്പര്യം ഹനിച്ചുമാണ്.

നികുതി നിർണ്ണയിച്ച വസ്തുക്കൾക്കെല്ലാം നികുതി ചുമത്തിയെന്നും ഉന്നയിച്ച നികുതി സമബന്ധിതമായി പിരിച്ചെടുക്കുന്നു എന്നും ഉറപ്പ് വരുത്തുകയാണ് വസ്തുവിന്റെ നികുതി നിർണ്ണയം കഴിഞ്ഞാലുള്ള പ്രാഥമിക ചുമതല. വസ്തു നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്ന രീതി സുതാര്യവും, ഭരണപരമായി എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്നതുമായിരിക്കണം. സ്റ്റാഫിന്റെ കുറവ്, ആവിഷ്ക്കരിച്ച നടപടിക്രമങ്ങളിലെ പോരായ്മകൾ, മുതലായവ പിരിക്കുന്നതിലെ കാര്യക്ഷമത കുറയുന്നതിന് ഇടയാക്കുന്ന ഘടകങ്ങൾ ആണെന്ന് പരിശോധന നടത്തിയ യുഎൽബികൾ ചൂണ്ടികാട്ടി.

### 3.8.2 വസ്തു നികുതി ആവശ്യം ഉന്നയിക്കാത്തത്

#### *3.8.2.1 വികസന അതോറിറ്റികൾ*

നഗരങ്ങളുടെയും സമീപപ്രദേശങ്ങളുടെയും ആസൂത്രിതവും ശാസ്ത്രീയവുമായ വികസനം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് വികസന അതോറിറ്റികൾ (ഡിഎ) രൂപീകരിച്ചത്. സംസ്ഥാനത്ത് രണ്ട് ഡിഎകൾ ഉണ്ട്, അതായത് വിശാല കൊച്ചി വികസന അതോറിറ്റിയും (ജിസിഡിഎ)[40] തിരുവനന്തപുരം വികസന അതോറിറ്റിയും (ട്രിഡാ)[41]. രണ്ടു ഡിഎകൾക്കും നിരവധി കെട്ടിടങ്ങളും അതിനോട് ചേർന്ന് ഭൂമിയും ഉണ്ട്. മുൻവർഷം ഡിഎകളുടെ ആസൂത്രണ വികസനഫണ്ടിലേയ്ക്ക് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് ക്രെഡിറ്റ് ചെയ്ത ആകെ തുകയുടെ 0.5 ശതമാനം[42] നിരക്കിൽ ഉള്ള സെന്റേജ് ചാർജ്ജും ഡിഎകളുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും ശേഖരിക്കുന്ന വാടകയുമാണ് ഡിഎകളുടെ പ്രധാന വരുമാന സ്രോതസ്സ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230 മുതൽ 233 വരെ വകുപ്പുകൾ നിർദ്ദേശിക്കുന്നതനുസരിച്ച് ഡിഎകൾ സ്വതന്ത്രസ്ഥാപനങ്ങൾ ആയതിനാൽ, അവരുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒടുക്കുവാൻ അവർ ബാധ്യസ്ഥരാണ്. എന്നാൽ, 2018-19 വരെയുള്ള വർഷങ്ങളിൽ ഡിഎകൾക്ക് കോർപ്പറേഷനുകൾ

[40] 1920-ലെ മദ്രാസ് നഗരാസൂത്രണ നിയമത്തിനു കീഴിൽ 1976ൽ രൂപീകരിച്ചു.

[41] 1945-ലെ തിരുവിതാംകൂർ നഗരാസൂത്രണ നിയമത്തിനു കീഴിൽ 1980ൽ രൂപീകരിച്ചു.

[42] 2016-ലെ കേരള നഗരാസൂത്രണ നിയമത്തിലെ 99-ാം വകുപ്പ്

നൽകാനുണ്ടായിരുന്ന സെന്റേജ് ചാർജ്ജുകളിൽ വസ്തു നികുതി അഡ്ജസ്റ്റ് ചെയ്യുകയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ജിസിഡിഎയുടെ അധികാരപരിധിയിൽ വരുന്ന എല്ലാ തദ്ദേശസ്ഥാപനങ്ങളും അവരുടെ തനതു ഫണ്ടിൽ നിന്നും അർഹമായ, സെന്റേജ് ചാർജ്ജുകൾ ജിസിഡിഎയ്ക്ക് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചു (2018 ജനുവരി). ഇതിനു പുറമെ, കട ഉടമകളുടെ പക്കൽ നിന്നും ജിസിഡിഎ വസ്തു നികുതി ശേഖരിക്കുന്നത് നിർത്തലാക്കുകയും കടഉടമകൾ നേരിട്ട് വസ്തു നികുതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് (കെഎംസി) നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഒൻപതു സോണുകൾ നൽകിയ വിവരം അനുസരിച്ച് 2018-19 മുതൽ 2021-22 വരെ കിട്ടേണ്ടിയിരുന്ന ആകെ വസ്തു നികുതിയായ ₹1.73 കോടിയിൽ, ₹30.41 ലക്ഷം മാത്രമാണ് കെഎംസി ശേഖരിച്ചിരുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് 0.5 ശതമാനം നിരക്കിൽ ഡിഎകൾക്ക് സെന്റേജ് ചാർജ്ജ് നൽകണമെന്ന 2016 ലെ കേരള ടൗൺ പ്ലാനിംഗ് ആൻഡ് കൺട്രി പ്ലാനിംഗ് നിയമത്തിലെ 99-ാം വകുപ്പ്, 2021 നവംബർ 14-ലെ നോട്ടിഫിക്കേഷൻ പ്രകാരം നീക്കം ചെയ്തു. ആയതിനാൽ, 2021 നവംബർ മുതൽ 2022 മാർച്ച് വരെ ട്രിഡായിൽ നിന്നും വസ്തു നികുതി റ്റിഎംസി ഉന്നയിക്കാതിരുന്നത് ട്രിഡായുടെ ഉടമസ്ഥതയിലുള്ള 13 കെട്ടിടങ്ങളിൽ നിന്നും ₹35.54 ലക്ഷം വരുന്ന വസ്തു നികുതി ശേഖരിക്കാതിരിക്കുന്നതിന് ഇടയാക്കും.

തിരുവനന്തപുരം കോർപ്പറേഷൻ ട്രിഡായ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയെന്നും കെഎംസിയുടെ കാര്യത്തിൽ, സെന്റേജ് ചാർജ്ജ് നൽകുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് ഒരു യോഗം വിളിക്കുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും സർക്കാർ മറുപടി പറഞ്ഞു (2023 ഏപ്രിൽ).

### 3.8.2.2 ഒഴിഞ്ഞു കിടക്കുന്ന മുറികൾ

1994-ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ 239-ാം വകുപ്പുപ്രകാരം, സാധാരണ വാടകയ്ക്ക് കൊടുക്കുന്നതോ ഉടമസ്ഥർ തന്നെ താമസിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവാർഷികം ഒഴിഞ്ഞു കിടക്കുകയോ വാടകയ്ക്ക് കൊടുക്കാതിരിക്കുകയോ ചെയ്താൽ, ആ അർദ്ധ വാർഷികത്തിൽ വസ്തു നികുതി ഒഴിവാക്കി കിട്ടുവാൻ ഉടമസ്ഥന് അർഹതയുണ്ട്. ഒഴിഞ്ഞു കിടിക്കുന്ന വസ്തുവിന് വസ്തു നികുതി ഒഴിവാക്കികിട്ടുവാൻ, വസ്തു നികുതിയുമായി ബന്ധപ്പെട്ട അർദ്ധ വാർഷികം ആരംഭിക്കുന്നതിന് മുമ്പ്, കെട്ടിടത്തിന്റെ ഉടമ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകന്റെ ആവശ്യം റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് സ്ഥിരീകരിക്കുകയും അനുമതിക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കേണ്ടതുമാണ്.

എറണാകുളം സൗത്തിൽ 73 യൂണിറ്റുകൾ ഉള്ള അമൃത ടൈയ്ഡ് ടവർ എന്ന ഒരു എട്ടു നില കെട്ടിടം (ജി+7) ഒരു വർഷം ₹5.28 ലക്ഷം[43] വസ്തു നികുതി നിർണ്ണയിക്കപ്പെട്ടു എന്ന് ഓഡിറ്റിൽ കണ്ടു. 73 യൂണിറ്റുകൾ, 90 അർദ്ധവാർഷിക കാലയളവുകളിൽ (ആകെയുള്ള 730 അർദ്ധവാർഷിക കാലയളവുകളിൽ) ഒഴിഞ്ഞുകിടന്നതിനുള്ള ഒഴിവാക്കൽ തുകയായി ₹3.29 ലക്ഷം കൊച്ചി കോർപ്പറേഷൻ അനുവദിച്ചു. ബാക്കിയുള്ള 640 അർദ്ധവാർഷിക കാലയളവുകളിൽ, 42 അർദ്ധവാർഷിക കാലയളവുകൾക്ക് വസ്തു നികുതി അടച്ചു. 2017-18 മുതൽ 2021-22 വരെ 598 അർദ്ധവാർഷിക കാലയളവുകൾക്ക് വസ്തു നികുതി ആവശ്യപ്പെടാതിരുന്നത് ₹21.71 ലക്ഷത്തിന്റെ റവന്യൂ നഷ്ടത്തിനിടയാക്കി.

---

[43] 2 x ₹2,64,022 (അർദ്ധവാർഷിക നികുതി)

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 12(7) പ്രകാരം, വസ്തു നികുതി ആവശ്യപ്പെടാതിരുന്നതുമൂലം ഉണ്ടായ റവന്യൂ നഷ്ടത്തിന് യുഎൽബി സെക്രട്ടറി ഉത്തരവാദിയാണ്.

വസ്തു നികുതി അടക്കുവാനും, വീഴ്ചവരുത്തിയാൽ റവന്യൂ റിക്കവറി നടപടിക്രമങ്ങൾ ആരംഭിക്കുമെന്നും കാണിച്ച് യുഎൽബികൾ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞു (2023 ഏപ്രിൽ).

***ശിപാർശ: യുഎൽബികൾ അവരുടെ നികുതി ശേഖരണ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ റവന്യൂ റിക്കവറി നടപടികളിലൂടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.***

## 3.9 അക്കൗണ്ടിംഗ്

### 3.9.1 നിയമപരമായ വ്യവസ്ഥകൾ പാലിക്കാതിരിക്കൽ

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 21 മുതൽ 24 വരെയുള്ള ചട്ടങ്ങൾ പ്രകാരം ക്യാഷ്, പണം, ചെക്ക്, തുടങ്ങിയവ വഴി ഒരു ദിവസം പിരിക്കുന്ന തുകകൾ അടുത്ത പ്രവൃത്തി ദിവസം നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടുകളിലോ/ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലോ നിക്ഷേപിക്കേണ്ടതാണ്. ദിവസേനയുള്ള കളക്ഷന്റെ ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരമുള്ള ഒരു സാക്ഷിപത്രം ക്യാഷിയർ അക്കൗണ്ട്സ് വിഭാഗത്തിന് സമർപ്പിക്കേണ്ടതാണ്. ഓരോ ആഴ്ചയും ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകൾ അക്കൗണ്ടന്റ് ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ മുഴുവനും ബാങ്ക്/ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് സ്ഥിരീകരിക്കേണ്ടതുമാണ്. അടച്ച തുകകളിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടെങ്കിൽ അക്കൗണ്ട്സ് ഓഫീസർ/സെക്രട്ടറിക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. റെമിറ്റൻസ് ബുക്ക്, അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും യഥാക്രമം പ്രതിദിനാടിസ്ഥാനത്തിലും, ആഴ്ചതോറും പരിശോധിക്കേണ്ടതാണ്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ യുഎൽബികളിൽ അക്കൗണ്ടന്റ് പോസ്റ്റ് സൃഷ്ടിക്കുന്നതിനെക്കുറിച്ച് ശിപാർശ ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ ചട്ടങ്ങൾ/ശിപാർശ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തിയ യുഎൽബികളിലോ അതിന്റെ സോണൽ ഓഫീസുകളിലോ ഒന്നും തന്നെ ക്യാഷ്യറുടെയോ അക്കൗണ്ടന്റിന്റെയോ ഒരു പോസ്റ്റും ഉണ്ടായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അവരുടെ അഭാവത്തിൽ ക്ലറിക്കൽ സ്റ്റാഫ് ദൈനംദിന മുൻഗണനയുടെ അടിസ്ഥാനത്തിൽ ഈ ജോലികളും ഏറ്റെടുത്തിരുന്നു. നിയമപരമായി ആവശ്യമായ പോസ്റ്റുകളുടെ അഭാവം തിരുവനന്തപുരം കോർപ്പറേഷനിലെ മൂന്ന്[44] സോണൽ ഓഫീസുകളിൽ 2020–ൽ ₹32.97 ലക്ഷത്തിന്റെ പണം തിരിമറി[45] നടത്തിയ സംഭവങ്ങൾക്ക് വഴി വച്ചിരിക്കാം. പിരിച്ച നികുതി തുകകൾ സമയാസമയം അടച്ചിരുന്നോ എന്ന് സോണൽ ചാർജ്ജ് ഓഫീസർ മേൽ നിരീക്ഷണം നടത്തിയിരുന്നില്ല. കൂടാതെ, സോണൽ ഓഫീസുകൾ അടയ്ക്കുന്ന വസ്തു നികുതി തുകകളുടെ റിക്കൺസിലിയേഷൻ കൃത്യമായ ഇടവേളകളിൽ നടത്താനുള്ള സംവിധാനവും കോർപ്പറേഷനിലില്ലായിരുന്നു. തട്ടിപ്പുമായി ബന്ധപ്പെട്ട് ഏഴ് ജീവനക്കാരെ സസ്പെൻഡ് ചെയ്തു എന്നും അന്വേഷണം പുരോഗമിക്കുന്നതിനാൽ തിരിമറി നടത്തിയ തുക തിരിച്ചു പിടിച്ചില്ല എന്നും കോർപ്പറേഷൻ അറിയിച്ചു. ചട്ടങ്ങളിലെ വ്യവസ്ഥകൾ ചുമതലപ്പെട്ട ഓരോ ഉദ്യോഗസ്ഥനും പാലിക്കുന്നു എന്ന് ഉറപ്പാക്കിയാൽ നികുതിദായകരിൽ നിന്നും പിരിക്കുന്ന പണം ഇത്തരത്തിൽ തിരിമറി നടത്തുന്നത് ഒഴിവാക്കാം.

---

[44] നേമം, ശ്രീകാര്യം, ആറ്റിപ്ര

[45] കോർപ്പറേഷൻ കണ്ടുപിടിച്ചത്

തിരുവനന്തപുരം കോർപ്പറേഷനിലെ മൂന്ന സോണൽ ഓഫീസുകളിൽ പണം തിരിമറിയ്ക്ക് ഉത്തരവാദികളായ ഏഴ് ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി തുടങ്ങി എന്നും ഒരു മുൻകരുതൽ നടപടിയെന്നോണം കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിൽ ഒരു ഇൻസ്പെക്ഷൻ സ്ക്വാഡ് രൂപീകരിച്ചു എന്നും സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). എന്നാൽ അക്കൗണ്ടന്റിന്റെ നിയമനത്തെ സംബന്ധിച്ച ധനകാര്യ കമ്മീഷന്റെ ശിപാർശ എത്രത്തോളം പാലിക്കപ്പെട്ടു എന്നതിനെക്കുറിച്ച് മറുപടിയിൽ ഒന്നും പരാമർശിച്ചിട്ടില്ല.

### 3.9.2 സേവന ഉപനികുതി തെറ്റായി അഡ്ജസ്റ്റ് ചെയ്തത്

തിരൂർ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികൾ 2013-14 മുതൽ വസ്തു നികുതിയുടെ 10 ശതമാനം സേവന ഉപനികുതിയായി ചുമത്തുവാൻ തീരുമാനിച്ചു. എന്നാൽ, നിലവിലുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തു നികുതി 2016 ഏപ്രിൽ മുതൽമാത്രം പിരിച്ചാൽ മതിയെന്ന് കേരളസർക്കാർ തീരുമാനിച്ചു (2019 മാർച്ച്). 2016 ഏപ്രിലിനു മുമ്പ് നിലവിലുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കി പിരിച്ച അധിക വസ്തു നികുതി, നികുതിദായകന്റെ ഭാവിയിലെ നികുതിയിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.

മുനിസിപ്പാലിറ്റികൾ നിലവിലുള്ള കെട്ടിടങ്ങൾക്ക് അധിക വസ്തു നികുതി മാത്രം അഡ്ജസ്റ്റ് ചെയ്യുന്നതിനു പകരം, ക്രമരഹിതമായി സേവന ഉപനികുതിയും കൂടി അഡ്ജസ്റ്റ് ചെയ്തു എന്ന് ഓഡിറ്റിന്റെ സൂക്ഷ്മ പരിശോധന വെളിപ്പെടുത്തി. ഇത് രണ്ടു മുനിസിപ്പാലിറ്റികൾക്കും കൂടി ₹1.87 കോടിയുടെ[46] നഷ്ടത്തിന് ഇടയാക്കി.

ഐകെഎം സോഫ്റ്റ് വെയറിൽ വരുത്തിയ മാറ്റങ്ങൾ കാരണമാണ് സേവന ഉപനികുതിയുടെ തെറ്റായ ക്രമീകരണം സംഭവിച്ചതെന്നും തകരാർ പരിഹരിക്കുവാൻ യുഎൽബികൾ ഐകെഎമ്മിനെ അറിയിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ).

### 3.9.3 നിരസ്സിക്കപ്പെട്ട ചെക്കുകൾ ക്രമരഹിതമായി ക്രെഡിറ്റ് ചെയ്തത്

കാലാവധി കഴിഞ്ഞ/മടക്കിയ ചെക്കുകൾ/ഡിമാൻഡ് ഡ്രാഫ്റ്റുകൾ മുതലായവ വസൂലാക്കിയത് സംബന്ധിച്ച് സഞ്ചയയിൽ വരുത്തിയ എൻട്രികൾ റദ്ദു ചെയ്യുന്നത് നിരീക്ഷിക്കുവാൻ ഫലപ്രദമായ ഒരു സംവിധാനവും ഇല്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് പണം അടച്ചവർക്ക് അനർഹമായി പ്രയോജനം ലഭിക്കുന്നതിന് ഇടയാക്കി. യുഎൽബിയുടെ ഓഫീസിലെ ക്യാഷ് കൗണ്ടറിൽ വസ്തു നികുതി ഒടുക്കുന്നതിന് ഒരാൾ ഒരു ചെക്ക് സമർപ്പിക്കുമ്പോൾ, ഒടുക്കുന്ന ആൾക്ക് ഒരു പ്രിന്റ് ചെയ്ത രസീതു നൽകുകയും സഞ്ചയ സോഫ്റ്റ് വെയറിൽ രസീത് നമ്പറോടുകൂടിയ തുക ശേഖരിച്ചതായി രേഖപ്പെടുത്തുകയും ചെയ്യുന്നു. 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം, ചെക്ക് ബാങ്ക് നിരസിക്കുകയാണെങ്കിൽ മുനിസിപ്പാലിറ്റി, ചെക്കിന്റെ രസീതിന്റെ ഓഫീസ് കോപ്പി ക്യാൻസൽ ചെയ്യേണ്ടതും, ഉടനെ തന്നെ ഇക്കാര്യം ചെക്ക് നൽകിയ ആളിനെ അറിയിക്കേണ്ടതും ചെക്ക് മുഖാന്തരം ഒടുക്കിയ തുകയ്ക്ക് നൽകിയ രസീത് റദ്ദു ചെയ്തെന്നും അവർ ഡിഡി ആയോ പണമായോ മാത്രം, ബാങ്ക് എന്തെങ്കിലും ചാർജ്ജുകൾ എടുത്തിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ, ഒടുക്കണമെന്നും നിർദ്ദേശം നൽകേണ്ടതുമാണ്.

തിരുവനന്തപുരം കോർപ്പറേഷനിൽ നിരസിച്ച ചെക്കുകളുടെ രജിസ്റ്ററിന്റെ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ 2019-22 കാലയളവിൽ ബാങ്ക് 26 ചെക്കുകൾ നിരസിച്ചതായി വെളിപ്പെട്ടു. ഇവയിൽ, 21 കേസുകൾ പിന്നീട് തീർപ്പാക്കിയെങ്കി.

---

46 തിരൂർ മുനിസിപ്പാലിറ്റിയ്ക്ക് ₹60.46 ലക്ഷവും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയ്ക്ക് ₹1.27 കോടിയും

എന്നാൽ, ₹5,61,194 ഉൾപ്പെടുന്ന അഞ്ച് കേസുകളിൽ ക്യാഷ് ക്രെഡിറ്റോ മറ്റുമാർഗ്ഗങ്ങളിലൂടെയോ തീർപ്പാക്കാതിരുന്നിട്ടും ഇഷ്യൂ ചെയ്ത രസീതുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്തിരുന്നില്ല. അതിൽ ഒരു കേസിൽ ചെക്ക് നിരസിച്ച് മൂന്ന് വർത്തിനുശേഷവും രസീത് ക്യാൻസൽ ചെയ്തിരുന്നില്ല. ഇത് **അനുബന്ധം 3.8**–ൽ വിവരിച്ചിരിക്കുന്ന പോലെ പണം നൽകിയവർക്ക് അനർഹമായ പ്രയോജനം നൽകുന്നതിന് ഇടയാക്കി.

രണ്ട് കേസുകളിൽ ബൗൺസിംഗ് ചാർജ്ജ് ഉൾപ്പെടെ നികുതി തുക ഉടമസ്ഥരിൽ നിന്നും പിരിച്ചുവെന്ന് സർക്കാർ മറുപടി പറഞ്ഞു (2023 ഏപ്രിൽ). ഒരു കേസിൽ വസ്തു നികുതി പിരിച്ചതിന് റിവേഴ്സ് എൻട്രി വരുത്തി ഡിമാന്റ് പുനഃസ്ഥാപിച്ചു എന്ന് യുഎൽബിയുടെ സെക്രട്ടറി അറിയിച്ചു. എന്നാൽ ബാക്കിയുള്ള രണ്ട് കേസുകളെ സംബന്ധിച്ച് മറുപടിയിൽ ഒന്നും പരാമർശിച്ചിട്ടില്ല.

സമാനസംഭവങ്ങൾ പതിവായതിനാൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ രസീതുകൾ റദ്ദാക്കുന്നതിനും എൻട്രികൾ റിവേഴ്സ് ചെയ്യുന്നതിനും ഒരു നിരീക്ഷണ സംവിധാനം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ഏർപ്പെടുത്തേണ്ടതായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മുകളിൽ വിവരിച്ച വീഴ്ചകൾക്ക് ഉത്തരവാദിത്വം നിശ്ചയിക്കേണ്ടതാണ്.

### 3.9.4 ശേഖരിച്ച നികുതി തുക ബന്ധപ്പെട്ട യുഎൽബികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിലെ കാലതാമസം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ–പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അനുമതി സർക്കാർ ഐകെഎമ്മിന് നൽകി (2011 മേയ്). ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ എല്ലാ വരവുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ[47] (എസ്ബിഐ) ഐകെഎം നിലനിർത്തുന്ന ഒരു പൂളിംഗ് അക്കൗണ്ടിൽ കൂടി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു ദിവസത്തിനുള്ളിലും, ഇടയ്ക്ക് ഒരു അവധി വരുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസവും, ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. സഞ്ചയയുടെ ഇ–പേയ്മെന്റ് മോഡ്യൂളിൽ 2022 ഫെബ്രുവരി[48] 04 വരെയുള്ള ക്യാഷ് ഫ്ലോ തുടർന്നുള്ള ചാർട്ടിൽ വിവരിക്കുന്നു.

**ചിത്രം 3.8 : 2022 ഫെബ്രുവരി 04 വരെയുള്ള സഞ്ചയയുടെ ഇ–പേയ്മെന്റ് മോഡ്യൂളിലെ ക്യാഷ് ഫ്ലോ ചിത്രീകരിക്കുന്ന ചാർട്ട്**




ഓൺലൈനിലൂടെ കഴിഞ്ഞ വർഷങ്ങളിൽ ക്രെഡിറ്റ് ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി തുകയായ ₹41.84 ലക്ഷം ട്രാൻസ്ഫർ ചെയ്യപ്പെടാതെ(2022

---

[47] തിരുവനന്തപുരം നന്തൻകോട് ശാഖയിൽ

[48] 2022 ഫെബ്രുവരി 4–ന് ശേഷം പൂളിംഗ് അക്കൗണ്ട് ഇ–പേയ്മെന്റിന് ഉപയോഗിച്ചിരുന്നില്ല. ഒരു പുതിയ പൂളിംഗ് അക്കൗണ്ടും പുതിയ ഇ–പേയ്മെന്റ് പ്രക്രിയയും നടപ്പിലാക്കി

നവംബർ) മിച്ച തുകയായി പൂളിംഗ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇ-പേയ്മെന്റ് നികുതി വരവുകൾ സമയബന്ധിതമായി ട്രാൻസ്ഫർ ചെയ്തിരുന്നെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ ₹94,197[49] പലിശയായി ലഭിക്കുമായിരുന്നു.

മൂന്നു ഗ്രാമപഞ്ചായത്തുകൾക്ക്[50] അവരുടെ അപേക്ഷ പ്രകാരം ₹1.46 ലക്ഷം ഐകെഎം ട്രാൻസ്ഫർ ചെയ്തിരുന്നു എന്നും ഓഡിറ്റിൽ കണ്ടെത്തി. ഇത് സൂചിപ്പിക്കുന്നത്, സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്തിരുന്ന നിർദ്ദേശങ്ങൾക്ക് വിപരീതമായി, ഇ-പേയ്മെന്റ് പ്രക്രിയ, പരാജയമായ ഇടപാടുകൾ തിരിച്ചറിഞ്ഞ ശേഷവും ഫണ്ട് ട്രാൻസ്ഫറുകളുടെ സമയോചിതമായ റിക്കൺസിലിയേഷൻ ഉറപ്പാക്കിയിരുന്നില്ല എന്നാണ്. ഇത്, യുഎൽബികളുടെ ഫണ്ടുകൾ പൂളിംഗ് അക്കൗണ്ടിൽ പിടിച്ചു വയ്ക്കുന്നതിന് ഇടയാക്കി.

2022 ഫെബ്രുവരി 04ന് നിലവിൽ വന്ന പുതിയ ഇ-പേയ്മെന്റ് സംവിധാനത്തിൽ, ഓൺലൈനായി ശേഖരിക്കുന്ന തുകകൾ ഐകെഎം ബാങ്കിൽ നിലനിർത്തിയിട്ടുള്ള പൂളിംഗ് അക്കൗണ്ടിലേയ്ക്കും പിന്നീട് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അടുത്ത 48 മണിക്കൂറിനുള്ളിൽ ക്രെഡിറ്റ് ചെയ്യുന്നു. പുതിയ ഇ-പേയ്മെന്റ് സംവിധാനത്തിനു മുമ്പ് ഫണ്ടുകൾ യുഎൽബികൾക്ക് ട്രാൻസ്ഫർ ചെയ്തിരുന്നത് ഓരോ ദിവസത്തിനും അനുസൃതമായി ഐകെഎം തയ്യാറാക്കുന്ന റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോടു കൂടിയ വലിയ തുകയായിട്ടായിരുന്നു. എന്നാൽ, പുതിയ ഇ-പേയ്മെന്റ് സംവിധാനത്തിൽ ബാഹ്യ ഇടപെടലുകൾ ഇല്ലാതെ ഫണ്ട് ട്രാൻസ്ഫറുകൾ നിശ്ചയിച്ച ഇടവേളകളിൽ ഇടപാടുകളുടെ കൂട്ടമായി സിസ്റ്റം തന്നെ നിർവ്വഹിക്കുന്ന രീതി ആയതിനാൽ റിക്കൺസിലിയേഷൻ യുഎൽബികൾ തന്നെ ചെയ്യേണ്ടതാണ്. യുഎൽബി ഉദ്യോഗസ്ഥർക്ക് പുതിയ സംവിധാനത്തിൽ ഫലപ്രദമായ പരിശീലനം നൽകിയിരുന്നില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തി. തൽഫലമായി 2022 ഫെബ്രുവരിക്കു ശേഷം ഐകെഎമ്മിൽ നിന്ന് ലഭിച്ച ഫണ്ടുകൾ സഞ്ചയ ഡേറ്റയുമായി ഒത്തു നോക്കിയിരുന്നില്ല.

തദ്ദേശസ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് എസ്ബിഐ പോർട്ടൽ വഴി ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്യുമ്പോൾ ഇടപാടുകളിൽ ഉണ്ടായ തെറ്റുകൾ കാരണമാണ് പഴയ പൂളിംഗ് അക്കൗണ്ടിൽ തുക ബാക്കി വന്നതെന്നും, ബാക്കി വന്ന തുക ട്രാൻസ്ഫർ ചെയ്യുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്നും ഐകെഎം പറഞ്ഞു (2023 മാർച്ച്).

ഇടപാടുകൾ പരാജയപ്പെടുന്നത് പോലുള്ള സ്ഥിതിവിശേഷങ്ങൾ ഐകെഎം മുൻകൂട്ടി കാണേണ്ടിയിരുന്നതും, ഗുണഭോക്താക്കളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സഹായകരമായ പ്രോസസ്സിംഗ് കൺട്രോളുകൾ ഏർപ്പാടാക്കേണ്ടിയിരുന്നതും, നികുതി ഒടുക്കിയവരെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച ശേഷം ട്രാൻസ്ഫർ നടത്തുവാൻ പുനശ്രമിക്കുകയും ചെയ്യേണ്ടിയിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. യുഎൽബികളിലേക്ക് നികുതി തുകകൾ അയക്കുന്നതിൽ പരാജയപ്പെട്ട/കാലതാമസം വരുത്തിയ ഉദ്ദോഗസ്ഥരിൽ ഉത്തരവാദിത്വം നിശ്ചയിക്കേണ്ടതാണ്.

---

49 ഓഡിറ്റ് ഈ തുക കണക്കാക്കിയത് യുഎൽബികളുടെ അക്കൗണ്ടിലേയ്ക്ക് മൂന്നു ദിവസത്തിനുശേഷം ട്രാൻസ്ഫർ ചെയ്ത ശരാശരി മാസതുകയ്ക്ക് 2.75 ശതമാനം നിരക്കിൽ സാധാരണ വാർഷിക പലിശ കണക്കുകൂട്ടിയാണ്(മൂന്നു ദിവസങ്ങൾക്ക് ശേഷം ട്രാൻസ്ഫർ ചെയ്ത ശരാശരി മാസവരവുകൾ x 30 x 2.75/100 x 1/365)

50 ചോറ്റാനിക്കര, മുട്ടാർ, കോടോംബേളൂർ

***ശിപാർശകൾ:***

***അക്കൗണ്ടിംഗ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ അഞ്ചാം എസ്എഫ്സി ശിപാർശ ചെയ്തതുപോലെ എല്ലാ യുഎൽബികളിലും അക്കൗണ്ടന്റിന്റെ പോസ്റ്റ് സൃഷ്ടിക്കുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.***

***സോണൽ ഓഫീസുകൾ വഴി അടയ്ക്കുന്ന വസ്തു നികുതിയുടെ റിക്കൺസിലിയേഷൻ കൃത്യമായ ഇടവേളകളിൽ നടത്താനുള്ള സംവിധാനം മുനിസിപ്പൽ കോർപ്പറേഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***

## 3.10 വസ്തു നികുതിയുടെ പുതുക്കൽ/പരിഷ്കാരങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 233(4) വകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധിയും, കൗൺസിൽ ഒരിക്കൽ തീരുമാനിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളും അവ നിലവിൽ വരുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. അതിനു ശേഷം ഓരോ അഞ്ചു വർഷം പൂർത്തിയാകുമ്പോഴും സർക്കാരും, കൗൺസിലും നിലവിലെ പരിധികളിൽ 25 ശതമാനം നിരക്കിൽ വർദ്ധനവ് വരുത്തി, അടുത്ത അഞ്ചു വർഷത്തേയ്ക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കേണ്ട തരത്തിൽ അടിസ്ഥാന നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതാണ്. പരിഷ്കരിച്ച നിരക്കുകൾ അനുസരിച്ച് മേൽപ്പറഞ്ഞ കാലാവധി കഴിയുന്നതിന് മുമ്പായി സെക്രട്ടറി എല്ലാ കെട്ടിടങ്ങളുടെയും പരിഷ്കരിച്ച വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം കൗൺസിൽ ആദ്യമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഇക്കാര്യത്തിൽ സർക്കാർ നോട്ടിഫിക്കേഷൻ വഴി തീരുമാനിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

വസ്തു നികുതി കാലോചിതമായി പരിഷ്കരിക്കാൻ സർക്കാരിനും, പരിഷ്കരിച്ച നിരക്കുകൾ സമയോചിതമായി നടപ്പിലാക്കുവാൻ യുഎൽബികൾക്കും ഉണ്ടായ വീഴ്ചകൾ/കാലതാമസം ഓഡിറ്റിൽ കണ്ടെത്തിയത് താഴെ വിവരിക്കുന്നു.

### 3.10.1 വസ്തു നികുതി പരിഷ്കരണത്തിലെ കാലതാമസം/കൃത്യമായ ഇടവേളകളിൽ വർദ്ധനവ് നടപ്പിലാക്കാത്തത്

കെട്ടിടങ്ങളുടെ പ്ലിന്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുവാൻ കേരള മുനിസിപ്പാലിറ്റി നിയമം 2009 ഒക്ടോബറിൽ ഭേദഗതി ചെയ്തെങ്കിലും നിയമത്തിലെ വകുപ്പുകൾക്ക് പ്രാബല്യം നൽകുവാനുള്ള വിശദമായ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത് 2011 ജനുവരി 14നും, ഇവ ബാധകമാക്കിയത് പുതിയ കെട്ടിടങ്ങൾക്ക് 2013 ഏപ്രിൽ 01 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 2016 ഏപ്രിൽ 01 മുതലും മാത്രമായിരുന്നു. ഇത് യഥാക്രമം രണ്ടും അഞ്ചും വർഷത്തെ കാലതാമസത്തിനു ഇടയാക്കി. ചട്ടങ്ങൾ രൂപീകരിക്കുന്നതിലെ കാലതാമസവും പിന്നീട് അവയ്ക്ക് പ്രാബല്യം നൽകുന്ന തീയതികൾ മാറ്റിയതും, വർദ്ധിച്ച നിരക്കുകളിൽ വസ്തു നികുതി വസൂലാക്കുന്നതിന്റെ വേഗതയെ ഗുരുതരമായി ബാധിച്ചു. ഇതിനു പുറമെ, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 233(4)-ാം വകുപ്പ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിപരീതമായി കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം വസ്തു നികുതി നിരക്കുകൾ സർക്കാർ പരിഷ്കരിക്കുകയോ നികുതി പരിഷ്കരണ പ്രക്രിയ അവലോകനം ചെയ്യുകയോ ഉണ്ടായില്ല.

പ്ലിന്ത് ഏരീയ അടിസ്ഥാനമാക്കിയുള്ള നികുതി നിർണ്ണയം യുഎൽബികളിൽ പുതിയ കെട്ടിടങ്ങൾക്ക് 2013 ഏപ്രിൽ 01 മുതൽ നടപ്പിലാക്കിയതിനാൽ, അതിനു ശേഷമുള്ള 25 ശതമാനം നിരക്കിലുള്ള വർദ്ധനവ് 2018-19 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 2021-22 മുതലും ബാധകമാക്കേണ്ടതായിരുന്നു. നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം

പരിഷ്കാരം നടപ്പിലാക്കാതിരുന്നത് പരിശോധന നടത്തിയ യുഎൽബികൾക്ക് 2022 മാർച്ച് വരെ ₹55.93 കോടിയുടെ നഷ്ടം വരുത്തുവാൻ ഇടയാക്കി.

പ്രത്യേക ഉത്തരവുകളുടെ അഭാവത്തിൽ വസ്തു നികുതി നിരക്കുകളുടെ പരിഷ്കരണം സമയോചിതമായി നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). 2023 ഏപ്രിൽ 01 മുതൽ വസ്തു നികുതിയിൽ അടുത്ത അഞ്ചു വർഷത്തേയ്ക്ക് അഞ്ചു ശതമാനം നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചു (2023 മാർച്ച്) എന്നും, കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയെന്നും ഇതുസംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചുവെന്നും പ്രസ്താവിച്ചു.

### 3.10.2 കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകളിലെ പരിഷ്കരണ നടപടികളിലെ കാലതാമസം

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ 2011 ജനുവരിയിൽ പ്രസിദ്ധീകരിച്ചെങ്കിലും, പരിശോധന നടത്തിയ രണ്ടു യുഎൽബികൾ, കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകൾ നികുതി പരിഷ്കരിക്കുന്നതിൽ അമിതമായ കാലതാമസം കാണിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. രണ്ടു കോർപ്പറേഷനുകളും നികുതി നിർണ്ണയ നടപടികൾ യഥാക്രമം 2019-20ലും 2020-21ലുമാണ് തുടങ്ങിയത്. കോഴിക്കോട്,കൊച്ചി കോർപ്പറേഷനുകൾക്ക് 2011 ജനുവരി 14 ന് യഥാക്രമം 2,54,331 ഉം 2,30,955ഉം നിലവിലുള്ള കെട്ടിടങ്ങൾ ഉണ്ടായിരുന്നു. 2022 നവംബറോടെ കോർപ്പറേഷനുകൾക്ക് യഥാക്രമം 2,14,238ഉം 1,46,620ഉം കെട്ടിടങ്ങളുടെ നികുതി നിർണ്ണയം മാത്രമേ പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ, ബാക്കി 40,093ഉം 84,335ഉം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്താൻ അവശേഷിച്ചിരുന്നു. കോർപ്പറേഷനുകൾ 2016-17 മുതൽ വസ്തു നികുതി ഡിമാൻഡ് ഉന്നയിച്ചിരുന്നെങ്കിലും, നികുതിദായകർ മൂന്നു വർഷങ്ങൾക്ക് മുമ്പുള്ള കുടിശ്ശിക ഒടുക്കുവാൻ ബാധ്യസ്ഥരല്ല, കാരണം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539-ാം വകുപ്പ് പ്രകാരം ഡിമാന്റ് കാലഹരണപ്പെടുന്നു. നികുതി നിർണ്ണയം പൂർത്തിയാക്കുവാനുള്ള ക്രമാതീതമായ കാലതാമസം മൂലം കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകൾക്ക് 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിലെ മൊത്തം കുടിശ്ശികയായ ₹19.91 കോടി നഷ്ടമായി.

വസ്തു നികുതി പരിഷ്കരിക്കുന്നതിലെ കാലതാമസം കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകൾ അംഗീകരിച്ചെങ്കിലും, കാലഹരണം മൂലമുള്ള കുടിശ്ശിക നഷ്ടത്തെക്കുറിച്ചു ഈ യുഎൽബികളിൽ റിപ്പോർട്ട് ചെയ്തിരുന്നില്ല എന്ന് സർക്കാർ അറിയിച്ചു (2023 ഏപ്രിൽ). ഈ യുഎൽബികൾക്ക് 2022 നവംബറിൽ യഥാക്രമം 40,093 ഉം 84,335 ഉം കെട്ടിടങ്ങളുടെ പരിഷ്കരണം പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാലും മൂന്നു വർഷക്കാലയളവിനു മുമ്പുള്ള നികുതി ഒടുക്കുവാൻ നികുതിദായകൻ നിയമപരമായി ബാധ്യസ്ഥനല്ലാത്തതിനാലും മറുപടി ന്യായീകരിക്കാനാവുന്നതല്ല. ഇതിനു പുറമെ നിയമത്തിലെ 539(2) വകുപ്പ് വ്യക്തമായി പറയുന്നത്, ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച കാരണം ഏതെങ്കിലും തുക കാലഹരണപ്പെടുന്ന പക്ഷം യുഎൽബിയ്ക്ക് നഷ്ടമായ തുക ആ ഉദ്യോഗസ്ഥനിൽ നിന്ന് 12 ശതമാനം പലിശയോടെ ഈടാക്കേണ്ടതാണ് എന്നാണ്.

### 3.10.3 ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കാത്തത്

കോവിഡ്-19 മഹാമാരി കാരണം കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായ വരുമാന നഷ്ടം നികത്തുന്നതിനായി യുഎൽബികളെ ശക്തിപ്പെടുത്തുവാൻ, ചില സംസ്ഥാനതല

പരിഷ്കാരങ്ങൾ[51] നടപ്പിലാക്കണം എന്നതിന് വിധേയമായി, മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) രണ്ടു ശതമാനം 2020-21 സാമ്പത്തികവർഷം അധികമായി കടമെടുക്കാൻ ഭാരത സർക്കാരിന്റെ ധനമന്ത്രാലയം സംസ്ഥാനങ്ങളെ അനുവദിച്ചു. 'ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനുള്ള' പരിഷ്കാരം വിജയകരമായി നടപ്പിലാക്കിയതിനാൽ, ഓപ്പൺമാർക്കറ്റ് വായ്പകളിലൂടെ ₹2,261 കോടിയുടെ അധിക ധനകാര്യ വിഭവങ്ങൾ സ്വരൂപിക്കാൻ കേരള സംസ്ഥാനം യോഗ്യത നേടി (2021 ജനുവരി).

ഈ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വസ്തു നികുതി പുനർനിർണ്ണയം ചെയ്യുന്നതിന് ഒരു ഫോർമുല ഉണ്ടാക്കുന്നതിന് സംസ്ഥാനം തീരുമാനിച്ചു (2020 ജൂൺ). ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള ഒരു നിർദ്ദേശം നഗരകാര്യഡയറക്ടർ സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളിൽ വസ്തു നികുതി പുനർനിർണ്ണയിക്കുന്നത് നോട്ടിഫൈ ചെയ്യുന്നതിനുള്ള ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തു (2021 ഫെബ്രുവരി). കെട്ടിടങ്ങളുടെ ഉപയോഗത്തിന് അനുസൃതമായി ഓരോ വിഭാഗം കെട്ടിടങ്ങൾക്കും ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയുടെ നിരക്ക് നിശ്ചയിക്കേണ്ടതാണ്. നിലവിലെ ചട്ടങ്ങൾപ്രകാരം, അഞ്ചു ശതമാനമോ ഉപഭോക്തൃ വില സൂചികയിലെ വർദ്ധനവോ ഏതാണോ കുറവ് അതായിരിക്കണം രണ്ടാം വർഷം മുതലുള്ള നികുതി നിരക്കിലെ വാർഷിക വർദ്ധനവ്.

എന്നാൽ, വസ്തുവിന്റെ ന്യായവിലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന് (2023 ഫെബ്രുവരി) ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു.

തിരുവനന്തപുരം കോർപ്പറേഷന്റെ രണ്ടു വാർഡുകളിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആൻഡ് ടാക്സേഷൻ (ജിഐഎഫ്റ്റി) ഒരു സാംപിൾ പഠനം നടത്തുകായാണെന്നും, റിപ്പോർട്ട് പ്രതീക്ഷിച്ചിരിക്കുകയാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്തിമ കൂടിക്കാഴ്ചയിൽ (2023 മാർച്ച് 27) അറിയിച്ചു. ഇത് സൂചിപ്പിക്കുന്നതെന്തെന്നാൽ, സാംപിൾ പഠനം നടത്തുന്നതിന് മുമ്പ് തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെന്നും അധിക കടമെടുപ്പ് നേടിയെടുത്തുവെന്നുമാണ്.

### 3.10.4 എസ്എഫ്സി ശിപാർശകൾ നടപ്പിലാക്കാത്തത്

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 206-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുന്നതിനായി ഓരോ അഞ്ചു വർഷത്തിലും സംസ്ഥാന ധനകാര്യ കമ്മീഷനെ (എസ്എഫ്സി) രൂപീകരിക്കുന്നു. വസ്തു നികുതിയുടെ പിരിവ് കാര്യക്ഷമമാക്കുവാൻ വേണ്ട പ്രസക്തമായ ശിപാർശകൾ എസ്എഫ്സികൾ നടത്തിയിട്ടുണ്ട്. വസ്തു നികുതിയെ സംബന്ധിച്ച് ഇതുവരെ രൂപീകരിച്ച വിവിധ എസ്എഫ്സികളുടെ ശിപാർശകൾ, പ്രധാന ശിപാർശകൾ നടപ്പിലാക്കിയതിന്റെ സ്ഥിതി എന്നിവ **അനുബന്ധം 3.9**-ൽ കാണിച്ചിരിക്കുന്നു. ശിപാർശകൾ സ്വീകരിച്ചു എങ്കിലും ഒരെണ്ണം പോലും സംസ്ഥാനം നടപ്പിലാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത്

[51] ഒറ്റ രാജ്യം ഒറ്റ റേഷൻകാർഡ് സമ്പ്രദായം, ബിസിനസ്സ് ആയാസത്തോടെ ചെയ്യുന്നതിനുള്ള പരിഷ്കാരങ്ങൾ, നഗരതദ്ദേശസ്ഥാപന ഉപകാരപ്രദമായ പരിഷ്കാരങ്ങൾ, ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾ, തുടങ്ങിയവയുടെ നടപ്പിലാക്കൽ, ജില്ലാതല ബിസിനസ്സ് പരിഷ്ക്കാര പ്രവർത്തന പ്ലാനിന്റെ ആദ്യവിലയിരുത്തൽ പൂർത്തിയാക്കുക, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ പുതുക്കൽ/അംഗീകാരം/ലൈസൻസുകൾ എന്നിവയുടെ ആവശ്യകത ഒഴിവാക്കുക, കേന്ദ്രീകൃത പരിശോധനാ സംവിധാനം കമ്പ്യൂട്ടറൈസ് ചെയ്യുക, തുടങ്ങിയവയാണ് ബിസിനസ്സ് ആയാസകരമാക്കുന്നതിനുള്ള പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നത്.

ചൂണ്ടിക്കാണിക്കുന്നത്, വസ്തു നികുതിയിൽ നിന്ന് വർദ്ധിച്ച വരുമാനം ഒരുക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നതിൽ സർക്കാരിനുള്ള അയഞ്ഞ സമീപനത്തെയാണ്. ഇത്, ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ ₹145.20 കോടി വരുമാനനഷ്ടത്തിനും ഇടയാക്കി.

### 3.10.5 വസ്തു നികുതി ബോർഡ് രൂപീകരിക്കാത്തത്

തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ (ആരോഗ്യഗ്രാന്റുകൾ ഒഴികെ) സംസ്ഥാനങ്ങൾക്ക് നൽകുന്നത് ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ, യഥാക്രമം 90 ശതമാനവും 10 ശതമാനവും വെയ്റ്റേജോടെ ആയിരിക്കണം എന്ന് 15–ാം കേന്ദ്രധനകാര്യകമ്മീഷൻ (സിഎഫ്സി) ശിപാർശ ചെയ്തിരുന്നു. വസ്തുവിന്റെ കമ്പ്യൂട്ടർവൽക്കരിച്ച റെക്കോർഡുകൾ ഇടപാടുകളുടെ രജിസ്ട്രേഷനുമായി ബന്ധിപ്പിക്കണമെന്നും, വസ്തുവിന്റെ മാർക്കറ്റ് വിലയും കൂട്ടി ചേർക്കേണ്ടതാണ് എന്നും സിഎഫ്സി ശിപാർശ ചെയ്തിരുന്നു. ഇതിനുപുറമെ, സംസ്ഥാന സർക്കാരുകൾ വസ്തുവിന്റെ വാല്യുവേഷൻ രീതി പുനഃക്രമീകരിക്കേണ്ടതാണ്. വസ്തുവിന്റെ വില വസ്തു നികുതിയുമായി സംയോജിപ്പിക്കുന്നതിന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചുവെങ്കിലും, ഉത്തരവുകൾ നടപ്പാക്കുന്നത് ഇനിയും ഫലവത്തായില്ലെന്നു (2023 ഫെബ്രുവരി) ഓഡിറ്റിൽ കണ്ടെത്തി.

13–ാം സിഎഫ്സിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, വസ്തു നികുതി സംവിധാനം അവലോകനം ചെയ്യുന്നതിനും വസ്തുക്കളുടെ വാല്യൂവേഷന് അടിസ്ഥാനമാക്കേണ്ട അനുയോജ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള രീതികളെക്കുറിച്ചും നിർദ്ദേശിക്കുവാനും സ്വതന്ത്രമായ ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു (2011 ഫെബ്രുവരി). ആറാം എസ്എഫ്സി അതിന്റെ ശിപാർശകളിൽ ഇക്കാര്യം ആവർത്തിച്ചു പറഞ്ഞു. കൂടാതെ, ഒൻപത് അംഗങ്ങളും തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിക്കുവാനും സർക്കാർ അനുമതിയും നൽകി (2018 മേയ്). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം പിരിക്കുന്നതിലെ വിടവുകൾ നിർണ്ണയിക്കുവാനും നികുതി വരുമാനം ചോരുന്നത് തടയുവാനുമുള്ള ശിപാർശകൾ കമ്മിറ്റി നിർദ്ദേശിക്കേണ്ടതാണ്. സംസ്ഥാനത്ത് വസ്തു നികുതി ബോർഡ് ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നും കമ്മിറ്റി ഇതുവരെ കൂടിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

വസ്തു നികുതി ബോർഡ് രൂപീകരിക്കാത്തതു കാരണം താഴെപ്പറയുന്ന ചില പ്രധാന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല.

- വസ്തുനികുതി സംവിധാനം അവലോകനം ചെയ്യുകയും, സംസ്ഥാനത്ത് വസ്തു നികുതി നിർണ്ണയിക്കുന്നതിന് ഉപയോഗിക്കുന്ന ഫോർമുലയിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങളുടെ നിരക്കുകൾ ഉൾപ്പെടുത്തി വസ്തുവിന്റെ വാല്യുവേഷന് അടിസ്ഥാനമാക്കേണ്ട അനുയോജ്യമായ കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക
- കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള രീതികൾ ശിപാർശ ചെയ്യുക
- നികുതി വിധേയമായ എല്ലാ വസ്തുക്കൾക്കും നികുതി ഏർപ്പെടുത്തുകയും പിരിക്കുകയും ചെയ്യുന്നത് ഉറപ്പാക്കുക

***ശിപാർശ: നികുതി സംവിധാനം അവലോകനം ചെയ്യുന്നതിനും വസ്തുക്കളുടെ വാല്യൂവേഷന് അടിസ്ഥാനമാക്കേണ്ട അനുയോജ്യമായ നിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള രീതികളും നിർദ്ദേശിക്കുവാനായി വസ്തു നികുതി ബോർഡ് സർക്കാർ രൂപീകരിക്കേണ്ടതാണ്.***

## 3.11 മേൽനിരീക്ഷണം

യുഎൽബിക്ക് ലഭിക്കേണ്ട നികുതികൾ, ഫീസ്, വാടക, മറ്റ് തുകകൾ എന്നിവ സമയോചിതമായി നിർണ്ണയിക്കുകയും പിരിക്കുകയും ചെയ്യുന്നത് സസൂക്ഷ്മം നിരീക്ഷിക്കുവാൻ യുഎൽബിയുടെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 22-ാം വകുപ്പ് അധികാരം നൽകുന്നു. സെക്രട്ടറി നൽകുന്ന മാസംതോറുമുള്ള ഡിമാൻഡ് കളക്ഷൻ ബാലൻസും, മുൻമാസങ്ങളിലെ വരവിന്റെയും ചെലവുകളുടെയും സംക്ഷിപ്തവും പരിശോധിക്കുവാനും സ്റ്റാൻഡിംഗ് കമ്മിറ്റിയെ അത് ചുമതലപ്പെടുത്തുന്നു. എന്നാൽ, സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് അതിന്റെ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനുവേണ്ട ഒരു സ്ഥാപന സംവിധാനവും 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജുകൾ) ചട്ടങ്ങൾ നൽകുന്നില്ല.

അനധികൃത നിർമ്മാണങ്ങൾക്കും ആഭ്യന്തര നിയന്ത്രണത്തിലെ പിഴവുകൾക്കും ഇടയാക്കിയ മേൽനിരീക്ഷണവീഴ്ചകളുടെ നിരവധി ഉദാഹരണങ്ങൾ ഓഡിറ്റിൽ നിരീക്ഷിച്ചത് താഴെ വിവരിച്ചിരിക്കുന്നു.

### 3.11.1 അനധികൃത നിർമ്മാണങ്ങൾ

1994-ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരം ഏതെങ്കിലും വ്യക്തി നിയമവിരുദ്ധമായി ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ അത്തരം കെട്ടിടങ്ങളുടെ ഉടമ ആ കെട്ടിടം നിയമപരമായി നിർമ്മിച്ചിരുന്നെങ്കിൽ ഒടുക്കേണ്ടിയിരുന്ന വസ്തുനികുതിയും അതിന്റെ ഇരട്ടി തുകയും, പൂർത്തീകരിച്ച തീയതിയോ ഉപയോഗിക്കാൻ തുടങ്ങിയ തീയതിയോ ഏതാണോ ആദ്യം അന്നു മുതൽ കെട്ടിടം പൊളിച്ചു കളയുന്ന/നിയമാനുസൃതമാക്കുന്ന തീയതിവരെ വസ്തു നികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. നിയമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നികുതികാര്യങ്ങൾക്ക് മാത്രമായി പ്രത്യേക കെട്ടിട നമ്പർ നൽകേണ്ടതാണ്.

പരിശോധന നടത്തിയ 10 യുഎൽബികളിൽ, ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളുടെ അനുമതി ഇല്ലാതെ നിയമവിരുദ്ധമായി നിർമ്മിച്ച 36 കേസുകൾ സംയുക്ത പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കെട്ടിടങ്ങൾ നിയമവിധേയമാക്കുവാനോ/പൊളിച്ചുകളയുവാനോ അതോ പ്രത്യേക കെട്ടിട നമ്പർ നൽകി വസ്തു നികുതി കൂടിയ നിരക്കിൽ വസൂലാക്കുവാനോ മുനിസിപ്പാലിറ്റികൾ യാതൊരു നടപടിയും എടുത്തിരുന്നില്ല. 2016-17 മുതൽ 2021-22 വരെ മേല്പറഞ്ഞവയിൽ കിട്ടാനുള്ള നികുതി **അനുബന്ധം 3.10**-ൽ വിവരിച്ചിരിക്കുന്നതുപോലെ ₹4.87 കോടിയായിരുന്നു.

റവന്യൂ ഇൻസ്പെക്ടർമാർക്കും ബിൽ കളക്ടർമാർക്കും നൽകിയിരുന്ന ഒരു പ്രധാന ചുമതല, അവരുടെ അധികാര പരിധിയിലുള്ള നികുതി നിർണ്ണയിക്കാത്ത/കുറച്ചു നിർണ്ണയിച്ച വസ്തുക്കളെ കണ്ടുപിടിക്കുക എന്നതായിരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർമാർ അവരുടെ അധികാരപരിധിയിൽ ഉള്ള നിയമവിരുദ്ധ നിർമ്മാണങ്ങൾ കണ്ടു പിടിക്കേണ്ടതാണ്. യുഎൽബികളിലെ റവന്യൂ സെക്ഷനും നഗര ആസൂത്രണസെക്ഷനും നികുതി നിർണ്ണയിക്കാത്ത/നിയമ വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഖണ്ഡികയിൽ പരാമർശിച്ച അനധികൃത നിർമ്മാണങ്ങൾക്ക് നികുതി നിർണ്ണയിക്കാനും ചുമത്തുവാനും യുഎൽബികൾ നടപടി ആരംഭിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി പറഞ്ഞു (2023 ഏപ്രിൽ).

***ശിപാർശ: യുഎൽബികളിലെ റവന്യൂ, നഗരാസൂത്രണ സെക്ഷനുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാ അനധികൃതനിർമ്മാണങ്ങളും കണ്ടുപിടിക്കുവാനും കൂടിയ നിരക്കിൽ വസ്തു നികുതി ചുമത്തുവാനും സർക്കാരും യുഎൽബികളും അടിയന്തിര നടപടി ആരംഭിക്കണം.***

### 3.11.2 യുഎൽബികളിലെ റവന്യൂവും നഗരാസൂത്രണ സെക്ഷനും തമ്മിൽ യോജിച്ച പ്രവർത്തനം ഇല്ലാത്തത്

ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ വസ്തു നികുതി നിർണ്ണയിക്കണമെന്ന് 2020 മേയിൽ സർക്കാർ നിർദ്ദേശിച്ചു. യുഎൽബികളിലെ നഗരാസൂത്രണ സെക്ഷൻ ബിൽഡിംഗ് പെർമിറ്റുകളും ഒക്യുപൻസി സർട്ടിഫിക്കറ്റുകളും നൽകുകയും റവന്യൂ സെക്ഷൻ നഗരാസൂത്രണ സെക്ഷൻ നൽകിയ ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയും ചെയ്യുന്നു. എന്നാൽ, ഈ ബിസിനസ്സ് റൂൾ സഞ്ചയയിൽ മാപ്പിംഗ് നടത്തിയിട്ടില്ലാത്തതിനാൽ സാധുവായ കെട്ടിടപെർമിറ്റ് ഇല്ലാത്ത ഒരു കെട്ടിടത്തിന് നികുതി നിർണ്ണയിക്കാൻ റവന്യൂ സെക്ഷന് സാധിക്കുമായിരുന്നു. ഇതിനു പുറമെ, ഡോർനമ്പർ നൽകുന്നതിനുമുമ്പായി സാധുവായ ഒരു ബിൽഡിംഗ് പെർമിറ്റ്/ഒക്യുപൻസി സർട്ടിഫിക്കറ്റ് നഗരാസൂത്രണ സെക്ഷൻ നൽകിയിരുന്നോ എന്ന് ഉറപ്പാക്കുന്നതിനുള്ള ഒരു കൺട്രോളും സഞ്ചയയിൽ ഉണ്ടായിരുന്നില്ല. സഞ്ചയയിൽ നിന്നെടുത്ത കെട്ടിട പെർമിറ്റുകളുടെ വിവരങ്ങൾ വിശകലനം ചെയ്തതിൽ നിന്ന്, പരിശോധന നടത്തിയ യുഎൽബികളിലെ 3,13,068 പുതിയ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ (2013 ആദ്യ പകുതിയ്ക്കുശേഷം) കെട്ടിട പെർമിറ്റുകളുടെ വിവരങ്ങൾ ഉണ്ടായിരുന്നത് 2,00,455 കെട്ടിടങ്ങൾക്ക് (64.03 ശതമാനം) മാത്രമാണ് എന്നതിൽ നിന്ന് ഇത് സ്പഷ്ടമാണ്.

സഞ്ചയ ആപ്ലിക്കേഷനിലെ ഫ്രണ്ട് എൻഡിലൂടെ അനധികൃതമായി യൂസർഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ഡാറ്റയിൽ മാറ്റം വരുത്തി നിയമവിരുദ്ധനിർമ്മാണങ്ങൾക്ക് 24 കെട്ടിനമ്പറുകൾ തങ്ങളുടെ റവന്യൂ സെക്ഷൻ നൽകിയത് 2021-22 ൽ കോഴിക്കോട് കോർപ്പറേഷൻ തിരിച്ചറിഞ്ഞത് ഫീൽഡുതല പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഡാറ്റയിൽ ഈ കൃത്രിമം നടത്തിയത് കോർപ്പറേഷന്റെ നഗരാസൂത്രണ സെക്ഷന്റെ അറിവില്ലാതെയാണ്.

റവന്യൂ-നഗരാസൂത്രണ വിഭാഗങ്ങൾ തമ്മിൽ യോജിപ്പില്ലാത്തത് ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനും, വസ്തു നികുതി ശേഖരണത്തിന്റെ കാര്യക്ഷമത മേൽനിരീക്ഷിക്കുന്നതിനും സെക്രട്ടറി/കൗൺസിലിന് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 3.11.3 അനധികൃത നിർമ്മാണങ്ങൾ കണ്ടു പിടിക്കുന്നതിനുള്ള പരിശോധനകൾ ഫലപ്രദമല്ലാത്തത്

അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും അത്തരം നിർമ്മാണങ്ങൾ തടയുന്നതിനുമുള്ള നടപടി എടുക്കുന്നതിനുമായി ജില്ലാ/മുനിസിപ്പൽ തലങ്ങളിൽ സ്ക്വാഡുകൾ രൂപീകരിക്കണമെന്ന് 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (കെഎംബിആർ) ചട്ടം 157 ഉം തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച (2009 ഓഗസ്റ്റ്) ഉത്തരവും ആവശ്യപ്പെടുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വസ്തു നികുതി നിർണ്ണയവും പിരിച്ചെടുക്കലും സംബന്ധിച്ച് ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31ന് അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ വന്നിരുന്ന ഖണ്ഡിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ, സ്ക്വാഡുകളുടെ രൂപീകരണം/പ്രവർത്തനത്തിലെ പിഴവുകൾ ചൂണ്ടികാണിക്കുകയും, സ്ക്വാഡുകൾ

പ്രവർത്തിക്കാത്തതിന്റെ കാരണങ്ങൾ ആരായുകയും ചെയ്തിരുന്നു. ഇതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സർക്കാർ ഇനിയും നൽകിയിട്ടില്ല.

പരിശോധന നടത്തിയ യുഎൽബികളിൽ ഓഡിറ്റ് കാലയളവിൽ രണ്ട്[52] യുഎൽബികൾ മാത്രമേ സ്ക്വാഡുകൾ രൂപീകരിക്കുകയും ഏഴ് പരിശോധനകൾ നടത്തുകയും 13 അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും ചെയ്തിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി ബാക്കിയുള്ള 12 യുഎൽബികളിൽ സ്ക്വാഡുകൾ രൂപീകരിക്കാത്തത് അനധികൃത കെട്ടിടങ്ങളും നിലവിലെ കെട്ടിടങ്ങളിൽ കൂടുതൽ നിർമ്മാണം നടത്തുന്നതും കണ്ടുപിടിക്കുന്നതിലുള്ള യുഎൽബികളുടെ ഉദാസീനമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നത്. മുനിസിപ്പൽ ഉദ്യോഗസ്ഥരുമായി ഓഡിറ്റ് നടത്തിയ സംയുക്തപരിശോധനകളിൽ 36 അനധികൃത നിർമ്മാണങ്ങളും, പ്ലിന്ത് ഏരിയ ഒഴിവാക്കിയത് മൂലമുള്ള തെറ്റായ 19 നികുതി നിർണ്ണയവും, തെറ്റായി തരംതിരിക്കപ്പെട്ട 15 കെട്ടിടങ്ങളും തിരിച്ചറിഞ്ഞു. ചിട്ടയായതും സമയാസമയങ്ങളിലും ഉള്ള കണക്കെടുപ്പിന്റെ അഭാവം അനധികൃത/അധിക നിർമ്മാണങ്ങൾ കണ്ടുപിടിച്ച് നികുതി ചുമത്തുന്നതിനെ പ്രതികൂലമായി ബാധിക്കും.

പരിശോധനയ്ക്കായി കോഴിക്കോട് കോർപ്പറേഷൻ സ്ക്വാഡ് രൂപീകരിച്ചിരുന്നില്ലെങ്കിലും, ഓവർസീയർമാരും റവന്യൂ ഇൻസ്പെക്ടർമാരും അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കാൻ പരിശോധനകൾ നടത്തിയിരുന്നു എന്ന് സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). സ്ക്വാഡുകൾ രൂപീകരിക്കാത്തതിനെ ന്യായീകരിക്കുന്ന മറുപടി സ്വീകാര്യമല്ല, എന്തെന്നാൽ അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്ന പ്രക്രിയ കാര്യക്ഷമമായി നടത്തുന്നതിനായി യുഎൽബികൾ സർക്കാർ നിർദ്ദേശിക്കുന്ന ഘടനയോടുകൂടിയ സ്ക്വാഡുകൾ രൂപീകരിച്ച് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തേണ്ടതായിരുന്നു.

### 3.11.4 മലയാള മനോരമ കെട്ടിടത്തിന് അനർഹമായ ആനുകൂല്യം നൽകിയത്

മലയാള മനോരമ നിർമ്മിച്ച 1,139.82 ച.മീ തറവിസ്തീർണ്ണമുള്ള പ്രസ്സ് കെട്ടിടത്തിന്[53] നികുതി ചുമത്തുവാൻ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (റ്റിഎംസി) നടപടി സ്വീകരിക്കാത്തതിനെകുറിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ച് 2012 മാർച്ചിൽ അവസാനിച്ച വർഷത്തെ സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. കെട്ടിടം അനധികൃത നിർമ്മാണം ആയിരുന്നതിനാൽ കൂട്ടു നിരക്കിൽ ഉള്ള വസ്തു നികുതി 2005–06 രണ്ടാം പകുതി മുതൽ 2011–12 വരെ ₹33.40 ലക്ഷം ആയിരുന്നു എന്ന് ഓഡിറ്റ് അന്ന് ചൂണ്ടിക്കാണിച്ചിരുന്നു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആ നിരീക്ഷണം അംഗീകരിക്കുകയും കുടിശ്ശികയായ നികുതി വസൂലാക്കുന്നതിനെ സംബന്ധിച്ച് ഉറപ്പ് ഓഡിറ്റിന് നൽകിയിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ ഒരു തൃപ്തികരമായ നടപടിയും റ്റിഎംസി എടുത്തിട്ടില്ല.

മലയാള മനോരമ നാലാമത്തെ നില പൂർത്തിയാക്കിയതായും 1,012.37 ച.മീ അധികം വിസ്തീർണ്ണത്തിൽ കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയും താഴത്തെ നിലയും വികസിപ്പിച്ചതായും ഈ പ്രവർത്തനക്ഷമതാ ഓഡിറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടു. കെട്ടിട നിർമ്മാണം 2015 നവംബറിൽ പൂർത്തിയാക്കുകയും, നിർമ്മാണം ക്രമീകരിക്കുവാൻ 2018 നവംബറിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു. 2015 ന്റെ രണ്ടാം പകുതിയിൽ മാത്രമാണ് ക്രമീകരണം പ്രാബല്യത്തിൽ വന്നത് എന്നതിനാൽ 2012–13 മുതൽ 2015–16 ഒന്നാം പകുതി വരെയുള്ള കൂട്ടുനികുതി കുടിശ്ശികയായ ₹30.50 ലക്ഷവും വസൂലാക്കേണ്ടതുണ്ട്. എന്നാൽ, റ്റിഎംസി ₹1.07 ലക്ഷം കൂട്ടുനിരക്കിൽ പെർമിറ്റ് ഫീ

---

52 കൊണ്ടോട്ടി, മലപ്പുറം

53 നാല് നില (താഴത്തെ നില + മൂന്ന് നിലകൾ) കെട്ടിടത്തിന് പെർമിറ്റ് ലഭിച്ചിരുന്നു, എന്നാൽ ഒരു അനധികൃത നില (നാലാം നില) കൂടി നിർമ്മിച്ചിരുന്നു.

ശേഖരിച്ച ശേഷം, 2015 നവംബർ മുതൽ മുൻകാലപ്രാബല്യം നൽകി, 2019 ആഗസ്റ്റിൽ അനധികൃത നിർമ്മാണം ക്രമീകരിക്കുകയും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഇതിനകം തന്നെ നികുതികുടിശ്ശികയായ ₹63.90 ലക്ഷം[54] പിരിച്ചെടുക്കുവാൻ റ്റിഎംസി ഒരു നടപടിയും എടുത്തില്ല.

നിലവിലുള്ള പഴയ കെട്ടിടത്തിന്റെ[55] തറവിസ്തീർണ്ണം 2,846.28 ച.മീ ഉം പുതിയ കെട്ടിടത്തിന്റെ (അധികമുള്ള നാലാം നിലയും, വികസിപ്പിച്ച ഒന്നാം നിലയും താഴത്തെ നിലയും ചേർത്ത്) 2,152.19 ച.മീ ആണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എല്ലാ ഓഫീസ് കെട്ടിടങ്ങൾക്കും 2016-17 മുതൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കണമെന്ന്, നികുതി പരിഷ്കരണത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ആവർത്തിച്ച് പറയുന്നു. എന്നാൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ₹80 എന്ന ഓഫീസ് നിരക്കിൽ റവന്യൂ നിർണ്ണയം നടത്തിയത് പുതിയതായി നിർമ്മിച്ച കെട്ടിടത്തിന് മാത്രമാണ്. നിലവിലുള്ള കെട്ടിടത്തിന് എആർവി അടിസ്ഥാനത്തിൽ ₹9,270 മാത്രമാണ് നികുതി ചുമത്തിയിരുന്നത്. ഈ തെറ്റായ നികുതി നിർണ്ണയം കാരണം 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ₹15.07 ലക്ഷം[56] വസ്തു നികുതി കുറച്ച് ഡിമാൻഡ് ചെയ്യുന്നതിന് ഇടയാക്കി.

റവന്യൂ റിക്കവറി നടപടിക്രമം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് മലയാള മനോരമയ്ക്ക് എതിരെ തിരുവനന്തപുരം കോർപ്പറേഷൻ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2023 ഏപ്രിൽ). എന്നാൽ, പിന്നീടുള്ള അന്വേഷണത്തിൽ മലയാള മനോരമ നികുതി ഒടുക്കിയെന്ന് അവകാശപ്പെടുന്നതിന്റെ രസീതുകൾ മാത്രമാണ് യുഎൽബി അവശ്യപ്പെട്ടതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ക്രമരഹിതമായ നികുതി നിർണ്ണയത്തെ കുറിച്ച് 2012 മാർച്ചിൽ അവസാനിച്ച വർഷത്തെ സിഎജി ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നിട്ടും, ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഓഡിറ്റ് നിരീക്ഷണം 2022 ജൂലൈയിൽ ചർച്ച ചെയ്തിട്ടും, റ്റിഎംസി പുതിയ കെട്ടിടത്തിന് നികുതികുടിശ്ശിക പിരിക്കുന്നില്ലെന്നു മാത്രമല്ല നിലവിലുള്ള കെട്ടിടത്തിന് തറവിസ്തീർണ്ണ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ചയും വരുത്തി.

### 3.11.5 അനധികൃത മൊബൈൽ ടവറുകൾ

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130 പ്രകാരം ഓരോ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകൾക്ക്/പോൾ സ്ട്രക്ച്ചറുകൾക്ക് യുഎൽബിയുടെ സെക്രട്ടറിയിൽ നിന്നും പ്രത്യേക പെർമിറ്റ് വാങ്ങുന്നതിന് മുമ്പ് ഒരു വ്യക്തിയും സർക്കാരിതര ടവറുകൾ/പോൾ സ്ട്രക്ച്ചറുകൾ സ്ഥാപിക്കുകയോ, പുനഃസ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി ഇത്തരം സ്ട്രക്ച്ചറുകൾക്ക് ചുമത്തേണ്ടതാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പ് പ്രകാരം അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിനു നിയമപരമായി നിർമ്മിച്ചിരുന്നെങ്കിൽ ഒടുക്കേണ്ടിയിരുന്ന വസ്തു നികുതിയും, അതിനൊപ്പം ഇരട്ടി തുകയും വസ്തു നികുതി ചുമത്തുവാൻ മുനിസ്സിപ്പാലിറ്റികൾക്ക് അധികാരം ഉണ്ട്.

പരിശോധന നടത്തിയ യുഎൽബികളിൽ നിരവധി അനധികൃത ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ടെന്ന് ഓഡിറ്റ് കണ്ടു. ഈ അനധികൃത നിർമ്മാണങ്ങളിൽനിന്നും

54 ₹33.40 ലക്ഷം + ₹30.49 ലക്ഷം

55 1987-ൽ പണി കഴിപ്പിച്ച പഴയ പ്രസ്സ് കെട്ടിടം

56 നിലവിലുള്ള കെട്ടിടത്തിന് തറവിസ്തീർണ്ണം അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ചാൽ വാർഷിക അടിസ്ഥാന നികുതി ₹2,27,703 വരും

കുടിശ്ശികയായ കൂട്ടനിരക്കിലുള്ള പെർമിറ്റ് ഫീയും വസ്തു നികുതിയും യഥാക്രമം ₹47.20 ലക്ഷവും ₹173.07 ലക്ഷവുമായിരുന്നു. വിശദവിവരങ്ങൾ **അനുബന്ധം 3.11**–ൽ കൊടുത്തിരിക്കുന്നു.

അനധികൃത മൊബൈൽ ടവറുകൾ കണ്ടു പിടിക്കുവാനും അവയ്ക്ക് വസ്തു നികുതി നിർണ്ണയിക്കുവാനും ചുമത്തുവാനും നടപടി ആരംഭിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു (2023 ഏപ്രിൽ). എന്നാൽ, ഇത്തരം നിർമ്മാണങ്ങൾക്ക് പിഴ ചുമത്തിയോ എന്നതിനെ കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

### 3.11.6 കോടതി കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതി, സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി പൂർണ്ണമായോ ഭാഗീകമായോ ഒടുക്കുവാൻ ഉടമസ്ഥൻ വീഴ്ചവരുത്തുകയാണെങ്കിൽ സെക്രട്ടറിയ്ക്ക് കെട്ടിടത്തിന്റെ കൈവശക്കാരനോട് 15 ദിവസത്തിനകം വസ്തു നികുതി ഒടുക്കാൻ ആവശ്യപ്പെടാമെന്നും അയാൾ ഒടുക്കുന്ന തുക ബന്ധപ്പെട്ട ഉടമസ്ഥനിൽ നിന്നും തിരിച്ചുപിടിക്കാവുന്നതുമാണ്. അതുപോലെ, ചട്ടം 19 പ്രകാരം, ഡിമാൻഡ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഒരു കെട്ടിട ഉടമ വസ്തു നികുതി ഒടുക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ, വസ്തു നികുതി വസൂലാക്കുന്നതിന് റവന്യൂ റിക്കവറി, കോടതിവ്യവഹാരം, നിയമ നടപടി മുതലായ മാർഗ്ഗങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

പരിശോധന നടത്തിയ യുഎൽബികളിലെ കേസ് ഡയറികൾ പരിശോധിച്ചപ്പോൾ വെളിപ്പെട്ടത് 2022 മാർച്ചിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട 412 കേസുകൾ വിവിധ കോടതികളിൽ തീർപ്പാക്കാൻ ഉണ്ടായിരുന്നു. ഇതിൽ 336 കേസുകൾ ഹൈക്കോടതിയിൽ തീർപ്പാകാൻ ഉള്ളതായിരുന്നു. 28 കേസുകൾ അഞ്ചു വർഷത്തിൽ കൂടുതലായി തീർപ്പാകാതെ കിടക്കുന്നവയായിരുന്നു.

### 3.11.7 ചുമതലകൾ വേർതിരിച്ച് നൽകൽ

ഇടപാടുകൾ ശരിക്കും അംഗീകൃതമാണെന്നും, രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആസ്തികൾ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും എന്ന് ഉറപ്പാക്കുന്നതിനുള്ള ഒരു തെളിയിക്കപ്പെട്ട രീതിയാണ് ചുമതലകൾ വേർതിരിച്ച് നൽകുന്നത്,. ഒരു വ്യക്തി മറ്റൊരാളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ അണ് ചുമതലകളുടെ വിഭജനം സംഭവിക്കുന്നത്. ഒരു പ്രവർത്തിയുടെ തുടക്കം മുതൽ അവസാനം വരെ ഒരൊറ്റ വ്യക്തി തന്നെ, മറ്റൊരു വ്യക്തിയുടെയും ഉൾപ്പെടൽ ഇല്ലാതെ, കാര്യങ്ങൾ നടത്തുന്നത് തടയാനും ഇത് ഉപകരിക്കുന്നു.

തെറ്റുകളുടെയും, തട്ടിപ്പുകളുടെയും അപകടസാദ്ധ്യത കുറക്കുമെന്നതിനാൽ ചുമതലകളുടെ വിഭജനം ഒരു അടിസ്ഥാന നിയന്ത്രണ ആവശ്യകതയാണ്. ഇത് ജോലിയുടെ നിർവചനത്തിലൂടെയും അതിന്റെ അനുപാലനത്തിലൂടെയും കൈവരിക്കാവുന്നതാണ്.

യുഎൽബികളുടെ റവന്യൂ വിഭാഗത്തിലെ ചുമതലകൾ ഇപ്രകാരമാണ് വിഭജിച്ചിരിക്കുന്നത്.

- സഞ്ചയയിൽ ഡാറ്റാ എൻട്രി റവന്യൂ സെക്ഷൻ ക്ലാർക്കുമാർ (ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ) നടത്തുന്നു
- ഡാറ്റാ എൻട്രിയുടെ പരിശോധന സൂപ്രണ്ട് നടത്തുന്നു.
- എൻട്രിക്ക് റവന്യൂ ഓഫീസർ അംഗീകാരം നൽകുന്നു.

വ്യക്തമായി നിർവ്വചിക്കപ്പെട്ട ജോലിയുടെ സ്വഭാവസവിശേഷതകളും ചുമതലകളുടെ വേർതിരിക്കലും സഞ്ചയയിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനായി സഞ്ചയയിലെ ഇടപാടുകളുടെ വിവരങ്ങളും യൂസർ ടേബിളുകളും ഓഡിറ്റ് വിശകലനം ചെയ്യുകയുണ്ടായി. തിരഞ്ഞെടുത്ത യുഎൽബികളിലെ 3.10 ലക്ഷം ഫയൽ പ്രോസസ്സിങ്ങ് പ്രവർത്തനങ്ങൾ[57] വിശകലനം ചെയ്തപ്പോൾ ഓഡിറ്റ് കണ്ടത്;

- 1,211 കേസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററും, പരിശോധകനും ഒന്നു തന്നെയായിരുന്നു
- 203 കേസുകളിൽ പരിശോധകനും അംഗീകാരം നൽകുന്നയാളും ഒന്നു തന്നെയായിരുന്നു
- 337 കേസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററും അംഗീകാരം നൽകുന്നയാളും ഒന്നു തന്നെയായിരുന്നു.

ചുമതലകൾ വേർതിരിച്ചുനൽകുന്നതിന്റെ പ്രയോജനം മറികടന്നു എന്നതിന് ഇത് തെളിവാണ്, അതുവഴി ഡാറ്റയുടെ തട്ടിപ്പിനും കൃത്രിമത്തിനും ഇടയാക്കുന്നു. ഡാറ്റാ എൻട്രി, പരിശോധന, അംഗീകാരം നൽകൽ എന്നിവ വ്യത്യസ്ത ആളുകൾ നിറവേറ്റുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ സഞ്ചയയിലെ കൺട്രോളുകൾ പരാജയപ്പെട്ടിരുന്നു. ഇതിനു പുറമെ, പ്രോസസ്സിങ്ങ് പ്രവർത്തനങ്ങൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ, അതായത് ഡാറ്റാ എൻട്രി ഓപ്പറേറ്ററും പരിശോധകനും തമ്മിലും പരിശോധകനും അംഗീകാരം നൽകുന്ന ആളും തമ്മിലും സെക്കൻഡുകൾക്കുള്ളിൽ, പൂർത്തിയാക്കിയിരുന്നു എന്ന് കാണപ്പെട്ടു. ഭൂരിപക്ഷം കേസുകളിലും കണ്ട കാലതാമസം വച്ചു നോക്കുമ്പോൾ ഇത് അസാധാരണമാണ് (**അനുബന്ധം 3.12**).

സിസ്റ്റത്തിന്റെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുന്നതിനും കൃത്രിമ ഇടപാടുകൾക്ക് സഹായകരമാകുന്ന രീതിയിലും ലോഗിൻ രഹസ്യങ്ങൾ വിവിധ തലങ്ങളിൽ ഉള്ള യൂസർമാർ തമ്മിൽ പങ്കുവച്ചിരുന്നു എന്നത് ഇനിപ്പറയുന്ന ഉദാഹരണങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു.

- വസ്തു നികുതിയുടെ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനായി ഓൺലൈൻ സഞ്ചയ പോർട്ടലിൽ ഡാറ്റാ എൻട്രിക്കായി ഹ്യൂമൻ റിസോർസ് എംപ്ലോയ്മെന്റ് ഡെവലപ്പ്മെന്റ് സെന്ററിനെ (എച്ച്ആർഇഡിസി) തിരുവനന്തപുരം കോർപ്പറേഷൻ നിയോഗിച്ചു (2013 സെപ്റ്റംബർ). എച്ച്ആർഇഡിസി എന്റർ ചെയ്യുന്ന ഡാറ്റാ, റവന്യൂ ഇൻസ്പെക്ടർമാരും റവന്യൂ ഓഫീസറും അവർക്ക് അനുവദിച്ച ലോഗിൻ ഐഡിയും പാസ്‌വേർഡും മുഖാന്തരം യഥാക്രമം പരിശോധിക്കുകയും അംഗീകാരം നൽകേണ്ടതുമാണ്. എന്നാൽ, ഡാറ്റാ എൻട്രിയ്ക്ക് ഏൽപ്പിച്ചിരുന്ന അതേ ഏജൻസിയായ എച്ച്ആർഇഡിസി തന്നെയായിരുന്നു 3,11,924 എണ്ണം ഡാറ്റാ എന്റർ ചെയ്തതും, പരിശോധിച്ചതും, അംഗീകാരം നൽകിയതും. റവന്യൂ ഇൻസ്പെക്ടർമാർ ഡാറ്റാ പരിശോധിച്ചിരുന്നില്ല എന്ന വസ്തുത ഓഡിറ്റ് പരിശോധനയിൽ സ്ഥിരീകരിച്ചു. റവന്യൂ ഇൻസ്പെക്ടർമാരുടെയും റവന്യൂ ഓഫീസർമാരുടെയും ലോഗിൻ ഐഡിയും പാസ്‌വേർഡുകളും പങ്കുവച്ചതു കാരണം, ഡാറ്റാ എൻട്രിയുടെ പരിശോധനയും അംഗീകാരം നൽകലും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ സ്വയം നടത്തി.
- നാലു കേസുകളിൽ നഗരാസൂത്രണ സെക്ഷനിൽ നിന്നും സാധുവായ കെട്ടിടപെർമിറ്റ്/ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ ആയിരുന്നു കെട്ടിട

---

[57] അഡ്രസ്സ് മാറ്റം, പൊളിച്ചു കളയൽ, ഒഴിവാക്കൽ, പുതിയകെട്ടിങ്ങളുടെ നികുതി നിർണ്ണയം, നികുതി പരിഷ്കരണം, ഒഴിവു നൽകൽ തുടങ്ങിയ പ്രവർത്തികളിൽ നിന്നുണ്ടാകുന്ന ഇടപാടുകൾ

നമ്പറുകൾ നൽകിയത് എന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഐകെഎം-നെ അറിയിച്ചു. 2022 ജൂൺ 22-നും 2022 ജൂലൈ 03-നും നടന്ന ഇടപാടുകളുടെ എക്സ്ട്രാക്റ്റ് ഐകെഎം എടുത്തു കോർപ്പറേഷനു നൽകിയത് വെളിവാക്കുന്നത് ഡാറ്റാ എൻട്രിയും, പരിശോധനയും, അംഗീകാരം നൽകലും നടന്നത് വളരെ ചെറിയ ഇടവേളകളിൽ ആയിരുന്നു എന്നാണ്. ഉന്നത ഉദ്യോഗസ്ഥരുടെ ലോഗിൻ ഐഡിയും പാസ്‌വേർഡും ദുരുപയോഗം ചെയ്ത് ഒരൊറ്റ വ്യക്തി തന്നെയാണ് മൂന്നു പ്രക്രിയകളും നടത്തിയതെന്ന വസ്തുത ഇത് സ്ഥാപിക്കുന്നു.

സഞ്ചയ ലോഗിൻ ഐഡിയും പാസ്‌വേർഡും ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് തിരുവനന്തപുരം കോർപ്പറേഷൻ പിരിച്ചു വിട്ടു എന്ന് സർക്കാർ മറുപടി നൽകി (2023 ഏപ്രിൽ). ഇതിനു പുറമെ, ലോഗിൻ ഐഡിയുടെയും പാസ്‌വേർഡിന്റെയും സുരക്ഷ ഉറപ്പാക്കാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ടെന്നും അറിയിച്ചു.

### 3.11.8 ഉപയോക്താക്കൾക്ക് നൽകിയ പ്രത്യേക അവകാശങ്ങളിൽ നിയന്ത്രണം ഇല്ലാത്തത്

സഞ്ചയ സോഫ്റ്റ്‌വെയർ തുടക്കത്തിൽ നടപ്പിലാക്കിയത് ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിലും പിന്നീട് യുഎൽബികളിലുമായിരുന്നു. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വളരെയധികം നികുതിദായകർ ഉള്ള സോണൽ ഓഫീസുകളുണ്ട്, ഇവ മിക്കവാറും പ്രവർത്തിക്കുന്നത് സ്വതന്ത്ര തദ്ദേശസ്ഥാപനങ്ങൾ പോലെയാണ്. ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനകം ഉപയോഗത്തിലുള്ള സംവിധാനം യുഎൽബികളിൽ സ്വീകരിച്ച് നടപ്പിലാക്കിയപ്പോൾ സഞ്ചയയിൽ ആക്സസ് കൺട്രോൾ ന്യൂനതകൾ കടന്നുകൂടി. പരിശോധകന്റെയോ അംഗീകാരം നൽകുന്ന ആളിന്റെയോ ലോഗിൻ വഴിയുള്ള യൂസർ ആക്സസ് അവർ ഇപ്പോൾ ജോലി ചെയ്യുന്ന സോണൽ ഓഫീസുമായി പരിമിതപ്പെടുത്തിയിരുന്നില്ല. ഈ കൺട്രോളിന്റെ അഭാവത്തിൽ ഒരു സോണൽ ഓഫീസിൽ പ്രവർത്തിക്കുന്ന യൂസർക്ക് മനഃപൂർവ്വമായോ/അറിയാതെയോ മറ്റൊരു സോണൽ ഓഫീസിനെ സംബന്ധിക്കുന്ന ഡാറ്റാ മാറ്റം വരുത്തുവാനോ/പരിശോധിക്കുവാനോ സാധിക്കുമായിരുന്നു.

റവന്യൂ ഓഫീസറുടെ യൂസർ ഐഡിയും പാസ്‌വേർഡും ദുരുപയോഗം ചെയ്ത് അനധികൃത നിർമ്മാണങ്ങൾക്ക് നമ്പറുകൾ നൽകുന്ന സംഭവങ്ങൾ കോഴിക്കോട് കോർപ്പറേഷൻ കണ്ടെത്തി. സോണൽ ഓഫീസുകളിൽ ജോലി ചെയ്തിരുന്ന റവന്യൂ ഓഫീസർമാരുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് കോർപ്പറേഷൻ മെയിൻ ഓഫീസിന്റെ കീഴിൽ വരുന്ന വാർഡുകളിലെ 1,476 കെട്ടിടങ്ങൾക്ക് നിയമവിരുദ്ധമായി അംഗീകാരം നൽകി എന്ന് കണ്ടു. ഇതിനുപുറമെ, മെയിൻ ഓഫീസിൽ ജോലി ചെയ്തിരുന്ന റവന്യൂ ഓഫീസർമാരുടെ ഡിജിറ്റൽ ഒപ്പുകൾ ഉപയോഗിച്ച് സോണൽ ഓഫീസുകളുടെ കീഴിൽ വരുന്ന വാർഡുകളിലെ 1,432 കെട്ടിടങ്ങൾക്ക് നിയമവിരുദ്ധമായി അംഗീകാരം നൽകി എന്നും കണ്ടെത്തി.

ഒരു സോണൽ ഓഫീസിൽ ജോലി ചെയ്യുന്ന യൂസർമാർക്ക് പ്രസ്തുത സോണൽ ഓഫീസിന്റെ ഡാറ്റാ മാത്രമെ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ എന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ കോൺഫിഗർ ചെയ്തിരിക്കുന്നതെന്ന് ഇൻഫർമേഷൻ കേരള മിഷൻ മറുപടിയായി പറഞ്ഞു (2023 മാർച്ച്). വ്യത്യസ്ത സോണൽ/മെയിൻ ഓഫീസുകളെ സംബന്ധിക്കുന്ന ഫയൽ പ്രോസസ്സുകളിൽ യൂസർമാർ ഒരു ദിവസത്തിനുള്ളിൽ തന്നെ ഒരൊറ്റ യൂസർഐഡി ഉപയോഗിച്ച് 673 കേസുകളിൽ പരിശോധനയും 1,254 കേസുകളിൽ അംഗീകാരവും നൽകിയിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തിയിരുന്നതിനാൽ മറുപടി വസ്തുതാപരമായി ശരിയല്ല. സഞ്ചയയുടെ ഫ്രണ്ട് എൻഡ് ഓഡിറ്റ് പരിശോധിക്കുകയും, ഒരൊറ്റ യൂസർ ഐഡിയുടെ ലോഗിനിലൂടെ മറ്റുള്ള സോണൽ/മെയിൻ ഓഫീസുകളുടെ കീഴിൽ വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ

പരിശോധിക്കാനും അംഗീകരിക്കാനും ചെയ്യാവുന്നതാണ് എന്ന് നിരീക്ഷിച്ചത് വഴി ഓഡിറ്റ് ഇക്കാര്യം വീണ്ടും സ്ഥിരീകരിച്ചു.

ഓഡിറ്റിന്റെ നിരീക്ഷണത്തിന് സർക്കാർ മറുപടി നൽകിയിട്ടില്ല (2023 ഡിസംബർ).

***ശിപാർശകൾ:***

***ജനപ്രതിനിധികൾക്കും, ഭരണകർത്താക്കൾക്കും വസ്തു നികുതി പിരിവിലെ കാര്യക്ഷമത ഫലപ്രദമായി മേൽനിരീക്ഷിക്കുന്നതിന് സഹായകമാവുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റമോ മറ്റ് സോഫ്റ്റ്‌വെയർ സൊല്യൂഷനുകളോ സർക്കാർ ഏർപ്പെടുത്തേണ്ടതാണ്.***

***പാസ്‌വേർഡ് നയം നിർവ്വചിച്ചും നടപ്പിലാക്കിയും ഡാറ്റാ സുരക്ഷ സർക്കാർ ഉറപ്പാക്കേണ്ടതാണ്. ചുമതലകളുടെ വേർതിരിക്കൽ മറികടക്കുന്നതു മൂലമുണ്ടാകുന്ന തിരിമറിയും ഡാറ്റായുടെ കൃത്രിമത്വവും സംഭവിക്കാതിരിക്കാനുള്ള നടപടി എടുക്കേണ്ടതാണ്.***

## 3.12 നിഗമനം

വസ്തുക്കളുടെ ക്രമമായ കണക്കെടുപ്പ് നിർബന്ധമാക്കുന്ന വ്യക്തമായ വ്യവസ്ഥകൾ ഒന്നും മുനിസിപ്പൽ നിയമം/ചട്ടങ്ങളിൽ ഇല്ലായിരുന്നു, തന്മൂലം വസ്തു നികുതി നിർണ്ണയിക്കപ്പെടേണ്ട മുഴുവൻ കെട്ടിടങ്ങളുടെയും പട്ടിക യുഎൽബികളുടെ കൈവശം ഇല്ലായിരുന്നു. ഡാറ്റാബേസിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുവാനുള്ള ക്രമാതീതമായ കാലതാമസം കാരണം സാങ്കേതിക വിദ്യയിൽ ഉണ്ടായ മുന്നേറ്റങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ യുഎൽബികൾക്ക് കഴിഞ്ഞില്ല. നിരവധി യുഎൽബികൾ കേരളസർക്കാർ/ബിഎസ്എൻഎൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കാത്തത് ₹3.26 കോടിയുടെ നഷ്ടത്തിനിടയാക്കി. ₹50.13 ലക്ഷം വരുന്ന സർവീസ് ചാർജ്ജ് ഭാരതസർക്കാർ കെട്ടിടങ്ങളിൽ നിന്ന് ഈടാക്കിയില്ല. സേവനങ്ങൾ നൽകുന്നതിനാൽ, സേവനഉപനികുതി പിരിക്കുവാൻ യുഎൽബികൾക്ക് അർഹതയുണ്ടെങ്കിലും, ചില യുഎൽബികൾ തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്തിയില്ല, ഇത് ₹84.40 കോടിയുടെ നഷ്ടമുണ്ടാക്കി. ₹10.20 കോടിയുടെ വസ്തു നികുതി നിർണ്ണയിക്കാത്തതും ₹38.27 കോടിയുടെ വസ്തു നികുതി കുറച്ച് നിർണ്ണയിച്ചതും ശ്രദ്ധയിൽപ്പെട്ടു. പരിശോധന നടത്തിയ യുഎൽബികളിൽ ഗണ്യമായ വസ്തു നികുതി പിരിക്കുവാൻ അവശേഷിച്ചിരുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വസ്തു നികുതി ഡിമാൻഡിന്റെ യഥാക്രമം ശരാശരി 43 ശതമാനവും 69 ശതമാനവും മാത്രമാണ് ശേഖരിച്ചിരുന്നത്. വസ്തു നികുതി കുടിശ്ശിക വർഷാവർഷം കുമിഞ്ഞു കൂടിയിരുന്നെങ്കിലും റവന്യൂ റിക്കവറി നടപടി ക്രമങ്ങൾ വളരെ നാമമാത്രമായ കേസുകളിൽ മാത്രമെ ആരംഭിച്ചിരുന്നുള്ളൂ. വീഴ്ച വരുത്തിയവർക്ക് കേരളസർക്കാർ പിഴപലിശ ഒഴിവാക്കിയത് പരിശോധന നടത്തിയ 14 യുഎൽബികളിൽ ₹117.25 കോടിയുടെ നഷ്ടത്തിന് ഇടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി യുഎൽബികളിലെ അക്കൗണ്ടന്റ് പോസ്റ്റിന്റെ അഭാവം തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ പണം തിരിമറിയിലേക്ക് നയിക്കുന്ന ആഭ്യന്തര നിയന്ത്രണ വീഴ്ചകൾക്ക് ഇടവരുത്തിയിരിക്കാം. വസ്തു നികുതി നിരക്കുകൾ സമയോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും യുഎൽബികളുടെയും ഭാഗത്തുള്ള വീഴ്ച/കാലതാമസം ₹75.84 കോടിയുടെ നഷ്ടത്തിനു കാരണമായി. അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിൽ യുഎൽബികളുടെ ഭാഗത്ത് വീഴ്ചയുണ്ടായത് ₹4.87 കോടിയുടെ നഷ്ടത്തിന് ഇടയാക്കി. സഞ്ചയ സോഫ്റ്റ്‌വെയർ സംവിധാനത്തിലെ വീഴ്ചകൾ, യുഎൽബികളിലെ റവന്യൂ, നഗരാസൂത്രണ വിഭാഗങ്ങൾ തമ്മിലുള്ള സമന്വയത്തിന്റെ വീഴ്ചകൾ തുടങ്ങിയ ശ്രദ്ധയിൽപ്പെട്ടു, ഇത് കാര്യക്ഷമമായ മേൽനിരീക്ഷണത്തെ പ്രതികൂലമായി ബാധിച്ചു.

# അദ്ധ്യായം IV

## ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ നിർവ്വഹണം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

## അദ്ധ്യായം IV

# ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ നിർവ്വഹണം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

## 4.1 ആമുഖം

ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15-നും 35-നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതിയുവാക്കളുടെ നൈപുണ്യ വികസനവും അതുവഴി അവർക്ക് സ്ഥിരമായ പ്രതിമാസ വേതനം ലഭിക്കുന്ന ജോലികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, ഭാരത സർക്കാരിന്റെ (ജിഓഐ) ഗ്രാമീണ വികസന മന്ത്രാലയം (എംഒആർഡി) യുവജന തൊഴിൽ പരിശീലന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ) അവതരിപ്പിച്ചു (2014 സെപ്റ്റംബർ). പദ്ധതിച്ചെലവിന്റെ 60 ശതമാനം ഭാരത സർക്കാർ നൽകുന്നു, ബാക്കി 40 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

## 4.2 പദ്ധതി നിർവ്വഹണ പ്രക്രിയ

പദ്ധതിയുടെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രക്രിയകൾ ചിത്രം 4.1-ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 4.1 : ഡിഡിയു-ജികെവൈ പദ്ധതിയുടെ നിർവ്വഹണ പ്രക്രിയ**




മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യം (എസ്ആർഎൽഎം) ആയ കുടുംബശ്രീയെ സംസ്ഥാനത്ത് ഡിഡിയു-ജികെവൈയ്ക്ക് സഹ-ഫണ്ടിംഗിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുന്നതിനും പ്രധാന

പങ്ക് വഹിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളെ (പിഐഎ)[58] അവർ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നിയമന ബന്ധിത നൈപുണ്യവികസന കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി തിരഞ്ഞെടുക്കേണ്ടത് കുടുംബശ്രീ ആണ്. നൽകേണ്ട നൈപുണ്യങ്ങൾ തിരഞ്ഞെടുക്കേണ്ടത് ദേശീയ നൈപുണ്യ വികസന കൗൺസിലിന്റെ (എൻഎസ്ഡിസി) കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗോ (എൻസിവിടി) സെക്ടർ സ്കിൽസ് കൗൺസിലോ (എസ്എസ്സി) അംഗീകരിച്ച നൈപുണ്യങ്ങളുടെ പട്ടികയിൽ നിന്നാണ്. കുടുംബശ്രീയുടെ പ്രാഥമിക പരിശോധനയ്ക്കും ക്വാളിറ്റേറ്റിവ് അപ്രൈസലിനും ശേഷം, പദ്ധതികൾക്ക് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി[59] അംഗീകാരം നൽകുന്നു. ജോലി ലഭിച്ച ഉദ്യോഗാർത്ഥികളുടെ നിയമനം, സാമ്പിൾ ചെക്ക് അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടത് പിഐഎകളുടെ ക്വാളിറ്റി ടീം, കുടുംബശ്രീ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആൻഡ് പഞ്ചായത്തി രാജ് (എൻഐആർഡിപിആർ), ഹൈദരാബാദ് എന്നീ ഏജൻസികളാണ്. മേൽപ്പറഞ്ഞ മൂന്ന് ഏജൻസികൾ പരിശോധിച്ച ഉദ്യോഗാർത്ഥികളുടെ വിജയനിരക്ക് അടിസ്ഥാനമാക്കിയാണ് പിഐഎകൾക്കുള്ള പദ്ധതിച്ചെലവ് നൽകുന്നത്. നിയമനത്തിന്റെ വിജയനിരക്ക് 70 ശതമാനത്തിനു മുകളിലാണെങ്കിൽ മുഴുവൻ തുകയും, 50-ശതമാനത്തിനും 70-ശതമാനത്തിനും ഇടയിലാണെങ്കിൽ ആനുപാതികമായ തുകയും പദ്ധതി ചെലവായി നൽകേണ്ടതുണ്ട്. വിജയനിരക്ക് 50 ശതമാനത്തിൽ താഴെയാണെങ്കിൽ, ആനുപാതികമായ തുക അനുവദിക്കുകയും പദ്ധതി ഉടൻ അവസാനിപ്പിക്കുകയും ചെയ്യണം. ഒന്നോ അതിലധികമോ തൊഴിലുടമകളുമായി ചുരുങ്ങിയത് മൂന്ന് മാസത്തേയ്ക്കുള്ള തുടർച്ചയായ ജോലിയാണ്, മേൽപ്പറഞ്ഞ നിയമനം എന്നത് നിർവചിച്ചിരിക്കുന്നത്. അതിന്റെ തെളിവ് ഒന്നുകിൽ സാലറി സ്ലിപ്പിന്റെ രൂപത്തിലോ, തൊഴിലുടമ നൽകിയ ശമ്പളത്തെ സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റോ, വ്യക്തിക്ക് ലഭിച്ച ശമ്പളം സൂചിപ്പിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളോ ആകാം.

പിഐഎകൾക്കുള്ള പദ്ധതിച്ചെലവ് മൊത്തം പദ്ധതിച്ചെലവിന്റെ 25:50:15:10 എന്ന അനുപാതത്തിൽ നാല് ഗഡുക്കളായി നൽകണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. അത് പിന്നീട് നാല് തുല്യ ഗഡുക്കളായി പരിഷ്ക്കരിച്ചു (2019)[60]. 2016-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ/എസ്ഒപി പ്രകാരം, പദ്ധതിയ്ക്ക് അനുമതി നൽകി ധാരണാപത്രം ഒപ്പു വയ്ക്കുമ്പോൾ ആദ്യഗഡുവും, ആദ്യ ഗഡുവിന്റെ 60 ശതമാനം വിനിയോഗിക്കുകയും, ഏഴ് ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയത്തിനോടൊപ്പം 10 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും നേടിയതിനു ശേഷമാണ് രണ്ടാം ഗഡു റിലീസ് ചെയ്യേണ്ടത്. ഒന്നും രണ്ടും ഗഡുക്കളുടെ 90 ശതമാനം വിനിയോഗിക്കുകയും 47.25 ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയത്തിനോടൊപ്പം 67.50 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും നേടിയതിനു ശേഷം മൂന്നാം ഗഡു ആവശ്യപ്പെടാവുന്നതാണ്. അവസാന ഗഡുവിന്, 100 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും 70 ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയവും ക്ലോഷർ ഡോക്യുമെന്റ് സമർപ്പണവും ആവശ്യമാണ്.

---

[58] നൈപുണ്യ പരിശീലനത്തിലൂടെയും നിയമനങ്ങളിലൂടെയും പദ്ധതികൾ നടപ്പിലാക്കാൻ അടിസ്ഥാന സൗകര്യങ്ങളുള്ള ഏജൻസികളാണ് പിഐഎകൾ

[59] തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി.

[60] 2019-ൽ പരിഷ്ക്കരിച്ചതു പ്രകാരം ആദ്യ ഗഡുവിന്റെ 60 ശതമാനം വിനിയോഗിക്കുകയും, ഏഴ് ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയത്തിനോടൊപ്പം 20 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും നേടിയതിനു ശേഷം രണ്ടാം ഗഡു ആവശ്യപ്പെടാവുന്നതാണ്. ഒന്നും രണ്ടും ഗഡുക്കളുടെ 90 ശതമാനം വിനിയോഗിക്കുകയും 25 ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയത്തിനോടൊപ്പം 60 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും നേടിയതിനു ശേഷം മൂന്നാം ഗഡു ആവശ്യപ്പെടാവുന്നതാണ്. അവസാന ഗഡുവിന്, 100 ശതമാനം പരിശീലന ലക്ഷ്യം പൂർത്തീകരണവും 70 ശതമാനം പരിശോധിച്ചുറപ്പിച്ച നിയമനത്തിന്റെ മൂല്യനിർണ്ണയവും ക്ലോഷർ ഡോക്യുമെന്റ് സമർപ്പണവും ആവശ്യമാണ്

## 4.3 ഓഡിറ്റിന്റെ ലക്ഷ്യങ്ങളും വ്യാപ്തിയും

2014 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ഡിഡിയു-ജികെവൈയുടെ കീഴിൽ 218 പ്രോജക്ടുകൾ നടപ്പിലാക്കാൻ കുടുംബശ്രീ 164 പിഐഎകളെ ഏർപ്പെടുത്തി. പദ്ധതി നടത്തിപ്പിനായി ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കുടുംബശ്രീ പാലിച്ചിട്ടുണ്ടോ എന്നതും പിഐഎകൾ സമർപ്പിച്ചതും കുടുംബശ്രീ അംഗീകരിച്ചതുമായ ക്ലെയിമുകളുടെ കൃത്യതയും വിലയിരുത്തുന്നതിനായി 2022 ഫെബ്രുവരി മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പദ്ധതിയുടെ ഒരു ഓഡിറ്റ് നടത്തി.

പല പ്രോജക്റ്റ് പ്രൊപ്പോസലുകളും നിർദ്ദിഷ്ട വെബ് പോർട്ടൽ (erp.ddugky.info)[61] വഴി സമർപ്പിക്കുകയും ഈ പോർട്ടൽ 2022 ജനുവരി മുതൽ ബ്ലോക്കായി കിടക്കുന്നതും കാരണം പിഐഎകൾ സമർപ്പിച്ച എല്ലാ പ്രോജക്റ്റ് പ്രൊപ്പോസലുകളുടെയും സൂക്ഷ്മപരിശോധന നടത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ, ഓഡിറ്റിന് 145 പദ്ധതികളുടെ (218 പദ്ധതികളിൽ) പ്രോജക്റ്റ് പ്രൊപ്പോസലുകളുടെ സംഗ്രഹവും 33 പ്രോജക്ടുകളുടെ ക്വാളിറ്റേറ്റിവ് അപ്രൈസൽ റിപ്പോർട്ടുകളും മാത്രമേ പരിശോധിക്കാൻ കഴിഞ്ഞുള്ളൂ. മൊത്തം ₹144.01 കോടി പദ്ധതി ചെലവോടെ (ഇതിൽ ₹89.39 കോടി ഒന്നാം/രണ്ടാം/മൂന്നാം ഗഡു എന്ന നിലയിൽ പിഐഎകൾക്ക് അനുവദിച്ചു) അഞ്ച് ജില്ലകളിലായി[62] നടപ്പിലാക്കിയ 26 പ്രോജക്ടുകളിലെ (ആകെ 218-ൽ) 1,479 ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിന്റെയും നിയമനത്തിന്റെയും രേഖകളുടെ വിശദമായ പരിശോധന ഓഡിറ്റ് നടത്തി.

## 4.4 ഫണ്ടുകളുടെ വരവും വിനിയോഗവും

കുടുംബശ്രീ സമർപ്പിച്ച കർമ്മപദ്ധതിയുടെയും ഗ്രാമീണവികസന മന്ത്രാലയം നിശ്ചയിച്ച ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചത്. 2014-2022 വരെയുള്ള എട്ട് വർഷ കാലയളവിൽ കുടുംബശ്രീക്ക് ₹632.26 കോടി (കേന്ദ്ര/സംസ്ഥാന വിഹിതം) പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ചു. അതിൽ 2022 മാർച്ച് വരെ ₹380.05 കോടി (60.11 ശതമാനം) വിനിയോഗിച്ചു. വിനിയോഗിച്ച തുകയിൽ, ₹360.26 കോടി ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിനും നിയമനത്തിനുമായി പിഐഎകൾക്ക് അനുവദിച്ചു.

**പട്ടിക 4.1 : ഫണ്ടുകളുടെ വരവും വിനിയോഗവും**

***(₹ കോടിയിൽ)***

| വർഷം | മുൻവർഷത്തെ നീക്കിയിരിപ്പ് | വരവ് | | പലിശയും മറ്റ് വരവുകളും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | | | |
| 2014-15 | 0 | 45.34 | 15.11 | 0.51 | 28.69 | 32.27 |
| 2015-16 | 32.27 | 0 | 0 | 1.23 | 6.92 | 26.59 |
| 2016-17 | 26.59 | 1.39 | 0.93 | 1.31 | 27.42 | 2.79 |
| 2017-18 | 2.79 | 79.45 | 52.97 | 18.08 | 66.01 | 87.27 |
| 2018-19 | 87.27 | 50.15 | 33.43 | 3.34 | 94.65 | 79.54 |
| 2019-20 | 79.54 | 24.14 | 0 | 3.26 | 70.16 | 36.78 |
| 2020-21 | 36.78 | 187.95 | 141.4 | 2.01 | 75.89 | 292.26 |
| 2021-22 | 292.26 | 0 | 0 | 0.44 | 10.31 | 282.39 |
| ആകെ | | 388.42 | 243.84 | 30.18 | 380.05 | |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ)*

എല്ലാ വർഷാവസാനത്തിലും ഗണ്യമായ തുക ചെലവഴിക്കാതെ തുടരുന്നതായി മുകളിലെ പട്ടിക കാണിക്കുന്നു (2016-17 കാലയളവിൽ ഒഴികെ, അത് 2015-16 കാലയളവിൽ ഫണ്ട്

[61] പദ്ധതി നടപ്പിലാക്കുന്നതിനായി ഭാരതസർക്കാർ രൂപകല്പന ചെയ്തത്

[62] തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ

ലഭിക്കാത്തതിനാലാണ്). അവസാന രണ്ടു വർഷങ്ങളിൽ വിനിയോഗിക്കാത്ത ഫണ്ട് ₹280 കോടി കവിഞ്ഞു. 2020-21-ൽ ഗണ്യമായ തുക അനുവദിച്ചതിന് ശേഷം ഗ്രാമീണ വികസന മന്ത്രാലയം പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ലെന്നതും, മൂന്നാമത്തെയും നാലാമത്തെയും ഗഡുക്കൾ ലഭിക്കുന്നതിന് പിഐഎകൾ അവകാശം ഉന്നയിക്കാത്തതും വലിയ നീക്കിയിരുപ്പിന് കാരണമായി ഉണ്ടായതായി കുടുംബശ്രീ അറിയിച്ചു. പലിശയായി ലഭിച്ച ₹7.53 കോടിയിൽ ₹7.08 കോടി സർക്കാരിന്റെ അക്കൗണ്ടുകളിലേക്ക് തിരികെ നൽകിയതിനാൽ 2020-21 ൽ വലിയ തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും, 2021-22ലെ അറ്റ പലിശ വരവ് ₹44.44 ലക്ഷം മാത്രമായിരുന്നു.

## 4.5 ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിലും നിയമനത്തിലും ഉണ്ടായ കുറവ്

കുടുംബശ്രീയുടെ വാർഷിക കർമ്മ പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014-22 കാലയളവിൽ 1,17,247 ഉദ്യോഗാർത്ഥികളുടെ പരിശീലനവും നിയമനവും ലക്ഷ്യം ആയി ഗ്രാമീണ വികസന മന്ത്രാലയം നിശ്ചയിച്ചു. 2022 മാർച്ച് വരെ 61,459 ഉദ്യോഗാർത്ഥികളെ[63] പരിശീലിപ്പിക്കുകയും 35,741 ഉദ്യോഗാർത്ഥികളെ കുറഞ്ഞത് മൂന്ന് മാസത്തേക്ക് നിയമിക്കുകയും ചെയ്തതായി കുടുംബശ്രീ അവകാശപ്പെട്ടു.

**പട്ടിക 4.2 : ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും**

| വർഷം | ലക്ഷ്യം | നേട്ടം | | നേട്ടത്തിന്റെ ശതമാനം | |
|---|---|---|---|---|---|
| | | പരിശീലനം | നിയമനം | പരിശീലനം | നിയമനം |
| 2014-19 | 71200 | 39876 | 21277 | 56 | 30 |
| 2019-22 | 46047 | 21583 | 14464 | 47 | 31 |
| ആകെ | **117247** | **61459** | **35741** | **52** | **30** |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ)*

മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 3.2.2.3 പ്രകാരം, പദ്ധതികൾ നടപ്പിലാക്കുമ്പോൾ, പരിശീലനം ലഭിച്ച 70 ശതമാനം ഉദ്യോഗാർത്ഥികൾക്കും കുടുംബശ്രീ നിയമനം ഉറപ്പാക്കണമായിരുന്നു. മുകളിലുള്ള പട്ടിക കാണിക്കുന്നത് എന്തെന്നാൽ, 1,17,247 എന്ന ലക്ഷ്യത്തിൽ 82,073 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകേണ്ടിയിരുന്നെങ്കിലും ലക്ഷ്യത്തിന്റെ 30 ശതമാനം[64] മാത്രമേ കൈവരിക്കാനായുള്ളൂവെന്നാണ്.

## 4.6 പിഐഎകളെ തിരഞ്ഞെടുക്കുന്നതിലും പദ്ധതികൾ നൽകുന്നതിലും ഉണ്ടായ ക്രമക്കേടുകൾ

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇന്ത്യൻ ട്രസ്റ്റ് നിയമങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും സ്റ്റേറ്റ് സൊസൈറ്റി രജിസ്ട്രേഷൻ നിയമം അല്ലെങ്കിൽ ഏതെങ്കിലും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ അല്ലെങ്കിൽ മൾട്ടി-സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് നിയമം അല്ലെങ്കിൽ 2013ലെ കമ്പനി നിയമം, അല്ലെങ്കിൽ 2008ലെ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിന് അല്ലെങ്കിൽ സംസ്ഥാന തലത്തിലും ദേശീയതലത്തിലും ഒരു സർക്കാരിന്റെയോ അർദ്ധസർക്കാർ സ്ഥാപനത്തിന്റെയോ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന് പദ്ധതിക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്. യോഗ്യതാ വ്യവസ്ഥകളിൽ മൂന്ന് വർഷത്തെ പരിചയം, കഴിഞ്ഞ മൂന്ന് വർഷത്തിനിടെ രണ്ട് വർഷത്തിൽ നെഗറ്റീവ് ആസ്തി ഇല്ലാത്തത് തുടങ്ങിയവയും ഉൾപ്പെടുന്നു. കൂടാതെ, പദ്ധതിയുടെ വലിപ്പവും കാലയളവും നിർണ്ണയിക്കുന്നതിന്, മുൻകാല നിയമനങ്ങൾ, കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക വിറ്റുവരവ്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശസ്തി, പദ്ധതിയുടെ കീഴിൽ

63 കൗശൽ ഭാരത് പോർട്ടലിൽ ലഭ്യമായ ഡാറ്റാ അപൂർണ്ണമായതിനാൽ എൻറോൾമെന്റ് വിശദാംശങ്ങൾ കണ്ടെത്താനായില്ല.

64 (35,741/1,17,247) x 100

പ്രവർത്തിച്ചതിന്റെ പരിചയം എന്നിവ അടിസ്ഥാനമാക്കി, പിഐഎകളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. പിഐഎക്ക് നൽകാവുന്ന ആകെ പ്രോജക്റ്റ് ചെലവിന്റെ പരിധി കഴിഞ്ഞ മൂന്ന് വർഷത്തെ അതിന്റെ ശരാശരി വാർഷിക വിറ്റുവരവിന്റെ നാല് മടങ്ങായി പരിമിതപ്പെടുത്തണം.

പിഐഎകളെ തിരഞ്ഞെടുക്കുന്നതിലും പദ്ധതികൾ നൽകുന്നതിലും നിഷ്കർഷിച്ച മാർഗനിർദേശങ്ങൾ കുടുംബശ്രീ ലംഘിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എട്ട് പിഐഎകൾക്ക് (നെഗറ്റീവ് ആസ്തി ഉള്ളതും നിലവിൽവന്നതുമുതലുള്ള ഏറ്റവും കുറഞ്ഞ കാലയളവ് പൂർത്തിയാക്കാത്തതും) ₹23.99 കോടി രൂപയുടെ പദ്ധതികളും മൂന്ന് പിഐഎകൾക്ക് ₹12.22 കോടി രൂപയുടെ അധിക പ്രോജക്റ്റുകളും അർഹതയില്ലാതെ അനുവദിച്ചതായി നിരീക്ഷിച്ചു. സാമ്പത്തിക യോഗ്യതയിൽ കവിഞ്ഞ ₹17.94 കോടി രൂപയുടെ അധിക ടാർഗെറ്റുകൾ 22 പിഐഎകൾക്ക് അനുവദിച്ചു.

### 4.6.1 അർഹതയില്ലാത്ത പിഐഎകൾക്ക് ₹23.99 കോടിയുടെ പദ്ധതികളുടെ അനുമതി നൽകിയത്

കുറഞ്ഞ പ്രവർത്തന കാലയളവും കഴിഞ്ഞ മൂന്ന് വർഷത്തെ നെഗറ്റീവ് ആസ്തിയും ഉണ്ടായിരുന്ന പിഐഎകളുടെ അയോഗ്യതയെ അവഗണിച്ച് പിഐഎകൾക്ക് അവ അർഹിക്കാത്ത സാമ്പത്തിക നേട്ടമുണ്ടാക്കുന്ന പദ്ധതികൾക്ക് താഴെ പ്രതിപാദിക്കുന്നത് പോലെ കുടുംബശ്രീ ഉദ്യോഗസ്ഥർ അനുമതി നൽകിയതായി ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി.

#### *4.6.1.1 നിലവിൽവന്നതു മുതലുള്ള കുറഞ്ഞ കാലയളവ് കണക്കിലെടുക്കാതെ പദ്ധതികൾ അനുവദിച്ചത്*

മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 4.7 പ്രകാരം, പിഐഎ ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ പോർട്ടലിൽ അപേക്ഷ സമർപ്പിക്കുമ്പോൾ, സ്കീമിന് കീഴിൽ യോഗ്യത നേടുന്നതിന് പിഐഎ മൂന്ന് വർഷം പൂർത്തിയാക്കിയിരിക്കണം. കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ഡാറ്റയിൽ നിന്നുള്ള രജിസ്ട്രേഷൻ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധിച്ചതിൽ, പദ്ധതിയ്ക്കായി അപേക്ഷിക്കുമ്പോൾ പിഐഎ നൽകിയ രജിസ്ട്രേഷൻ വിശദാംശങ്ങൾ പോർട്ടൽ വിശദാംശങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടെത്തി. **പട്ടിക 4.3**-ൽ കാണുന്നത് പോലെ, നിലവിൽവന്ന തീയതി മുതൽ മൂന്ന് വർഷത്തെ കാലയളവ് പൂർത്തിയാക്കണമെന്ന നിർബന്ധിത നിബന്ധന പാലിക്കാതെ പിഐഎകൾക്ക് പദ്ധതികൾ അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു:

**പട്ടിക 4.3 : പിഐഎ നിലവിൽവന്നതു മുതലുള്ള നിർബന്ധിത കാലയളവ് കണക്കിലെടുക്കാതെ അനുവദിച്ച പദ്ധതികളുടെ വിവരങ്ങൾ**

| ക്രമ നം | പിഐഎയുടെ പേര് | 1956 ലെ കമ്പനി ആക്റ്റിന്റെ കീഴിൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയി രജിസ്റ്റർ ചെയ്ത തീയതി | പദ്ധതിക്കായി അപേക്ഷ സമർപ്പിച്ച തീയതി | പദ്ധതിയ്ക്ക് അനുമതി നൽകിയ തീയതി | പദ്ധതി തുക (₹) |
|---|---|---|---|---|---|
| 1 | റെഡോക്സ് ലബോറട്ടറീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് | 31/12/2013 | 24/02/2015 | 26/02/2015 | 49989848 |
| 2 | ഏസ് സ്കിൽ ഡെവലപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | 02/07/2013 | 26/02/2015 | 26/02/2015 | 16831594 |
| 3 | എഡ്യൂജോബ്സ് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ് | 09/01/2013 | 09/01/2015 | 26/02/2015 | 31569543 |

*(സ്രോതസ്സ്: ഡിഡിയു-ജികെവൈ വെബ്സൈറ്റും കുടുംബശ്രീ സമർപ്പിച്ച രേഖകളും)*

മൂന്ന് പിഐഎകളിൽ, പരിശീലനം ആരംഭിക്കാത്തതിന്റെ പേരിൽ റെഡോക്സ് ലബോറട്ടറീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിനെ കുടുംബശ്രീ കരിമ്പട്ടികയിൽപ്പെടുത്തുകയും

(2016 ഒക്ടോബർ) അവർക്ക് അനുവദിച്ച ₹1.25 കോടി പിന്നീട് വീണ്ടെടുക്കുകയും (2021 ഡിസംബർ) ചെയ്തു. എന്നാലും, പിഴപ്പലിശ ഇനിയും വീണ്ടെടുക്കാൻ ബാക്കിയുണ്ട്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ വികസന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച പെർമനന്റ് രജിസ്ട്രേഷൻ നമ്പർ (പിആർഎൻ)[65] അടിസ്ഥാനമാക്കിയാണ് പിഐഎകൾക്കുള്ള പദ്ധതികൾ നൽകിയിരിക്കുന്നതെന്നു സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഈ പിഐഎകൾക്ക് ഗ്രാമീണ വികസന മന്ത്രാലയത്തിൽ നിന്ന് പിആർഎൻ ലഭിച്ചതിനാൽ തന്നെ പദ്ധതി അനുവദിച്ച സമയത്ത് മൂന്ന് വർഷത്തെ കാലയളവ് പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടില്ല എന്ന് മറുപടിയിൽ സൂചിപ്പിക്കുന്നു.

ഡിഡിയു-ജികെവൈ വെബ് പോർട്ടലിൽ ലഭ്യമായ പിആർഎൻ ഉപയോക്തൃ ഗൈഡ് പ്രകാരം മൂന്ന് വർഷം പഴക്കമുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഡിഡിയു-ജികെവൈയ്ക്ക് കീഴിൽ പ്രോജക്റ്റ് പ്രൊപോസൽ സമർപ്പിക്കാൻ അർഹതയുള്ളൂ എന്നതിനാൽ ഈ മറുപടി നിലനിൽക്കുന്നതല്ല. സ്ഥാപനങ്ങൾക്ക് പിആർഎൻ ന് വേണ്ടി അപേക്ഷ ഫയൽ ചെയ്യാം, പക്ഷേ രജിസ്ട്രേഷൻ തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതിന് മുമ്പ് അവർക്ക് അവരുടെ പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിയില്ല.

### *4.6.1.2 നെഗറ്റീവായ ആസ്തി പരിഗണിക്കാതെ പദ്ധതി അനുവദിച്ചത് – ₹14.15 കോടി*

സ്കീമിന് കീഴിലുള്ള പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന്, കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കുറഞ്ഞത് രണ്ട് വർഷങ്ങളിലെങ്കിലും പിഐഎകൾക്ക് നെഗറ്റീവ് ആസ്തി ഉണ്ടായിരിക്കരുത് എന്നാണ് മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 4.7 പ്രകാരമുള്ള യോഗ്യതാ മാനദണ്ഡം. ഈ യോഗ്യതാ വ്യവസ്ഥ പാലിക്കാത്ത പിഐഎകളുടെ വിവരങ്ങൾ **പട്ടിക 4.4**-ൽ നൽകിയിരിക്കുന്നു.

---

65 ഡിഡിയു-ജികെവൈയുമായി സഹകരിക്കാൻ താൽപ്പര്യമുള്ള ഓരോ പിഐഎയ്ക്കും വേണ്ടി സൃഷ്ടിക്കുന്ന ഒരു തനത് നമ്പറാണ് പിആർഎൻ. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഗ്രാമ വികസന മന്ത്രാലയമാണ് ഇത് നൽകുന്നത്. ഈ സ്കീമിന്റെ കീഴിൽ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന് പിആർഎൻ നിർബന്ധമാണ്.

**പട്ടിക 4.4 : നെഗറ്റീവ് ആസ്തിയുള്ള പിഐഎകൾക്ക് അനുവദിച്ച പദ്ധതികൾ**

*(തുക രൂപയിൽ)*

| പിഐഎയുടെ പേര് | അനുമതി നൽകിയ മാസവും പദ്ധതി തുകയും | വർഷം | പദ്ധതിയുള്ള അപേക്ഷയും ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ടും പ്രകാരമുള്ള ആസ്തി | കമ്പനി രജിസ്ട്രാറുടെ[66] പക്കലുള്ള വിവരങ്ങൾ പ്രകാരമുള്ള ആസ്തി | പരിശീലനത്തിന്റെയും നിയമനത്തിന്റെയും ലക്ഷ്യം | നേട്ടം |
|---|---|---|---|---|---|---|
| ടെലനോവ നെറ്റ്‌വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് | 2018 മാർച്ച് ₹5.51 കോടി[67] | 2014-15 | (-)3691 | (-)3691 | 300<br>419 | 41<br>135 |
| | | 2015-16 | 67571 | (-)20912 | | |
| | | 2016-17 | 3513199 | 1041695 | | |
| ഐടാൻസ് ലേണിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 2018 മേയ് ₹2.45 കോടി | 2014-15 | 1319183 | (-)1319183 | 175 | 15 |
| | | 2015-16 | 228362 | (-)228362 | | |
| | | 2016-17 | 1146778 | (-)1146778 | | |
| സർഗുരു ഷിരിദി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് | 2018 മേയ് ₹1.33 കോടി | 2015-16 | 4859699 | (-)1894105 | 180 | 14 |
| | | 2016-17 | 3788529 | (-)2014067 | | |
| | | 2017-18 | 2246765 | (-)2008555 | | |
| റഫോഴ്സ് സെക്യൂരിറ്റി സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | 2019 ജൂൺ ₹2.14 കോടി | 2015-16 | ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല | 181808 | 265 | 26 |
| | | 2016-17 | | (-)376208 | | |
| | | 2017-18 | | (-)1741520 | | |
| | | 2018-19 | | ലഭ്യമല്ല | | |
| ട്രാൻസോഴ്സ് ഇൻഫർമേഷൻ പ്രോസസിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 2020 ജൂൺ ₹2.72 കോടി | 2016-17 | ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല | (-)1112610 | 350 | 0 |
| | | 2017-18 | | (-)1593340 | | |
| | | 2018-19 | | (-)112824 | | |
| | | 2019-20 | | 465443 | | |

*(സ്രോതസ്സ്: കോർപ്പറേറ്റ്കാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റും കുടുംബശ്രീ സമർപ്പിച്ച രേഖകളും)*

മേൽപ്പറഞ്ഞ പിഐഎകൾ നിർബന്ധിത പരിശീലനവും നിയമന ലക്ഷ്യങ്ങളും നേടിയില്ല എന്നത് പരിശീലനം നൽകുന്നതിലും തൊഴിൽ നൽകുന്നതിലും അവയുടെ കഴിവില്ലായ്മയിലേക്ക് വിരൽ ചൂണ്ടുന്നു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട്, കുടുംബശ്രീ പിഐഎകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തുടർനടപടികൾ ആരംഭിക്കുമെന്നും സർക്കാർ അറിയിച്ചു (2023 ഫെബ്രുവരി).

### 4.6.2 യോഗ്യതയില്ലാത്ത പിഐഎകൾക്ക് അധിക ലക്ഷ്യങ്ങൾക്കു വേണ്ടി ₹12.22 കോടി അനുവദിച്ചത്

2017 മാർച്ച് 23 ലെ ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിന് അനുസൃതമായി, പിഐഎയുടെ മെച്ചപ്പെട്ട പ്രവർത്തനം മുതലെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ കൃത്യമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും നിയമിക്കുന്നതിനും പിഐഎകൾക്ക് അധിക ലക്ഷ്യങ്ങൾ അനുവദിക്കാവുന്നതാണ്. ഇതനുസരിച്ച് മൂന്ന് ഘട്ടങ്ങളിലായി അധിക ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള 20 പദ്ധതികൾക്ക് കുടുംബശ്രീ അനുമതി നൽകി. അധിക ലക്ഷ്യങ്ങൾ അനുവദിച്ചതിൽ താഴെ പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളിൽ 80 ശതമാനം പരിശീലനവും 45 ശതമാനം നിയമനവും നേടിയാൽ പിഐഎകൾക്ക് അധിക ലക്ഷ്യങ്ങൾ

---

[66] 2013 ലെ കമ്പനീസ് ആക്ട് സെക്ഷൻ 137 അനുസരിച്ച് കമ്പനികളുടെ രജിസ്ട്രാർക്ക് കമ്പനികൾ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം (ഫോം നമ്പർ എഒസി 4)

[67] ₹2.29 കോടിയും ₹3.22 കോടിയും

അനുവദിക്കാമെന്ന് വിജ്ഞാപനം വ്യവസ്ഥ ചെയ്യുന്നു. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ കാര്യത്തിൽ, അധിക ലക്ഷ്യങ്ങൾ അനുവദിക്കുന്നതിന് മുമ്പ്, മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള ഏറ്റവും കുറഞ്ഞ പരിശീലന/നിയമന ലക്ഷ്യങ്ങൾ നേടിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ നൽകിയിരിക്കുന്നു.

**പട്ടിക 4.5 : യോഗ്യത പരിഗണിക്കാതെ അധിക ലക്ഷ്യങ്ങൾ അനുവദിച്ച പദ്ധതികൾ**

| ക്രമ നമ്പർ | പിഐഎയുടെ പേര് | അനുവദിച്ച അധിക ലക്ഷ്യങ്ങൾ | അധിക ലക്ഷ്യങ്ങൾ അനുവദിച്ച വർഷം | ആകെ കൈമാറിയ തുക (₹ കോടി) | 2022 മാർച്ചിൽ നടന്നുകൊണ്ടിരുന്ന പദ്ധതിയുടെ പരിശീലനത്തിന്റെയും നിയമനത്തിന്റെയും സ്ഥിതി | | 2022 മാർച്ചിൽ അധിക ലക്ഷ്യങ്ങൾ നൽകിയ പദ്ധതിയുടെ പരിശീലനത്തിന്റെയും നിയമനത്തിന്റെയും സ്ഥിതി | |
|---|---|---|---|---|---|---|---|---|
| | | | | | പരിശീലനം (ശതമാനം) | നിയമനം (ശതമാനം) | പരിശീലനം (ശതമാനം) | നിയമനം (ശതമാനം) |
| 1 | ടീംലീസ് സർവീസ് ലിമിറ്റഡ് | 600 | 2018 | 5.90 | 100 | 29.51 | 30 | 19 |
| 2 | അമ്മ ചാരിറ്റബിൾ ട്രസ്റ്റ് | 280 | 2021 | 0.49 | 73 | 32.46 | ഇല്ല | ഇല്ല |
| 3 | സിൻകോമിന്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 210 | 2021 | 0.43 | 75 | 44.29 | ഇല്ല | ഇല്ല |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ, കൗശൽ പ്രഗതി പോർട്ടൽ)*

അധിക ലക്ഷ്യങ്ങൾ അനുവദിക്കുന്നതിനായി പ്രോജക്ട് അപ്രൈസൽ കമ്മിറ്റി (പിഎസി) അംഗീകാരം നൽകിയ പുതിയ ഗ്രേഡിംഗ് നയം പ്രകാരം, ലഭ്യമായ ശേഷിയിൽ പുതിയ ലക്ഷ്യങ്ങളുടെ പരിശീലനം ആരംഭിക്കുന്നത് വേഗത്തിലാക്കാൻ വേണ്ടി 80 ശതമാനം പരിശീലന പൂർത്തീകരണം എന്ന മാനദണ്ഡത്തെ 80 ശതമാനം പരിശീലന ആരംഭം എന്ന് ഭേദഗതി വരുത്തി ഇളവ് നൽകിയതായി സർക്കാർ (2023 ഫെബ്രുവരി) മറുപടി നൽകി. അധിക ലക്ഷ്യങ്ങൾ അനുവദിക്കുന്നതിന് 80 ശതമാനം പരിശീലനം പൂർത്തിയാക്കണമെന്ന് (ആരംഭമല്ല) ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നതിനാൽ മേൽപ്പറഞ്ഞ വാദങ്ങൾ നിലനിൽക്കില്ല. കൂടാതെ, മേൽപ്പറഞ്ഞ ഗ്രേഡിംഗ് നയം ഗ്രാമീണ വികസന മന്ത്രാലയം അംഗീകരിച്ചതിന് ഒരു തെളിവും നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞില്ല.

- അധിക ലക്ഷ്യങ്ങൾ അനുവദിക്കുന്നതിനുള്ള ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ വിജ്ഞാപനം പ്രകാരം പിഐഎയുടെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക വിറ്റുവരവും സംബന്ധിച്ച സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അപേക്ഷകൾ പിഎസി യുടെ മുമ്പാകെ സമർപ്പിക്കേണ്ടതായുണ്ട്. 2021 ഫെബ്രുവരിയിൽ എട്ട് പിഐഎകൾക്ക് കുടുംബശ്രീ അധിക ലക്ഷ്യങ്ങൾ അനുവദിച്ചു. 2021 ഫെബ്രുവരി 23ന് ഈ പിഐഎകളുടെ അപേക്ഷകൾ തുടർനടപടികൾക്കായി കുടുംബശ്രീ പരിഗണിച്ചതായും എന്നാൽ പിഎസി യുടെ അനുമതിക്കായി സമർപ്പിക്കാതെ അടുത്ത ദിവസം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ (ഇഡി) അനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ ക്രമവിരുദ്ധമായ പ്രവർത്തനം, എട്ട് പിഐഎകൾക്ക് പിഎസിയുടെ അനുമതി കൂടാതെ 20 മാസത്തേക്ക് (2021 ഫെബ്രുവരി മുതൽ) അധിക ലക്ഷ്യങ്ങൾ നേടുന്നതിന് കാരണമായി. 2021 ഫെബ്രുവരിയിൽ അധിക ലക്ഷ്യങ്ങൾ അനുവദിച്ചതിന് ശേഷം ഒരു പിഎസിയും നടത്തിയിട്ടില്ലെന്നും അടുത്ത പിഎസി യോഗത്തിൽ ഇത് അംഗീകരിക്കപ്പെടുമെന്നും ഡിഡിയു-ജികെവൈ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (സിഒഒ), മറുപടി നൽകി (2022 സെപ്റ്റംബർ).

അധിക ലക്ഷ്യങ്ങൾ ലഭിച്ച പിഐഎകളിൽ 15 ശതമാനവും ഭാരതസർക്കാർ അനുശാസിക്കുന്ന നിർബന്ധിത യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്നതിൽ നിന്ന് എക്സിക്യൂട്ടീവ് ഡയറക്ടറിന്റെ മേൽനോട്ടത്തിലുണ്ടായ വീഴ്ചകൾ കൂടുതൽ വ്യക്തമാണ്. അധിക ലക്ഷ്യങ്ങൾ നേടിയ 20 പിഐഎകളിൽ, 10 പിഐഎകൾക്ക് പൂജ്യം മുതൽ 19 ശതമാനം വരെ മാത്രമേ നിയമനം നേടാനായിട്ടുള്ളൂ.

### 4.6.3 പിഐഎകൾക്ക് അർഹമായതിനേക്കാൾ അധികമായി ₹12.26 കോടിയുടെ പദ്ധതികൾക്ക് അനുമതി നൽകിയത്

കുടുംബശ്രീ ഉദ്യോഗസ്ഥർ പിഐഎയുടെ ശരാശരി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അവയുടെ യോഗ്യത വിലയിരുത്തുന്നതിൽ പരാജയപ്പെട്ടത് തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്ന പ്രകാരം അധിക പദ്ധതിച്ചെലവ് നൽകുന്നതിൽ കലാശിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

#### *4.6.3.1 ശരാശരി വാർഷിക വിറ്റുവരവ് അടിസ്ഥാനമാക്കിയുള്ള പദ്ധതിച്ചെലവ് അവഗണിച്ച് പദ്ധതികൾ അനുവദിച്ചത് – ₹7.35 കോടി*

ഓഡിറ്റിന് ലഭ്യമാക്കിയ പദ്ധതി നിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയിൽ, **പട്ടിക 4.6**–ൽ പറഞ്ഞിരിക്കുന്ന ഏഴ് കേസുകളിലും, പിഐഎകൾക്ക് അവരുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി വാർഷിക വിറ്റുവരവിന്റെ നാലിരട്ടിയിലധികം തുകയ്ക്കുള്ള പദ്ധതികൾ നൽകിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിൽ കുടുംബശ്രീ പരാജയപ്പെട്ടു.

**പട്ടിക 4.6 : അർഹമായതിലും അധികമായി അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

***(തുക രൂപയിൽ)***

| ക്രമ നം | പിഐഎയുടെ പേര് | ശരാശരി വാർഷിക വിറ്റുവരവ് | അർഹതയുള്ള ആകെ പദ്ധതി തുക | ഇതിനകം അനുവദിച്ച പദ്ധതികൾ തുക | അവസാനം അനുവദിച്ച പദ്ധതിയുടെ തുക | അനുവദിച്ച മാസം | അധികമായി അനുവദിച്ച തുക | പരിശീലനം/ നിയമനം (ശതമാനം) |
|---|---|---|---|---|---|---|---|---|
| 1. | അമ്മ ചാരിറ്റബിൾ ട്രസ്റ്റ് | 40628274 | 162513097 | 176510668 | 21248980 | 2021 ഫെബ്രുവരി | 35246552 | 0/0 |
| 2. | സ്പാർക്സ് റൂറൽ ആൻഡ് അർബൻ ഡെവലപ്മെന്റ് സൊസൈറ്റി | 10224447 | 40897787 | 38104480 | 23385984 | 2020 ജൂൺ | 20592680 | 14/0 |
| 3. | ജിഎസ് ടെക്നോ ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 10251836 | 41007345 | 13394230 | 27900973 | 2019 ജൂൺ | 287859 | 24/6 |
| 4. | സദ്ഗുരു ഷിരിദി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് | 3268898 | 13075592 | 0 | 13323585 | 2018 മേയ് | 247993 | 46/8 |
| 5. | സദ്ഗുരു സായിനാഥ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് | 5261919 | 21047676 | 0 | 21203065 | 2019 മാർച്ച് | 155389 | 27/7 |
| 6. | സൈൻ പുലിൻഹാൽ | 3138263 | 12553052 | 0 | 12949219 | 2020 ഒക്ടോബർ | 396167 | 52/47 |
| 7. | ടെലനോവ നെറ്റ്‌വർക്ക് പ്രൈവറ്റ് ലിമിറ്റഡ് (രണ്ട് പദ്ധതികൾ) | 9632447 | 38529788 | 0 | 55115855 | 2018 മാർച്ച് | 16586067 | 30/14<br>60/32 |
| | **ആകെ** | | | **228009378** | **175127661** | | **73512707** | |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ)*

പിഐഎകൾക്ക് അവരുടെ യോഗ്യതാ പരിധിയും കവിഞ്ഞ് പ്രോജക്ടുകൾ നൽകിയിട്ടുണ്ടെങ്കിലും, പരിശീലനത്തിലും നിയമനത്തിലും അവരുടെ പ്രകടനം യഥാക്രമം 60 ശതമാനത്തിലും 47 ശതമാനത്തിലും താഴെയായിരുന്നു.

സംസ്ഥാനത്ത് പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ അനുവദിച്ച പദ്ധതികൾ പരിഗണിച്ചിട്ടില്ലെന്നാണ് പട്ടിക 4.6–ൽ സൂചിപ്പിച്ച ആദ്യത്തെ മൂന്ന് കേസുകളുമായി ബന്ധപ്പെട്ട് സർക്കാർ പ്രസ്താവിച്ചത് (2023 ഫെബ്രുവരി).

സംസ്ഥാനത്ത് പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ രാജ്യത്തുടനീളം അനുവദിച്ച പദ്ധതികളുടെ മൂല്യം പരിഗണിക്കേണ്ടതിനാൽ ഈ മറുപടി സ്വീകാര്യമല്ല.

പട്ടിക 4.6 ലെ ക്രമ നമ്പർ അഞ്ചിന്റെയും (സർഗുരു സായ്നാഥ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്-2018-19) ഏഴിന്റെയും (ടെലനോവ നെറ്റ്‌വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്-2017-18) കാര്യത്തിൽ ഈ പിഐഎകൾക്ക് പദ്ധതികൾ അനുവദിക്കുമ്പോൾ പ്രൊവിഷണൽ സ്റ്റേറ്റ്മെൻറ്സ് പരിഗണിച്ചിരുന്നതായി സർക്കാർ (2023 ഫെബ്രുവരി) മറുപടി നൽകി. പ്രൊവിഷണൽ സ്റ്റേറ്റ്മെന്റുകൾക്ക പകരം ഓഡിറ്റ് ചെയ്യപ്പെട്ട ധനകാര്യ പത്രികകൾ പരിഗണിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനാൽ ഈ വാദം ശരിയല്ല.

### *4.6.3.2 ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ടുകൾ മറികടന്ന് അധിക പദ്ധതിച്ചെലവിന് അംഗീകാരം നൽകൽ – ₹0.73 കോടി*

വിജ്ഞാപനം 20/2017 അനുസരിച്ച്, ക്വാളിറ്റേറ്റീവ് അപ്രൈസലിൽ വിജയിച്ച ഒരു പദ്ധതിയെ, സംസ്ഥാന പിഎസി[68] മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. സംസ്ഥാനത്ത് കുടുംബശ്രീയുടെ ഉദ്യോഗസ്ഥർ ക്വാളിറ്റേറ്റീവ് അപ്രൈസൽ നടത്തുകയും പിഎസി പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. പിഐഎയുമായി ബന്ധപ്പെട്ട ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ടുകൾ (ക്യൂഎആർ) പിഎസി അവഗണിക്കുകയും, യോഗ്യതയില്ലാത്ത പദ്ധതി ചെലവ് അനുവദിക്കുകയും ചെയ്ത ഇനിപ്പറയുന്ന സന്ദർഭങ്ങൾ ഓഡിറ്റിന് കണ്ടെത്താനായി.

**പട്ടിക 4.7 : ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ടുകൾ അവഗണിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ**

*(തുക രൂപയിൽ)*

| ക്രമ നം. | പിഐഎയുടെ പേര് | പിഐഎയുടെ ശരാശരി വാർഷിക വിറ്റുവരവ് (എ) | നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ചെലവ് (ബി) | അനുവദിക്കാനാകുമായിരുന്ന പരമാവധി പദ്ധതി ചെലവ് ((എ) x 4 – (ബി)) | പിഎസി അംഗീകരിച്ച പദ്ധതി ചെലവ് (അനുമതി തീയതി) | അധികമായി അനുവദിച്ച അർഹതയില്ലാത്ത പദ്ധതി ചെലവ് |
|---|---|---|---|---|---|---|
| 1 | ജൻ ശിക്ഷൺ സൻസ്ഥാൻ മലപ്പുറം | 8330992 | 9435905 | 23888063 | 31156785 (2018 മാർച്ച് 19) | 7268722 |
| 2 | കൈറ്റ്സ് സോഫ്റ്റ്‌വെയർ പ്രൈവറ്റ് ലിമിറ്റഡ് | 3296885 | 10696730 | 2490810 | 2502539 (2017 ജൂലൈ 21) | 11729 |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ)*

ജൻ ശിക്ഷൺ സൻസ്ഥാൻ മലപ്പുറത്തിനെ സംബന്ധിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ പിഎസിക്ക് പിഐഎയുടെ കഴിവ് കണക്കിലെടുത്ത് ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ട് അവഗണിക്കാൻ അധികാരമുണ്ടെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അവയെ മറികടക്കാനുള്ള അധികാരം പിഎസിക്ക് ഇല്ലാത്തതിനാൽ ഈ മറുപടി സ്വീകാര്യമല്ല.

കൈറ്റ്സ് സോഫ്റ്റ്‌വെയർ പ്രൈവറ്റ് ലിമിറ്റഡിനെ സംബന്ധിച്ച്, ക്വാളിറ്റേറ്റീവ് അപ്രൈസലിന്റെ സമയത്ത് 2016-17ലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടും പരിശോധിച്ചതായും അതിന്റെ അടിസ്ഥാനത്തിൽ ശരാശരി വാർഷിക വിറ്റുവരവ് ₹48,21,956-ലേക്ക് ഉയർന്നതായും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (സിഒ)/ഡിഡിയു-ജികെവൈ മറുപടി നൽകി (2022 സെപ്റ്റംബർ). പിഐഎ പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചത് 2017 ഫെബ്രുവരി 15-ന് ആയതിനാൽ 2013-14, 2014-15, 2015-16 എന്നീ മൂന്ന്

[68] തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും മറ്റുള്ളവരും ഉൾപ്പെടുന്നു.

വർഷങ്ങളിലെ ധനകാര്യ പത്രികകൾ മാത്രമേ പരിഗണിക്കാൻ കഴിയൂ എന്നതിനാൽ, ഈ മറുപടി വസ്തുതകളോട് പൊരുത്തപ്പെടുന്നതല്ല. കൂടാതെ, മറുപടിക്ക് വിരുദ്ധമായി, 2016–17 ലെ സ്റ്റേറ്റ്മെന്റുകൾ പ്രൊവിഷണൽ ആയതിനാൽ ക്യാളിറ്റേറ്റീവ് അപ്രൈസലിൽ ഇത് പരിഗണിച്ചിട്ടുമില്ല.

### 4.6.3.3 നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ മൂല്യം കുറച്ചുകാണിച്ചുകൊണ്ട് അധിക പദ്ധതി തുക അനുവദിച്ചത് – ₹4.18 കോടി

മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 4.7 പ്രകാരം, ഒരു പിഐഎയ്ക്ക് അനുവദിക്കാൻ കഴിയുന്ന പദ്ധതിച്ചെലവ്, അതിന്റെ ശരാശരി വാർഷിക വിറ്റുവരവിന്റെ നാലിരട്ടിയിൽ നിന്നും നിലവിലുള്ള അംഗീകൃത പദ്ധതികളുടെ മൊത്തം പദ്ധതി ചെലവ് കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന തുകയായി പരിമിതപ്പെടുത്തിയിരിക്കുന്നു. നാല് പദ്ധതികളുടെ കാര്യത്തിൽ, പിഐഎകൾ നിലവിലുള്ള പദ്ധതികളുടെ ആകെ പദ്ധതി ചെലവ് കുറച്ചു കാണിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. നാല് പിഐഎകൾക്ക്, പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ, അവരുടെ നിലവിലുള്ള പദ്ധതികളുടെ യഥാർത്ഥ തുകയായ ₹63.21 കോടിയ്ക്കു പകരം ₹36.93 കോടി മാത്രമാണ് കുടുംബശ്രീ പരിഗണിച്ചത് എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. അപേക്ഷാഫോമിൽ നൽകിയ വസ്തുതകൾ കൗശൽ പ്രഗതി[69] പോർട്ടലുമായി പരിശോധിക്കുന്നതിൽ കുടുംബശ്രീയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച, **പട്ടിക 4.8**–ൽ കാണിച്ചിരിക്കുന്നതുപോലെ, ₹4.18 കോടിയുടെ അധിക പദ്ധതികൾ വിവിധ പിഐഎകൾക്ക് അനുവദിക്കുന്നതിലേക്ക് നയിച്ചു.

**പട്ടിക 4.8 : നിലവിലുള്ള പദ്ധതിച്ചെലവ് കുറച്ചു കാണിച്ചതും പുതിയ പദ്ധതികൾക്ക് അനുമതി നൽകിയതും**

*(തുക രൂപയിൽ)*

| ക്രമ നം | പിഐഎകൾ | ശരാശരി വാർഷിക വിറ്റുവരവ് | പിഐഎ പ്രകാരം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പദ്ധതി ചെലവ് | കൗശൽ പ്രഗതി പോർട്ടൽ പ്രകാരം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പദ്ധതി ചെലവ് | അനുവദിക്കാനാകാമായിരുന്ന ആകെ പദ്ധതി ചെലവ് | കുടുംബശ്രീ അനുവദിച്ച ആകെ തുക | അധികമായ തുക | ലക്ഷ്യം | 31/03/2022 വരെ നിയമനം നേടിയ ഉദ്യോഗാർത്ഥികൾ | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | എണ്ണം | ശത–മാനം |
| 1 | ശ്രീ അങ്കളമ്മൻ ട്രസ്റ്റ് | 17508959 | 21867667 | 61044428 | 8991408 | 17523324 | 8531916 | 245 | 0 | 0 |
| 2 | സിൻകോമിന്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 88290180 | 281077851 | 379750451 | 0 | 18057360 | 18057360 | 400 | 0 | 0 |
| 3 | ആക്ടേ ഇന്ത്യ മൈക്രോസിസ് പ്രൈവറ്റ് ലിമിറ്റഡ് | 21905616 | 0 | 49933639 | 37688825 | 45242290 | 7553465 | 209 | 0 | 0 |
| 4 | തിങ്ക് സ്കിൽസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 43962254 | 66379982 | 141351622 | 34497394 | 42189622 | 7692228 | 576 | 82 | 14.24 |
| | ആകെ | | 369325500 | 632080140 | 81177627 | 123012596 | 41834969 | | | |

*(സ്രോതസ്സ്: കൗശൽ പ്രഗതി പോർട്ടലും കുടുംബശ്രീ സമർപ്പിച്ച രേഖകളും)*

കേരളത്തിൽ മാത്രം നടപ്പാക്കിയ പദ്ധതികളെ അടിസ്ഥാനമാക്കിയാണ് പദ്ധതിച്ചെലവ് അനുവദിച്ചതെന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). മറ്റ് സംസ്ഥാനങ്ങളിലും പിഐഎ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ചെലവ് കുടുംബശ്രീ കുറയ്ക്കേണ്ടതിനാൽ മുകളിൽ പറഞ്ഞ മറുപടി നിലനിൽക്കില്ല. കൂടാതെ, അനർഹമായ ആനുകൂല്യങ്ങൾ

[69] പരിശീലനത്തിന്റെയും നിയമനത്തിന്റെയും ഓൺലൈൻ മാനേജ്മെന്റ് സുഗമമാക്കുന്നതിനുള്ള എൻഡ് ടു എൻഡ് വർക്ക് ഫ്ലോ അടിസ്ഥാനമാക്കിയുള്ള പ്രതിമാസ പുരോഗതി റിപ്പോർട്ട് ആപ്ലിക്കേഷനാണ് കൗശൽ പ്രഗതി

ലഭിച്ചിട്ടും, മുകളിൽ സൂചിപ്പിച്ച പിഐഎകൾക്ക് പൂജ്യം മുതൽ 14 ശതമാനം വരെ നിയമനങ്ങൾ മാത്രമേ നല്കാൻ കഴിഞ്ഞുള്ളൂ.

### 4.6.4 പിഎസിയുടെ ശിപാർശയ്ക്ക് വിരുദ്ധമായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പദ്ധതികൾ അനുവദിക്കുന്നതിൽ അനർഹമായ ആനുകൂല്യം നൽകിയത് – ₹4.80 കോടി

ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിലെ (2017 ഏപ്രിൽ) ഖണ്ഡിക 4.1 അനുസരിച്ച് ക്വാളിറ്റേറ്റീവ് അപ്രൈസൽ പൂർത്തിയാക്കിയ ശേഷം പദ്ധതിയ്ക്കായുള്ള അപേക്ഷ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ പിഎസിയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. പിഎസി അംഗീകരിച്ച പരിശീലന ലക്ഷ്യത്തിനെക്കാൾ കൂടുതൽ പരിശീലന ലക്ഷ്യം നൽകി രണ്ട് പിഐഎകൾക്ക്[70] കുടുംബശ്രീ പദ്ധതികൾ അനുവദിച്ചതായി ഓഡിറ്റ് കണ്ടെത്തി. പിഎസി യഥാർത്ഥത്തിൽ അംഗീകരിച്ച 2,000–ഉം 1,000–ഉം എന്ന സ്ഥാനത്ത് 2,400–ഉം 2,000–ഉം എന്ന പരിശീലന ലക്ഷ്യങ്ങളുള്ള പദ്ധതികളാണ് പിഐഎകൾക്ക് അനുവദിച്ചത്. ഇതിന്റെ ഫലമായി, ഈ യോഗ്യതയില്ലാത്ത പിഐഎകൾക്ക് കുറഞ്ഞത് ₹4.80 കോടിയുടെ[71] പദ്ധതികൾ ലഭിക്കുകയും അതുവഴി ആദ്യ ഗഡുവായി ₹1.20 കോടി അധികമായി നൽകുകയും ചെയ്തു. ഐടിസിഒടി കൺസൾട്ടൻസി ആൻഡ് സർവ്വീസസ് ലിമിറ്റഡിന്റെ കാര്യത്തിൽ, ഇതുവരെ രണ്ട് ഗഡുക്കളായി[72] ₹4.04 കോടി അനുവദിച്ചു. ഇത് 1,200 എന്ന് പിന്നീട് പുതുക്കിയ പരിശീലന ലക്ഷ്യപ്രകാരമുള്ള പരിശീലന ചെലവിന്റെ 97 ശതമാനമാണ്.

പദ്ധതികൾ അംഗീകരിക്കുന്ന സമയത്ത് ക്വാളിറ്റേറ്റീവ് അപ്രൈസലോ സിറ്റിഎസ്ഏയുടെ[73] അഭിപ്രായമോ ഉണ്ടായിരുന്നില്ലെന്നും പ്രാരംഭ സ്ക്രീനിംഗും പിഎസിയുടെ അംഗീകാരവും മാത്രമേ നിഷ്കർഷിച്ചിരുന്നുള്ളൂ എന്ന് സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). രണ്ട് പിഐഎകളുടെ കഴിവും സാമ്പത്തിക സ്ഥിരതയും കണക്കിലെടുത്ത് 2023 ജനുവരിയിൽ പിഎസിയുടെ അംഗീകാരത്തിന് വിധേയമായി കൂടുതൽ ലക്ഷ്യങ്ങൾ അംഗീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടർ (ഇഡി) തീരുമാനിച്ചു.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അത്തരം വിവേചനാധികാരങ്ങളൊന്നും എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പിഎസിയുടെ അംഗീകാരം സംബന്ധിച്ച സ്ഥിരീകരണമൊന്നും ഓഡിറ്റിന് ഇന്നുവരെ നൽകിയിട്ടില്ല (2023 ഡിസംബർ).

### 4.6.5 പ്രത്യേക മേഖലകൾക്കുള്ള അധിക പദ്ധതിച്ചെലവ് അനർഹമായി പിഐഎകൾക്ക് അനുവദിച്ചത് – ₹0.88 കോടി

ഡിഡിയു–ജികെവൈ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 3.2.2.17 അനുസരിച്ച്, പ്രത്യേക മേഖലകളിൽ[74] പരിശീലന കേന്ദ്രം സ്ഥിതി ചെയ്യുന്ന സന്ദർഭങ്ങളിൽ ഉദ്യോഗാർഥികളുടെ അടിസ്ഥാന പരിശീലന ചെലവിന്റെ 10 ശതമാനം അധിക നിരക്കിൽ പരിശീലന ചെലവ് ലഭിക്കുന്നതിന് പിഐഎകൾക്ക് യോഗ്യതയുണ്ടായിരിക്കും. മലപ്പുറം, പാലക്കാട്, വയനാട് എന്നീ മൂന്ന് ജില്ലകളെ സംസ്ഥാനത്ത് ആദ്യമായി ഇടതുപക്ഷ തീവ്രവാദം ബാധിച്ച

---

70 കിറ്റെക്സ് ഗാർമെന്റ്സ്, ഐടിസിഒടി കൺസൾട്ടൻസി ആന്റ് സർവീസസ് ലിമിറ്റഡ്

71 ₹3.47 കോടി (1000 പരിശീലന ലക്ഷ്യത്തിനായുള്ള ₹6.93 കോടിയുടെ 50 ശതമാനം) + ₹1.33 കോടി (2000 പരിശീലന ലക്ഷ്യത്തിനായുള്ള ₹7.97 കോടിയുടെ 16.66 ശതമാനം)

72 പിഐഎകൾക്ക് പദ്ധതി ചെലവ് നാല് ഗഡുക്കളായി നൽകണം

73 സെൻട്രൽ ടെക്നിക്കൽ സപ്പോർട്ട് ഏജൻസി

74 ഇൻറഗ്രേറ്റഡ് ആക്ഷൻ പ്ലാനിന്റെ കീഴിൽ കാലാകാലങ്ങളിൽ ആഭ്യന്തര മന്ത്രാലയം കണ്ടെത്തി വിജ്ഞാപനം ചെയ്യുന്ന പ്രത്യേക മേഖലകളിൽ എല്ലാ വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ജമ്മു ആന്റ് കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ആൻഡമാൻ ആന്റ് നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപുകൾ എന്നിവയും രാജ്യത്തെ ഇടതുപക്ഷ തീവ്രവാദം ബാധിച്ച മറ്റ് ജില്ലകളും ഉൾപ്പെടുന്നു

ജില്ലകളായി ഉൾപ്പെടുത്തിയിട്ടുണ്ട് (2018 ഏപ്രിൽ).

ഗ്രാമീണ വികസന മന്ത്രാലയം (2016 നവംബർ) പുറപ്പെടുവിച്ച സിഎൻഎൻ അലൈൻമെന്റിനു[75] തുടർച്ചയായിട്ട് കേരളത്തിലെ ഡിഡിയു-ജികെവൈ പ്രോജക്റ്റുകൾക്കായി പുറപ്പെടുവിച്ച പുതുക്കിയ അനുമതി ഉത്തരവുകൾക്കു അനുസൃതമായി, കുടുംബശ്രീ (2017 ഫെബ്രുവരി) പുതുക്കിയ പദ്ധതിച്ചെലവുകൾക്ക് പുതുക്കിയ അനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചു. 21 പുതുക്കിയ അനുമതി ഉത്തരവുകൾ ഓഡിറ്റ് പരിശോധിച്ചതിൽ, ഏഴ് പദ്ധതികളിൽ (33 ശതമാനം) അനർഹമായ അധിക പരിശീലനച്ചെലവായി ₹87.77 ലക്ഷം പ്രത്യേക മേഖലകളായി വിജ്ഞാപനം ചെയ്യപ്പെടാത്ത സ്ഥലങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി അനുവദിച്ചതായി നിരീക്ഷിച്ചു. അതിൽ രണ്ട് പിഐഎകൾക്ക്[76] അനർഹമായ അധിക പരിശീലനച്ചെലവായി ₹16.95 ലക്ഷം കൈമാറി. പദ്ധതിയുടെ കീഴിൽ വിജ്ഞാപനം ചെയ്ത പ്രത്യേക മേഖലകളുടെ പട്ടികയിൽ പരിശീലന സ്ഥലങ്ങൾ ഉൾപ്പെടാത്തതിനാൽ, ഇതിനകം അധിക പദ്ധതി ചെലവ് ലഭിച്ച പിഐഎകളിൽ നിന്ന് തുക തിരിച്ചു പിടിക്കേണ്ടതും അധിക പദ്ധതി ചെലവ് അനുവദിച്ച പിഐഎകളുടെ പദ്ധതി ചെലവ് കുറയ്ക്കേണ്ടതുമാണ്.

സർക്കാർ ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയും അനുവദിച്ച അധിക തുക വീണ്ടെടുക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു (2023 ഫെബ്രുവരി).

## 4.7 പരിശീലനവും നിയമനവും നടത്തുന്നതിലെ ക്രമക്കേടുകൾ

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 5.9 പ്രകാരം, മൊത്തം പദ്ധതി ചെലവിന്റെ 25:50:15:10 എന്ന അനുപാതത്തിൽ നാല് ഗഡുക്കളായി പിഐഎകൾക്കുള്ള പദ്ധതി ചെലവ് അനുവദിക്കണമായിരുന്നു. അത് പിന്നീട് നാല് തുല്യ തവണകളായി പരിഷ്ക്കരിച്ചു (2019). 2014 മുതൽ പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിലും, പിഐഎകൾക്കൊന്നും തന്നെ നാലാമത്തെയും അവസാനത്തെയും ഗഡു കൈപ്പറ്റാൻ കഴിഞ്ഞിരുന്നില്ല.

**പട്ടിക 4.9 : അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | പദ്ധതികളുടെ എണ്ണം | പിഐഎകളുടെ എണ്ണം | അനുവദിച്ച തുക (₹ കോടിയിൽ) |
|---|---|---|---|
| ആകെ പദ്ധതികൾ | 218 | 164 | 360.26 |
| ആദ്യ ഗഡു മാത്രം അനുവദിച്ചത് | 110 | 108 | 81.09 |
| രണ്ടാം ഗഡു വരെ അനുവദിച്ചത് | 96 | 71 | 244.45 |
| മൂന്നാം ഗഡു വരെ അനുവദിച്ചത് | 12 | 09 | 34.72 |

*(സ്രോതസ്സ്: കുടുംബശ്രീ സമർപ്പിച്ച രേഖകൾ)*

രണ്ടാം ഗഡു 44 ശതമാനം പദ്ധതികൾക്കും മൂന്നാം ഗഡു ആറ് ശതമാനത്തിൽ താഴെ പദ്ധതികൾക്കും മാത്രമാണ് ലഭിച്ചതെന്ന് മേൽപ്പറഞ്ഞ പട്ടിക കാണിക്കുന്നു. ഇത് ധാരാളം പിഐഎകൾ ലക്ഷ്യങ്ങൾ കൈവരിക്കാത്തതിലേക്ക് വിരൽ ചൂണ്ടുന്നു.

ഡിഡിയു-ജികെവൈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുബന്ധമായി കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയം (2015 സെപ്റ്റംബർ) സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ (എസ്ഒപി) I-ഉം II-ഉം പുറത്തിറക്കി. പദ്ധതികൾ നടപ്പിലാക്കുന്നതിൽ സ്റ്റേക്ക് ഹോൾഡർമാർ പാലിക്കേണ്ട പൊതു പെരുമാറ്റച്ചട്ടം സ്ഥാപിക്കുക എന്നതായിരുന്നു എസ്ഒപികളുടെ പ്രധാന ഉദ്ദേശ്യം. ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനയിൽ ഈ പെരുമാറ്റചട്ടങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങൾ കണ്ടെത്തി. ഇത് ചുവടെ വിശദീകരിച്ചിരിക്കുന്ന ക്രമക്കേടുകൾക്ക് കാരണമായി:

---

[75] നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം വിജ്ഞാപനം ചെയ്ത നൈപുണ്യ വികസന പരിപാടികൾക്കായുള്ള പൊതു മാനദണ്ഡങ്ങൾ (സിഎൻഎൻ)

[76] ടീംലീസ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് ₹3,47,640, ക്രെസ്റ്റ് കോർപ്പറേഷൻ ലിമിറ്റഡ് ₹13,47,192

### 4.7.1 നേട്ടങ്ങൾ കാണിക്കുന്നതിലും പദ്ധതിച്ചെലവ് അവകാശപ്പെട്ടതിലും ഉണ്ടായ ക്രമക്കേടുകൾ

അഞ്ച് ജില്ലകളിലെ[77] 26 പിഐഎകളുടെ രേഖകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിക്കുകയും 1,479 ഉദ്യോഗാർത്ഥികളുടെ നിയമന രേഖകളും പദ്ധതിക്ക് കീഴിൽ പരിശീലനവും നിയമനവും ലഭിച്ച 521 ഉദ്യോഗാർത്ഥികളുടെ എംഐഎസ് റിപ്പോർട്ടുകളും പരിശോധിക്കുകയും ചെയ്തു. ഈ 1,479 രേഖകളിൽ നിന്നും രേഖകളുടെ ആധികാരികത ഉറപ്പാക്കാൻ, സ്റ്റേറ്റ്മെന്റുകളുമായി താരതമ്യം ചെയ്യുന്നതിനായി, ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നുള്ള യഥാർത്ഥ 248 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ് ക്രമരഹിതമായി തിരഞ്ഞെടുത്തു. ഉദ്യോഗാർത്ഥികൾക്ക് അവരുടെ നിയമനവും ശമ്പളവും നൽകുന്നതിൽ പിഐഎകളുടെ ഭാഗത്തു നിന്നുണ്ടായ ക്രമക്കേടും വ്യാജരേഖനിർമ്മിക്കലും ഓഡിറ്റ് നിരീക്ഷിച്ചത് ഇനിപ്പറയുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു:

#### *4.7.1.1 രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ ലഭിക്കുവാൻ പിഐഎകൾ നടത്തിയ ക്രമക്കേടുകൾ*

സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ പ്രകാരം, പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളെ ജോലിയിൽ നിയമിച്ചിട്ടുണ്ടെന്നും നിശ്ചിത മിനിമം കാലയളവിലേക്ക് ശമ്പളം നൽകിയിട്ടുണ്ടെന്നും ശമ്പള സ്ലിപ്പ്/ശമ്പള സർട്ടിഫിക്കറ്റ്, ജോലിസ്ഥലം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് കുടുംബശ്രീ ആണ്. തൊഴിൽ ദാതാവ് ഉദ്യോഗാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ശമ്പളം ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ ഉദ്യോഗാർത്ഥികളുടെയും ശമ്പള സ്റ്റേറ്റ്മെന്റിനൊപ്പം ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ താരതമ്യ പരിശോധന നടത്തണമെന്നും എസ്ഒപി നിർദ്ദേശിക്കുന്നു.

#### *4.7.1.2 പദ്ധതിച്ചെലവ് ലഭിക്കാൻ വ്യാജ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഉപയോഗിച്ചത്*

പത്ത് പിഐഎകൾ വഴി (11 പദ്ധതികൾക്ക് കീഴിൽ) പരിശീലനവും നിയമനവും ലഭിച്ചതായി അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ 248 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ് ശേഖരിക്കുകയും അതത് ബാങ്കുകളിൽ നിന്ന് ഓഡിറ്റ് ശേഖരിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾക്കൊപ്പം താരതമ്യ പരിശോധന നടത്തുകയും ചെയ്തു. അതിൽ എട്ട് പദ്ധതികളിൽ (ഏഴ് പിഐഎകൾ) പിഐഎകൾ സമർപ്പിച്ച 172 ബാങ്ക് ഇടപാട് സ്റ്റേറ്റ്മെന്റുകൾ (69 ശതമാനം) ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് ഓഡിറ്റ് ശേഖരിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി **പട്ടിക 4.10**-ൽ കാണിച്ചിരിക്കുന്നതു പോലെ പൊരുത്തപ്പെടുന്നില്ലെന്ന് നിരീക്ഷിച്ചു. പദ്ധതിച്ചെലവ് അവകാശപ്പെടുന്നതിനായി, ഉദ്യോഗാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിൽ ശമ്പള ക്രെഡിറ്റുകൾ കാണിക്കാനായി പിഐഎകൾ ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ തിരുത്തൽ വരുത്തി. ഈ വ്യാജരേഖകൾ ഉപയോഗിച്ച് ആറ് പിഐഎകൾക്ക് ഇതിനകം ₹4.64 കോടിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെങ്കിലും, രണ്ടു പിഐഎകൾക്ക്[78] ഓഡിറ്റ് വെളിപ്പെടുത്തലുകൾക്ക് ശേഷം തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല.

---

[77] തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ

[78] മലപ്പുറത്തുള്ള സിൻക്രോസർവ് ഗ്ലോബൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് മൂന്നാം ഗഡു റിലീസ് ചെയ്യുന്നതിനു വേണ്ടി സമർപ്പിച്ച രേഖകളിൽ 32 വ്യാജ രേഖകളും, മറ്റൊരു പിഐഎ ആയ ലേബർ ബാങ്ക് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ രണ്ടാം ഗഡുവിന് വേണ്ടി സമർപ്പിച്ച രേഖകളിൽ 12 വ്യാജ രേഖകളും ഉൾപ്പെടുന്നു

## പട്ടിക 4.10 : വ്യാജ രേഖകളുടെ വിശദാംശങ്ങൾ

| പിഐഎയുടെ പേര് | ആകെ പദ്ധതി ചെലവ് (കോടി രൂപയിൽ) | പരിശീലന ലക്ഷ്യം | അനുവദിച്ച മാസം/ വർഷം | ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെ പരിശോധന | | ബാങ്കിന്റെ പേര് |
|---|---|---|---|---|---|---|
| | | | | ഓഡിറ്റ് പരിശോധിച്ചത് | വ്യാജമാണെന്ന് കണ്ടെത്തിയത് | |
| പ്രീമിയർ സെന്റർ ഫോർ കോമ്പിറ്റൻസി ട്രെയിനിംഗ്, പാലക്കാട് | 3.25 | 600 | 03/2018 | 33 | 28 | കാനറാ ബാങ്ക് |
| പീപ്പിൾ സർവ്വീസ് സൊസൈറ്റി, പാലക്കാട് | 1.63 | 270 | 03/2018 | 19 | 13 | യൂണിയൻ ബാങ്ക് |
| ഫോക്കസ് സ്കിൽപ്രോ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് | 4.69 | 510 | 05/2018 | 26 | 26 | ഇസാഫ് ബാങ്ക് |
| ജൻ ശിക്ഷൺ സൻസ്ഥാൻ, മലപ്പുറം | 3.12 | 500 | 03/2018 | 37 | 27 | ഐഡിബിഐ ബാങ്ക്, കാനറാ ബാങ്ക് |
| സിൻക്രോസർവ് ഗ്ലോബൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം | 4.71 | 1029 | 06/2017 | 35 | 32 | ബാങ്ക് ഓഫ് ബറോഡ |
| ലേബർ ബാങ്ക് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ | 1.18 | 210 | 10/2020 | 16 | 12 | ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് |
| സിൻക്രോസർവ് ഗ്ലോബൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ | 5.94 | 800 | 03/2018 | 21 | 21 | പഞ്ചാബ് നാഷണൽ ബാങ്ക് |
| ഹിര ചാരിറ്റബിൾ ട്രസ്റ്റ്, കണ്ണൂർ | 3.71 | 350 | 06/2019 | 13 | 13 | സൗത്ത് ഇന്ത്യൻ ബാങ്ക്, കേരളാ ഗ്രാമീണ ബാങ്ക് |
| ആകെ | 28.23 | | | 200 | 172 | |

*(സ്രോതസ്: കുടുംബശ്രീ സമർപ്പിച്ച രേഖകളും ബാങ്കുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളും)*

എസ്ഒപി അനുസരിച്ച്, പരിശീലനവും നിയമനവും ലഭിച്ച ഉദ്യോഗാർത്ഥികളുടെ ഭൗതിക പരിശോധന യഥാക്രമം പിഐഎ, കുടുംബശ്രീ, എൻഐആർഡി എന്നിവ 80:15:5 എന്ന അനുപാതത്തിൽ നടത്തണം. കൂടാതെ, പരിശോധനയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി പിഐഎ പരിശോധിച്ച സാമ്പിളുകളിൽ നിന്ന് പ്രാഥമിക സാമ്പിൾ വലിപ്പത്തിന്റെ 10 ശതമാനം കുടുംബശ്രീ പുനഃപരിശോധിക്കുകയും കുടുംബശ്രീ, പിഐഎ എന്നിവർ പരിശോധിച്ച സാമ്പിളുകളിൽ നിന്ന് എൻഐആർഡി വീണ്ടും പരിശോധിക്കുകയും വേണം. ഓഡിറ്റ് കണ്ടെത്തിയ വ്യാജവും കെട്ടിച്ചമച്ചതുമായ 172 ബാങ്ക് ഇടപാട് സ്റ്റേറ്റ്മെന്റുകളിൽ, 91 സ്റ്റേറ്റ്മെന്റുകൾ പിഐഎയുടെ ക്വാളിറ്റി ടീമും, 24 സ്റ്റേറ്റ്മെന്റുകൾ കുടുംബശ്രീയും, 21 സ്റ്റേറ്റ്മെന്റുകൾ എൻഐആർഡിയും പരിശോധിച്ചിരുന്നു. ഇത് ഉദ്യോഗാർത്ഥികളുടെ ഭൗതിക പരിശോധനയുടെ കാര്യത്തിൽ മേല്പറഞ്ഞ ഏജൻസികളുടെ കാര്യക്ഷമതയില്ലായ്മ അല്ലെങ്കിൽ സർക്കാർ ഫണ്ടുകൾ തട്ടിയെടുക്കാൻ ഈ ഏജൻസികൾ ഉൾപ്പെട്ട ഒത്തുകളിയുടെ സാധ്യതയിലേക്കോ ആണ് വിരൽ ചൂണ്ടുന്നത്.

ഫോക്കസ് സ്കിൽപ്രോ പ്രൈവറ്റ് ലിമിറ്റഡിന് (2018 മേയ് ) ഫുഡ് ആൻഡ് ബിവറേജസ് സർവ്വീസ് ട്രെയിനിംഗ്, ടാലി ഉപയോഗിച്ചുള്ള അക്കൗണ്ട്സ് അസിസ്റ്റന്റ്, ബേസിക് ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളിൽ 510 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് ₹4.69 കോടി പദ്ധതി അനുവദിക്കുകയും ഒന്നും രണ്ടും തവണകൾ ആയി ₹1.12 കോടി വീതം കൈമാറുകയും ചെയ്തു. 2022 മാർച്ച് 31 വരെ പരിശീലനം ലഭിച്ച 139 ഉദ്യോഗാർത്ഥികളിൽ 96 പേർക്കും നിയമനം നൽകിയതായി പിഐഎ അവകാശപ്പെട്ടു. പാലക്കാട് ജില്ലാ മിഷൻ 37 ഉദ്യോഗാർത്ഥികളുടെ നിയമന രേഖകൾ പരിശോധിക്കുകയും (36 എന്ന നിർബന്ധിത ആവശ്യകതയ്ക്കെതിരെ, അതായത് 510 ന്റെ ഏഴ് ശതമാനം). ഓഡിറ്റ് 26 ഉദ്യോഗാർഥികളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ് സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. അതിൽ, ഒൻപത് ഉദ്യോഗാർഥികളുടെ യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പിഐഎ നൽകിയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കി 17 ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ, ബാങ്കിൽ അക്കൗണ്ട് തുറന്ന തീയതി മുതൽ ഇടപാടുകളൊന്നും നടന്നിട്ടില്ലെന്ന് ബാങ്ക് മറുപടി നൽകി. ഇത് നിയമന രേഖകൾ സമർപ്പിക്കുന്നതിൽ പിഐഎ നടത്തിയ കൃത്രിമത്തെ സൂചിപ്പിക്കുന്നു.



SAF

Branch : Room no A3/3163/15,Ground floor Opp VGuard Stockist NH Chandra Nagar, Palakkad Palakkad Kerala INDIA 678007

Name:
Address:

Branch IFSC Code: ESMF0001109
Account Number: 6353
Branch of Ownership: Palakkad
Branch MICR Code: 678760002
Date Opened: 21/11/2018
Currency Code: INR
Account Status: Active

Statement of Account

From:01/04/2019 To:12/06/2019

| Date | Effective Date | Cheque Number | Description | Withdrawal Amt. | Deposit Amt. | Balance |
|---|---|---|---|---|---|---|
| 04/04/2019 | 04/04/2019 | | NEFT IN,NEFT/IBKL190401365497/SREE GOKULAM HOTEL INDIA PVT LTD GOKULAM PARK/IBKL0NEFT01/008410200021720/Salary | | 6,000.00 | 6,529.66 |
| 05/04/2019 | | | ATM WDL,088782 -SIB SRM ROAD ERNAKULAM, INDIA | 2,000.00 | | 4,529.66 |
| 05/04/2019 | | | POS WDL,909114 - ONE97 COMMUNICATION LTD NOIDA, INDIA | 399.00 | | 4,130.66 |
| 07/04/2019 | | | ATM WDL,076382 -VALANCHERY BRANCH, MALAPPURAM, INDIA | 1,000.00 | | 3,130.66 |
| 14/04/2019 | | | ATM WDL,009732 -VALANCHERRY BRANCH MALAPPURAM, INDIA | 2,000.00 | | 1,130.66 |
| 14/04/2019 | | | VALANCHERRY BRANCH MALAPPURAM | 23.60 | | 1,107.06 |
| 04/05/2019 | 04/05/2019 | | NEFT IN,NEFT/IBKL190404165563/SREE GOKULAM HOTEL INDIA PVT LTD GOKULAM PARK/IBKL0NEFT01/008410200021720/Salary | | 6,000.00 | 7,107.06 |
| 06/05/2019 | | | ATM WDL,093282 -SIB SRM ROAD ERNAKULAM, INDIA | 5,000.00 | | 2,107.06 |
| 15/05/2019 | | | POS WDL,333070 -FKPAYMENTS Mumbai, INDIA | 248.00 | | 1,859.06 |
| 15/05/2019 | | | POS WDL,959158 -PAYTM NOIDA, INDIA | 298.00 | | 1,561.06 |
| 15/05/2019 | | | POS WDL,463508 -FKPAYMENTS Mumbai, INDIA | 240.00 | | 1,321.06 |
| 17/04/2019 | | | ATM WDL,001382 -UBI KALOOR ERNAKULAM, INDIA | 1,000.00 | | 321.06 |
| 17/04/2019 | | | UBI KALOOR ERNAKULAM, INDIA | 23.60 | | 297.46 |
| 04/06/2019 | 04/06/2019 | | NEFT IN,NEFT/IBKL190404376565/SREE GOKULAM HOTEL INDIA PVT LTD GOKULAM PARK/IBKL0NEFT01/008410200021720/Salary | | 6,000.00 | 6,297.46 |
| 05/06/2019 | | | POS WDL,463508 -FKPAYMENTS Mumbai, INDIA | 100.00 | | 6,197.46 |
| 06/06/2019 | | | ATM WDL,087282 -SIB SRM ROAD ERNAKULAM, INDIA | 3,000.00 | | 3,197.46 |
| 07/06/2019 | | | ATM WDL,008382 -VALANCHERY BRANCH, MALAPPURAM, INDIA | 1,000.00 | | 2,197.46 |

Statement Summary:-

| Opening Balance | Dr Count | Cr Count | Debits | Credits | Closing Balance |
|---|---|---|---|---|---|
| 529.66 | 14 | 3 | 16,332.20 | 18,000.00 | 2,197.46 |

ESAF Small Finance Bank Ltd.

Unless the constituent notifies the Bank of any discrepancy in this statement within 15 days from the date of statement, it will be construed that this transaction(s) in the statement are correct. This is a computer generated statement requires no signature.

പിഐഎ സമർപ്പിച്ച വ്യാജമായ സ്റ്റേറ്റ്മെന്റ്



ESAF

Branch : Room no A3/3163/15,Ground floor Opp VGuard Stockist NH Chandra Nagar, Palakkad Palakkad Kerala INDIA 678007

Name:
Address:

Branch IFSC Code : ESMF0001109
Account Number : 6353
Branch of Ownership : Palakkad Chandranagar
Branch MICR Code : 678760002
Date Opened : 21/11/2018
Currency Code : INR
Account Status : Active

Statement of Account

From:01/04/2019 To:30/06/2019

| Date | Effective Date | Cheque Number | Description | Withdrawal Amt. | Deposit Amt. | Balance |
|---|---|---|---|---|---|---|
| 23/05/2019 | 23/05/2019 | | DEPOSIT,UPI/CR/914312974402/MUHAMMED RASHIK/oksb/razikmaster@oksbi/ | | 500.00 | 562.00 |
| 23/05/2019 | | | ATM WDL,004933 -SBI MALAYALAM UNIVERSI MALAPPURAM, INDIA | 400.00 | | 162.00 |
| 23/05/2019 | 23/05/2019 | | FEE CHG,Recovery of APY contribution - 31/05/19 | 139.00 | | 23.00 |
| 30/06/2019 | | | INT CREDIT | | 1.00 | 24.00 |

Statement Summary:-

| Opening Balance | Dr Count | Cr Count | Debits | Credits | Closing Balance |
|---|---|---|---|---|---|
| 62.00 | 2 | 2 | 539.00 | 501.00 | 24.00 |

For ESAF Small Finance Bank Ltd.

ബാങ്കിൽ നിന്നും നേരിട്ട് ശേഖരിച്ച യഥാർത്ഥ സ്റ്റേറ്റ്മെന്റ്

### 4.7.1.3 എല്ലാ ഉദ്യോഗാർത്ഥികളുടെയും ബാങ്ക് അക്കൗണ്ടിലേക്ക് ശമ്പളം ക്രെഡിറ്റ് ചെയ്തതായി കാണിക്കാൻ വേണ്ടി നടത്തിയ തുകയുടെ റൗണ്ട് ട്രിപ്പിംഗ്

ഒരു പിഐഎ ആയ ഹിര ചാരിറ്റബിൾ ട്രസ്റ്റിന് അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ, ഫീൽഡ് എഞ്ചിനീയർ ആർഎസിഡബ്ല്യൂ (റഫ്രിജറേഷൻ, എയർ കണ്ടീഷനർ വർക്സ്), എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ-ബേസിക് എന്നീ ട്രേഡുകളിൽ, കണ്ണൂർ ജില്ലയിലെ 350 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള ₹3.71 കോടിയുടെ പദ്ധതി അനുവദിച്ചു (2019 ജൂൺ). ആദ്യ ഗഡുവായി ₹91.13 ലക്ഷവും രണ്ടാം ഗഡുവായി ₹89.95 ലക്ഷവും അനുവദിച്ചു. 350 ഉദ്യോഗാർത്ഥികളിൽ 215 പേർക്ക് പരിശീലനം നൽകിയതായി പിഐഎ അവകാശപ്പെട്ടു. ഓഡിറ്റിന് സമർപ്പിച്ച എംഐഎസ് ഡാറ്റാ പ്രകാരം, 2022 മാർച്ച് 31 വരെ 106 ഉദ്യോഗാർത്ഥികളെ പിഐഎ നിയമിച്ചു. രണ്ടാം ഗഡു അനുവദിക്കുന്നതിനായി കണ്ണൂർ ജില്ലാ മിഷൻ 25 ഉദ്യോഗാർത്ഥികളുടെ ഡെസ്ക്

പരിശോധന പൂർത്തിയാക്കി. പിഐഎ പരിശീലിപ്പിച്ച നിയമനം നൽകിയതെന്ന് അവകാശപ്പെട്ട 13 ഉദ്യോഗാർത്ഥികളുടെ നിയമന രേഖകൾ ഓഡിറ്റ് പരിശോധിച്ചു.

ശമ്പളം കൊടുത്തതിനെ പിന്തുണയ്ക്കാൻ പിഐഎ സമർപ്പിച്ച ബാങ്ക് ഇടപാട് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ് ബാങ്കുകളിൽ[79] നിന്ന് നേരിട്ട് ശേഖരിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി താരതമ്യം ചെയ്തു പരിശോധിച്ചു. നിയമന രേഖകൾക്കൊപ്പം പിഐഎ നൽകിയ 13 സ്റ്റേറ്റ്മെന്റുകൾ ബാങ്കുകളിൽ നിന്ന് ശേഖരിച്ച സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് നിരീക്ഷിച്ചു. ഹിര ചാരിറ്റബിൾ ട്രസ്റ്റിന്റെ ട്രെയിനിംഗ് സെന്റർ ഇൻ-ചാർജ് ആദ്യ ഉദ്യോഗാർത്ഥിയുടെ അക്കൗണ്ടിലേക്ക് ₹8,000 ക്രെഡിറ്റ് ചെയ്യുകയും, ആദ്യ ഉദ്യോഗാർത്ഥി അത് രണ്ടാമത്തെ ഉദ്യോഗാർത്ഥിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും, **ചാർട്ട് 4.2**-ൽ ചിത്രീകരിച്ചിരിക്കുന്നതുപോലെ അവസാന ഉദ്യോഗാർത്ഥി അത് ട്രെയിനിംഗ് സെന്റർ ഇൻ-ചാർജ്ജിന്റെ അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്യുന്നതുവരെ മേൽപ്പറഞ്ഞ പ്രക്രിയ ആവർത്തിച്ചു.

**ചാർട്ട് 4.2 : തുകയുടെ റൗണ്ട് ട്രിപ്പിംഗ്**




[79] സൗത്ത് ഇന്ത്യൻ ബാങ്ക്, കേരള ഗ്രാമീണ ബാങ്ക്

പിഐഎ, രണ്ടാം ഗഡു ക്ലെയിം ചെയ്യുന്നതിനായി, യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന ഇടപാട് വിവരങ്ങൾക്ക് പകരം ഏതാനും മെഡിക്കൽ സ്ഥാപനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് നൽകിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ കൂട്ടിച്ചേർത്തു നിർമ്മിച്ച വ്യാജ ബാങ്ക് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചു.

### *4.7.1.4 ക്രമരഹിതമായ യുപിഐ ഇടപാടുകൾ*

2018 മാർച്ച് 24 ലെ അനുമതി ഉത്തരവ് പ്രകാരം, 800 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 'ഫ്രോസ്റ്റീസ് എക്സ്പോർട്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡി'ന് ₹6.99 കോടിയുടെ പദ്ധതി അനുവദിച്ചു. ആദ്യ ഗഡുവായി ₹1.65 കോടിയും രണ്ടാം ഗഡുവായി ₹3.30 കോടിയും മൂന്നാം ഗഡുവായി ₹99.11 ലക്ഷവും ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ചു. 2022 മാർച്ച് 31 വരെ 600 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിച്ചതായും 375 ഉദ്യോഗാർത്ഥികളെ നിയമിച്ചതായും അവർ അവകാശപ്പെട്ടു. തുടർന്നുള്ള ഗഡു റിലീസ് ചെയ്യുന്നതിന്, ഉദ്യോഗാർഥികളുടെ നിയമന രേഖകളുടെ ഡെസ്ക് പരിശോധന പൂർത്തിയാക്കേണ്ടതായിരുന്നു. അതനുസരിച്ച്, 373 ഉദ്യോഗാർത്ഥികളുടെ ഡെസ്ക് പരിശോധന കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാ മിഷൻ ഓഫീസ് പൂർത്തിയാക്കി.

ഫ്രോസ്റ്റീസ് എക്സ്പോർട്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പരിശീലനം നൽകി നിയമിച്ച 100 ഉദ്യോഗാർത്ഥികളുടെ നിയമന രേഖകൾ ഓഡിറ്റ് പരിശോധിക്കുകയും അതിൽ 43 ഉദ്യോഗാർത്ഥികളുടെ പ്രതിമാസ ശമ്പളം യുപിഐ ഇടപാടുകളിലൂടെ ഉദ്യോഗാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും അതേ തുകയോ അതിന്റെ ഭാഗമോ അതേ തീയതിയിൽ അല്ലെങ്കിൽ അടുത്ത തീയതിയിൽ യുപിഐ ഇടപാടുകളിലൂടെ അതെ യുപിഐ ഐഡിയിലേയ്ക്കോ അല്ലെങ്കിൽ മറ്റൊന്നിലേയ്ക്കോ തിരികെ നൽകുകയും ചെയ്യതായി നിരീക്ഷിച്ചു. 14 കേസുകളിൽ, ശമ്പള തുക അതേ തീയതിയിൽ, അത് ക്രെഡിറ്റ് ചെയ്ത അതേ യുപിഐ ഐഡിയിലേക്ക് തിരികെ നൽകി. കൂടാതെ, വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നിയമിതരായ ഈ 43 ഉദ്യോഗാർത്ഥികളുടെ ശമ്പള തുകയുടെ ക്രെഡിറ്റ്/ഡെബിറ്റ് ഇടപാടുകളിൽ 11 യുപിഐ ഐഡികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഓഡിറ്റ് ശ്രദ്ധിച്ചു.

കുടുംബശ്രീ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 43 ഉദ്യോഗാർത്ഥികളിൽ എട്ട് പേരെ ഓഡിറ്റ് നേരിൽ കണ്ടു വിവരങ്ങൾ അന്വേഷിച്ചു. എട്ട് ഉദ്യോഗാർത്ഥികളും തങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ ശമ്പള ക്രെഡിറ്റായി കാണിച്ച തുക യഥാർത്ഥത്തിൽ തങ്ങളുടെ ശമ്പളമല്ലെന്നും എന്നാൽ ഡി.ഡി.യു.ജി.കെ.വൈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ശമ്പള ക്രെഡിറ്റുകൾ കാണിക്കുന്നതിന് വേണ്ടി ഈ തുകകൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഫ്രോസ്റ്റീസിലെ അധ്യാപകരുടെ അക്കൗണ്ടുകളിൽ നിന്നോ അല്ലെങ്കിൽ മറ്റു വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിൽ നിന്നോ അല്ലെങ്കിൽ സ്വന്തം പേരിലുള്ള മറ്റു അക്കൗണ്ടിൽ നിന്നോ ക്രെഡിറ്റ് ചെയ്യതാണെന്നും വെളിപ്പെടുത്തി. കൂടാതെ, ഓഡിറ്റ് കണ്ട എട്ട് ഉദ്യോഗാർത്ഥികളിൽ ആറ് പേരും തങ്ങളുടെ ശമ്പള സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്ന ഒപ്പുകൾ വ്യാജമാണെന്നും രണ്ട് പേർ നിയമന രേഖകളിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടില്ലെന്നും പറഞ്ഞു.

മേൽപ്പറഞ്ഞ മൂന്ന് ഖണ്ഡികകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടിയായി, എസ്ഒപി പ്രകാരം ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെ സത്യാവസ്ഥ ക്രോസ് ചെക്ക് ചെയ്യാറില്ലെന്നും ഡെസ്ക്/ഫിസിക്കൽ പരിശോധന സമയത്ത് കുടുംബശ്രീക്ക് ക്രമക്കേടുകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). എന്നിരുന്നാലും, ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെ ഡെസ്ക് പരിശോധനയുമായി ബന്ധപ്പെട്ട കുടുംബശ്രീയുടെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് സമഗ്രമായ പരിശീലനം

നൽകിയിട്ടുണ്ടെന്നും, ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പിഐഎകളെ കരിമ്പട്ടികയിൽ പെടുത്തി/എഫ്ഐആർ രജിസ്റ്റർ ചെയ്തുകൊണ്ട് കുടുംബശ്രീ ഇതിനകം നടപടി ആരംഭിച്ചിട്ടുണ്ടെന്നും മറുപടിയിൽ പ്രസ്താവിക്കുന്നു.

### *4.7.1.5 ക്യാപ്റ്റീവ് പിഐഎകൾ പദ്ധതി ചെലവ് കൈക്കലാക്കാൻ നിലവിലെ ജീവനക്കാരെ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളായി കാണിച്ചത്*

#### ഡെന്റ്കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ്

ഡെന്റൽ സെറാമിക് അസിസ്റ്റന്റ്, ഡെന്റൽ ടെക്നീഷ്യൻ എന്നീ ട്രേഡുകളിൽ 1,000 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി ഡെന്റ്കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡിന് ₹6.21 കോടിയുടെ പദ്ധതി അനുവദിച്ചു (2015 ഫെബ്രുവരി). പരിശീലന ലക്ഷ്യം 876 ആയി പുതുക്കി നിശ്ചയിക്കുകയും (2017 ഫെബ്രുവരി) ആദ്യ ഗഡുവായി ₹1.55 കോടിയും രണ്ടാം ഗഡുവായി ₹2.81 കോടിയും അനുവദിച്ചു. 812 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുകയും 750 പേർക്ക് നിയമനം നൽകുകയും ചെയ്തതായി പിഐഎ അവകാശപ്പെട്ടു. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ (ഇഎസ്ഐസി) നിന്ന് ശേഖരിച്ച ഡെന്റ്കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിവരങ്ങൾ ഉപയോഗിച്ച് 2017-ൽ പരിശീലനം ആരംഭിച്ച 355 ഉദ്യോഗാർത്ഥികളിൽ 51 (14 ശതമാനം) പേരുടെ വിവരങ്ങൾ ഓഡിറ്റ് താരതമ്യ പരിശോധന നടത്തി. അതിൽ 31 ഉദ്യോഗാർത്ഥികൾ ഡിഡിയു-ജികെവൈയുടെ കീഴിൽ പരിശീലനം ആരംഭിക്കുന്നതിന് വളരെ മുൻപ് തന്നെ അതേ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നതായി നിരീക്ഷിച്ചു.

#### കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡും കിറ്റെക്സ് ചിൽഡ്രൻസ് വെയർ ലിമിറ്റഡും

കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡിന് മൂന്ന് വ്യത്യസ്ത ട്രേഡുകളിലായി[80] 2,400 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് ₹7.98 കോടിയുടെ പദ്ധതി അനുവദിച്ചു (2015 ഫെബ്രുവരി). പരിശീലന ലക്ഷ്യം 1,550 ആയി പുതുക്കുകയും (2017 ഫെബ്രുവരി) ആദ്യ ഗഡുവായി ₹1.99 കോടി അനുവദിക്കുകയും ചെയ്തു. 1,563 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിച്ചതായും 1,081 ഉദ്യോഗാർത്ഥികളെ നിയമിച്ചതായും പിഐഎ അവകാശപ്പെട്ടു. തുടർന്ന്, ഇൻഡസ്ട്രിയൽ തയ്യൽ മെഷീൻ ഓപ്പറേറ്ററുടെ ട്രേഡിൽ 731 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് ₹3.96 കോടിയുടെ മറ്റൊരു പ്രോജക്റ്റ് പിഐഎയ്ക്ക് (2018 മേയ്) അനുവദിക്കുകയും ആദ്യ ഗഡുവായി ₹89.47 ലക്ഷം അനുവദിക്കുകയും ചെയ്തു. 664 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിച്ചതായും 396 ഉദ്യോഗാർത്ഥികളെ നിയമിച്ചതായും പിഐഎ അവകാശപ്പെട്ടു. അവകാശപ്പെട്ട പരിശീലനവും നിയമനനേട്ടവും അനുസരിച്ച് യോഗ്യരായിരുന്നിട്ടുകൂടി പിഐഎ തുടർന്നുള്ള ഗഡുക്കൾ ആവശ്യപ്പെട്ടില്ല.

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ (ഇപിഎഫ്ഒ) നിന്ന് ലഭ്യമായ വിവരമനുസരിച്ച്, ഓഡിറ്റ് പരിശോധിച്ച 470 ഉദ്യോഗാർത്ഥികളിൽ 457 പേർ പരിശീലന കാലയളവിൽ കിറ്റെക്സ് ഗ്രൂപ്പിന് കീഴിലുള്ള കമ്പനികളിൽ ജോലി ചെയ്തിരുന്നതായി വ്യക്തമാവുന്നു.

മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 1.3.2 അനുസരിച്ച്, ഡിഡിയു-ജികെവൈ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഗ്രാമീണ ദരിദ്ര കുടുംബങ്ങളിലെ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യം ലഭ്യമാക്കി അവർക്ക് കൃത്യമായ പ്രതിമാസ വേതനത്തോടെ തൊഴിൽ ഉറപ്പിക്കുന്നതിനു വേണ്ടിയാണ്. യഥാക്രമമായ പരിശീലനം നൽകാതെ ഉദ്യോഗാർത്ഥികളെ നേരിട്ട് സ്ഥാപനത്തിലെ ജീവനക്കാരായി

---

80 വ്യാവസായിക തയ്യൽമെഷീൻ ഓപ്പറേറ്റർ, അസിസ്റ്റന്റ് തയ്യൽ മെഷീൻ ഓപ്പറേറ്റർ, ഗുണനിലവാര പരിശോധകൻ

തിരഞ്ഞെടുക്കുന്നതും മാർഗരേഖയിൽ വിഭാവനം ചെയ്യുന്നതുപോലെ മൂല്യനിർണ്ണയവും സർട്ടിഫിക്കേഷനും[81] നടത്താത്തതും സംസ്ഥാനത്തെ തൊഴിലില്ലാത്ത യുവാക്കളോടുള്ള വഞ്ചനയാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ ക്രമക്കേടുകൾ തിരിച്ചറിയുന്നതിൽ കുടുംബശ്രീ പരാജയപ്പെട്ടു. കൂടാതെ, കുടുംബശ്രീ പരിപാലിക്കുന്ന പരിശീലനത്തിന്റെയും നിയമനത്തിന്റെയും കണക്കുകളുടെ സത്യാവസ്ഥ സംശയാസ്പദമാണ്.

പരിശോധനാ രേഖകളും കുടുംബശ്രീയിൽ ലഭ്യമായ മറ്റ് വിവരങ്ങളും അനുസരിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന പിഐഎകളിൽ ഉദ്യോഗാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഈ പ്രക്രിയയിൽ കൃതിമങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). ഓഡിറ്റ് നിരീക്ഷണം പരിശീലനം നടത്തുന്നതുമായി ബന്ധപ്പെട്ടതല്ല മറിച്ച് ഉദ്യോഗാർത്ഥികളായി ജീവനക്കാരെ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### 4.7.1.6 പ്രോജക്ട് അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിച്ച് രണ്ടാം ഗഡു റിലീസ് ചെയ്തത്

ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ച (2019 ഒക്ടോബർ) ഫണ്ട് റിലീസ് അനുവദിക്കുന്നതിന്റെ പുതുക്കിയ വ്യവസ്ഥകൾ അനുസരിച്ച്, ഒരു ഡിഡിയു-ജികെവൈ പദ്ധതിയുടെ രണ്ടാം ഗഡു (പദ്ധതി ചെലവിന്റെ 25 ശതമാനം) പരിശീലന ലക്ഷ്യത്തിന്റെ 20 ശതമാനവും പരിശോധിച്ചുറപ്പിച്ച നിയമനങ്ങളുടെ ഏഴ് ശതമാനവും കൈവരിച്ചതിനും വിലയിരുത്തിയതിനും ശേഷം പിഐഎയ്ക്ക് കൈമാറേണ്ടതാണ്. കൂടാതെ, പിഐഎയ്ക്ക് ആദ്യ ഗഡു ലഭിക്കുകയും വിജ്ഞാപന തീയതിക്ക് മുമ്പ് രണ്ടാം ഗഡു റിലീസ് ചെയ്യുന്നതിന് ആവശ്യമായ രേഖകൾ കുടുംബശ്രീക്ക് സമർപ്പിക്കുകയും അവ ചട്ടപ്രകാരം ആണെന്നും കണ്ടാൽ, ശേഷിക്കുന്ന എല്ലാ ഗഡുക്കൾക്കും പിഐഎ യോഗ്യരാണ്.

ഐട്രാൻസ് ലേണിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പിഐഎ, പരിശീലന ലക്ഷ്യമായ 175 എന്നതിൽ 31 ഉദ്യോഗാർത്ഥികൾക്ക് (17.71 ശതമാനം) മാത്രം പരിശീലനം പൂർത്തിയാക്കുകയും അതിൽ 15 പേർക്ക് (8.6 ശതമാനം) മാത്രം നിയമനം നൽകുകയും ചെയ്തു. എന്നിരുന്നാലും, 2019 ഡിസംബർ 18-ന് നടന്ന പിഎസി യോഗത്തിൽ മോശം സാമ്പത്തിക സ്ഥിതി ഉയർത്തിക്കാട്ടി, പരിശീലനം തുടരുന്നതിന് രണ്ടാം ഗഡുവിനായി പിഐഎ പ്രത്യേക അഭ്യർത്ഥന നടത്തുകയും പിഐഎയുടെ പ്രകടനവും സാമ്പത്തിക ശേഷിയും അവലോകനം ചെയ്യാൻ പിഎസി എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു. പക്ഷേ എക്സിക്യൂട്ടീവ് ഡയറക്ടർ 2020 ഫെബ്രുവരിയിൽ, പിഐഎയ്ക്ക് രണ്ടാം ഗഡുവായി[82] ₹57.46 ലക്ഷം (പ്രോജക്റ്റ് ചെലവിന്റെ 25 ശതമാനം) റിലീസ് ചെയ്തു. പിഐഎ യുടെ സാമ്പത്തിക ആസ്തി 2014-15 മുതൽ നെഗറ്റീവ് ആയിരുന്നു എന്നതും 2021-22 വരെ അങ്ങനെ തന്നെ തുടർന്നു എന്നതും ശ്രദ്ധേയമാണ്. പിഎസി നിർദ്ദേശിച്ച പ്രകാരം പിഐഎ യുടെ സാമ്പത്തിക ശേഷി എക്സ്ക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ചിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. തിരുവനന്തപുരത്തെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, 2020 മാർച്ച് മുതൽ പിഐഎ അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചു. പിഐഎ ₹1.15 കോടി ലഭിച്ചിട്ടും, 31 ഉദ്യോഗാർത്ഥികളെ മാത്രം പരിശീലിപ്പിക്കുകയും 15 ഉദ്യോഗാർത്ഥികളെ മാത്രം നിയമിക്കുകയും ചെയ്തിട്ടുള്ളൂ എന്നത് അവർക്ക് അനുവദിച്ച ഫണ്ട് ലഭിക്കുന്നതിനുള്ള അനർഹത വ്യക്തമാക്കുന്നു.

ഉദ്യോഗാർത്ഥികളുടെ പരിശീലനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ തുകയുടെ 25 ശതമാനം (പിഐഎ ആവശ്യപ്പെട്ട 50 ശതമാനത്തിനുപകരം) സോപാധികമായി കൈമാറിയതാണെന്നു സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). പ്രവർത്തനമില്ലെന്ന്

---

[81] പരിശീലനം ലഭിച്ച 2,227 ഉദ്യോഗാർത്ഥികളിൽ 812 പേർക്ക് മാത്രമാണ് മൂല്യനിർണ്ണയം നടത്തിയത്

[82] 2018 ജൂണിൽ ₹57.46 ലക്ഷം ഒന്നാം ഗഡുവായി നൽകി

കണ്ടെത്തിയപ്പോൾ, പിഐഎയെ കരിമ്പട്ടികയിൽ പെടുത്തുകയും ഈ വസ്തുത ഗ്രാമീണവികസന മന്ത്രാലയത്തിനെ അറിയിക്കുകയും ചെയ്തു. എന്നിരുന്നാലും, പദ്ധതി തുക ലഭിച്ച ഉടൻ പിഐഎ അവരുടെ എല്ലാ പ്രവർത്തനങ്ങളും അവസാനിപ്പിച്ചതിൽ നിന്ന് പിഐഎയുടെ സാമ്പത്തിക ശേഷി വിലയിരുത്തുന്നതിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഭാഗത്തു വീഴ്ചയുണ്ടായെന്ന വസ്തുത നിലനിൽക്കുന്നു.

### *4.7.1.7 ബാങ്ക് ഗ്യാരന്റി ഇൻവോക് ചെയ്യുന്നതിൽ ഉണ്ടായ കാലതാമസം*

(i) മൂന്ന് കോഴ്സുകൾക്ക്[83] കീഴിൽ 980 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് ₹9.29 കോടിയുടെ മൂന്ന് വർഷത്തെ പദ്ധതി മെസേഴ്സ് ടോപ്സ് സെക്യൂരിറ്റി ലിമിറ്റഡ് എന്ന ഒരു പിഐഎയ്ക്ക് നൽകി (2017 ജൂലൈ). ആദ്യ ഗഡുവായ ₹2.15 കോടി (2018 ജൂലൈ) നൽകുകയും, പിഐഎ 30 വിദ്യാർത്ഥികൾ വീതമുള്ള രണ്ട് ബാച്ചുകൾക്ക് പരിശീലനം ആരംഭിക്കുകയും ചെയ്തു (2019 ഏപ്രിൽ). എന്നാൽ, ഒരു ഉദ്യോഗാർത്ഥിയുടെ പോലും പരിശീലനം പൂർത്തിയാക്കാതെ 2019 ജൂൺ 22 ന് പിഐഎ പരിശീലന പ്രവർത്തനങ്ങൾ നിർത്തി. മാർഗ്ഗനിർദ്ദേശങ്ങളും എസ്ഒപിയും പാലിക്കാത്തതിനാൽ, കുടുംബശ്രീ പിഐഎയ്ക്കെതിരെ ശിക്ഷാനടപടികൾ ആരംഭിക്കുകയും കാരണം കാണിക്കൽ/ഡിഫോൾട്ട് നോട്ടീസ് നൽകുകയും ചെയ്തു. വിശദീകരണം കാണിക്കലോ തിരുത്തൽ നടപടികളോ പിഐഎ നൽകാത്തതിനാൽ, 2019 ഓഗസ്റ്റിൽ ഏജൻസിയെ കരിമ്പട്ടികയിൽ പെടുത്തി.

പിഐഎയ്ക്ക് അനുവദിച്ച തുക തിരിച്ചുപിടിക്കുന്നതിൽ കുടുംബശ്രീ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ചുവടെ കൊടുത്തിരിക്കുന്ന വീഴ്ചകൾ ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- ഗ്രാമീണ വികസന മന്ത്രാലയം 2020 മാർച്ചിൽ പുറപ്പെടുവിച്ച പദ്ധതിയുടെ ഡിഫോൾട്ട് മാനേജ്മെന്റ് നടപടിക്രമങ്ങൾ അനുസരിച്ച്, ഒപ്പിട്ട ധാരണാപത്രത്തിനൊപ്പം സമർപ്പിച്ച ബാങ്ക് ഗ്യാരന്റി ഉപയോഗിച്ച് പിഐഎയിൽ നിന്ന് വീണ്ടെടുക്കാനുള്ള തുക ഈടാക്കാവുന്നതാണ്. ₹58.07 ലക്ഷത്തിന്റെ ബാങ്ക് ഗ്യാരണ്ടിയുടെ കാലാവധി (2021 ജൂൺ) അവസാനിച്ച് നാല് മാസത്തിന് ശേഷം, 2021 ഒക്ടോബർ 12–ന് ബാങ്ക് ഗ്യാരന്റി ഇൻവോക് ചെയ്യുന്നതിനായി കുടുംബശ്രീയിൽ നിന്നുള്ള ഒരു കത്ത്, മുംബൈയിലുള്ള ഇന്ത്യൻ ബാങ്കിന്റെ വോർളി ബ്രാഞ്ച് മാനേജരുടെ പേർക്ക് അയച്ചതായി ശ്രദ്ധയിൽ പെട്ടു. 2019 ഓഗസ്റ്റിൽ പിഐഎയെ കരിമ്പട്ടികയിൽ പെടുത്തിയതിനു ശേഷം ഏകദേശം 26 മാസത്തെ അനാവശ്യ കാലതാമസം ബാങ്ക് ഗ്യാരന്റി ഇൻവോക് ചെയ്യുന്നതിൽ ഉണ്ടായതു മൂലം സർക്കാരിനുണ്ടായ നഷ്ടത്തിന്റെ ഒരു ഭാഗം തിരിച്ചുപിടിക്കാൻ കഴിയാതെ വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. മുൻകൂറായി പദ്ധതി ചെലവ് അനുവദിക്കുന്ന സന്ദർഭങ്ങളിൽ ബാങ്ക് ഗ്യാരന്റി ആവശ്യപ്പെടുന്നതിന്റെ പ്രധാന ഉദ്ദേശ്യം തന്നെ ഇവിടെ പരാജയപ്പെട്ടു.

- പിഐഎയിൽ നിന്ന് തുക വീണ്ടെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകിയെങ്കിലും (2022 ഏപ്രിൽ), ഇതിനുള്ള ഒരു നടപടിയും ആരംഭിച്ചതായി കണ്ടില്ല. പ്രസ്തുത പിഐഎ കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ നടപടിക്രമത്തിന്[84] (2021 ഫെബ്രുവരി) കീഴിലായതിനാൽ, 10 ശതമാനം പിഴപ്പലിശയോടെ ₹2.15 കോടി വീണ്ടെടുക്കാനുള്ള സാധ്യത വിരളമാണ്.

[83] ഫയർ ആൻഡ് റെസ്ക്യൂ ഓപ്പറേറ്റർ, സെക്യൂരിറ്റി ഗാർഡ് (ജനറൽ), ഹൗസ് കീപ്പർ

[84] കോർപ്പറേറ്റ് കാര്യമന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിവരങ്ങൾ പ്രകാരം

യഥാസമയം ബാങ്ക് ഗ്യാരന്റി വീണ്ടെടുക്കുന്നതിൽ കാലതാമസമുണ്ടായത് കോവിഡ് ലോക്ക്ഡൗൺ കാരണമാണെന്നും കമ്പനി പാപ്പരത്ത നടപടികളിലായതിനാൽ ബാങ്ക് ഗ്യാരന്റി ഇൻവോക് ചെയ്യാൻ കഴിഞ്ഞില്ലെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). സ്ഥാപനത്തെ കരിമ്പട്ടികയിൽപ്പെടുത്തി 17 മാസത്തിന് ശേഷമാണ് പാപ്പരത്ത നടപടികൾ ആരംഭിച്ചെന്നതിനാൽ ഈ വാദം നിലനിൽക്കില്ല. കൂടാതെ ഗ്യാരണ്ടിയുടെ കാലാവധി നിലവിലുണ്ടെങ്കിൽ, പാപ്പരത്ത നടപടികൾ ആരംഭിച്ചതിന് ശേഷവും സാധുതയുള്ള ഒരു ബാങ്ക് ഗ്യാരണ്ടി ലഭ്യമാണെങ്കിൽ അത് ഇൻവോക് ചെയ്യാമെന്ന് 2016 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് വ്യവസ്ഥ ചെയ്യുന്നു.

(ii) 1,000 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി മഹാരാഷ്ട്ര അക്കാദമി ഓഫ് എഞ്ചിനീയറിംഗ് ആൻഡ് എജ്യുക്കേഷണൽ റിസർച്ച്, പൂനെയ്ക്ക് ₹10.43 കോടി മൂല്യമുള്ള മൂന്ന് വർഷത്തെ പദ്ധതി അനുവദിക്കുകയും (2018 മേയ്) ആദ്യ ഗഡുവായി ₹2.49 കോടി റിലീസ് ചെയ്യുകയും ചെയ്തു (2018 ജൂൺ). എസ്ഒപിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളുടെ വലിയ ലംഘനവും അംഗീകൃത പദ്ധതി വർക്ക് ഷെഡ്യൂളിലെ വീഴ്ചകളും കാരണം, കുടുംബശ്രീ 2019 ഏപ്രിൽ 04-ന് പിഐഎയ്ക്ക് സ്റ്റോപ്പ് മെമ്മോറാണ്ടം നൽകി. സ്റ്റോപ്പ് മെമ്മോ നൽകുന്ന സമയത്ത് പിഐഎയുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ ₹ഒരു കോടിയും കുടുംബശ്രീ തിരിച്ചുപിടിച്ചു (2020 മാർച്ച് 06). 2020 ഏപ്രിൽ 01-ന് പിഐഎ സംസ്ഥാനത്തെ അവരുടെ പരിശീലന കേന്ദ്രങ്ങൾ അടച്ചു. 2021 നവംബർ 30-ന് കാലഹരണപ്പെട്ട ₹65 ലക്ഷത്തിന്റെ ഒരു ബാങ്ക് ഗ്യാരണ്ടി കുടുംബശ്രീയുടെ പക്കലുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. കുടുംബശ്രീ സമയബന്ധിതമായി നടപടി സ്വീകരിച്ചിരുന്നെങ്കിൽ, ബാങ്ക് ഗ്യാരന്റി ഇൻവോക് ചെയ്തു നഷ്ടത്തിന്റെ വ്യാപ്തി കുറയ്ക്കാമായിരുന്നു.

2020 മാർച്ച് 06-ന് ഏജൻസിയിൽ നിന്ന് ₹ഒരു കോടി വീണ്ടെടുത്തതായും 2023 നവംബർ 04 വരെ ബാങ്ക് ഗ്യാരണ്ടി പുതുക്കിയതായും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി). കൂടാതെ പരിശീലനലക്ഷ്യം പൂർത്തിയാക്കിയ ലക്ഷ്യം, റീഫണ്ട് ചെയ്ത തുക, പുതുക്കിയ ബാങ്ക് ഗ്യാരന്റി മുതലായവ പരിഗണിച്ച്, ഉടനടി റിക്കവറി നടപടിക്രമങ്ങൾ ആരംഭിക്കേണ്ട ആവശ്യമില്ല എന്നും ഡെസ്ക്/ഫിസിക്കൽ/സാമ്പത്തിക പരിശോധന വഴി അന്തിമ നേട്ടം വിലയിരുത്തിയതിന് ശേഷം ഇത് ചെയ്യാവുന്നതാണ് എന്നും മറുപടിയിൽ പ്രസ്താവിക്കുന്നു.

പദ്ധതി അനുവദിച്ച് ഏകദേശം അഞ്ച് വർഷം കഴിഞ്ഞിട്ടും ഉദ്യോഗാർത്ഥികളാരും വിജയകരമായി പരിശീലനവും മൂല്യനിർണയവും പൂർത്തിയാക്കിയിട്ടില്ലെന്ന് വ്യക്തമായതിനാൽ മറുപടി സ്വീകാര്യമല്ല. ഓഡിറ്റ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഗ്യാരന്റി പുതുക്കിയെങ്കിലും, മുഴുവൻ തുകയും പലിശ സഹിതം വീണ്ടെടുക്കാൻ ഇനിയും കാലതാമസം വരുത്തുന്നത് ന്യായീകരിക്കാവുന്നതല്ല.

### *4.7.1.8 ബാങ്ക് ഗ്യാരണ്ടിയുടെ സാധുത മേൽനിരീക്ഷിക്കുന്നതിൽ ഉണ്ടായ വീഴ്ച*

ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ 50/2017 നമ്പർ വിജ്ഞാപനം (2017 സെപ്റ്റംബർ) പ്രകാരം ഡിഡിയു-ജികെവൈയുടെ കീഴിലുള്ള ഒരു പുതിയ പദ്ധതി ആരംഭിക്കുമ്പോൾ ബാങ്ക് ഗ്യാരന്റി സമർപ്പിക്കേണ്ടതുണ്ട്. ബാങ്കിൽ നിന്നുള്ള പെർഫോമൻസ് ഗ്യാരന്റി ധാരണാപത്രം ഒപ്പിടുന്ന തീയതിക്ക് മുൻപ്/തീയതി മുതൽ പ്രോജക്റ്റിന്റെ അംഗീകൃത കാലയളവ് അവസാനിച്ചതിന് ശേഷം 180 ദിവസം വരെ സാധുതയുള്ളതായിരിക്കും. നടന്നുകൊണ്ടിരിക്കുന്ന 35 പദ്ധതികളുടെ കാര്യത്തിൽ (**അനുബന്ധം 4.1**), ബാങ്ക് ഗ്യാരന്റികളുടെ സാധുത ഇതിനകം (2022 മാർച്ച് 31) കാലഹരണപ്പെട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, 35 പദ്ധതികളിൽ 11 എണ്ണം മാത്രമേ നിലവിൽ സജീവമായി നിലനിൽക്കുന്നുള്ളൂ എന്നതും പെർഫോമൻസ് ഗ്യാരന്റി ഇല്ലാത്തതും മേൽസൂചിപ്പിച്ച

നിഷ്ക്രിയമായ പിഐഎകളിൽ നിന്ന് പദ്ധതി ചെലവ് ഉടനടി വീണ്ടെടുക്കാനുള്ള അവസരത്തെ പരാജയപ്പെടുത്തി.

അവസാന മൂന്ന് ഘട്ടങ്ങളിലായി അധിക ലക്ഷ്യങ്ങൾ അനുവദിച്ച 20 പദ്ധതികൾക്കുവേണ്ടി കുടുംബശ്രീ പെർഫോമൻസ് ഗ്യാരന്റി നിഷ്കർഷിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഗ്രാമീണ വികസന മന്ത്രാലയത്തിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം ഇല്ലാതിരുന്ന സാഹചര്യത്തിൽ, അധിക ലക്ഷ്യങ്ങൾക്കായി പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടാത്തത് ക്രമരഹിതമായിരുന്നു.

നിലവിലെ പദ്ധതികൾ വിജയകരമായി നടത്തുന്ന ഏജൻസികൾക്ക് അധിക ലക്ഷ്യങ്ങൾ നൽകിയിട്ടുണ്ടെന്നും അവരുടെ യോഗ്യതകൾ ഗ്രാമീണ വികസന മന്ത്രാലയം അറിയിച്ചിട്ടുണ്ടെന്നും, അതിനാൽ അധിക ലക്ഷ്യങ്ങൾക്കായി നിലവിലെ പദ്ധതി ബാങ്ക് ഗ്യാരണ്ടി ഉപയോഗിക്കാമെന്നും സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ 50/2017 നമ്പർ വിജ്ഞാപനം (2017 സെപ്റ്റംബർ) പ്രകാരം, ബാങ്ക് ഗ്യാരണ്ടി കണക്കാക്കേണ്ടത് മൊത്തം അംഗീകൃത പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിലാണ്. അധിക ലക്ഷ്യങ്ങൾ അനുവദിക്കുമ്പോൾ പദ്ധതി ചെലവും വർദ്ധിച്ചാൽ പദ്ധതിച്ചെലവിന്റെ വർധിച്ച മൂല്യത്തിന് ബാങ്ക് ഗ്യാരണ്ടി കണക്കാക്കി വാങ്ങേണ്ടതാണ്. അതിനാൽ, സർക്കാരിന്റെ വാദം അംഗീകരിക്കാവുന്നതല്ല.

## 4.8 നിഗമനം

ഗ്രാമീണ യുവതീയുവാക്കളുടെ നൈപുണ്യ പരിശീലനവും അവർക്കു സ്ഥിരമായ മാസ വേതനമുള്ള ജോലി ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2014 സെപ്റ്റംബറിൽ അവതരിപ്പിച്ച ഭാരതസർക്കാരിന്റെ പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന, കുടുംബശ്രീ നടപ്പിലാക്കി. 2014–2022 കാലയളവിൽ കുടുംബശ്രീ 61,459 പേർക്ക് പരിശീലനവും 35,741 പേർക്ക് നിയമനവും നൽകി.

നിയമനവുമായി ബന്ധപ്പെട്ട രേഖകളും മറ്റ് കാര്യങ്ങളും പരിശോധിച്ച ശേഷം കണ്ടെത്തിയത്, എന്തെന്നാൽ ഓഡിറ്റ് പരിശോധിച്ച ഡാറ്റകളിൽ 32 ശതമാനവും[85] വ്യാജവും കെട്ടിച്ചമച്ചതുമാണെന്നാണ്. പല സംശയകരമായ തട്ടിപ്പുകൾ കണ്ടെത്തിയതിനാൽ പരിശീലനത്തിന്റെയും നിയമനത്തിന്റെയും തൃപ്തികരമായ നേട്ടത്തെക്കുറിച്ച് ഓഡിറ്റിന് ഒരു ഉറപ്പും നൽകാൻ കഴിഞ്ഞില്ല. പിഐഎകൾ സംവിധാനത്തിന്റെ ദൗർബല്യങ്ങൾ മുതലെടുത്തതിന്റെ ഫലമായി സ്വകാര്യ സ്ഥാപനങ്ങൾക്ക് അനർഹമായി സാമ്പത്തിക നേട്ടങ്ങൾ ലഭിച്ചു.

വ്യാജമായി നിർമ്മിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ ക്രെഡിറ്റുകൾ കാണിക്കാൻ വേണ്ടി നടത്തിയ യുപിഐ ഇടപാടുകൾ (ശമ്പളം നൽകിയതായി കാണിച്ചത്), സ്വന്തം ജീവനക്കാരെ പരിശീലന ഉദ്യോഗാർത്ഥികളായി കാണിക്കൽ മുതലായ തട്ടിപ്പുകളുടെ വിവിധ സംഭവങ്ങൾ, പദ്ധതി നടപ്പിലാക്കുന്നതിൽ കുടുംബശ്രീയിലെ ആഭ്യന്തര നിയന്ത്രണങ്ങളുടെ അപര്യാപ്തതയും കാര്യക്ഷമതയില്ലായ്മയും കാണിക്കുന്നു. വഞ്ചനാപരമായ പ്രവൃത്തികളിൽ ഏർപ്പെട്ട പിഐഎകൾക്ക് ₹28.23 കോടിയുടെ പദ്ധതികൾ നൽകിയതായി കണ്ടെത്തി.

അർഹതയില്ലാത്ത പിഐഎകൾക്ക് ₹23.99 കോടിയുടെ പദ്ധതികൾ നൽകിയതും ചില പിഐഎകൾക്ക് യോഗ്യതയിൽ കവിഞ്ഞ ₹12.26 കോടിയുടെ പദ്ധതികൾ അനുവദിച്ചതും പിഐഎകൾക്ക് അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാരണമായി എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

[85] പരിശോധിച്ച 1,479 രേഖകളിൽ 172 എണ്ണവും പരിശോധിച്ച 521 എംഐഎസ് രേഖകളിൽ 458 എണ്ണവും (അതായത് 2,000ൽ 630 എണ്ണം)

## 4.9 ശിപാർശകൾ

- *ഡിഡിയു-ജികെവൈയുടെ കീഴിൽ അനുവദിച്ചിട്ടുള്ള നിലവിലുള്ള എല്ലാ പദ്ധതികളുടെയും ഒരു സമഗ്രമായ അവലോകനം നടത്തി, അനുവദിച്ച പദ്ധതികളിൽ പിഐഎകളുടെ യോഗ്യത ഉറപ്പാക്കുകയും യോഗ്യതയില്ലാതെ അനുവദിച്ച അധിക പദ്ധതിച്ചെലവ് ഉടനടി വീണ്ടെടുക്കുകയും ചെയ്യേണ്ടതാണ്.*

- *പരിശീലനവും നിയമനവുമായി ബന്ധപ്പെട്ട് വ്യാപകമായ വ്യാജരേഖ ചമയ്ക്കലും ക്രമക്കേടുകളും വെളിപ്പെട്ടത് കണക്കിലെടുത്ത്, പദ്ധതിയിൽ പിഐഎകൾ അവകാശപ്പെടുന്ന പരിശീലനത്തിന്റെയും നിയമനത്തിന്റെയും സത്യാവസ്ഥ പരിശോധിക്കാൻ ഒരു വിശദമായ അന്വേഷണം നടത്തുകയും ഉചിതമായ ശിക്ഷാ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.*

# അദ്ധ്യായം V

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

## അദ്ധ്യായം V

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

*അപഹരണം/തട്ടിപ്പ്*

### 5.1 മൈക്രോ ബിസിനസ്സ് പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നഗരസഭ അനുവദിച്ച തുകയുടെ അപഹരണം

**ഒരു വായ്പാബന്ധിത പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളെ ഉറപ്പാക്കുന്നതിലും നടത്തിപ്പ് രീതിയുടെ മേൽനോട്ടം വഹിക്കുന്നതിലും തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിന്റെ ഫലമായി, വായ്പയൊന്നും എടുക്കാത്ത വ്യക്തികൾക്ക് സബ്സിഡി തുക അനുവദിച്ചതുവഴി ₹5.79 കോടിയുടെ അപഹരണം നടന്നു.**

തദ്ദേശ സ്വയംഭരണ വകുപ്പ് (തസ്വഭവ) പുറപ്പെടുവിച്ച (2018 ഫെബ്രുവരി) സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അഞ്ച് വനിതാ അംഗങ്ങൾ ഉൾപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെഎൽജി[86]) ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് മൈക്രോ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കാം. ജെഎൽജികൾ ബാങ്കുകളിൽ വായ്പാബന്ധിത അക്കൗണ്ടുകൾ തുടങ്ങേണ്ടതും അതിലേക്ക് സബ്സിഡി തുക ഒരു ബാക്ക് എൻഡഡ് സബ്സിഡിയായി[87] നൽകേണ്ടതും ജെഎൽജി തവണകളായി വായ്പ തിരിച്ചടയ്ക്കുന്നത് പരിഗണിച്ച് ഈ സബ്സിഡി തുക ലോൺ ക്ലോസ് ചെയ്യാനായി ക്രമീകരിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ (ടിഎംസി) സ്ത്രീകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനായി ജെഎൽജികൾക്ക് ബാക്ക് എൻഡഡ് സബ്സിഡി (വായ്പയുടെ 85 ശതമാനം) അനുവദിച്ചു കൊണ്ട് രണ്ട് പദ്ധതികൾ വീതം 2020-21-ലും 2021-22-ലും ഉൾപ്പെടുത്തി. കോർപ്പറേഷന്റെ വികസനഫണ്ടിൽ നിന്ന് ഓരോ ജെഎൽജിക്കും അനുവദിക്കാവുന്ന പരമാവധി തുക ₹മൂന്ന് ലക്ഷം ആയിരുന്നു. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ (ഐഇഒ) ആയിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. 2020-2022 കാലയളവിൽ രണ്ട് ഐഇഒമാർ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായി ചുമതലവഹിച്ചു.

2020-21 ൽ 119 ജനറൽ ഗ്രൂപ്പുകൾക്കും 33 പട്ടികജാതി (എസ്സി) ഗ്രൂപ്പുകൾക്കും 2021-22-ൽ 38 ജനറൽ ഗ്രൂപ്പുകൾക്കും 25 എസ്സി ഗ്രൂപ്പുകൾക്കുമാണ് പദ്ധതി തുക അനുവദിച്ചത്. ഇപ്രകാരം 2020-21 ൽ ₹4.56 കോടിയും 2021-22 ൽ ₹1.89 കോടിയും ടിഎംസി ബാക്ക് എൻഡഡ് സബ്സിഡിയായി അനുവദിച്ചു. വാർഡ് കമ്മിറ്റികൾ തയ്യാറാക്കി കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച ജെഎൽജികളുടെ പട്ടികയും ടിഎംസി ഐഇഒമാർക്ക് നൽകി.

കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് (കെഎസ്എഡി), 2022 ജൂലൈയിൽ ടിഎംസിക്ക് നൽകിയ 2020-21[88] വർഷത്തെ കോർപ്പറേഷൻ ഓഡിറ്റ് റിപ്പോർട്ടിൽ, 2020-21 ൽ പട്ടികജാതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലെ സുതാര്യത, ജെഎൽജികൾക്ക് യഥാർത്ഥമായി ലഭിച്ച വായ്പ, പ്രായമാനദണ്ഡത്തിന്റെ യോഗ്യത എന്നിവ സംബന്ധിച്ച്

---

[86] ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നത് ഒരു ബാങ്കിൽ നിന്ന് യാതൊരു ഈടും കൂടാതെ വായ്പ ലഭിക്കുന്നതിന് വേണ്ടി ഒരു ഗ്രൂപ്പ് രൂപീകരിക്കാനായി പരസ്പരം ഒത്തുചേരുന്ന ഒരേ ഗ്രാമത്തിലോ, സമാനസ്വഭാവമുള്ള പ്രദേശത്തിലോ, ഒരേ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിലോ ഉള്ള 4-10 ആളുകളുടെ ഗ്രൂപ്പ് ആണ്.

[87] ബാങ്കിൽ നിന്ന് ഗുണഭോക്താവ് നേടിയ വായ്പ പൂർണ്ണമായി വിനിയോഗിച്ചാൽ, ഗുണഭോക്താവിന്റെ വിഹിതം തിരിച്ചടച്ചതിന് ശേഷം ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനായി സർക്കാർ ബാങ്കിന് നൽകുന്ന സഹായമാണ് ബാക്ക് എൻഡഡ് സബ്സിഡി.

[88] പട്ടികജാതി പദവി തെളിയിക്കാൻ വ്യാജരേഖ നൽകി സബ്സിഡി നേടിയതുമായി ബന്ധപ്പെട്ട് കെഎസ്എഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിഎംസി മേയർ നൽകിയ എഫ്ഐആർ ആധാരമാക്കി അന്വേഷണം പുരോഗമിക്കുകയാണ്.

ആശങ്കകൾ പ്രകടിപ്പിക്കുകയും അന്വേഷണത്തിനായി കൂടുതൽ രേഖകൾ ആവശ്യപ്പെടുകയും ചെയ്തു. ടിഎംസി സെക്രട്ടറി ഈ തടസ്സവാദങ്ങൾ ഐഇഒയെയും വ്യവസായ ഡയറക്ടറെയും അറിയിച്ചു (2022 ഏപ്രിൽ/ജൂലൈ). മറുപടിയായി, രേഖകളുടെ പരിശോധന, ബാങ്കുകളുമായുള്ള കത്തിടപാടുകൾ, ഡോക്യുമെന്റേഷൻ, പ്രവർത്തനയൂണിറ്റുകളുടെ ഫീൽഡ് ലെവൽ പരിശോധന തുടങ്ങിയവയ്ക്ക് പരിമിതമായ ദിവസങ്ങൾ മാത്രമേ ലഭിച്ചുള്ളൂ എന്ന് ഐഇഒ മറുപടിയിൽ പ്രസ്താവിച്ചു. ഒന്നിലധികം ജോലികളുടെ ചുമതലയുള്ള ഒരേയൊരു ഉദ്യോഗസ്ഥൻ എന്ന കാരണത്താൽ, വിവിധ തലങ്ങളിലെ സൂക്ഷ്മ പരിശോധന ഫലപ്രദമായി നടത്താൻ അദ്ദേഹത്തിന് കഴിയാതിരുന്നത്, വീഴ്ചകൾ കണ്ടെത്താനാകാതെ പോകുന്നതിന് കാരണമായി എന്നും അറിയിച്ചു.

പട്ടികജാതി ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കാൻ 2021-22ലും ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന്[89] സംശയിച്ച ഓഡിറ്റ്[90], 2020 മുതൽ 2022 വരെ ഐഇഒമാർ വഴി ടിഎംസിയിൽ നിന്ന് ജെഎൽജികളിലേക്ക് ഫണ്ടുകൾ കൈമാറ്റം ചെയ്തതിന്റെ എല്ലാ രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ടിഎംസി, ഐഇഒ, തുക ക്രെഡിറ്റ് ചെയ്ത വിവിധ ബാങ്കുകൾ (അനുബന്ധം 5.1) എന്നിവിടങ്ങളിലെ രേഖകളുടെ ഓഡിറ്റ് വിശകലനത്തിൽ വെളിപ്പെട്ട നിർദ്ദിഷ്ട നടപടിക്രമങ്ങളുടെ ലംഘനം താഴെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

2017 ഏപ്രിലിൽ തസ്വഭവ പുറപ്പെടുവിച്ച പഞ്ചവത്സര പദ്ധതികൾക്ക് കീഴിലെ വാർഷിക പദ്ധതികളുടെ തയ്യാറാക്കൽ, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നത്, വ്യക്തികളും ഗുണഭോക്തൃ ഗ്രൂപ്പുകളും പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുമ്പോൾ, സബ്സിഡി തുക ബാങ്കുകൾക്ക് നൽകുന്നതിന് മുൻപായി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനകൾ നടത്തി പദ്ധതികളുടെ ഗുണനിലവാരവും, അനുയോജ്യതയും ഉറപ്പാക്കണമെന്നാണ്. സബ്സിഡി അനുവദിക്കുന്നതിന് മുമ്പ്, സ്വയം തൊഴിൽ സംരംഭങ്ങളും ഗുണഭോക്താക്കളുടെ ഗ്രൂപ്പ് സംരംഭങ്ങളും, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായുള്ള വർക്കിംഗ് ഗ്രൂപ്പ് ബന്ധപ്പെട്ട മേഖലയിലെ പദ്ധതി രൂപീകരണത്തിന് നേതൃത്വം വഹിക്കുകയും, വാർഡ് സഭകളിലും മറ്റ് യോഗങ്ങളിലും പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള ചർച്ചകൾ സുഗമമാക്കുകയും ചെയ്യണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ സാരാംശം അംഗീകരിച്ചു കൊണ്ട് ഐഇഒകൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ, സബ്സിഡി സ്വീകരിക്കുന്ന ഗ്രൂപ്പുകളുടെ ത്രൈമാസ പ്രകടന റിപ്പോർട്ടും വരവ്/ചെലവ് വിശദാംശങ്ങളും ആവശ്യപ്പെടുകയും അവ പരിശോധിച്ച് ഈ യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കണമെന്നും ടിഎംസി സെക്രട്ടറി നിർദ്ദേശം നൽകി (2022 ഏപ്രിൽ). മൂന്ന് മാസത്തിലൊരിക്കൽ അവർ കോർപ്പറേഷന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ജെഎൽജികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടും സമർപ്പിക്കേണ്ടതുണ്ട്. സബ്സിഡി തുക ബാങ്കുകളിലേക്ക് കൈമാറുന്നതിനു മുൻപ് ജെഎൽജികൾ ബാങ്കുകളിൽ വായ്പാബന്ധിത അക്കൗണ്ടുകൾ തുറന്നിട്ടുണ്ടെന്നും മൈക്രോ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ഈ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടെന്നും ഐഇഒ ഉറപ്പാക്കേണ്ടതാണ്.

ജെഎൽജികൾ സർവ്വീസ് സഹകരണ ബാങ്കുകളിൽ (എസ്സിബി) വായ്പാ അക്കൗണ്ടുകൾക്ക് പകരം സേവിംഗ്സ് ബാങ്ക് (എസ്ബി) അക്കൗണ്ടുകൾ തുറന്നതും ഈ ബാങ്കുകളിൽ നിന്ന് വായ്പകളൊന്നും എടുക്കാതിരുന്നതും (215 കേസുകളിൽ 10 എണ്ണം

---

[89] ഓഡിറ്റിന് മുമ്പാകെ ഹാജരാക്കിയ വിവിധ കേസ് ഫയലുകളിൽ എസ്സി സർട്ടിഫിക്കറ്റുകൾ പ്രഥമദൃഷ്ട്യാ വ്യാജമാണ്. കാരണം, അവ ഒറിജിനൽ രേഖകളല്ല മറിച്ച് താലൂക്ക് ഓഫീസ് നൽകിയ ഒരു പഴയ സർട്ടിഫിക്കറ്റിൽ നിന്ന് പകർത്തിയ തഹസിൽദാരുടെ സീലും, ഒപ്പും ഉള്ള ഫോട്ടോകോപ്പികളായിരുന്നു. കൂടാതെ വെട്ടി തിരുത്തലുകൾ, പേര്/ജാതി പേര് എന്നിവ വെട്ടിയിരിക്കുന്നത്, ഒരേ തീയതിയിൽ നൽകിയ സർട്ടിഫിക്കറ്റുകളിൽ മൂന്ന് വ്യത്യസ്ത തഹസിൽദാരുടെ ഒപ്പുകൾ എന്നീ പൊരുത്തക്കേടുകളും ഓഡിറ്റ് കാണുകയുണ്ടായി.

[90] ഓഡിറ്റ് ഖണ്ഡിക സംസ്ഥാന ഓഡിറ്റ് ഏജൻസിയെക്കുറിച്ചും പരാമർശിക്കുന്നതിനാൽ, 'കെഎസ്എഡി' എന്നത് സംസ്ഥാന ഓഡിറ്റിനെയും 'ഓഡിറ്റ്' എന്നത് എജി ഓഡിറ്റിനെയും സൂചിപ്പിക്കുന്നു.

ഒഴികെ) ശ്രദ്ധിക്കാതിരുന്ന ഐഇഒകൾ, മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഒൻപത് കേസുകളിൽ ബാങ്കുകളിലേക്ക് കൈമാറിയ സബ്സിഡി തുക ജെഎൽജികളുടെ എസ്ബി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യാൻ കോവളം എസ്സിബി സെക്രട്ടറിയോട് ഐഇഒ നടത്തിയ പ്രത്യേക അഭ്യർത്ഥനയിൽ നിന്ന് (2022 മാർച്ച്/ഏപ്രിൽ) ഐഇഒയുടെ ഭാഗത്തുനിന്നുള്ള മേൽപ്പറഞ്ഞ വീഴ്ച മനഃപൂർവ്വമായി കണക്കാക്കാം. ജെഎൽജികൾ എസ്ബി അക്കൗണ്ടുകൾ തുറന്നപ്പോൾ തന്നെ, ബാങ്ക് ഐഇഒയെ ആ വിവരം അറിയിച്ചിരുന്നു. ഓഡിറ്റ്, ബാങ്ക് മാനേജർ അയച്ച യഥാർത്ഥ കത്തും ഐഇഒയുടെ രേഖകളിൽ ഫയൽ ചെയ്ത ഈ കത്തിന്റെ പകർപ്പും താരതമ്യം ചെയ്തു. ഐഇഒയുടെ ഫയലിലെ കത്ത് യഥാർത്ഥ കത്തിന്റെ വ്യാജ രൂപമാണെന്നും ജെഎൽജികൾ വായ്പാബന്ധിത അക്കൗണ്ടുകൾ തുറന്നിട്ടുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ളതാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ജെഎൽജികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സബ്സിഡി കൈമാറ്റം സുഗമമാക്കുന്നതിന് വേണ്ടി ബോധപൂർവ്വം ചെയ്തതായി കരുതുന്നു.

ടിഎംസിയുടെ ജനകീയാസൂത്രണ വിഭാഗത്തിൽ ഫയൽ ചെയ്ത 2020–21ലെ 19 ജെഎൽജികളുടെയും 2021–22ലെ മുഴുവൻ 63 ജെഎൽജികളുടെയും യഥാർത്ഥ ഗുണഭോക്തൃ ലിസ്റ്റുകൾ ഐഇഒ/ബാങ്ക് രേഖകളിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങളുമായി ഓഡിറ്റ് പരിശോധിച്ചപ്പോൾ, ബാങ്കുകളിൽ അക്കൗണ്ട് തുറന്ന ഗുണഭോക്താക്കളുടെ പേരുകൾ ടിഎംസി അംഗീകരിച്ച യഥാർത്ഥ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് യഥാക്രമം 19 ഉം 31 ഉം കേസുകളിൽ വ്യത്യസ്തമായിരുന്നു എന്നു വെളിപ്പെട്ടു.

ഈ വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരത്തെ ജില്ലാ ട്രഷറിയിൽ നിന്ന് എസ്സിബികളുടെ[91] അക്കൗണ്ടുകൾ വഴി സബ്സിഡി തുക 205 ജെഎൽജികളുടെ[92] എസ്ബി അക്കൗണ്ടുകളിലേക്ക് കൈമാറാനായി ഐഇഒ വഴിയൊരുക്കി (2020–21 കാലയളവിൽ 2021 ജനുവരി മുതൽ 2021 മാർച്ച് വരെയും, 2021–22 കാലയളവിൽ 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെയും). അങ്ങനെ, ബാങ്കുകളിൽ നിന്ന് വായ്പയൊന്നും എടുക്കാതെ തന്നെ ജെഎൽജികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക വന്നു ചേർന്നു. ഐഇഒകൾ സബ്സിഡി തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കുകളിലേക്ക് നൽകുന്നതിന് പകരം ജെഎൽജികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രമവിരുദ്ധമായി കൈമാറ്റം ചെയ്ത[93] സംഭവങ്ങളും ഓഡിറ്റ് കാണുകയുണ്ടായി.

ബാങ്കുകൾക്ക് സബ്സിഡിയായി അനുവദിച്ച ഫണ്ടുകളുടെ കൈമാറ്റം ഓഡിറ്റ് കൂടുതൽ വിശകലനം ചെയ്തപ്പോൾ, ജെഎൽജികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട ₹5.34 കോടി, തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന മെസ്സേഴ്സ് അശ്വതി സപ്ലയേഴ്സിന്റെ ഏക ഉടമസ്ഥന്റെ പേരിലുള്ള മൂന്ന് വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയതായി കണ്ടു. ടിഎംസി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ, ബാങ്കുകളിൽ അക്കൗണ്ട് തുറന്ന ജെഎൽജികളിലെ അംഗങ്ങളുമായി ഓഡിറ്റ് നടത്തിയ സംയുക്ത യോഗങ്ങൾ/ടെലിഫോണിലൂടെയുള്ള ഇന്റർവ്യൂകൾ (2022 നവംബർ) എന്നിവയിലൂടെ ജെഎൽജിയിലെ അംഗങ്ങൾ പരസ്പരം അറിയുന്നവർ പോലും അല്ലെന്നും അവർ ഒരു സംയുക്ത മൈക്രോ ബിസിനസ്സ് സംരംഭത്തിന്റെയും ഭാഗമായിട്ടില്ലെന്നും വെളിപ്പെട്ടു.

അങ്ങനെ, അർഹതയുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിലും പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന പദ്ധതി നടപ്പിലാക്കൽ ഫലപ്രദമായി മേൽനിരീക്ഷിക്കുന്നതിലുമുള്ള ടിഎംസിയുടെ പരാജയം മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ നഗ്നമായ ലംഘനത്തിനും സംശയകരമായ തട്ടിപ്പിലൂടെയും വ്യാജരേഖകളിലൂടെയും പൊതു പണത്തിന്റെ ചോർച്ചയ്ക്കും കാരണമായി.

---

[91] കേരള ബാങ്കിലും ഐസിഐസിഐ ബാങ്കിലുമുള്ളവ

[92] 151 (2020–21) + 54 (2021–22). 2020–22 ൽ 10 കേസുകൾ യഥാർത്ഥമാണെന്ന് കണ്ടെത്തി.

[93] നടപ്പിലാക്കുന്ന ഓഫീസറുടെ ഡിഡിഒ കോഡ് ഉപയോഗിച്ച് വെബ് സാംഖ്യ സോഫ്റ്റ്‌വെയറിലൂടെ

**തൽഫലമായി, വായ്പകളൊന്നും സ്വീകരിക്കാത്ത/മൈക്രോ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കാതിരുന്ന വ്യക്തികൾ, വായ്പാബന്ധിത പദ്ധതിയുടെ സബ്സിഡി തുക തെറ്റായി നേടിയെടുത്തു. 2020–2022 കാലയളവിൽ ₹5.79 കോടി[94] അപഹരിക്കപ്പെട്ടതു കൂടാതെ, രണ്ട് ബാങ്ക് അക്കൗണ്ടുകളിലായി ₹33 ലക്ഷം ബ്ലോക്ക് ചെയ്യപ്പെട്ടു കിടക്കുന്നു[95]. ഏൽപ്പിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള ബോധപൂർവ്വമായ വീഴ്ചയ്ക്ക് അന്നുണ്ടായിരുന്ന ഐഇഒകളുടെ മേൽ ഉത്തരവാദിത്തം ചുമത്തുകയും അപഹരണം ചെയ്ത തുകകൾ അവരിൽ നിന്ന് തിരിച്ചുപിടിക്കുകയും വേണം.**

**പണാപഹരണത്തിന്റെ വിശദാംശങ്ങൾ ഓഡിറ്റ് അറിയിച്ചപ്പോൾ, രണ്ട് ഐഇഒകളിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ടെന്നും, അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനുവേണ്ടി വ്യവസായ ഡയറക്ടർക്ക് പ്രശ്നം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിഎംസി സെക്രട്ടറി അറിയിച്ചു (2023 ജനുവരി).**

**ഈ വിഷയം സർക്കാരിനെ അറിയിച്ചു (2023 ഫെബ്രുവരി). പ്രതികരണമൊന്നും ലഭിച്ചിട്ടില്ല (2023 ഡിസംബർ).**

***ശിപാർശ: പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന ഫണ്ടുകൾ വിഭാവനം ചെയ്ത പ്രകാരം അർഹരായ ഗുണഭോക്താക്കളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതീവ ശ്രദ്ധയും ജാഗ്രതയും പുലർത്തണം. പൊതു പണം അപഹരിക്കുന്നതു തടയാൻ ജാഗ്രതയോടുകൂടിയ ഫലപ്രദമായ മേൽനിരീക്ഷണം അനിവാര്യമാണ്. ടിഎംസിക്കുണ്ടായ ധനനഷ്ടത്തിന്റെ യഥാർത്ഥ വ്യാപ്തി കണ്ടെത്തുന്നതിനും പൊതു പണം ഊറ്റിയെടുക്കുന്ന തട്ടിപ്പുകാർക്ക് എതിരായി കർശന നടപടി സ്വീകരിക്കുന്നതിനും അനുയോജ്യമായ ഏജൻസികളെക്കൊണ്ട് ഈ വിഷയം അന്വേഷിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.***

### *നിഷ്ഫലമായ ചെലവ്*

## 5.2 തറികൾ വാങ്ങിയതിലുള്ള നിഷ്ഫലമായ ചെലവ്

**കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും, ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിലെ പ്രോജക്ട് ഓഫീസറുടെയും വികലമായ ആസൂത്രണവും, സാധ്യതാ പഠനത്തിന്റെ അഭാവവും, ജില്ലയിലെ ഖാദി നെയ്ത്ത് കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി 45 പുതിയ തറികൾ വാങ്ങുന്നതിന് ചെലവാക്കിയ ₹44.01 ലക്ഷം നിഷ്ഫലമാകുന്നതിനിടയാക്കി.**

കേരള ഖാദി റൂറൽ ഇൻഡസ്ട്രീസ് ബോർഡിന് (ഖാദി ബോർഡ്) കീഴിലുള്ള പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ നിലവിലുള്ള/പുതിയ യൂണിറ്റുകളിൽ 100 തറിയും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 2017–18 വർഷത്തെ വാർഷിക പദ്ധതിയിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് (ഡിപി) ഒരു പദ്ധതി ആവിഷ്കരിച്ചു. ഡിപി തിരഞ്ഞെടുത്ത 100 വനിതാ ഗുണഭോക്താക്കൾക്ക് തൊഴിൽ നൽകാനും ഖാദിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിട്ടു. കാസർഗോഡ് ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിലെ പ്രോജക്ട് ഓഫീസറായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

നെയ്ത്ത് യൂണിറ്റുകൾ രൂപീകരിക്കുകയും ലഭിച്ച തറികൾ സ്ഥാപിക്കുകയും ചെയ്യേണ്ട സ്ഥലങ്ങളുടെ പേരുകൾ ഡിപിയിലുള്ള ഗ്രാമപഞ്ചായത്തുകൾ (ജിപി) കൈമാറണം. ജിപികൾ നൽകിയ ലിസ്റ്റുകളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൽ നിന്നും പയ്യന്നൂർ ഖാദി കേന്ദ്രത്തിലെ ഡയറക്ടറാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്.

---

94 ₹5.34 കോടി (അശ്വതി സപ്ലയേഴ്സ്) + ₹0.18 കോടി (തെറ്റായ കൈമാറ്റം) + ₹0.27 കോടി (പണമായി നേരിട്ട് പിൻവലിക്കൽ)

95 ചില ബാങ്കുകളുടെ മാനേജർമാർ തുക വിതരണം/പിൻവലിക്കൽ രീതികളിലെ സുതാര്യതയെക്കുറിച്ച് ആശങ്കകൾ ഉന്നയിച്ചത് തുകകൾ വിതരണം ചെയ്യാൻ വിമുഖത ഉണ്ടാക്കിയതും കണ്ടിജന്റ് ബില്ലുകളിലെ തെറ്റായ അക്കൗണ്ട് നമ്പറുകളും.

ഖാദി ബോർഡ് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് തറികൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ആറ് മാസത്തെ പരിശീലനം നൽകുകയും ഈ കാലയളവിൽ അവർക്ക് സ്റ്റൈഫൻഡ് നൽകുകയും ചെയ്യും.

തറികളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഡിപിയുടെ വികസനഫണ്ടിൽ നിന്ന് ₹1.09 കോടി അനുവദിച്ചതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഏറ്റവും കുറഞ്ഞ തുകയായ ₹97.48 ലക്ഷം ലേലത്തിൽ വിളിച്ച റെയ്ഡ്കോയ്ക്ക്[96] പ്രവൃത്തി അനുവദിക്കുകയും, 2018 മാർച്ച് 20 വിതരണം പൂർത്തിയാക്കുവാനുള്ള തീയതിയായി ഉറപ്പിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു (2018 ഫെബ്രുവരി). റെയ്ഡ്കോയും ഡിപിക്കു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ 2018 മാർച്ച് 17ന് കരാറിൽ ഏർപ്പെടുകയും, 2018 മാർച്ച് 20ന് ₹29.24 ലക്ഷം അഡ്വാൻസ് ആയി റെയ്ഡ്കോയ്ക്ക് നൽകുകയും ചെയ്തു. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ സപ്ലൈ ഓർഡർ നൽകിയതുകൊണ്ട് സബ്സിഡി നിരക്ക് അന്തിമമാക്കുന്നതിന് കാലതാമസമുണ്ടാകുകയും ചെയ്തതിനാൽ റെയ്ഡ്കോ എല്ലാ തറികളുടെയും വിതരണത്തിനായി മൂന്ന് മാസത്തിലധികം[97] സമയം നീട്ടി ചോദിച്ചു. തൽഫലമായി ₹97.81 ലക്ഷത്തിന്റെ[98] ആകെ തുകയ്ക്ക് ഈ പ്രവൃത്തി 2018-19 വർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി.

നിർവ്വഹണ ഉദ്യോഗസ്ഥനോടൊപ്പം, തിരഞ്ഞെടുത്ത 14 യൂണിറ്റുകളിൽ, ഓഡിറ്റ് നടത്തിയ (2022 ഏപ്രിൽ/ഒക്ടോബർ/ഡിസംബർ) സംയുക്ത പരിശോധനകളിൽ 100 തറികൾ വാങ്ങി സ്ഥാപിച്ചതിൽ[99] ഒൻപത് യൂണിറ്റുകളിലായി 45 എണ്ണം പ്രവർത്തനരഹിതവും ഉപയോഗശൂന്യവുമായിരുന്നു (എട്ട് യൂണിറ്റുകളിൽ ട്രെയിനികളില്ലാത്തതിനാലും, ഒരു യൂണിറ്റിൽ പ്രവർത്തിപ്പിക്കുവാനുള്ള സ്ഥലമില്ലാത്തതിനാലും). അതിനാൽ, ഈ യന്ത്രങ്ങൾക്കായി ചെലവഴിച്ച ₹44.01 ലക്ഷം[100] പാഴായി. ആറ് യൂണിറ്റുകളിലായി, 31 പഴയ തറികൾ മാറ്റി പുതിയ തറികൾ സ്ഥാപിച്ചു, ഇതിൽ അഞ്ച് തറികൾ ട്രെയിനി/സ്ഥലം ലഭ്യമല്ലാത്തതിനാൽ ഉപയോഗശൂന്യമായിരുന്നു.

പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- പൂർത്തീകരണ തീയതി 2018 ആഗസ്റ്റ് 30 വരെ ഡിപി നീട്ടിക്കൊടുത്തിട്ടും, 2019 മാർച്ചിൽ മാത്രമേ തറികളുടെ വിതരണം പൂർത്തിയാക്കാൻ വിതരണക്കാരന് കഴിഞ്ഞുള്ളൂ. എന്നിരുന്നാലും, റെയ്ഡ്കോയും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിലുള്ള കരാറിൽ[101] നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം, വിതരണം വൈകിയതിന് വിതരണക്കാരനിൽ നിന്ന് ഒരു കിഴിവും വരുത്തിയില്ല.

- തറികൾ സ്ഥാപിച്ചതിന് ശേഷം മാത്രമേ അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാൻ കഴിയൂ എന്ന് പയ്യന്നൂർ ഖാദി കേന്ദ്രം ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു (2018 ജൂലൈ). തറികൾ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിപ്പിച്ചതിന് ശേഷം മാത്രമേ വിതരണക്കാരന് പണം നൽകാവൂ എന്ന് കരാറിലും സപ്ലൈ ഓർഡറിലും

[96] റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്

[97] തറികൾ 2018 മേയ് 20ന് മുമ്പ് വിതരണം ചെയ്യേണ്ടിയിരുന്നതായിരുന്നു. റെയ്ഡ്കോ 2018 ജൂലൈ 31 വരെയും പിന്നീട് 2018 ഓഗസ്റ്റ് 30 വരെയും സമയം നീട്ടി കിട്ടാൻ അഭ്യർത്ഥിച്ചു.

[98] ₹32,805 പരസ്യചാർജ്ജുകൾ ഉൾപ്പെടെ

[99] 2022 ഒക്ടോബറിൽ നടത്തിയ സംയുക്ത പരിശോധനയിൽ, തറികൾ സ്ഥാപിച്ചതായി അവകാശപ്പെട്ടെങ്കിലും, ധാരാളം യൂണിറ്റുകളിൽ ഫ്രെയിം സെറ്റുകൾ ഘടിപ്പിക്കാതെ അവ കൂട്ടിച്ചേർക്കുക മാത്രമാണ് ചെയ്തതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ചില യൂണിറ്റുകളിൽ, ഉപയോഗിച്ചിരുന്ന ഇരുമ്പ് തറികൾക്ക് പകരം പുതിയതായി വാങ്ങിയ തടികൊണ്ടുള്ള തറികൾ ഉപയോഗിച്ചു.

[100] ₹97,810 (യൂണറ്റിന്റെ വില) x 45

[101] കരാറിന്റെ 5(ബി) ഖണ്ഡികയിൽ പറയുന്നത്, കരാറിൽ വ്യക്തമാക്കിയിരിക്കുന്ന സമയത്തിനകം സാധനങ്ങൾ വിതരണം ചെയ്യുന്നതിനോ സേവനം നിർവഹിക്കുന്നതിനോ കരാറുകാരൻ പരാജയപ്പെട്ടാൽ വാങ്ങുന്നയാൾ വിതരണം വൈകിയ സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം ചെയ്ത വിലയുടെ 0.5 ശതമാനം അല്ലെങ്കിൽ ഒരു ശതമാനത്തിന് തുല്യമായ തുക, കരാർ വിലയുടെ പരമാവധി 10 ശതമാനം കിഴിവ് വരെ ഓരോ ആഴ്ചയിലും, വിലയിൽ നിന്ന് ലിക്വിഡേറ്റഡ് ഡാമേജ് ആയി കിഴിവ് ചെയ്യും.

വ്യക്തമാക്കിയിരുന്നു. യന്ത്രഭാഗങ്ങൾ സംയോജിപ്പിക്കുന്നതിന് ആവശ്യമായ സ്പെയർ പാർട്സുകൾ 2019 മാർച്ചിൽ മാത്രമേ വിതരണം ചെയ്തിട്ടുള്ളുവെങ്കിലും, യന്ത്രങ്ങൾ പൂർണ്ണമായി സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തുവെന്ന് ഉറപ്പാക്കാതെ മുഴുവൻ തുകയും മൂന്നു[102] സന്ദർഭങ്ങളിലായി റെയ്ഡ്കോയ്ക്ക് അനുവദിച്ചു.

- വിതരണക്കാരനിൽ നിന്നും പദ്ധതി പൂർത്തീകരിക്കുന്നത് ഉറപ്പാക്കുവാനായി ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റായ ₹4.87 ലക്ഷം, വാങ്ങിയ എല്ലാ തറികളും പൂർണ്ണമായി സ്ഥാപിച്ചുവെന്ന് ഉറപ്പാക്കാതെ, നിർവ്വഹണ ഉദ്യോഗസ്ഥൻ റെയ്ഡ്കോയ്ക്ക് റിലീസ് ചെയ്തു (2022 ജനുവരി).

- തറികൾ[103] പ്രവർത്തിപ്പിക്കാൻ പരിശീലനം ലഭിച്ച (2018) 57 സ്ത്രീകളിൽ 28 പേർ മാത്രമാണ് ജോലിയിൽ തുടർന്നത്. എംജിഎൻആർഈജിഎസ്[104] പോലുള്ള പദ്ധതികൾക്ക് കീഴിലുള്ള വേതനവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ വേതനം വാഗ്ദാനം ചെയ്തതിനാൽ ബാക്കിയുള്ള സ്ത്രീകൾ ഈ ജോലിയിൽ തുടരാൻ താത്പര്യപ്പെട്ടില്ല. പയ്യന്നൂർ ഖാദി കേന്ദ്രം ട്രെയിനികളെ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല പ്രതികരണം ലഭ്യമായില്ല.

- ഗ്രാമപഞ്ചായത്തുകൾ നിർദ്ദേശിച്ച യൂണിറ്റുകളിൽ ലഭ്യമായ സ്ഥലത്തിന്റെയും സൗകര്യങ്ങളുടെയും പര്യാപ്തത ജില്ലാപഞ്ചായത്ത്/ നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തിയിരുന്നില്ല. ഇതിന്റെ ഫലമായി പുതിയതായി വാങ്ങിയ തറികൾ മാസങ്ങളോളം പൊളിച്ചുമാറ്റിയ അവസ്ഥയിൽ കിടക്കുന്നതിനും തറികൾ സ്ഥാപിക്കുന്നതിനായി പുതിയ പരിസരങ്ങൾ/കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനും ഇടയായി. മറ്റ് പ്രവർത്തനങ്ങൾക്കായി[105] നിർദ്ദേശിക്കപ്പെട്ട കെട്ടിടങ്ങളെ ഈ കാര്യത്തിനായി തിരഞ്ഞെടുത്തതിനെ ജിപികൾ എതിർത്തതായും കണ്ടു.

അങ്ങനെ, ഡിപി/നിർവ്വഹണ ഉദ്യോഗസ്ഥരുടെ വികലമായ ആസൂത്രണവും, തെറ്റായ പദ്ധതി നടത്തിപ്പും, ഡിപിയുടെ വികസന ഫണ്ടിൽ നിന്ന് ₹44.01 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് ഇടയാക്കി. ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിന് ശേഷം മാത്രമാണ് പ്രവർത്തനക്ഷമമായ 55 തറികളിൽ 24 എണ്ണവും പ്രവർത്തസജ്ജമായത് (2022 ഏപ്രിൽ). കൂടാതെ, പദ്ധതി അന്തിമമാക്കുന്നതിന് മുൻപ്, തറികളുടെ യഥാർത്ഥ ആവശ്യകത, പരിശീലനം ലഭിച്ച തൊഴിലാളികളെ ആകർഷിക്കുന്നതിനുള്ള സാധ്യത, തറികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലലഭ്യത, എന്നിവ വിലയിരുത്തുന്നതിന് ഡിപി ഒരു സാധ്യതാ പഠനവും നടത്തിയിട്ടില്ല.

തുച്ഛമായ വേതനം/സ്റ്റൈപ്പന്റ് മൂലം ആവശ്യത്തിന് ട്രെയിനികളെ ലഭ്യമാകുന്നില്ല എന്ന പ്രധാന കാരണത്താൽ 44 തറികൾ പൂട്ടിപോകലിന്റെ വക്കിലാണെന്ന് സ്ഥിതി വിലയിരുത്തിയതിനു ശേഷം സർക്കാർ മറുപടി നൽകി (2022 നവംബർ). കൂടാതെ, കുറഞ്ഞ വേതനം തോഴിൽ ഏറ്റെടുക്കുന്നതിൽ നിന്നും തൊഴിലാളികളെ പിന്തിരിപ്പിച്ചെന്നും, ജോലി സ്ഥലത്ത് വനിതാ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നില്ലെന്നും അറിയിച്ചു.

---

102 2018 ആഗസ്റ്റ്, 2018 ഡിസംബർ, 2019 മാർച്ച്

103 പരിശീലന സമയത്ത് പുതിയ തറികൾ വാങ്ങി വിതരണം ചെയ്യാത്തതിനാൽ പഴയ തറികൾ ഉപയോഗിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം നൽകിയത്

104 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

105 ശിശുമന്ദിരത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി തങ്ങളുടെ ശിശുമന്ദിര കെട്ടിടത്തിൽ ട്രെയിനികളുടെ അഭാവം മൂലം നിഷ്ക്രിയമായി കിടക്കുന്ന 12 തറികൾ പൊളിച്ചുമാറ്റാൻ (2022 മേയ്) മടിക്കൈ ജിപി അഭ്യർത്ഥിച്ചു.

ഈ പറഞ്ഞ പ്രശ്നങ്ങൾ വെളിപ്പെടുമായിരുന്ന ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിലും, പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനു മുൻപ് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലും ഡിപി പരാജയപ്പെട്ടതിനാൽ സർക്കാരിന്റെ ന്യായീകരണം സ്വീകാര്യമല്ല. ഖാദിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ, പുതിയതായി പരിശീലനം നേടുന്ന 100 സ്ത്രീകൾക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് 100 തറികൾ ഡിപി വാങ്ങിയത്. എന്നാൽ മോശപ്പെട്ട ആസൂത്രണവും നിർവ്വഹണപ്പിഴവും മൂലം പദ്ധതിക്ക് ലക്ഷ്യങ്ങൾ നേടാനായില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കുന്നതിനു മുൻപായി സാദ്ധ്യതാ പഠനം നടത്തണമെന്നും, സ്ഥലത്തിന്റെയും വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെയും ലഭ്യത, സാമ്പത്തിക ക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ നിർവ്വഹണസാദ്ധ്യത വിലയിരുത്തണമെന്നും ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

***ഈടാക്കാത്തത്/കുറഞ്ഞ തോതിൽ ഈടാക്കിയത്***

## 5.3 അധിക ഫ്ലോർ ഏരിയക്കുള്ള പെർമിറ്റ് ഫീസ് കുറഞ്ഞതോതിൽ ഈടാക്കിയത്

**ഒന്നിലധികം ഒക്യുപൻസി ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് കണക്കാക്കുമ്പോൾ ഏറ്റവും നിയന്ത്രിത ഒക്യുപൻസിയുടെ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ അനുപാതം സ്വീകരിക്കുന്നതിൽ തൃശ്ശൂർ കോർപ്പറേഷനുണ്ടായ വീഴ്ച പെർമിറ്റ് ഫീസ് ₹39.57 ലക്ഷം കുറച്ച് ഈടാക്കുന്നതിന് കാരണമായി.**

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ (കെഎംബിആർ) ചട്ടം 31(1) പ്രകാരം, പരമാവധി നിർമ്മിക്കാവുന്ന തറ വിസ്തീർണ്ണത്തെ ഫ്ലോർ ഏരിയ അനുപാതത്തിന്റെ[106] (എഫ്എആർ-ന്റെ) അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തണം. കെഎംബിആറിലെ ചട്ടം 11(3) പ്രകാരം, ഷെഡ്യൂൾ II ൽ നിർദ്ദേശിച്ചിരിക്കുന്ന പെർമിറ്റ് ഫീസ് അടയ്ക്കുമ്പോൾ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും എഫ്എആർ അനുവദനീയമായ പരിധി അധികരിക്കുന്നുവെങ്കിൽ കെഎംബിആറിലെ ചട്ടം 31(2)ന് കീഴിലുള്ള, പട്ടിക 2 ൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ അധിക ഫീസ് ഈടാക്കേണ്ടതുമാണ്. അധിക ഫ്ലോർ ഏരിയക്ക് ഒരു ചതുരശ്രമീറ്ററിന് (ച.മീ) ₹5,000[107] എന്ന നിരക്കിലാണ് അധിക ഫീസ് ഈടാക്കേണ്ടത്.

2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെ (ടിഎംസി) രേഖകൾ ഓഡിറ്റ് പരിശോധിച്ചതിൽ, കെട്ടിട പെർമിറ്റ് നൽകുമ്പോൾ ടിഎംസി അനുവദനീയമായ പരമാവധി എഫ്എആറിനെക്കാൾ കൂടുതലുള്ള തറവിസ്തീർണ്ണത്തിന് അധിക ഫീസ് കുറച്ച് നിർണ്ണയിച്ചത്, താഴെപ്പറയുന്നവിധം വെളിപ്പെട്ടു.

ഒരു 1583 ച.മീ (0.1583 ഹെക്ടർ)[108] വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 7,921.86 ച.മീ വിസ്തീർണ്ണമുള്ള ഒരു വാണിജ്യവും (എഫ്) പ്രത്യേക താമസസ്ഥലവും (എ2) ചേർന്ന കെട്ടിടം നിർമ്മിക്കുന്നതിന് കോർപ്പറേഷൻ അപേക്ഷകന് പുതുക്കിയ പെർമിറ്റ് നൽകി (2018 ഏപ്രിൽ). നിർദ്ദിഷ്ട കെട്ടിടത്തിന് 6142.94 ച.മീ ആകെ വിസ്തീർണ്ണവും പത്ത് നിലകളുമാണുള്ളത്[109]. കെട്ടിടത്തിന്റെ എഫ്എആർ 3.88[110] ആയിരുന്നു. പുതുക്കിയ പെർമിറ്റ് പ്രകാരം, കെട്ടിടത്തിൽ കടകളും (കൊമേഴ്സ്യൽ (എഫ്) ഒക്യുപൻസി) ഒരു ഡോർമിറ്ററിയും (പ്രത്യേക താമസസ്ഥലം (എ2)) ഉൾപ്പെടുന്നു. കെഎംബിആർ പ്രകാരം, അധിക ഫീസില്ലാതെ അനുവദനീയമായ പരമാവധി എഫ്എആർ കച്ചവട/വാണിജ്യ

[106] ഫ്ലോർ ഏരിയ അനുപാതം (ഫ്ലോർ സ്പേസ് ഇൻഡക്സ് 2020 സെപ്റ്റംബർ 24 മുതൽ പ്രാബല്യത്തിൽ) എല്ലാ നിലകളിലെയും മൊത്തം ഫ്ലോർ ഏരിയ, പ്ലോട്ടിന്റെ വിസ്തീർണ്ണത്താൽ ഹരിച്ചാൽ കിട്ടുന്ന ഘടകമാണ്.

[107] 2017 ഒക്ടോബർ 31 മുതൽ പ്രാബല്യത്തിൽ

[108] ഒരു ചതുരശ്രമീറ്റർ 0.0001 ഹെക്ടറിന് തുല്യമാണ്

[109] രണ്ട് ബേസ്മെന്റ് നിലകളും, താഴത്തെ നിലയും, ഏഴ് നിലകളും, ഉള്ളതിൽ താഴത്തെ നിലയിലും ആറ് നിലകളിലുമായി കടകളും ഏഴാമത്തതിൽ ഒരു ഡോർമിറ്ററിയും ഉണ്ടായിരുന്നു.

[110] 3.88 = 6142.94/1583

(എഫ്) കെട്ടിടങ്ങൾക്ക് 3.0-ഉം പ്രത്യേക താമസസ്ഥലം (എ2) കെട്ടിടങ്ങൾക്ക് 2.5-ഉം ആയിരുന്നു.

കെഎംബിആർ ചട്ടം 31(2)നു കീഴിലുള്ള കുറിപ്പ് (ii) പ്രകാരം ഒന്നിൽ കൂടുതൽ ഒക്യുപൻസി ഉൾപ്പെടുന്ന ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, 0.5 ഹെക്ടർ വരെയുള്ള പ്ലോട്ട് ഏരിയക്ക്, സ്വീകരിക്കേണ്ട പരമാവധി അനുവദനീയമായ എഫ്എആർ ഏറ്റവും നിയന്ത്രിത[111] ഒക്യുപൻസിയുടേതായിരിക്കും. പ്രസ്തുത കെട്ടിടത്തിന്റെ കാര്യത്തിൽ, പ്രത്യേക (എ2) വാസഗൃഹങ്ങൾക്ക്, അധിക ഫീസില്ലാതെ അനുവദനീയമായ പരമാവധി എഫ്എആർ ആയ 2.5 ആയിരുന്നു, ഏറ്റവും നിയന്ത്രിത ഒക്യുപൻസി. അധിക ഫീസ് നൽകാതെ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ 3,957.5[112] ചതുരശ്രമീറ്റർ ആണെന്ന് കണ്ടു. അതിനാൽ, അധികമായുള്ള തറവിസ്തീർണ്ണത്തിനുള്ള (2,185.44 ച.മീ) അധിക ഫീസ് ₹109.27 ലക്ഷം[113] ആകേണ്ടതായിരുന്നു. എന്നാൽ, പെർമിറ്റ് ഫീ കണക്കാക്കുന്നതിന് ടിഎംസി വാണിജ്യ (എഫ്) ഒക്യുപൻസിയുടെ പരമാവധി അനുവദനീയ എഫ്എആർ ആണ് തിരഞ്ഞെടുത്തത്. അതനുസരിച്ച്, ₹70.76[114] ലക്ഷം മാത്രമാണ് പെർമിറ്റ് ഫീസായി ടിഎംസി അപേക്ഷകനിൽ നിന്ന് സ്വീകരിച്ചത്. പരിഷ്കരിച്ച പെർമിറ്റ് നൽകുമ്പോൾ ഏറ്റവും നിയന്ത്രിത ഒക്യുപൻസിക്ക് നിശ്ചയിച്ച എഫ്എആർ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് പെർമിറ്റ് ഫീസ് നിർണ്ണയിച്ചതിലുണ്ടായ കുറവ് ₹39.57 ലക്ഷം[115] ആയിരുന്നു.

മേൽപ്പറഞ്ഞ പ്രശ്നം ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, ഓഡിറ്റ് ക്രമക്കേട് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ടിഎംസി മറുപടി നൽകി (2022 ഫെബ്രുവരി). ഓഡിറ്റിന്റെ നിർദ്ദേശാനുസരണം കോർപ്പറേഷന്റെ തനതു ഫണ്ടിലേക്ക് ₹39.57 ലക്ഷം തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2022 ഡിസംബർ).

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ അധികാര പരിധിയിലുള്ള പലവിധ ഒക്യുപൻസി കെട്ടിടങ്ങളുടെ പരമാവധി അനുവദനീയമായ ഫ്ലോർ ഏരിയ അനുപാതം കണക്കാക്കുന്നതിനുള്ള കേസുകൾ പുനരവലോകനം ചെയ്യണമെന്നും, പുതിയ കേസുകളിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതി അവലംബിക്കണമെന്നും സർക്കാർ/നഗരകാര്യ ഡയറക്ടർ എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നു ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

---

111 പലവിധ ഒക്യുപൻസിയുള്ള കെട്ടിടത്തിലെ വ്യത്യസ്ത ഒക്യുപൻസി ഉപയോഗങ്ങൾക്ക് ഒരു ഫ്ലോർ സ്പേസ് ഇൻഡക്സ് ആണെങ്കിൽ, ഏറ്റവും കുറഞ്ഞ കവറേജുള്ള ഒക്യുപൻസി ഉപയോഗത്തെ ഏറ്റവും നിയന്ത്രിത ഒക്യുപൻസി ആയി കണക്കാക്കപ്പെടും.

112 പ്രത്യേക റസിഡൻഷ്യൽ (എ2) കെട്ടിടങ്ങളുടെ വിഭാഗങ്ങൾക്ക് അധിക പണമടയ്ക്കാതെ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ, പ്ലോട്ട് ഏരിയ 1583 ച.മീ എഫ്എആർ 2.5 കൊണ്ട് ഗുണിച്ചാൽ ലഭിക്കുന്ന 3957.5 ച.മീ ആണ്.

113 (6142.94 ച.മീ -(1583 ച.മീ x 2.5)) x₹5,000 = 2185.44 ച.മീ x ₹5,000 = ₹ 1,09,27,200

114 അധിക എഫ്എആർ ഫീസ് ആയ ₹69,70,000 ഉൾപ്പെടെ
അതായത് (6142.94 ച.മീ – (1583 ച.മീ x 3.0)) x ₹5,000 = 1393.94 ച.മീ x₹5,000

115 ആവശ്യപ്പെട്ടതിലെ കുറവ് = ₹1,09,27,200-₹69,70,000 = ₹39,57,200

## നിയമനിഷ്ഠ പ്രശ്നങ്ങൾ

### 5.4 ടെക്നോളജി ഫണ്ട് വിതരണം ചെയ്തതിലെ ക്രമക്കേടുകൾ

**ടെക്നോളജി ഫണ്ട് നൽകുന്നതിന് വേണ്ടിയുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന അർഹതാ നിബന്ധനകൾ പാലിക്കാതെ കുടുംബശ്രീ മിഷൻ ടെക്നോളജി ഫണ്ട് വിതരണം ചെയ്തത് അനർഹരായ സൂക്ഷ്മ സംരംഭങ്ങൾക്ക് ₹1.07[116] കോടിയുടെ ടെക്നോളജി ഫണ്ട് നൽകുന്നതിനിടയാക്കി. മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ പദ്ധതികൾ അനുവദിക്കുമ്പോൾ നിർദ്ദിഷ്ട സാമ്പത്തിക പരിധി പാലിക്കുന്നതിലുണ്ടായ വീഴ്ച മൂന്ന് സ്വയം സഹായ സംഘങ്ങൾക്ക് ₹11.50 ലക്ഷം അനർഹമായി അനുവദിക്കുന്നതിന് കാരണമായി.**

സൂക്ഷ്മ സംരംഭങ്ങളുടെ/മൈക്രോ എന്റർപ്രൈസുകളുടെ (എംഇ) പ്രോത്സാഹനവും വികസനവും സാമ്പത്തിക ശാക്തീകരണം സുഗമമാക്കുന്നതിനുള്ള കുടുംബശ്രീ മിഷന്റെ സുപ്രധാന തന്ത്രങ്ങളിലൊന്നാണ്. പരിശീലനങ്ങൾ നൽകൽ, ഭാഗികമായി സാമ്പത്തിക സഹായം നൽകൽ, വിപണി പിന്തുണയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കൽ തുടങ്ങിയവയാണ് ഇതുമായി ബന്ധപ്പെട്ട പ്രത്യേക തന്ത്രങ്ങൾ. കുടുംബശ്രീ എംഇ യൂണിറ്റുകൾക്കും, എംഇ യൂണിറ്റുകളുടെ കൂട്ടായ്മകൾക്കും നൂതന സാങ്കേതികവിദ്യകളും യന്ത്രസാമഗ്രികളും സ്ഥാപിക്കുന്നതിനും അതുവഴി ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യാപാരത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നൽകുന്ന സഹായമാണ് ടെക്നോളജി ഫണ്ട്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) മുഖാന്തരം സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മൊത്തം പദ്ധതിച്ചെലവിന്റെ[117] 40 ശതമാനത്തിൽ കൂടാത്ത തുക ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ (ഡിഎംസി) അനുവദിക്കുന്നു. അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള ഏത് തുകയും സംസ്ഥാന മിഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, അല്ലെങ്കിൽ മറ്റേതെങ്കിലും സാമ്പത്തിക സ്രോതസ്സുകൾ, എന്നിവ വഴി ബാക്കിയുള്ള പദ്ധതിച്ചെലവ് യൂണിറ്റുകൾ കണ്ടെത്തണം.

2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തെ കാലയളവിൽ 14 ജില്ലകളിലെ ജില്ലാ മിഷൻ ഓഫീസുകൾ വഴി 385 യൂണിറ്റുകളിലേക്ക് ₹3.76 കോടിയുടെ ടെക്നോളജി ഫണ്ട് നൽകുകയുണ്ടായി. ഓഡിറ്റിന്റെ ഭാഗമായി തിരഞ്ഞെടുത്ത നാല് ജില്ലകളിൽ[118] ടെക്നോളജി ഫണ്ടായി ₹40.29 ലക്ഷം ലഭിച്ച 32 യൂണിറ്റുകളിൽ നടന്ന ഭൗതിക പരിശോധനയിൽ ₹15.02 ലക്ഷം ടെക്നോളജി ഫണ്ടായി ലഭിച്ചതിനു ശേഷവും ഒമ്പത് യൂണിറ്റുകൾ പ്രവർത്തനരഹിതമാണെന്ന് നിരീക്ഷിച്ചു. എംഇകളെ തിരഞ്ഞെടുക്കുന്നതും ടെക്നോളജി ഫണ്ട് നൽകുന്നതും സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

#### രജിസ്ട്രേഷൻ ഇല്ലാത്ത എംഇകളെ തിരഞ്ഞെടുത്തത്

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ[119] അനുസരിച്ച്, ടെക്നോളജി ഫണ്ടിന് അപേക്ഷിക്കുന്ന എംഇ ഗ്രൂപ്പുകൾ യുവശ്രീ പദ്ധതി പ്രകാരമോ ഗ്രാമീണ സൂക്ഷ്മ സംരംഭ പദ്ധതി പ്രകാരമോ കുടുംബശ്രീയുടെ സിഡിഎസ്-ൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ നില പരിശോധിക്കാനായി, ഓഡിറ്റ് 14 ജില്ലകളിൽ നിന്നും 120 എംഇ യൂണിറ്റുകൾ (31 ശതമാനം) തിരഞ്ഞെടുക്കുകയും, കുടുംബശ്രീ മിഷന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ

---

[116] ₹81.47 ലക്ഷം (രജിസ്ട്രേഷൻ ഇല്ലാത്ത എംഇകൾക്ക് അനുവദിച്ച തുക) + ₹25.76 ലക്ഷം (ഏറ്റവും കുറഞ്ഞ അസ്തിത്വമില്ലാത്ത എംഇകൾക്ക് അനുവദിച്ച തുക)

[117] ഗ്രൂപ്പിലെ ഒരു അംഗത്തിന് ₹50,000, പരമാവധി ₹ അഞ്ച് ലക്ഷവും എന്ന പരിധിയോടെ

[118] തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം

[119] സംസ്ഥാനമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ, എംഇകൾ/എംഇകളുടെ കൂട്ടായ്മകളുടെ യോഗ്യതകളും ഓരോ യൂണിറ്റിനും/ഗ്രൂപ്പിനും ടെക്നോളജി ഫണ്ടായി അനുവദിക്കാവുന്ന പരമാവധി തുകയും നിഷ്കർഷിച്ചുകൊണ്ട് പുറപ്പെടുവിച്ച (2017 ഏപ്രിൽ 27 ന്റെ ഉത്തരവിലൂടെയും, 2019 ആഗസ്റ്റ് 13 ന്റെ പരിഷ്കരിച്ച ഉത്തരവിലൂടെയും) മാർഗ്ഗനിർദ്ദേശങ്ങൾ

അവയുടെ രജിസ്ട്രേഷൻ നില പരിശോധിക്കുകയും ചെയ്തു. 120 എംഇ യൂണിറ്റുകളിൽ 43 എണ്ണവും (36 ശതമാനം) സിഡിഎസിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ഈ എംഇ യൂണിറ്റുകൾക്ക് ₹81.47 ലക്ഷം അനുവദിച്ചുവെന്നും നിരീക്ഷിച്ചു. ഇതിൽ ₹5.66 ലക്ഷം കുടുംബശ്രീയുടെ ഓഡിറ്റ് ടീമായ കുടുംബശ്രീ അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് സർവ്വീസ് സൊസൈറ്റിക്കും (കെഎഎഎസ്എസ്) എംഇ കൺസൾട്ടന്റുമാർക്കുമായിരുന്നു അനുവദിച്ചിരുന്നത്. കെഎഎഎസ്എസിനെ രജിസ്റ്റർ ചെയ്ത എംഇ യൂണിറ്റായി പരിഗണിക്കാൻ കഴിയാത്തതിനാൽ, ഈ സൊസൈറ്റിക്ക് ഫണ്ട് അനുവദിച്ചത് ക്രമവിരുദ്ധമാണ്. രജിസ്റ്റർ ചെയ്യാത്ത യൂണിറ്റുകൾക്ക് ടെക്നോളജി ഫണ്ട് അനുവദിച്ച് നൽകിയത് യൂണിറ്റുകൾ തിരഞ്ഞെടുക്കുന്നതിൽ ഡിഎംസിമാരുടെ പക്ഷപാതപരവും ഏകപക്ഷീയവുമായ നിലപാട് സൂചിപ്പിക്കുന്നു.

### ഏറ്റവും കുറഞ്ഞ അസ്തിത്വ കാലയളവില്ലാത്ത എംഇകളെ തിരഞ്ഞെടുത്തത്

കഴിഞ്ഞ ഒരു വർഷമായി നിലവിൽ ഉള്ളതും വിജയകരമായി പ്രവർത്തിക്കുന്നതുമായ എംഇ യൂണിറ്റുകൾക്ക് ടെക്നോളജി ഫണ്ട് അനുവദിക്കാമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. ഡിഎംസിമാർ ഓഡിറ്റിന് നൽകിയ രേഖകളുടെ പരിശോധനയിൽ 385 യൂണിറ്റുകളിൽ 70 എണ്ണത്തിന് (18.18 ശതമാനം), സ്ഥാപിതമായ വർഷവും ടെക്നോളജി ഫണ്ട് റിലീസ് ചെയ്ത വർഷവും ഒന്നുതന്നെയാണെന്ന് കണ്ടെത്തി. ഈ യൂണിറ്റുകൾക്ക് ₹25.76 ലക്ഷം അനുവദിച്ചപ്പോൾ, എംഇ യൂണിറ്റിന്റെ വിജയകരമായി പ്രവർത്തിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ കാലയളവ് എന്ന മാനദണ്ഡം നിർബന്ധിതമാക്കിയില്ല എന്നത് സൂചിപ്പിക്കുന്നു. ഓഡിറ്റ് നടത്തിയ 32 യൂണിറ്റുകളുടെ ഭൗതിക പരിശോധനയിൽ രണ്ട് യൂണിറ്റുകൾ[120] കുറച്ച് മാസങ്ങൾക്ക് ശേഷം അവയുടെ പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടു. വിജയകരമല്ലാത്തതും പ്രായോഗികമല്ലാത്തതുമായ സംരംഭങ്ങൾക്കായി ടെക്നോളജി ഫണ്ട് റിലീസ് ചെയ്തതിനുള്ള സാധ്യതയിലേക്കാണ് ഇത്തരം സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്.

### അർഹതയിൽ കവിഞ്ഞ സഹായം അനുവദിക്കൽ

മൊത്തം പ്രോജക്റ്റ് ചെലവ്, ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം എന്നീ രണ്ട് കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ടെക്നോളജി ഫണ്ടുമായി ബന്ധപ്പെട്ട് എംഇ യൂണിറ്റിനുള്ള സാമ്പത്തിക യോഗ്യത നിശ്ചയിക്കുന്നത്. മൊത്തം പദ്ധതിചെലവിന്റെ 40 ശതമാനമോ ഓരോ അംഗത്തിനും ₹50,000 എന്ന നിരക്കിൽ കൂട്ടിയ തുകയോ, അതിൽ ഏതാണ് കുറവ്, അതാണ് ടെക്നോളജി ഫണ്ട് കണക്കാക്കുന്നത്. ഓഡിറ്റ് പരിശോധനയിൽ തിരുവനന്തപുരം, വയനാട്, കൊല്ലം, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലെ ഒൻപത് എംഇ യൂണിറ്റുകൾക്ക് അവർക്ക് അർഹതപ്പെട്ടതിനെക്കാൾ അധികമായി ₹12.70 ലക്ഷത്തിന്റെ ടെക്നോളജി ഫണ്ട് (**അനുബന്ധം 5.2**) ഡിഎംസികൾ അനുവദിച്ചതായി കണ്ടെത്തി. ഇത് തിരിച്ചുപിടിക്കേണ്ടതാണ്. രണ്ട് സന്ദർഭങ്ങളിൽ ഡിഎംസികൾ (ഇടുക്കി, വയനാട്) നൽകിയ ധനസഹായം മൊത്തം പദ്ധതിചെലവിനേക്കാൾ കൂടുതൽ ആയിരുന്നു.

### യന്ത്രസാമഗ്രികൾ വാങ്ങിച്ചുവെന്ന് ഉറപ്പാക്കാനുള്ള ഭൗതിക പരിശോധനകളുടെ അഭാവം

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, വിതരണം ചെയ്ത ഫണ്ടിന്റെ ശരിയായ വിനിയോഗം ഉറപ്പാക്കുക എന്നത് ഡിഎംസികളുടെ നിർബന്ധിത ഉത്തരവാദിത്തമാണ്. പദ്ധതിയുടെ രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവ പ്രവർത്തനക്ഷമമാണെന്നും അസിസ്റ്റന്റ് ഡിഎംസികൾ/ജില്ലാ പ്രോജക്ട് മാനേജർമാർ (ഡിപിഎം) പരിശോധന നടത്തി ഉറപ്പുവരുത്തണം. എന്നാൽ പരിശോധന നടത്തിയ ജില്ലകളിൽ, പദ്ധതി റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ എംഇ യൂണിറ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും, എംഇ യൂണിറ്റുകളിൽ നിന്ന് യൂട്ടിലൈസേഷൻ

[120] രുചിക്കൂട്ട് (തിരുവനന്തപുരം), സ്മെക്ക് സൊല്യൂഷൻസ് (മലപ്പുറം)

സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുണ്ടെന്നും ഉറപ്പാക്കാൻ വേണ്ടി അസിസ്റ്റന്റ് ഡിഎംസി/ഡിപിഎം ഭൗതിക പരിശോധനകൾ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പദ്ധതിച്ചെലവും വിനിയോഗവും യന്ത്രസാമഗ്രികളുടെ വാങ്ങലും/സ്ഥാപിക്കലും ഉറപ്പാക്കാതെ ടെക്നോളജി ഫണ്ട് ക്രമരഹിതമായി അനുവദിച്ചത്**

- മലപ്പുറം സിവിൽ സ്റ്റേഷനിൽ ഒരു കാന്റീൻ നടത്തുന്നതിന് വേണ്ടി 'കഫേ കുടുംബശ്രീ' എന്ന വനിതാ സ്വയം സഹായ സംഘത്തിന് (എസ്എച്ച്ജി) ഡിഎംസി മലപ്പുറം ₹10 ലക്ഷം ടെക്നോളജി ഫണ്ടായി അനുവദിച്ചു (2020 ജൂൺ). മാർഗ്ഗരേഖ നിഷ്കർഷിക്കുന്ന സാമ്പത്തിക പരിധി ഡിഎംസി അവഗണിക്കുകയും, അദ്ദേഹത്തിന്റെ സാമ്പത്തിക അധികാരങ്ങൾ ദുരുപയോഗം ചെയ്തതായും ഓഡിറ്റ് നിരീക്ഷിച്ചു. ഡിഎംസിക്ക് ₹അഞ്ച് ലക്ഷം വരെ ചെലവ് വരുന്ന പ്രോജക്ടുകൾ മാത്രമേ അനുവദിക്കാനാകൂ എന്നിരിക്കെ, ഒരേ കാറ്ററിംഗ് ഗ്രൂപ്പിലെ മൂന്ന് അംഗങ്ങളിൽ നിന്ന് മൂന്ന് വ്യത്യസ്ത നിർദ്ദേശങ്ങൾ[121] അംഗീകരിച്ചുകൊണ്ട് മലപ്പുറം ഡിഎംസി അതേ ഗ്രൂപ്പിന് ₹10 ലക്ഷം അനുവദിച്ചു.

  മാത്രമല്ല, വിജയകരമായി പ്രവൃത്തിച്ച ഏറ്റവും കുറഞ്ഞ കാലാവധിയായ ഒരു വർഷം തികയാത്ത ഗ്രൂപ്പുകൾക്കും മലപ്പുറം ഡിഎംസി ധനസഹായം അനുവദിച്ചു. പദ്ധതി നിർദ്ദേശത്തിൽ പരാമർശിച്ചിരിക്കുന്ന ₹33.50 ലക്ഷം വിലമതിക്കുന്ന യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമായിരുന്നു ഡിഎംസി ഫണ്ട് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ, സമർപ്പിച്ച ബില്ലുകൾ പ്രകാരം, എസ്എച്ച്ജി ₹10 ലക്ഷത്തിന്റെ ഉപകരണങ്ങൾ മാത്രമാണ് വാങ്ങിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ₹5.79 ലക്ഷത്തിന്റെ ബില്ലുകളിൽ ജിഎസ്ടി രജിസ്ട്രേഷൻ ഇല്ലാതിരുന്നതിനാൽ സമർപ്പിച്ച മുഴുവൻ ബില്ലുകളുടെയും ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

- തിരുവനന്തപുരത്തെ എംഎൽഎ ഹോസ്റ്റലിൽ ഒരു കാന്റീൻ നടത്തുന്നതിന് അഞ്ച് അംഗങ്ങൾ അടങ്ങുന്ന 'രുചിക്കൂട്ട്' എന്ന എസ്എച്ച്ജിക്ക് തിരുവനന്തപുരം ഡിഎംസി ₹4.5 ലക്ഷം[122] അനുവദിച്ചു (2020 ജൂലൈ). എസ്എച്ച്ജിയിൽ അഞ്ച് അംഗങ്ങൾ ഉണ്ടായിരുന്നതിനാൽ അവർക്ക് ₹2.5 ലക്ഷത്തിന്റെ ധനസഹായത്തിന് മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ. ഇപ്രകാരം ഡിഎംസി ₹രണ്ട് ലക്ഷം അധികമായി നൽകുകയുണ്ടായി. എസ്എച്ച്ജി നിലവിൽ വന്നത് മുതലുള്ള കുറഞ്ഞ കാലയളവ് കണക്കാക്കുന്നതിലും ഡിഎംസി പരാജയപ്പെട്ടു. പദ്ധതി നിർദേശങ്ങളിൽ പ്രസ്താവിച്ചിരുന്ന ഉപകരണങ്ങൾ[123] എസ്എച്ച്ജി വാങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചപ്പോൾ ഉപകരണങ്ങൾ വാടക അടിസ്ഥാനത്തിൽ വാങ്ങിയെന്ന് അറിയിച്ചു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവശ്യമായ നിർബന്ധിത ഭൗതിക പരിശോധനകൾ നടത്താതെയാണ് ഡിഎംസി ഫണ്ട് അനുവദിച്ചതെന്ന് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു. കൂടാതെ, എട്ട് മാസങ്ങൾക്കു ശേഷം പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു.

  ഇതിനു പുറമെ, വിജയ് എബിസി[124] ഗ്രൂപ്പിന് ₹11.5 ലക്ഷത്തിന്റെ ഒരു പദ്ധതി നിർദ്ദേശത്തിനുമേൽ ₹4.5 ലക്ഷം തിരുവനന്തപുരം ഡിഎംസി അനുവദിച്ചു (2022 ഫെബ്രുവരി). കുടുംബശ്രീയുടെ നിർദ്ദിഷ്ട അനിമൽ ബർത്ത് കണ്ട്രോൾ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിരോധിച്ചതിനാൽ (2021

[121] ഒരു ഗ്രൂപ്പിൽപ്പെട്ട രണ്ട് സ്ത്രീകൾക്ക് ₹2.5 ലക്ഷം വീതവും, ഒരു സ്ത്രീക്ക് ₹ അഞ്ച് ലക്ഷവും ഡിഎംസി അനുവദിച്ചു.

[122] ₹11.78 ലക്ഷത്തിന്റെ പദ്ധതി നിർദേശമാണ് സമർപ്പിച്ചത്

[123] ചപ്പാത്തി മേക്കർ, ഇടിയപ്പം മേക്കർ, ഫ്രോസ്റ്റ് ഫ്രീ ഫ്രിഡ്ജ് മുതലായവ

[124] അനിമൽ ബർത്ത് കണ്ട്രോൾ

ഡിസംബർ), ഇത്തരത്തിൽ തുക നൽകിയത് ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2022 സെപ്റ്റംബർ 14-ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ എസ്എച്ച്ജിയിൽ നാല് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് ബോധ്യപ്പെട്ടു. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നത് നിരോധിക്കപ്പെട്ട പ്രവൃത്തിക്ക് ഫണ്ട് നൽകിയത് എസ്എച്ച്ജിയും ഡിഎംസിയും തമ്മിലുള്ള ഗൂഢാലോചനയുടെ സാധ്യത സൂചിപ്പിക്കുന്നു.

മലപ്പുറം സിവിൽ സ്റ്റേഷനിലും തിരുവനന്തപുരം എംഎൽഎ ഹോസ്റ്റലിലും പ്രവർത്തിക്കുന്ന കാന്റീനുകളായതിനാൽ, കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കഫേ കുടുംബശ്രീക്കും രുചിക്കൂട്ടിനുമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയപ്പോൾ മാർഗനിർദ്ദേശങ്ങൾ ലംഘിക്കേണ്ടിവന്നുവെന്ന് സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2023). തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് വിജയ് എബിസിക്ക് ടെക്നോളജി ഫണ്ട് അനുവദിച്ചതെന്നും അറിയിക്കുകയുണ്ടായി. മഹാമാരിയുടെ പശ്ചാത്തലത്തിലാണെങ്കിൽക്കൂടി, ബഹുമാനപ്പെട്ട ഹൈക്കോടതി നിരോധിച്ച പ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതികൾ അനുവദിക്കുന്നതും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ മറികടക്കുന്നതും നിയമവിരുദ്ധമായതിനാൽ, ഈ മറുപടി സ്വീകാര്യമല്ല. കൂടാതെ, സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ പ്രകാരമുള്ള നിർബന്ധിത ഉപകരണങ്ങൾ എസ്എച്ച്ജികൾ വാങ്ങിയിരുന്നോ എന്ന് ഉറപ്പാക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

ഡിഎംസികൾ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതിനെയും അധിക ഫണ്ട് അനുവദിച്ചതിനെയും സംബന്ധിച്ച് അന്വേഷണം നടത്തുകയും ഉത്തരവാദിത്തം നിശ്ചയിക്കുകയും ചെയ്യണം എന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 5.5 ആർഒ വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിലും സ്ഥാപിക്കുന്നതിലും ഉണ്ടായ ക്രമക്കേടുകൾ ഫണ്ട് ചോർച്ചയ്ക്കും നിഷ്ഫലമായ ചെലവുകൾക്കും കാരണമായി

**കുടുംബശ്രീയുടെ ഒരു മൈക്രോ എന്റർപ്രൈസ് യൂണിറ്റ് വാങ്ങിയ ആർഒ വാട്ടർ പ്യൂരിഫയറുകളുടെ യൂണിറ്റ് വിലയിൽ ക്രമവിരുദ്ധമായി ഘടകങ്ങൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി ₹41.85 ലക്ഷം നഷ്ടമായി. കൂടാതെ, പരിശോധന നടത്തിയ 14 സ്കൂളുകളിൽ വിതരണം ചെയ്ത വാട്ടർ പ്യൂരിഫയറുകൾ പ്രവർത്തിക്കാതിരിക്കുകയോ/സ്ഥാപിക്കാതിരിക്കുകയോ ചെയ്തത് ₹4.28 ലക്ഷത്തിന്റെ നിഷ്ഫല ചെലവിനിടയാക്കി.**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ (ടിഎംസി) അധികാര പരിധിയിൽ സ്ഥിതി ചെയ്യുന്നതും, കേരള ജലഅതോറിറ്റിയിൽ നിന്ന് പൈപ്പ് വഴിയുള്ള ജലവിതരണം ലഭ്യമായതുമായ സർക്കാർ സ്കൂളുകളിൽ റിവേഴ്സ് ഓസ്മോസിസ് (ആർഒ) വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ടിഎംസി ഉൾപ്പെടുത്തി. ടിഎംസിയുടെ വികസന ഫണ്ടിൽ നിന്നും പദ്ധതിയ്ക്കു വേണ്ടി ₹ഒരു കോടി അനുവദിച്ചു. മേയറുടെ തീരുമാനത്തിന്റെ[125] അടിസ്ഥാനത്തിൽ, ഒരു യൂണിറ്റിന് ₹21,400[126] എന്ന നിരക്കിൽ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനെ (ജില്ലാ മിഷൻ) പദ്ധതി ഏൽപ്പിച്ചു. ടിഎംസി എക്സിക്യൂട്ടീവ് എഞ്ചിനീയറും ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും (ഡിഎംസി) തമ്മിൽ ഒപ്പിട്ട കരാറിന്റെ (2020 ഒക്ടോബർ) അടിസ്ഥാനത്തിൽ ₹99.94 ലക്ഷം പ്രതീക്ഷിത ചെലവിൽ 135 സ്കൂളുകളിലായി 467 വാട്ടർ പ്യൂരിഫയറുകൾ ജില്ലാ മിഷൻ മൂന്ന് മാസങ്ങൾക്കുള്ളിൽ സ്ഥാപിക്കണമായിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ടിഎംസി നൽകിയ (2020 സെപ്റ്റംബർ) വർക്ക് ഓർഡറിൽ സ്ഥാപിച്ച യൂണിറ്റുകളുടെ എണ്ണം, പ്രവർത്തന സ്ഥിതി എന്നിവ അടിസ്ഥാനമാക്കി

[125] 2020 ഒക്ടോബർ 23-ന് കോർപ്പറേഷൻ കൗൺസിൽ അംഗീകാരം നൽകി

[126] കുടുംബശ്രീ മിഷൻ 2020 ജൂലൈയിൽ യൂണിറ്റ് വില സൂപ്രണ്ടിംഗ് എഞ്ചിനീയർ, ടിഎംസിയെ (നിർവ്വഹണ ഉദ്യോഗസ്ഥൻ) അറിയിച്ചു

സ്ഥാപന മേധാവിയിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും പണം നൽകുന്നതെന്ന് വ്യക്തമാക്കിയിരുന്നു.

കുടുംബശ്രീയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന മൈക്രോ എന്റർപ്രൈസ് (എംഇ) യൂണിറ്റായ തിരുവനന്തപുരം പേരയത്തുള്ള നൻമ യുവശ്രീ ഗ്രൂപ്പിനെയാണ് ജില്ലാമിഷൻ പദ്ധതി ഏൽപ്പിച്ചത്(2020 നവംബർ). കോർപ്പറേഷൻ ജില്ലാ മിഷനു നൽകിയ (മാർച്ച് 2022) ₹99.51 ലക്ഷം[127] ഉപയോഗിച്ച് 465 യൂണിറ്റ് പ്യൂരെല്ല ക്ലെവർ ആർഒ വാട്ടർ പ്യൂരിഫയറുകൾ വാങ്ങി[128] 148[129] സ്കൂളുകളിൽ സ്ഥാപിച്ചു. ഓഡിറ്റ് ടിഎംസിയിലെയും ജില്ലാ മിഷനിലെയും രേഖകളുടെ സൂക്ഷ്മപരിശോധന നടത്തിയതിൽ നിന്നും, താഴെ വിവരിച്ചിരിക്കുന്നതുപോലെ, നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനം നടന്നതായും കരാർ നടപ്പാക്കുന്നതിൽ തട്ടിപ്പിന്റെ സംശയമുളവാക്കുന്നതായും കണ്ടെത്തി:

- 2013–ലെ സ്റ്റോർസ് പർച്ചേസ് മാനുവൽ വ്യവസ്ഥകൾക്കും[130] 2015 മേയ് മാസത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾക്കും[131] വിരുദ്ധമായി, മറ്റ് കുടുംബശ്രീ ഗ്രൂപ്പുകളിൽ[132] നിന്ന് പോലും നിർദ്ദേശങ്ങൾ ക്ഷണിക്കുകയോ ഒരു പ്രത്യേക എംഇ ഗ്രൂപ്പിനെ തിരഞ്ഞെടുത്തതിനുള്ള ന്യായീകരണം രേഖപ്പെടുത്തുകയോ ചെയ്യാത്തതിനാൽ പ്രസ്തുത എംഇക്ക് പദ്ധതി അനുവദിച്ചതിൽ സുതാര്യതയില്ലായിരുന്നു.
- ജില്ലാ മിഷൻ 2020 നവംബറിൽ നന്മ യുവശ്രീ ഗ്രൂപ്പുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ കരാർ നടപ്പിലാക്കുന്ന തീയതിക്ക് മുമ്പായി, എംഇ യൂണിറ്റ് കോട്ടയത്തെ മെഡ് കോർപ് എക്വിപ്മെന്റ്സ് എന്ന സ്ഥാപനത്തിന് 467 ആർഒ വാട്ടർ പ്യൂരിഫയറുകൾക്ക് 2020 ഓഗസ്റ്റിൽ പർച്ചേസ് ഓർഡർ നൽകുകയും, ആദ്യത്തെ 100 യൂണിറ്റുകൾ 2020 സെപ്റ്റംബറിൽ വാങ്ങുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചത് അധികാരികളും വെണ്ടറും തമ്മിലുള്ള ഒത്തുകളിയെ സൂചിപ്പിക്കുന്നു.
- ടിഎംസിയുമായി ജില്ലാ മിഷൻ നടപ്പാക്കിയ കരാറിൽ ഉപകരണങ്ങളുടെ വില, സ്ഥാപിക്കുന്നതിനുള്ള ചെലവ് മുതലായവ പരാമർശിച്ചിരുന്നില്ല. എന്നിരുന്നാലും, ഫയലുകളിൽ ലഭ്യമായ ജിഎസ്ടി ഇൻവോയ്സുകൾ പ്രകാരം, കോട്ടയം മെഡ് കോർപ്പ് എക്യുപ്മെന്റ്സിൽ നിന്നും നന്മ യുവശ്രീ ഗ്രൂപ്പ് വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയത് യൂണിറ്റ് ഒന്നിന് ₹12,400 ന് ആണെന്നും അതിൽ 18 ശതമാനം ജിഎസ്ടി ഉൾപ്പെട്ടിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇതേ വർഷം ജെം[133] പോർട്ടലിൽ അതേ വാട്ടർ പ്യൂരിഫയർ ₹7,999–ന് ലഭ്യമായിരുന്നതായും ഓഡിറ്റ് നിരീക്ഷിച്ചു. ആയതിനാൽ ഒരു ആർഒ വാട്ടർ പ്യൂരിഫയറിന് ₹21,400 എന്ന നിരക്ക് അംഗീകരിക്കവെ, ടിഎംസിയോ/ജില്ലാ മിഷനോ വിലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേണ്ടത്ര ജാഗ്രതയോടെ പരിശോധിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ഒരു യൂണിറ്റ് വാട്ടർ പ്യൂരിഫയറിന് അസാധാരണമായി ഉയർന്ന നിരക്കിൽ സംഭരണ/സ്ഥാപന ചാർജ്ജുകൾ നൽകിയതും ഓഡിറ്റ് ചോദ്യം ചെയ്തപ്പോൾ (2021 മാർച്ച്), ടിഎംസി/ജില്ലാ മിഷൻ ബാക്കിയുള്ള തുകയായ

---

127 2020 നവംബർ 11ന് ₹49.97 ലക്ഷവും, 2021 നവംബർ 28–ന് ₹49.54 ലക്ഷവും

128 100 എണ്ണം വീതമുള്ള നാല് കൂട്ടങ്ങൾ 22/09/2020, 03/02/2021, 29/03/2021, 17/10/2021 എന്നീ തീയതികളിലും 65 എണ്ണത്തിന്റെ ഒരു കൂട്ടം 05/08/2021 ലും

129 ജില്ലാ മിഷൻ 148 സ്കൂളുകളുടെ പട്ടിക സൂപ്രണ്ടിംഗ് എഞ്ചിനീയർ, ടിഎംസിയ്ക്ക് 2021 ഓഗസ്റ്റ് 31–ന് നൽകി

130 വാങ്ങിക്കേണ്ട സാധനത്തിന്റെ പ്രതീക്ഷിതമൂല്യം ₹ഒരു ലക്ഷത്തിനു മുകളിലാണെങ്കിൽ ടെണ്ടറുകൾ ക്ഷണിക്കണമെന്ന് ഖണ്ഡിക 7.5 അനുശാസിക്കുന്നു. കരാറിന്റെ പ്രതീക്ഷിതമൂല്യം ₹10 ലക്ഷമോ അതിലധികമോ ആണെങ്കിൽ പൊതുവായ ചട്ടപ്രകാരം തുറന്ന ടെണ്ടർ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് ഖണ്ഡിക 7.11 വ്യക്തമാക്കുന്നു.

131 അഞ്ച് ലക്ഷത്തിനു മുകളിലുള്ള എല്ലാ ടെണ്ടറുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾ/ബോർഡുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ-പ്രൊക്യൂർമെന്റ് പിൻതുടരണമെന്ന് കേരള സർക്കാർ ഉത്തരവിട്ടു (2015 മേയ് 12)

132 തിരുവനന്തപുരം ജില്ലയിൽ 7,945 എംഇകളും സംസ്ഥാനത്ത് 97,143 എംഇകളും ഉണ്ടായിരുന്നു

133 സർക്കാരിന്റെ ഇ–മാർക്കറ്റ് ഇടം

₹9,000 യുടെ[134] ഘടകാടിസ്ഥാനത്തിലുള്ള ഒരു വ്യാജലിസ്റ്റ് (**അനുബന്ധം 5.3**) സമർപ്പിച്ചു. ഇത് വസ്തുതകൾ തെറ്റായ രീതിയിൽ അവതരിപ്പിച്ച് ഓഡിറ്റ് തടസ്സം മറികടക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു. കൂടാതെ, ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ ഇത്തരമൊരു ലിസ്റ്റ് ലഭ്യമായിരുന്നില്ല. ഓഡിറ്റിന് നൽകിയ ശേഷിക്കുന്ന ₹9,000 ന്റെ ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങളിൽ ₹21,400 ന്റെ പുറത്ത് ഈടാക്കിയ 12 ശതമാനം ജിഎസ്ടിയും (യൂണിറ്റിന് ₹2,568 നിരക്കിൽ) ഉൾപ്പെട്ടിരുന്നു. രണ്ടുതവണ ജിഎസ്ടി ഘടകം, അതും തെറ്റായ നിരക്കിൽ, ഉൾപ്പെടുത്തിയത് അംഗീകരിക്കാവുന്നതല്ല. മാർക്കറ്റിൽ നിന്ന് ₹1,012 നും ₹1,982 നും വാങ്ങിയതായി പറയപ്പെടുന്ന ഇലക്ട്രിക്കൽ, പ്ലംബിംഗ് സാധനങ്ങളുടെ വിലകൾക്കും വൗച്ചറുകളുടെ പിൻബലമില്ല. കൂടാതെ, യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി അധിക ചെലവൊന്നും ഉണ്ടായിട്ടില്ലെന്ന് പരിശോധന നടത്തിയ സ്കൂളുകളുടെ മേധാവികൾ സ്ഥിരീകരിച്ചു. ഇത്തരം സംശയാസ്പദമായ ഘടകങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്തിയതു കൊണ്ട് ടിഎംസിക്കുണ്ടായ നഷ്ടവും ഫണ്ട് ചോർച്ചയും ₹41.85 ലക്ഷം[135] വരുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- നന്മ യുവശ്രീ ഗ്രൂപ്പ് സമർപ്പിച്ച മെസേഴ്സ് മെഡ് കോർപ്പ് എക്വിപ്മെന്റ്സിന്റെ ഇൻവോയ്സുകളുടെ വിശ്വാസ്യത പരിശോധിക്കുന്നതിനുവേണ്ടി ഓഡിറ്റ് ഈ വൗച്ചറുകളിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ മെസേഴ്സ് മെഡ് കോർപ്പ് എക്വിപ്മെന്റ്സ് ജിഎസ്ടി വകുപ്പിലേക്ക് അടച്ചതായി കാണിച്ച ജിഎസ്ടി തുകയുമായി (₹8,79,560) താരതമ്യം ചെയ്തു നോക്കി. 2020-21ലെ ജിഎസ്ടി റിട്ടേണുകളിൽ മെഡ് കോർപ്പ് എക്വിപ്മെന്റ്സ് ₹1,83,196 മാത്രമേ[136] അടച്ചിരുന്നുള്ളു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നന്മ യുവശ്രീ ഗ്രൂപ്പിന് വാട്ടർ പ്യൂരിഫയറുകൾ വിൽക്കുന്നതിന്റെ തെളിവായി ഓഡിറ്റിന് ഹാജരാക്കിയ രണ്ട് ഇൻവോയ്സുകളുടെ[137] പരാമർശം ഫയൽ ചെയ്ത റിട്ടേണുകളിൽ ഉൾപ്പെട്ടിരുന്നില്ല. ഓഡിറ്റിന് ഹാജരാക്കിയ അഞ്ച് ഇൻവോയ്സുകളിൽ രണ്ടെണ്ണം[138] രണ്ട് ഹോസ്പിറ്റലുകൾക്ക് മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽ സാധനങ്ങൾ തുടങ്ങിയവ വിൽക്കുന്നതുമായി ബന്ധപ്പെട്ടതാണ്, അവ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന പദ്ധതിയുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല. നന്മ യുവശ്രീ ഗ്രൂപ്പ് സമർപ്പിച്ച ഇൻവോയ്സുകൾ വിശ്വാസയോഗ്യമല്ലെന്നും ജിഎസ്ടി പേയ്മെന്റുകളായി കാണിച്ചിരിക്കുന്ന തുകകൾ വ്യാജമായി രേഖപ്പെടുത്തിയതാണെന്നുമാണ് മുകളിൽ പറഞ്ഞിരിക്കുന്ന പൊരുത്തക്കേടുകൾ അടിവരയിട്ടു സൂചിപ്പിക്കുന്നത്.
- വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 14 (10 ശതമാനം) സ്കൂളുകളിൽ ഓഡിറ്റ് ഭൗതിക പരിശോധന നടത്തി (2022 സെപ്റ്റംബർ). ഈ സ്കൂളുകളിൽ വിതരണം ചെയ്ത 45 യൂണിറ്റുകളിൽ ആറ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ലെന്നും 20 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും കണ്ടു. രണ്ട് വർഷത്തെ സൗജന്യ സേവന വാറന്റി കരാറിന്റെ ഭാഗമായിരുന്നിട്ടും, കൃത്യമായ ഇടവേളകളിൽ സർവ്വീസ് ചെയ്യുന്നതിനും ഫിൽട്ടറുകൾ മാറ്റിസ്ഥാപിക്കുന്നതിനും വിതരണക്കാർ ഈ സ്കൂളുകൾ സന്ദർശിച്ചിട്ടില്ല. അതിനാൽ, ഈ സ്കൂളുകൾക്ക് വിതരണം ചെയ്ത യൂണിറ്റുകൾക്കായി ചെലവഴിച്ച ₹4.28 ലക്ഷം[139] ഫലവത്തായില്ല.

ചട്ടങ്ങളുടെ ലംഘനവും തട്ടിപ്പ് നടന്നതായുള്ള സംശയവും ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന്, റിപ്പോർട്ട് ചെയ്ത വസ്തുതകളെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്താൻ

---

134 ₹21,400-₹12,400; സെക്രട്ടറി ടിഎംസിയുടെ 01/09/2021 ലെ കത്ത് പ്രകാരം ₹9,000ന്റെ ഘടകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഓഡിറ്റിനെ അറിയിച്ചു.

135 ₹9,000 x465

136 ചരക്കുകളുടെയും സേവനങ്ങളുടെയും എല്ലാ ഉണഭോക്താക്കളെയും സംബന്ധിച്ച്

137 ഇ-27/20-21 ഉം ഇ-40/20-21 ഉം

138 ഇ-35/20-21 ഉം ഇ-30/20-21 ഉം

139 ₹21,400 x 20

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുതിർന്ന ഉദ്യോഗസ്ഥരുടെ ഒരു മൂന്നംഗ സമിതിക്ക് രൂപം നൽകി (2022 ജൂലൈ). ജില്ലാ മിഷൻ പദ്ധതി നടപ്പാക്കിയതിലെ പിഴവുകളും മെസേഴ്സ് മെഡ് കോർപ്പ് എക്യുപ്മെന്റ്സിൽ നിന്ന് ആർഒ പ്യൂരിഫയറുകൾ വാങ്ങുന്നതിനുള്ള കരാറിന്റെയും അനുബന്ധ രേഖകളുടെയും അഭാവവും സമിതി കണ്ടെത്തി. മെസേഴ്സ് മെഡ് കോർപ്പ് എക്യുപ്മെന്റ്സ് ജിഎസ്ടി തുകയായി ₹8,79,560 അടച്ചതിന്റെയും ഇൻസ്റ്റലേഷൻ ചാർജ്ജുകളായി ആവശ്യപ്പെട്ട തുകയുടെയും നിജസ്ഥിതി കണ്ടെത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. വാങ്ങൽ നടപടികളിലെ ക്രമക്കേടുകളെക്കുറിച്ചുള്ള സമിതിയുടെ നിരീക്ഷണങ്ങൾ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് (എൽഎസ്ജിഡി) റിപ്പോർട്ട് ചെയ്യുകയും (2022 ജൂലൈ) സർക്കാർ തലത്തിൽ സമഗ്രമായ അന്വേഷണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

അങ്ങനെ ജില്ലാ മിഷനെ ഏൽപ്പിച്ച പദ്ധതിയുടെ നടത്തിപ്പിന്റെ രീതിയിൽ ടിഎംസിയുടെ നിർബന്ധിത പരിശോധനകളുടെയും സമയബന്ധിതമായ മേൽനിരീക്ഷണത്തിന്റെയും അഭാവം, സംശയകരമായ കപട മാർഗങ്ങളിലൂടെയുള്ള ഫണ്ട് ചോർച്ചയും ഫലശൂന്യമായ ചെലവുകൾക്കും വഴി തെളിക്കുകയും തൽഫലമായി ഉദ്ദേശിച്ച പ്രയോജനങ്ങൾ നഷ്ടപ്പെടുന്നതിനും കാരണമായി. തിരഞ്ഞെടുത്ത സ്കൂളുകൾക്ക് ആർഒ പ്യൂരിഫയറുകൾ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിരുന്ന ഡിഎംസി, വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിലും, വിതരണം ചെയ്യുന്ന യൂണിറ്റുകളുടെ സംഭരണ/സ്ഥാപന നിരക്കുകൾ നിശ്ചയിക്കുന്നതിലും മനസ്സിലാക്കുന്നതിലും സുതാര്യത ഉറപ്പാക്കേണ്ടതായിരുന്നു.

ഈ വിഷയം സർക്കാരിനെ അറിയിച്ചിട്ടുണ്ട് (2022 ഡിസംബർ). സർക്കാരിൽ നിന്നുള്ള മറുപടി ലഭിച്ചിട്ടില്ല (2023 ഡിസംബർ).

ടിഎംസിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഡിഎംസിക്കും എതിരെ വകുപ്പുതല അന്വേഷണം/നിയമനിർവ്വഹണ ഏജൻസികളുടെ അന്വേഷണം നടത്തി പൊതുപണം ചോർത്തിയതിന്റെ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും, തെറ്റുചെയ്ത ഉദ്യോഗസ്ഥരിൽ നിന്ന് തുക തിരിച്ചുപിടിക്കണമെന്നും ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 5.6 ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിക്ക് കുടുംബശ്രീ നൽകിയ അനർഹമായ ആനുകൂല്യം

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്ന് ലഭിച്ച കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടായ ₹ഒരു കോടിയിൽ നിന്ന് ₹95 ലക്ഷം മാരാരി മാർക്കറ്റിംഗ് ലിമിറ്റഡിന് കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ അനുവദിച്ചു. സിഎസ്ആർ ഫണ്ട് ലഭിക്കുന്നതിനുവേണ്ടി കുടുംബശ്രീ സമർപ്പിച്ച നിർദ്ദേശങ്ങളിൽ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ₹10 ലക്ഷം മാത്രമാണ് അനുവദനീയമായിരുന്നതെങ്കിലും, മേല്പറഞ്ഞ തുക മുഴുവനും ഇതിനായി ചെലവഴിച്ചു. കൂടാതെ, കമ്പനിയുടെ പ്രതികൂല സാമ്പത്തിക സ്ഥിതി മറികടക്കുന്നതിനുള്ള സഹായമായി കുടുംബശ്രീ നൽകിയ ₹40 ലക്ഷത്തിന്റെ പലിശ രഹിത വായ്പയും തിരിച്ചടയ്ക്കേണ്ടതുണ്ട്.**

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി ₹ഒരു കോടിയുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് (കെഎസ്എഫ്ഇ) കുടുംബശ്രീ സംസ്ഥാന മിഷൻ ഒരു നിർദ്ദേശം സമർപ്പിച്ചു (2020 ഫെബ്രുവരി). മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, **പട്ടിക 5.1**–ൽ കാണിച്ചിരിക്കുന്നതുപോലെ, കുടുംബശ്രീ സംസ്ഥാന മിഷൻ സമർപ്പിച്ച നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, കെഎസ്എഫ്ഇ കുടുംബശ്രീക്ക് സിഎസ്ആർ ഫണ്ടായി ₹ഒരു കോടി അനുവദിച്ചു (2020 മാർച്ച്).

**പട്ടിക 5.1 : കുടുംബശ്രീ സമർപ്പിച്ച നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ**

| പ്രവർത്തനം | ഘടകം | നിർദ്ദേശിച്ച തുക (₹) |
|---|---|---|
| സ്ത്രീ ശാക്തീകരണ കാമ്പയിനിന്റെ നടത്തിപ്പ് | ഘട്ടം I – ബോധവൽക്കരണ പരിപാടി | 2300000 |
| | ഘട്ടം II – സംരംഭകത്വ വികസന പരിപാടി (ഇഡിപി) | 1420000 |
| കാര്യക്ഷമതാ നിർമ്മാണം : പുതിയ സംരംഭകർക്ക് നൈപുണ്യ പരിശീലനം | 200 സംരംഭകർക്ക് നൈപുണ്യ പരിശീലനം | 3000000 |
| പുതിയ സംരംഭകർക്കുള്ള പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (പിഐപി) | 120 സംരംഭകർക്കുള്ള പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം | 1080000 |
| ഉൽപ്പന്ന വികസനത്തിനുള്ള ഇൻകുബേഷൻ പിന്തുണ | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 600000 |
| | അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത് | 1000000 |
| | ഹാൻഡ്ഹോൾഡിംഗ് പിന്തുണ | 600000 |
| **ആകെ** | | **10000000** |

*(സ്രോതസ്: കുടുംബശ്രീയുടെ രേഖകൾ)*

അസംസ്കൃത വസ്തുക്കൾ സംഭരിച്ച് കുടകൾ നിർമ്മിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്കിടയിൽ വിതരണം ചെയ്തിരുന്ന മെസേഴ്സ് മാരാരി മാർക്കറ്റിംഗ് ലിമിറ്റഡ്[140] (മാരാരി ലിമിറ്റഡ് ) എന്ന പബ്ലിക് ലിമിറ്റഡ് കമ്പനി, ഒരു ലക്ഷം കുടകൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുവേണ്ടി ഓർഡർ നൽകാൻ ₹ഒരു കോടി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോട് (ഇഡി) അഭ്യർത്ഥിച്ചു.[141] കെഎസ്എഫ്ഇയിൽ നിന്ന് ലഭിച്ച (2020 മാർച്ച്) ഒരു കോടി രൂപയിൽ നിന്നും ₹55.00 ലക്ഷം മാരാരി ലിമിറ്റഡിന് കുടുംബശ്രീ ഇഡി റിലീസ് ചെയ്തു (2020 ഫെബ്രുവരിയിലും[142], ഏപ്രിലിലും). 'മാരി' എന്ന ബ്രാൻഡ് നാമത്തിൽ വിറ്റിരുന്ന കുടകൾ തയ്യാറാക്കുന്നതിന് സംഘത്തിലെ അംഗങ്ങൾക്ക് കൂലി നൽകിയിരുന്നു. കുടുംബശ്രീ സംസ്ഥാന മിഷൻ അംഗീകൃത നടപടിക്രമങ്ങളിൽ നിന്ന് വ്യതിചലിച്ച് ഫണ്ട് അനുവദിച്ചതിലും മാരാരി ലിമിറ്റഡ് അത് വിനിയോഗിച്ചതിലും ഓഡിറ്റ് കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

- ഒരു കോടി രൂപയുടെ സിഎസ്ആർ ഫണ്ട് ലഭിക്കുന്നതിന് കുടുംബശ്രീ മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങളനുസരിച്ച്, മൊത്തം ലഭിക്കുന്ന തുകയുടെ 10 ശതമാനം അസംസ്കൃത വസ്തുക്കൾ വാങ്ങാനും ബാക്കി 90 ശതമാനം സ്ത്രീ ശാക്തീകരണ കാമ്പയിൻ, കാര്യശേഷി വർദ്ധനവ്, നൈപുണ്യ പരിശീലനം, ഹാൻഡ്ഹോൾഡിംഗ് മുതലായവയ്ക്ക് ഉപയോഗിക്കണമായിരുന്നു. എന്നാൽ, മറ്റ് ഘടകങ്ങൾക്കൊന്നും ചെലവഴിക്കാതെ മുഴുവൻ തുകയായ ₹55 ലക്ഷവും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി മാരാരി ലിമിറ്റഡ് ഉപയോഗിച്ചതായി കണ്ടു. ലഭിച്ച മുഴുവൻ തുകയും അസംസ്കൃത വസ്തുക്കൾക്കായി ചെലവഴിച്ചതിന് കെഎസ്എഫ്ഇയുടെ അംഗീകാരത്തിനായി (2020 ഡിസംബർ) കുടുംബശ്രീ മിഷൻ അപേക്ഷിച്ചെങ്കിലും നാളിതുവരെ പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.
- കോവിഡ് സീസണിൽ കുട വിൽപ്പനയിലൂടെ വരുമാനം നേടുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി, സിഎസ്ആർ ഫണ്ടിൽ നിന്ന് താൽക്കാലിക

140 മൈക്രോ എന്റർപ്രൈസ്സ് ഡവലപ്മെന്റ് വിത്ത് ഇന്നോവേറ്റീവ് കമ്മ്യൂണിറ്റി ആന്റ് മാർക്കറ്റ് ലിങ്കേജസിനു വേണ്ടിയുള്ള സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗാർ യോജനയുടെ പ്രത്യേക പ്രോജക്ടിനു കീഴിൽ രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ട സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള കമ്പനി

141 2020 ജനുവരി 20-നും 2020 ഫെബ്രുവരി 15-നും അയച്ച കത്തുകളിലൂടെ

142 സിഎസ്ആർ ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയിൽ മറ്റൊരു സ്രോതസ്സിൽ നിന്ന് ₹50 ലക്ഷം ആദ്യം അനുവദിച്ചത്, പിന്നീട് സിഎസ്ആർ ഫണ്ട് 2020 മാർച്ച് 31-ന് ലഭ്യമായപ്പോൾ തിരിച്ചെടുത്തു, 2020 ഏപ്രിലിലാണ് ₹അഞ്ച് ലക്ഷം അനുവദിച്ചത്

സഹായമായി ഇഡി, കുടുംബശ്രീ ₹40 ലക്ഷം വീണ്ടും അനുവദിച്ചു (2020 ജൂലൈ). 19,287 കുടകളുടെ വിൽപ്പനയിലൂടെ ലഭിച്ച ഫണ്ട് ഉപയോഗിച്ച് ഈ തുക കുടുംബശ്രീ തിരിച്ചുപിടിച്ചു (2021 ജൂലൈ).

- കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സീസണിലെ കുട വിൽപ്പന നഷ്ടപ്പെട്ടുകയും തൽഫലമായി വിൽക്കപ്പെടാത്ത സ്റ്റോക്ക് കുമിഞ്ഞുകൂടുകയും ചെയ്തതിനാൽ മാരാരി ലിമിറ്റഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ഇഡി, കുടുംബശ്രീ 2020 ഡിസംബറിൽ സർക്കാരിന് കത്തെഴുതി. സീസണിൽ കുടകളുടെ വിൽപ്പന കുറഞ്ഞതിനാൽ 2,000 അംഗങ്ങൾക്ക് (ഏകദേശം 100 മൈക്രോ എന്റർപ്രൈസസ്) ഉപജീവനമാർഗം നഷ്ടപ്പെട്ടതായും പ്രസ്താവിച്ചു. 2020 ഡിസംബർ 31 ലെ കണക്കനുസരിച്ച്, പ്രതീക്ഷിച്ചിരുന്ന ഒരു ലക്ഷം കുടകളുടെ വിൽപ്പനയ്ക്ക് പകരം ആകെ കുട വിൽപ്പന 32,753 ആയിരുന്നു. തൽഫലമായി, പലിശ രഹിത വായ്പയായി ₹40 ലക്ഷം മാരാരി ലിമിറ്റഡിന് സർക്കാർ അനുവദിച്ചു (2021 ജനുവരി). 2021 ഫെബ്രുവരി മുതൽ 24 ഗഡുക്കളായി തിരിച്ചടയ്ക്കണമായിരുന്ന ഈ ലോൺ തുകയുടെ തിരിച്ചടവ് 2023 ഏപ്രിലിൽ പോലും മാരാരി ലിമിറ്റഡ് കുടുംബശ്രീക്ക് നൽകിയിട്ടില്ല.

വരാനിരിക്കുന്ന സ്കൂൾ തുറക്കലിനും മഴക്കാലത്തിനുമായി കുടുംബശ്രീ മുഖേന ഒരു ലക്ഷം കുടകൾ വാങ്ങുന്നതിന് 2019 ഡിസംബറിൽ സപ്ലൈകോയുമായി കുടുംബശ്രീ കരാറിൽ ഏർപ്പെട്ടതായി സർക്കാർ മറുപടിയായി അറിയിച്ചു (2023 ഫെബ്രുവരി). ഈ വലിയ ഓർഡർ കണക്കിലെടുത്ത്, ഉൽപ്പാദിപ്പിക്കുന്ന കുടകളുടെ സ്റ്റാൻഡേർഡൈസേഷനും ബ്രാൻഡിംഗും ചെയ്യാൻ തീരുമാനിക്കുകയും, കുട നിർമ്മാണത്തിലെ വൈദഗ്ദ്ധ്യം കണക്കിലെടുത്ത് കുടുംബശ്രീ മാരാരി ലിമിറ്റഡിനെ ഓർഡർ ഏൽപ്പിക്കുകയും ചെയ്തു. കുടുംബശ്രീയുടെ കീഴിലുള്ള കുട യൂണിറ്റുകളിലെ വനിതാ സംരംഭകർക്ക് നൈപുണ്യ പരിശീലനം, സംരംഭകത്വ വികസന പരിപാടി, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നിവ മാരാരി ലിമിറ്റഡ് നൽകണമായിരുന്നു. കുടുംബശ്രീയുടെ ഉപജീവന മേഖല മെച്ചപ്പെടുത്തുന്നതിനുവേണ്ടി കെഎസ്എഫ്ഇ സിഎസ്ആർ ഫണ്ടിന് അംഗീകാരം നൽകിയതിനാൽ, കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന കുട ക്ലസ്റ്ററുകൾ/യൂണിറ്റുകൾ മെച്ചപ്പെടുത്തുന്നതിന് ഈ ഫണ്ട് വിനിയോഗിക്കാൻ മിഷൻ തീരുമാനിച്ചു.

മഹാമാരിയുടെ വരവിനുശേഷം, കെഎസ്എഫ്ഇ അംഗീകരിച്ച നിർദ്ദേശമനുസരിച്ച് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ മിഷനും കമ്പനിക്കും കഴിഞ്ഞില്ലെന്നും സർക്കാർ വ്യക്തമാക്കി. അസംസ്കൃത വസ്തുക്കൾ സംഭരിക്കാനുള്ള തുക വിനിയോഗിച്ച് യൂണിറ്റുകൾക്ക് ജോലി നൽകിക്കൊണ്ട് കമ്പനി അതിന്റെ കുട ക്ലസ്റ്റർ യൂണിറ്റുകളെ പിന്തുണച്ചു. പൂർത്തിയായ ഉൽപ്പന്നങ്ങൾക്കായി കമ്പനി ഈ മൈക്രോ എന്റർപ്രൈസസിന് പണം നൽകി, അതുവഴി ലോക്ക്ഡൗൺ കാലത്ത് 360 സ്ത്രീകൾക്ക് ജോലിയും വേതനവും നൽകി സഹായിച്ചു. ഈ നടപടിക്ക് കുടുംബശ്രീ അംഗീകാരം നൽകിയിട്ടില്ല, എന്നിരുന്നാലും ഇത് വനിതാ ഗ്രൂപ്പുകൾക്ക് നേരിട്ട് പ്രയോജനം ചെയ്തതിനാലും നേരായ ഉദ്ദേശ്യത്തോടെ ചെയ്തതിനാലും, മേല്പറഞ്ഞതിന് കെഎസ്എഫ്ഇയിൽ നിന്ന് അംഗീകാരം തേടി.

പലിശരഹിത വായ്പ നൽകിയതുമായി ബന്ധപ്പെട്ട് സർക്കാർ പ്രസ്താവിച്ചത്, കോവിഡ് കാരണം വിൽപ്പനയുടെ പ്രധാന സീസൺ പൂർണ്ണമായും ഇല്ലാതായതിനാൽ, അസംസ്കൃത വസ്തുക്കളുടെ വലിയ സ്റ്റോക്കുകളും പൂർത്തീകരിച്ച ചരക്കുകളും വിതരണക്കാർക്കുള്ള കടങ്ങളും കമ്പനിക്ക് ബാക്കിയായി. അതിനാൽ കമ്പനിയുടെ ആവശ്യപ്രകാരം കുടുംബശ്രീ പലിശരഹിത വായ്പയ്ക്കായി അഭ്യർത്ഥിച്ചു. ഓഡിറ്റിൽ നിരീക്ഷിച്ചതുപോലെ കമ്പനിക്ക് അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടിയല്ല, മറിച്ച് കമ്പനിയുടെ തിരിച്ചുവരവിനും ബിസിനസ്സിൽ തുടരുവാനും വേണ്ട പിന്തുണ നൽകുക എന്ന ആശയം ഉൾക്കൊണ്ട് ഗ്രാന്റിന് പകരം വായ്പയാണ് മിഷൻ അഭ്യർത്ഥിച്ചത് എന്നും പറയുകയുണ്ടായി.

ഇനിപ്പറയുന്ന കാരണങ്ങളാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല:

ഒന്നാമതായി, മാരാരി ലിമിറ്റഡിന്[143] ഫണ്ട് കൈമാറുക എന്ന ഉദ്ദേശ്യത്തോടെയാണ് കുടുംബശ്രീ മിഷൻ സിഎസ്ആർ ഫണ്ട് നേടിയതെങ്കിലും (രേഖകൾ പ്രകാരം കമ്പനി ഇതിനകം തന്നെ സാമ്പത്തിക സമ്മർദ്ദത്തിലായിരുന്നു) അതേക്കുറിച്ച് കെഎസ്എഫ്ഇയെ അറിയിച്ചിരുന്നില്ല. കുടുംബശ്രീ മിഷനും മാരാരിയും തമ്മിലുള്ള കത്തിടപാടുകളിൽ നിന്നും ഇത് വ്യക്തമാണ്, കൂടാതെ 2021 ജൂലൈയിൽ കുടുംബശ്രീ മിഷന്റെ സിഎസ്ആർ ഫണ്ട് അക്കൗണ്ടിലേക്ക് തിരിച്ചുകിട്ടിയ ₹40 ലക്ഷം ഇതുവരെയും ഏതെങ്കിലും തരത്തിലുള്ള സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് ഒരിടത്തും[144] കുടുംബശ്രീ മിഷൻ ഉപയോഗിച്ചിട്ടില്ല. കുടുംബശ്രീ സ്വീകരിച്ച നടപടിക്ക്, പിന്നീട് ഇഡി, കുടുംബശ്രീ കെഎസ്എഫ്ഇയിൽ നിന്ന് അംഗീകാരം തേടിയെങ്കിലും (2020 ഡിസംബർ) ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

